# കുരിശും തേജസ്സും

(മലയാളം)

**കുരിശും തേജസ്സും**

(ആരാധനാകാല ധ്യാനചിന്തകൾ)

**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**

പ്രസാധകർ : സോഫിയാ ബുക്സ്, കോട്ടയം

ഒന്നാം പതിപ്പ് : 1998

രണ്ടാം പതിപ്പ് : 2015 ഒക്ടോബർ

ഡി. റ്റി. പി.
& പ്രിന്റിംഗ് : സോഫിയാ പ്രിന്റ് ഹൗസ്, കോട്ടയം

**വില : 70.00**

# കുരിശും തേജസ്സും

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

സോഫിയാ ബുക്സ്
കോട്ടയം

## ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

കോട്ടയം ബസേലിയോസ് കോളജിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബി. എ. യും ഓർത്തഡോക്സ് വൈദികസെമിനാരിയിൽ നിന്നും ജി.എസ്.ടി. യും സെറാമ്പൂർ സർവകലാശാലയിൽ നിന്നും ബി.ഡി. യും കരസ്ഥമാക്കി.

പാരീസിലെ കാത്തലിക് സർവകലാശാലയിൽ നിന്നും പുതിയനിയമത്തിൽ എം.റ്റി.എച്ചും, എബ്രായ ഭാഷയിൽ ത്രിവത്സര ഡിപ്ലോമയും അരമായ ഭാഷയിൽ ദ്വിവത്സര സർട്ടിഫിക്കറ്റും ഗ്രീക്കു ഭാഷയിൽ പ്രാഗത്ഭ്യവും നേടി.

ഷിക്കോഗായിലെ 'ലൂഥറൻ സ്കൂൾ ഓഫ് തിയോളജിയിൽ' ഗവേഷണം നടത്തി. 'വി. പൗലോസിന്റെ ലേഖനങ്ങളിലെ ദൈവതേജസ്സി'നെ അടിസ്ഥാനമാക്കി രചിച്ച ഗവേഷണ പ്രബന്ധത്തിന് സെറാമ്പൂർ സർവകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. കേംബ്രിഡ്ജ് സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തി.

മാർത്തോമ്മാ, സി.എസ്.ഐ., ഓർത്തഡോക്സ് സെമിനാരികളുടെ സംയുക്ത വേദശാസ്ത്ര ഗവേഷണപഠനകേന്ദ്രമായ എഫ്.എഫ്.ആർ.ആർ.സി. യുടെ രജിസ്ട്രാർ / ഡയറക്ടർ (1995-2003) ആയി സേവനം അനുഷ്ഠിച്ചു.

ഓർത്തഡോക്സ്-മാർത്തോമ്മാ സംവാദ സമിതി, ഓർത്തഡോക്സ് - ലൂഥറൻ സംവാദ സമിതി, ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലറി കമ്മിറ്റി, തിയോള ജിക്കൽ ലിറ്ററേച്ചർ സമിതി എന്നിവയിൽ ആറു വർഷം വീതം മലങ്കരസഭയെ പ്രതിനിധീകരിച്ചു. ഭാരതത്തിലെ വേദപണ്ഡിതരുടെ സംഘടനയായ സൊസൈറ്റി ഫോർ ബിബ്ലിക്കൽ സ്റ്റഡീസിന്റെ ട്രഷറാർ ആയ് (1996-2000) പ്രവർത്തിച്ചു.

കോട്ടയം ഓർത്തഡോക്സ് സെമിനാരി പുതിയനിയമ വിഭാഗം പ്രൊഫസർ (1982-2005), ഇംഗ്ലണ്ടിലെ ബർമ്മിങ്ഹാം കേന്ദ്രമായി പ്രവർത്തിക്കുന്ന എക്യുമെനിക്കൽ പ്രസ്ഥാനമായ ജോർജ് ബെൽ ഇൻസ്റ്റിറ്റ്യൂട്ട് ഫെലോ, സെറാമ്പൂർ സർവകലാശാല അക്കാഡമിക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മെമ്പർ (2003-2005) പരിശുദ്ധ വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് എൻഡോവ്മെന്റ് ഫണ്ട് സെക്രട്ടറി (1983-2005) എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു.

2005-ൽ മലങ്കര ഓർത്തഡോക്സ് സഭയിൽ മെത്രാപ്പോലീത്തായായി. തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രധാന ഇടയനായി സേവനമനുഷ്ഠിക്കുന്നു. കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡണ്ടാണ്.

പ്രമുഖ ധ്യാനഗുരു, പൗരസ്ത്യ വേദശാസ്ത്രജ്ഞൻ, അനുഗ്രഹീതനായ അജപാ ലകൻ, അദ്ധ്യാപകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, സംഘാടകൻ, ചിന്തകൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

**ഗ്രന്ഥങ്ങൾ:** ദൈവതേജസ്സിലേക്ക് (1984), Towards A New Humanity (Co-editor, 1992), കുരിശും തേജസ്സും (1998) ഗുരുമുഖത്തുനിന്നും (1998), ആദ്ധ്യാത്മികത യുടെ യഥാർത്ഥ സ്രോതസ്സുകൾ (1999), ഗുരുമുഖത്തുനിന്നും രണ്ടാം ഭാഗം (2004).

# അവതാരിക

ക്രിസ്തീയ ആരാധനയുടെ അടിസ്ഥാനം വി. വേദപുസ്തകമാണ്. സങ്കീർത്തനങ്ങളും സുവിശേഷങ്ങളും, യാമപ്രാർത്ഥനകളിലും കൂദാശക ളിലും ഇതര ആരാധനകളിലും പ്രത്യേക പ്രാധാന്യത്തോടെ പുരാതന സഭകൾ വായിക്കുന്നു. വേദഭാഗങ്ങളും, വേദപുസ്തകാശയങ്ങളും ഉൾ ക്കൊള്ളിച്ചാണ് പൗരസ്ത്യസഭകൾ ആരാധനാഗീതങ്ങളും പ്രാർത്ഥന കളും എഴുതിയുണ്ടാക്കിയത്. അദൃശ്യനും അപരിമിതനുമായ ത്രിയേക ദൈവത്തിലുള്ള വിശ്വാസവും പ്രത്യാശയും വിശ്വാസികളിൽ ഉറപ്പിക്കു വാൻ ലക്ഷ്യമാക്കിയാണ് അവ ആരാധനയിൽ ഉപയോഗിക്കുന്നത്.

പൗരസ്ത്യ ആരാധനയുടെ സുപ്രധാനഘടകം വേദവായനയാണ്; വിശേഷിച്ചും സുവിശേഷങ്ങൾ. "ജീവൻ നൽകുന്ന പ്രഖ്യാപനമായ നമ്മുടെ കർത്താവേശുമശിഹായുടെ സുവിശേഷം" അതിയായ ആദര വോടെയാണ് ഓർത്തഡോക്സ് സഭകൾ വായിക്കുന്നത്. അത് "അടക്ക ത്തോടും, വണക്കത്തോടും ഭയത്തോടും കൂടെ" ശ്രവിക്കുവാൻ ശെമ്മാ ശ്ശൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. സുവിശേഷവായനയുടെ പശ്ചാ ത്തലമൊരുക്കലാണ് പഴയനിയമ ഭാഗങ്ങളുടെയും ലേഖനങ്ങളുടെയും വായന. അതിനുള്ള ഭാഗങ്ങൾ പ്രത്യേക ശ്രദ്ധയോടെയാണ് സഭ തെര ഞ്ഞെടുത്ത് ക്രമീകരിച്ചിരിക്കുന്നത്. വേദവായനക്കുറിപ്പിന്റെ ഘടനയിൽ അതിപ്രധാനമായ ഒരു വേദശാസ്ത്ര വീക്ഷണമുണ്ട്. മനുഷ്യാവതാര ത്തിന്റെ മർമ്മം ക്രമമായി വിശ്വാസികൾക്കു മുമ്പിൽ അനാവരണം ചെയ്യുകയെന്ന അടിസ്ഥാന ലക്ഷ്യമാണ് ആരാധനാവർഷത്തിന്റെ ഘട നയ്ക്കു പിമ്പിലുള്ളത്. ഈ ലക്ഷ്യത്തിലാണ് വേദവായനക്കുറിപ്പ് ക്രമീക രിച്ചിരിക്കുന്നത്. അതിൽ നടത്തുന്ന പരിഷ്കാരങ്ങൾ അടിസ്ഥാന പ്രമാ ണത്തെ ലംഘിക്കുവാൻ പാടില്ല. ഈ മുന്നറിയിപ്പാണ് "കുരിശും തേജസ്സും" എന്ന ധ്യാനചിന്താ സമാഹാരത്തിൽ, ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ നല്കുന്നത്. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള "റെഡി മേയ്ഡ്" പ്രസംഗങ്ങളും പ്രസംഗക്കുറിപ്പുകളും ഇന്ന് സുലഭമാണ്. അവ യിൽ നിന്നും വ്യത്യസ്തമാണ് "കുരിശും തേജസ്സും." പ്രസംഗകർക്ക് നേരിട്ടുപയോഗിക്കാവുന്ന രീതിയിലുള്ള അവതരണശൈലിയല്ല ഫാ. ഗബ്രിയേൽ അവലംബിച്ചിരിക്കുന്നത്. ശ്രദ്ധാപൂർവ്വം വായിക്കുന്നവർക്ക് നൂതനവും ആത്മീയ പ്രചോദനം നല്കുന്നവയുമായ ചിന്തകൾ

നൽകുവാൻ അവ പ്രേരണ നൽകുന്നു. "ചട്ടപ്പടി" പ്രസംഗങ്ങളിൽ നിന്നും വ്യത്യസ്തമായ ശൈലി അവലംബിക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗ ദർശനം നൽകുന്ന സമീപനമാണിതിലുള്ളത്. ഞായറാഴ്ചകളിൽ വായിക്കുന്ന വേദഭാഗങ്ങളെ മാത്രം അവലംബിച്ച് പ്രസംഗിക്കുന്ന ഒരു ശൈലിയാണല്ലോ ഇന്ന് പൊതുവേയുള്ളത്. എന്നാൽ വായനാഭാഗത്തേക്കാൾ ഉപരി, ആരാധനാവർഷത്തിലെ കാലഘട്ടങ്ങളുടെ പ്രമേയത്തിനാണ് ബഹു. ഗബ്രിയേലച്ചൻ മുൻതൂക്കം കൊടുത്തിരിക്കുന്നത്. ആ പ്രമേയവുമായി വായനാഭാഗം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും, നമ്മുടെ ആത്മീയ ജീവിതത്തിൽ അതിനുള്ള പ്രസക്തി എന്തെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

വേദവായനക്കുറിപ്പിനെപ്പറ്റിയുള്ള പഠനവും, ആരാധനാവർഷം പുനർക്രമീകരിക്കുമ്പോൾ വരുത്തേണ്ട പരിഷ്കാരങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങളുമാണ് ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളുടെ ഉള്ളടക്കം. എന്റെ അഭിപ്രായത്തിൽ ഈ ഗ്രന്ഥത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളാണവ. വി. കുർബ്ബാനക്രമത്തിൽ ആരാധനാവർഷത്തെ ആറു കാലങ്ങളായി തിരിച്ചിരിക്കുന്നു എന്ന് പറയുന്നുണ്ട് (പേജ് 258). എന്നാൽ ഏഴു കാലങ്ങളായി തിരിക്കാമെന്ന് ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്നു. 'ആറു കാലങ്ങൾ' എന്ന ധാരണ ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. പാമ്പാക്കുട വേദവായനക്കുറിപ്പ് ശ്രദ്ധിച്ച് പഠിച്ചാൽ 'എട്ടു കാലങ്ങൾ' അഥവാ ചക്രങ്ങൾ (Cycles) ഉണ്ടെന്നു കാണാം. ഇത് 'ആത്മാവിലും സത്യത്തിലും' എന്ന പുസ്തകത്തിൽ (ദിവ്യബോധനം ഗ്രന്ഥാവലി) ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (പേജ് 145). എട്ട് എന്ന സംഖ്യയ്ക്ക് സഭാപാരമ്പര്യത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. ഞായറാഴ്ചയെ ഒന്നാം ദിവസമായും എട്ടാം ദിവസമായും സഭാപിതാക്കന്മാർ കണക്കാക്കുന്നു. ഏഴാം ദിവസമായ ശനിയാഴ്ചയ്ക്ക് ശേഷം വരുന്നത് എട്ടാം ദിവസം (ഞായറാഴ്ച) ആണല്ലോ? അതിനാൽ സമയത്തിന് അതീതമായ നിത്യതയുടെ പ്രതീകമാണ് എട്ട്. എട്ടു രാഗങ്ങളിൽ ആരാധനാഗീതങ്ങൾ പാടുന്നതും ശ്രദ്ധേയമാണ്. ആരാധനാകാലത്തിന്റെ പരിഷ്കാരം നടത്തുമ്പോൾ ഇക്കാര്യം വിസ്മരിക്കുകയില്ലെന്ന് പ്രതീക്ഷിക്കുന്നു.

ഇപ്പോൾ മലങ്കരസഭയിൽ പ്രചാരത്തിലുള്ള പരിഷ്കരിച്ച വേദവായനക്കുറിപ്പിനോട് എനിക്കും വിയോജിപ്പാണുള്ളത്. അതിന്റെ പശ്ചാത്തലത്തിലാണ് മുകളിൽ സൂചിപ്പിച്ച എന്റെ പുസ്തകത്തിലെ "വേദവായന ആരാധനയിൽ'' എന്ന പാഠം ഞാനെഴുതിയത് (പുറം 142-147). വി. കുർബ്ബാനയ്ക്കും, മറ്റ് കൂദാശാനുഷ്ഠാനങ്ങൾക്കും വിവിധ ക്രമങ്ങളുണ്ടല്ലോ? അതേ രീതിയിൽ വിവിധ വേദവായനക്കുറിപ്പുകൾ സുറിയാനി പാരമ്പര്യത്തിലുണ്ട്. അവയുടെയെല്ലാം അടിസ്ഥാനം നാലാം നൂറ്റാ

ണ്ടിലെ യെറുശലേം വേദവായനക്കുറിപ്പാണ്. യെറുശലേം വേദവായനക്കുറിപ്പിന്റെ അർമ്മീനിയൻ വിവർത്തനം അടുത്തകാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അഞ്ചാം നൂറ്റാണ്ടിൽ എഴുതിയ ഒരു സുറിയാനി വേദവായനക്കുറിപ്പും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രസിദ്ധീകരിച്ചു. അവയൊന്നും കണക്കിലെടുക്കാതെയാണ് വേദവായനക്കുറിപ്പിൽ തിരുത്തൽ വരുത്തിയിരിക്കുന്നത്. സുറിയാനി പാരമ്പര്യത്തെപ്പറ്റി അല്പമെങ്കിലും പരിജ്ഞാനമുള്ളവർ വെളിപാട് പുസ്തകം വേദവായനയിൽ ഉൾപ്പെടുത്തുകയില്ല. കാരണം പെഷീത്താ (സുറിയാനി) പുതിയനിയമത്തിൽ വെളിപാട്, 2, 3 യോഹന്നാൻ, 2 പത്രോസ്, യൂദാ എന്നീ പുസ്തകങ്ങൾ ചേർത്തിട്ടില്ല. വേദപുസ്തക കാനോനെപ്പറ്റിയുള്ള സുറിയാനി പിതാക്കന്മാരുടെ നിലപാട് അവഗണിക്കാനാവില്ല. വിശദമായ പഠനമോ, ചർച്ചകളോ കൂടാതെ മാറ്റത്തിനുവേണ്ടി മാത്രം തിരുത്തലുകൾ നടത്തി വേദവായനക്കുറിപ്പ് പ്രസിദ്ധീകരിച്ചത് യുക്തമായില്ല.

തിരുത്തിയ വേദവായനക്കുറിപ്പിൽ ചില 'ദിനങ്ങൾ' ഏർപ്പെടുത്തിയതും യുക്തമായില്ല. അതിനായി ചേർത്തിരിക്കുന്ന പുതിയ വേദവായനക്കുറിപ്പുകൾ ആരാധനാവർഷത്തിന്റെ വേദശാസ്ത്രാടിസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് ഗബ്രിയേലച്ചൻ ചൂണ്ടിക്കാണിക്കുന്നു. ആനുകാലിക സംഭവങ്ങളും, പ്രമേയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ വി. കുർബ്ബാനയുടെ അന്ത്യത്തിൽ ഉപയോഗിക്കുന്നതാവും യുക്തമെന്നാണ് എന്റെ അഭിപ്രായം. പ്രൊട്ടസ്റ്റന്റ് സഭകളുടെ മാതൃകയിൽ ഓരോ "ദിന"മായി കണക്കാക്കി, അതനുസരിച്ച് വേദവായനക്കുറിപ്പ് തിരുത്തുന്നത് സുറിയാനി പാരമ്പര്യത്തോട് കാണിക്കുന്ന വഞ്ചനയായിരിക്കും.

സുറിയാനി ആരാധനയും ആത്മീയതയും, വേദശാസ്ത്രവും പിന്തുടരുന്നുവെങ്കിൽ, അതിനനുസൃതമായി വേണം മാറ്റങ്ങൾ വരുത്തുവാൻ. ഓർത്തഡോക്സ് പാരമ്പര്യത്തിന് അനുസൃതമായി കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. എന്നാൽ "ശ്രദ്ധയും ശുദ്ധിയും, തപസും നിഷ്ഠയും" കൊണ്ട് പരിപാകമായ ഒരു ആരാധനാപാരമ്പര്യത്തിൽ ഉടലെടുത്ത വേദവായനക്കുറിപ്പിനെ വികലമാക്കുന്ന തിരുത്തലുകൾ ആശാസ്യമല്ല.

നോമ്പിന്റെയും പെരുന്നാളുകളുടെയും പശ്ചാത്തലത്തിൽ വേദവായനകളുടെയും, പ്രധാന പ്രമേയങ്ങളുടേയും അർത്ഥം വിശദമാക്കുവാൻ ഗ്രന്ഥകർത്താവ് ശ്രമിക്കുന്നത് ശ്രദ്ധേയമാണ്. 'കുരിശും തേജസ്സും' തമ്മിലുള്ള ബന്ധത്തെപ്പറ്റി വേണ്ടത്ര വിശദമായ ചിന്തകൾ നല്കിയിട്ടില്ലെന്നുള്ളതിൽ ചിലർക്ക് കുണ്ഠിതം തോന്നിയേക്കാം. വേദനയിൽക്കൂടി ക്രിസ്തുവിനോട് നാം താദാത്മ്യപ്പെടുകയും തന്റെ തേജസ്സിൽ പങ്കാളി

കളായി തീരുകയും ചെയ്യുന്നു എന്നത് പൗരസ്ത്യ ആത്മീയതയുടെ അടിസ്ഥാന ദർശനങ്ങളിലൊന്നാണ് (റോമ. 8:17). 'കുരിശ്' ഒഴിവാക്കി, സൗഖ്യവും, സമാധാനവും, സമ്പൽസമൃദ്ധിയും വാഗ്ദാനം ചെയ്യുന്ന കരിസ്മാറ്റിക്ക് പ്രസ്ഥാനത്തിന് മറുപടിയായി ചില ചിന്തകൾ കൂടി ഉൾപ്പെടുത്തേണ്ടിയിരുന്നു. വിനയവും ദൈവാശ്രയവും ഉള്ളവരായി, നമ്മെ തേജസ്സിലേക്ക് നയിക്കുവാൻ ദൈവം നടത്തുന്ന സ്നേഹമസൃണമായ ചികിൽസാവിധിയുടെ ഭാഗമാണ് യഥാർത്ഥത്തിൽ കുരിശ്.

ബഹു. ഗബ്രിയേലച്ചൻ മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രമുഖ പുതിയനിയമ പണ്ഡിതന്മാരിൽ ഒരാളാണ്. അദ്ദേഹത്തിന്റെ ആഴമായ ചിന്തയും, വേദപാണ്ഡിത്യവും ഈ കൃതിയിൽ വ്യക്തമാണ്. ഇത്തരമൊരു ഗ്രന്ഥത്തിന് അവതാരികയെഴുതാൻ സാധിച്ചത് ഒരു വലിയ ബഹുമതിയാണ്.

ഈ ഗ്രന്ഥത്തിന് എല്ലാ വിജയവും ആശംസിക്കുന്നു.

**ഫാ. ഡോ. ബി. വറുഗീസ്**

കുരിശിന്റെ പെരുന്നാൾ
സെപ്തംബർ 14, 1998

# വാങ്മുഖം

ആരാധനാകാല സങ്കല്പത്തെക്കുറിച്ചും ആരാധനാ സന്ദർഭം കണക്കിലെടുത്തുകൊണ്ടുള്ള വേദവ്യാഖ്യാന സമീപനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ചില കാര്യങ്ങൾ കുറിക്കട്ടെ.

**ആരാധനാകാല സങ്കല്പം:** ക്രിസ്തീയ കാലസങ്കല്പം രേഖീയമാണെന്നും (linear) ഹൈന്ദവ കാലസങ്കല്പം ചാക്രികമാണെന്നും (cyclic) പൊതുവെ പറയാറുണ്ട്. പാശ്ചാത്യ പണ്ഡിതന്മാരിൽ ഏറിയ പങ്കും ഈ സമീപനമാണ് സ്വീകരിച്ചു കാണുന്നത്. ആരാധനാകാല സങ്കല്പം അടിസ്ഥാനമാക്കി ക്രിസ്തീയ കാലത്തെക്കുറിച്ച് മറ്റൊരു സമീപനം വേണ്ടിയിരിക്കുന്നുവെന്നാണ് ഈ ഗ്രന്ഥകാരന്റെ സുചിന്തിതമായ അഭിപ്രായം. വേദപുസ്തകത്തിൽ ചരിത്രം ദൈവത്തിന്റെ രക്ഷാചരിത്രമാണ്. മനുഷ്യരുടെ വീണ്ടെടുപ്പിനായി ദൈവം ലോകത്തിൽ ഇടപെടുന്ന സംഭവ പരമ്പരയാണ് രക്ഷാചരിത്രത്തിന്റെ ഉള്ളടക്കം. മനുഷ്യനായിത്തീർന്ന ക്രിസ്തുവിനെ രക്ഷാചരിത്രത്തിന്റെ മധ്യത്തിൽ നാം കാണുന്നു. ക്രിസ്തുവിന് പിന്നോട്ട് പഴയനിയമ ചരിത്രവും മുന്നോട്ട് പുതിയനിയമ ചരിത്രവുമാണ്. ക്രിസ്തുവിൽ ആരംഭിക്കുന്ന രക്ഷാചരിത്രരേഖ അന്ത്യയുഗ പരിസമാപ്തിയുടെ പ്രത്യാശയിൽ മുമ്പോട്ട് നീണ്ടുപോകുന്നു. എന്നാൽ ഇങ്ങനെ മാത്രം പറഞ്ഞുവയ്ക്കാവുന്നത്ര ലളിതമല്ല ക്രിസ്തീയ കാലസങ്കല്പം. 'അന്നാളിൽ', 'കർത്താവിന്റെ ദിവസം' സംഭവിക്കുമെന്ന് പ്രവാചകഗ്രന്ഥങ്ങളിൽ കാണുന്ന അന്ത്യയുഗ രക്ഷാപ്രത്യാശ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞു. എന്നാൽ അതിന്റെ പരിസമാപ്തി (Consummation) കർത്താവിന്റെ രണ്ടാമത്തെ വരവിലാണ് സംഭവിക്കുക. ഇങ്ങനെ നോക്കുമ്പോൾ കാലത്തിന് രേഖീയമായ ഒരു തലം ഉണ്ടെന്നു വരുന്നു. അതേസമയം, കർത്താവിന്റെ ജനനം, സ്നാനം, പരസ്യ ശുശ്രൂഷ, ക്രൂശീകരണം, മരണം, കബറടക്കം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നീ കഴിഞ്ഞകാല രക്ഷാസംഭവങ്ങൾ ഇന്നു ജീവിക്കുന്ന നാം ആരാധനയിലൂടെ, പ്രത്യേകിച്ചും വി. കുർബ്ബാനയിലൂടെ അനുഭവിച്ചറിയുന്നു. മാത്രമല്ല, കർത്താവിന്റെ രണ്ടാമത്തെ വരവിൽ പരിസമാപിക്കുന്ന രക്ഷാപൂർണ്ണതയിലേക്ക് നാം പ്രവേശിച്ചും കഴിഞ്ഞു.

ഇങ്ങനെ ഭൂതകാലവും ഭാവികാലവും വർത്തമാനകാലത്തിന്റേതായി

അനുഭവിച്ചറിയുമ്പോൾ കാലത്തിന് ചാക്രികമായ ഒരു മാനവുമുണ്ടെന്ന് സ്പഷ്ടമാവുന്നു. വർത്തമാനകാലത്തിൽ നിന്ന് പിന്നോട്ടു വലിഞ്ഞ് ഭൂത കാലത്തേയും മുന്നോട്ടാഞ്ഞ് ഭാവികാലത്തേയും ആവാഹിച്ചെടുത്ത് വർ ത്തമാനമാക്കുന്ന ചലനം ചാക്രികവും, വർത്തമാനകാലത്തിലെ ഒരു ബിന്ദുവിൽ നിന്ന് അടുത്ത ബിന്ദുവിലേക്കു നീങ്ങി അനുക്രമം പരിസമാ പ്തിയിലേക്കു വളരുന്ന ചലനം രേഖീയവുമാണ്. അതായത് ക്രിസ്തീയ കാലസങ്കല്പം ഒരേസമയം ചാക്രികവും രേഖീയവുമാകുന്നു. വർത്ത മാനകാലത്തിൽ ഭൂതകാലം പുനരാവിഷ്ക്കരിക്കപ്പെടുകയും ഭാവികാലം സാക്ഷാത്കരിച്ചു തുടങ്ങുകയുമത്രെ. ഇങ്ങനെ, ഭൂത ഭവത് ഭാവി കാല ങ്ങൾ തമ്മിലുള്ള അന്തരം അലിഞ്ഞില്ലാതായി നിത്യതയിലേക്ക് കടന്നു ചെല്ലുന്ന അനർഘ നിമിഷങ്ങളാണ് ആരാധനയും, വിശേഷിച്ച് വി. കുർ ബ്ബാനയും.

**ആരാധനാസന്ദർഭം അടിസ്ഥാനമാക്കുന്ന വേദവ്യാഖ്യാന സമീ പനം:** ഈ സമീപനം സ്പഷ്ടമാക്കുന്നതിന് മൂന്നു കാര്യങ്ങൾ ചൂണ്ടി ക്കാണിച്ചുകൊള്ളുന്നു. ഒന്ന്, വേദപുസ്തകം, പ്രത്യകിച്ചും പുതിയനിയമം ആരാധനാ സന്ദർഭത്തിലും ആരാധനയ്ക്കായി കൂടിവരുന്ന വിശ്വാസി കളെ ഉറക്കെ വായിച്ചു കേൾപ്പിക്കാനുള്ള ലക്ഷ്യത്തോടെയും എഴുതപ്പെ ട്ടിട്ടുള്ളതത്രെ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആരാധനയും വി. കൂദാശ കളും, വിശേഷാൽ വി. കുർബ്ബാനയുമാണ് പുതിയനിയമത്തിന്റെ Sitz im leben (= Life Situation = ജീവിത സന്ദർഭം). ഈ സമീപനത്തിലൂടെ പുതി യനിയമത്തെ വ്യാഖ്യാനിക്കുന്ന പണ്ഡിതന്മാർ ഏറിവരുന്നുണ്ട്. രണ്ട്, സഭയുടെ വേദശാസ്ത്രം തന്നെ ഉരുത്തിരിഞ്ഞ് രൂപംപ്രാപിച്ച് വികസി ച്ചത് ആരാധനയിലൂടെയാണ്. ആദ്യം വേദശാസ്ത്രം, പിന്നെ ആരാധന എന്നല്ല. ആദ്യം ആരാധന, അതിൽനിന്നും വേദശാസ്ത്രം എന്നാണ് ക്രമം. ആരാധനയെന്ന മാതൃഗർഭത്തിൽ ആണ് വേദശാസ്ത്രം എന്ന ശിശു ഉരുവായിത്തീർന്നത് (Liturgy is the matrix of theology). മൂന്ന്, ആരാ ധനയിൽ വായിക്കുവാനായി ക്രമീകരിച്ചിരിക്കുന്ന വേദഭാഗങ്ങൾ എല്ലാം തന്നെ ആരാധനാവർഷത്തിൽ വരുന്ന അതതുകാലങ്ങളുടെയും ദിന ങ്ങളുടെയും പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ്. അതുകൊണ്ട് വേദവായനകൾ ആരാധനാകാലത്തിൽ എങ്ങനെ ഇണങ്ങിവരുന്നു എന്നു കണ്ടെത്തുന്നതുതന്നെ വേദഭാഗങ്ങളുടെ മുഖ്യ ദൂത് മനസ്സിലാ ക്കാനും വ്യാഖ്യാനിക്കാനും നമ്മെ സഹായിക്കും. ഇങ്ങനെ വിശാലമാ യൊരു ഭൂമിക ഈ ഗ്രന്ഥത്തിന്റെ നിർമ്മാണത്തിനു പിമ്പിലുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

മുൻപറഞ്ഞ ആശയങ്ങളും ഒന്നാമദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന ആശയങ്ങളും ഒരു മുന്നറിവായി സ്വീകരിച്ചുകൊണ്ട് വായിക്കുന്നപക്ഷം

ഈ ഗ്രന്ഥം കൂടുതൽ അർത്ഥപൂർണ്ണമായി അനുഭവപ്പെടും. പുരാതനവും പൗരസ്ത്യവുമായ ആരാധനയിൽ നിലീനമായിരിക്കുന്ന വേദചിന്തകൾ കണ്ടെത്തുക, അവ സ്വാംശീകരിച്ച് ആദ്ധ്യാത്മിക ജീവിതം സമ്പന്നമാക്കുക, ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലിരിക്കുന്ന ആരാധനാരൂപങ്ങൾ വിലയിരുത്തുക, കാലികമാക്കുക. ഈ അന്വേഷണവും അധ്വാനവും സഭയിൽ എന്നും നടന്നുകൊണ്ടേയിരിക്കണം. ഇങ്ങനെയൊരു നീക്കത്തിന് ചാലകമാവാൻ ഈ ഗ്രന്ഥം ഉപകരിക്കുമെന്നാണ് പ്രത്യാശ.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ സഹായിച്ചവർ പലരുണ്ട്. മലങ്കരസഭാദീപത്തിൽ വേദവായനക്കുറിപ്പ് ആസ്പദമാക്കി എഴുതിയ ധ്യാനപംക്തിയുടെ സമാഹാരമാണ് ഈ ഗ്രന്ഥം. മലങ്കരസഭാദീപം പത്രാധിപർ ബഹു. എം. ഒ. ജോൺ അച്ചന്റെ സ്നേഹപൂർവ്വമായ നിർബന്ധം കൊണ്ടാണ് ധ്യാനപംക്തി ആരംഭിക്കാനും പൂർത്തീകരിക്കാനും കഴിഞ്ഞത്. അച്ചൻ തന്നെ ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്തിരിക്കുന്നു. അദ്ദേഹത്തോട് എനിക്കുള്ള കടപ്പാട് നിസ്സീമമാണ്. ചേർത്തു പറയട്ടെ, സഭാസംബന്ധമായ കാര്യങ്ങളെപ്പറ്റി അടിസ്ഥാനപരവും കാലികവുമായ ചോദ്യങ്ങൾ ഉന്നയിക്കാനും ചർച്ച ചെയ്യാനും സഭയിൽ ഇന്ന് ഔദ്യോഗിക വേദികളൊന്നുമില്ല. എന്നാൽ ഈ ഒരു കുറവു നികത്തുന്നതിൽ മലങ്കരസഭാദീപം പോലുള്ള പ്രസിദ്ധീകരണങ്ങൾക്ക് ക്രിയാത്മകമായ പങ്കു വഹിക്കാൻ കഴിയും എന്നാണ് എന്റെ ഉത്തമ വിശ്വാസം. പ്രൗഢമായ അവതാരികയിലൂടെ ഈ ഗ്രന്ഥത്തെ ധന്യമാക്കിയ എന്റെ ബഹുമാന്യ സ്നേഹിതൻ ഡോ. ബി. വർഗീസ് അച്ചനോടുള്ള നന്ദി വളരെയാണ്. ഒരു ഗ്രന്ഥത്തിന്റെ അച്ചടിയും പ്രസിദ്ധീകരണവും മെച്ചമാക്കുന്നതിൽ പ്രൂഫ് റീഡിംഗും സംവിധാനവും വളരെ പ്രധാനമാണ്. ഈ കാര്യം ഏറ്റെടുത്ത് സഹായിച്ച എന്റെ സുഹൃത്തും സഹൃദയനുമായ ജോയ്സ് തോട്ടയ്ക്കാടിനോട് ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു.

പ്രീഡിഗ്രി വിദ്യാർത്ഥിയായിരിക്കുമ്പോൾ ചില ദിവസങ്ങളിൽ പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ സന്ധ്യാനമസ്കാരത്തിൽ ഞാൻ സംബന്ധിക്കുമായിരുന്നു. വലിയ തിരുമേനി (മാർ തോമാ ദിവന്നാസ്യോസ്) ഉള്ള കാലം. ആരാധന സുറിയാനിയിലായിരുന്നു. അർത്ഥം ഒന്നും അറിഞ്ഞിരുന്നില്ല. ചേർന്ന് പാടാനും കഴിയുമായിരുന്നില്ല. സുറിയാനി ഗാനങ്ങളുടെ ലയവും ധൂപമർപ്പിച്ചും കുമ്പിട്ടും നടത്തുന്ന ആരാധനാ സംവിധാനങ്ങളും ചേർന്നുണ്ടാക്കിയ ആരാധനാന്തരീക്ഷം എന്റെ ഇളംമനസ്സിന് അലൗകിക സ്പർശമായാണ് അനുഭവപ്പെട്ടിരുന്നത്. കുക്കിലിയോൻ സമയത്ത് വലിയ തിരുമേനി പകുതി തിരിഞ്ഞു നിൽക്കും. പിതാവിന്റെ പ്രൗഢമായ നിലയും മുഖത്തു തെളിഞ്ഞ തേജസ്സും മനസ്സിൽ ഇന്നും മായാതെ പച്ചപിടിച്ചു നിൽക്കുന്നു. എന്നെ വേദവിദ്യാഭ്യാസ

ത്തിന് സെമിനാരിയിൽ അയച്ചത് അദ്ദേഹമാണ്. സെമിനാരി തുറക്കുന്ന തിന്റെ തലേദിവസം അനുഗ്രഹം വാങ്ങാനായി ഞാൻ അരമനയിൽ ചെന്നു. ചില ഉപദേശങ്ങൾ തന്നു. അവസാനം കൈമുത്തി പോരുമ്പോൾ അത്യാവശ്യ ചിലവുകൾക്കെന്നും പറഞ്ഞ് നൂറ് രൂപയുടെ ഒരു നോട്ട് എന്നെ ഏൽപ്പിച്ച് അനുഗ്രഹിച്ചയച്ചു. അന്നത്തെ (1966) രൂപായുടെ വിലയും എന്റെ നിലയും വച്ചു നോക്കുമ്പോൾ അത് വലിയ തുകയായി രുന്നു. എന്നല്ല, അത്രയൊരു വലിയ ദയാവായ്പ് മറ്റാരിൽ നിന്നും ഇന്നു വരെ എനിക്ക് ലഭിച്ചിട്ടുമില്ല. ആ പരിശുദ്ധ പിതാവിന്റെ പാവനസ്മര ണയ്ക്കായി ആദരപൂർവ്വം ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

**ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ**

ഓർത്തഡോക്സ് സെമിനാരി
സ്ലീബാപ്പെരുന്നാൾ, 1998

# ഉള്ളടക്കം


അവതാരിക ഫാ. ഡോ. ബി. വറുഗീസ് 5

വാങ്മുഖം 9

1. ആരാധനാവർഷം 14
2. പരിഷ്ക്കരിച്ച വേദവായനക്കുറിപ്പിന് ഒരു വിയോജനക്കുറിപ്പ് 19
3. ശുദ്ധീകരണപ്പെരുന്നാളും പ്രതിഷ്ഠാപ്പെരുന്നാളും 23
4. സദ്വാർത്ത 28
5. രക്ഷാപരിജ്ഞാനത്തിലേക്ക് 33
6. ദൈവം നമ്മോടു കൂടെ 37
7. കർത്താവിന്റെ ഉദയശോഭയിലേക്ക് 41
8. പ്രകാശപൂർണ്ണതയിൽ 45
9. രൂപാന്തരപ്പെടുവിൻ 49
10. തീരണമേ ഞാൻ നിന്നുടെ കിന്നരമായ് 53
11. കുരിശും തേജസ്സും 57
12. പുനരുത്ഥാനത്തിന്റെ പുതുക്കത്തിലേക്ക് 61
13. പരിശുദ്ധാത്മാവേ, പ്രകാശിപ്പിക്കേണമേ! 66
14. പരിശുദ്ധാത്മാവേ, വരേണമേ! 71
15. കർത്താവേ, ഈ അപ്പം എപ്പോഴും ഞങ്ങൾക്ക് തരേണമേ! 75
16. പരിശുദ്ധാത്മ നിറവിൽ 79
17. ശിശുസഹജമായ പരിശുദ്ധിയിലേയ്ക്ക് 83
18. തേജോധാരികളായ് 87
19. അമ്മേ, നിനക്കു ഭാഗ്യം 92
20. കുരിശേ ജയിക്കുക! 97
21. കുരിശ്: ഒരു പുതിയ പ്രമാണം 102
22. കുരിശെടുത്തുംകൊണ്ട് 107

# 1

# ആരാധനാവർഷം

ശുദ്ധീകരണപ്പെരുന്നാളോടുകൂടി (കൂദോശ് ഈത്തോ) സഭയുടെ ആരാധനാവർഷം (Liturgical Year) അല്ലെങ്കിൽ സഭാവർഷം (Ecclesiastical Year) ആരംഭിക്കുന്നു. ഒക്ടോബർ മാസം 30 മുതൽ നവംബർ മാസം അഞ്ചു വരെയുള്ള തീയതികളിൽ ആദ്യം വരുന്ന ഞായറാഴ്ച ശുദ്ധീകരണപ്പെരുന്നാളായി ആചരിക്കണമെന്ന് സഭ നിശ്ചയിച്ചിരിക്കുന്നു. ശുദ്ധീകരണപ്പെരുന്നാൾ ആചരിച്ച് പുതിയ ആരാധനാവർഷാചരണങ്ങൾക്ക് സഭ തുടക്കമിടുന്നു.

### ആരാധനാ കാലങ്ങൾ (Liturgical Seasons or Cycles)

വിശുദ്ധ കുർബ്ബാനക്രമത്തിൽ (258-ാം പുറം) ആരാധനാവർഷം ആറു കാലങ്ങളായി തിരിച്ചിരിക്കുന്നതായി പറയുന്നു. കൂദോശ് ഈത്തോ മുതൽ ഒന്നാമത്തെ കാലവും യൽദോ മുതൽ രണ്ടാമത്തേതും കൊത്തിനേ ഞായറാഴ്ച മുതൽ മൂന്നാമത്തേതും ക്യംതാ മുതൽ നാലാമത്തേതും പെന്തിക്കോസ്തി മുതൽ അഞ്ചാമത്തേതും സ്ലീബാ മുതൽ ആറാമത്തേതുമാണ്. സുറിയാനി ആരാധനാപാരമ്പര്യത്തിൽ തന്നെ പല ആരാധനാ കാലഗണനകൾ നിലവിലുണ്ട്. ഇതേപ്പറ്റി വിശദമായ ഒരു പഠനം നടത്തി ആരാധനാവർഷം പുനഃസംവിധാനം ചെയ്യേണ്ടിയിരിക്കുന്നു. മുൻപറഞ്ഞ കാലഗണനയിൽ അല്പം ചില വ്യത്യാസങ്ങൾ വരുത്തുന്നപക്ഷം കുറേക്കൂടി ഉചിതമായ ഒരു ആരാധനാകാല വിഭജനം നമുക്കു ലഭിക്കും.

### ഏഴു കാലങ്ങൾ

ഏഴ് ആഴ്ചകൾ വീതമുള്ള ഏഴു കാലങ്ങളായി തിരിച്ച് ആരാധനാവർഷം പുനഃസംവിധാനം ചെയ്യാം.

ആരാധനാവർഷത്തിന്റെ ആദ്യത്തെ രണ്ട് ഞായറാഴ്ചകൾ ശുദ്ധീകരണപ്പെരുന്നാളും പ്രതിഷ്ഠാപ്പെരുന്നാളും ആണല്ലോ. ഈ രണ്ട് ആഴ്ചകൾ ആരാധനാവർഷത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള ഒരുക്കകാലമായി (Season for preparation) കണക്കാക്കാം. ശേഷിക്കുന്ന വർഷത്തെ ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് കാലങ്ങളായി തിരിക്കാം. നിലവിലിരിക്കുന്ന കാലഗണനയനുസരിച്ച് അഞ്ചാമതു വരുന്ന പെന്തിക്കോസ്തി മുതൽ സ്ലീബാ വരെയുള്ള പതിനാലു പതിനഞ്ച് ആഴ്ചകളുള്ള ദീർഘമായ കാലത്തെ പെന്തിക്കോസ്തി കാലമെന്നും ശ്ലീഹാകാലമെന്നും

രണ്ടു കാലങ്ങളാക്കാം. എന്നാൽ ഏഴ് ആഴ്ചകൾ വീതമായി ക്ലിപ്തപ്പെടുത്താൻ ബുദ്ധിമുട്ടുണ്ട്. ഇതിന് രണ്ട് കാരണങ്ങൾ ആണ്. ഒന്നാമത് ശ്ലീഹാപ്പെരുന്നാളിന് മുമ്പും പിമ്പുമുള്ള ആഴ്ചകൾ ഏറിയും കുറഞ്ഞും വരുന്നു. രണ്ടാമത്, പരിശുദ്ധാത്മപ്രവർത്തനം, ശ്ലീഹന്മാരുടെ ദൗത്യനിർവ്വഹണം എന്നീ രണ്ട് ആശയങ്ങളും ഈ രണ്ടു കാലങ്ങളിലും കലർന്നു വരുന്നുണ്ട്. ആയതിനാൽ ക്ലിപ്തമായ വിഭജനം നല്കാതെ പെന്തിക്കോസ്തി-ശ്ലീഹാകാലങ്ങൾ എന്ന് ചേർത്തു പറയാം. ബാക്കിയുള്ള കാലങ്ങൾക്ക് എല്ലാം ഏതാണ്ട് ഏഴ് ആഴ്ചകൾ വീതം ഉണ്ട്. ഈ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള കാലഗണന താഴെപ്പറയുന്ന വിധമായിരിക്കും.

ഒരുക്കകാലം (ശുദ്ധീകരണ - പ്രതിഷ്ഠാകാലം = Season of Sanctification-Dedication).

സൂബോറോ കാലം (സുവാർത്താ കാലം = Season of Annunciation).

യൽദോ - ദനഹാ കാലം (തിരുജനന-ഉദയ കാലം = Season of Nativity - Epiphany).

വലിയനോമ്പു കാലം (Season of Great Lent).

ക്യംതാകാലം (ഉയിർപ്പുകാലം = Season of Resurrection).

പെന്തിക്കോസ്തിക്കാലം (Season of Pentacost).

ശ്ലീഹാകാലം (Season of the Apostles).

സ്ലീബാകാലം (Season of the Cross)

ആരാധനാവർഷത്തിൽ നിശ്ചിത പെരുനാളുകളും (Fixed Feasts) അനിശ്ചിത പെരുനാളുകളും (Moveable Feasts) കലർന്നു വരുന്നതിനാൽ ഓരോ കാലത്തിനും ഏഴ് ആഴ്ചകൾ എന്ന കണക്കിൽ ചെറിയ ഏറ്റക്കുറച്ചിലുകൾ വരുന്നുണ്ട്. ഉദാഹരണമായി അറിയിപ്പുകാലത്തിന് 48 മുതൽ 54 വരെ ദിവസങ്ങൾ വരാം. സ്ലീബാകാലം 45 മുതൽ 51 വരെ ദിവസങ്ങൾ ആകാം. വലിയനോമ്പുകാലവും ഉയിർപ്പുകാലവും ഏഴ് ആഴ്ചകൾ വീതമാണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. ഉയിർപ്പ് അനിശ്ചിത പെരുനാൾ ആയതിനാൽ യൽദോ-ദനഹാ കാലവും പെന്തിക്കോസ്തി-ശ്ലീഹാ കാലങ്ങളും ഏറിയും കുറഞ്ഞും വരുന്നു. എന്നാൽ പൊതുവെ രണ്ട് ആഴ്ചകളുടെ ഒരുക്കകാലവും ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് കാലങ്ങളും ആരാധനാവർഷത്തിൽ സംവിധാനം ചെയ്യാവുന്നതാണ്.

ഇങ്ങനെയൊരു കാലഗണന സ്വീകരിക്കുന്നതിന് അടിസ്ഥാനം രണ്ടു കാര്യങ്ങൾ ആണ്: 1) വേദവായനകൾ (2) ആരാധനാക്രമങ്ങൾ.

ആണ്ടടക്കമുള്ള വേദവായനകളുടെയും ആരാധനാക്രമങ്ങളിലെ പ്രാർത്ഥനകളുടെയും മുഖ്യമായ സന്ദേശങ്ങൾ ഇങ്ങനെയൊരു കാലഗണന സംഗതവും ഉചിതവുമാണെന്ന് ബോധ്യപ്പെടുത്തും. കുരിശുമല ആശ്രമം (വാഗമൺ) ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ആണ്ടടക്കമുള്ള ആരാധനാക്രമത്തിൽ ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് കാലങ്ങളായി ആരാധനാവർഷത്തെ വിഭജിക്കുന്നുണ്ട്. ഇതിൽ ആറാമത്തെ കാലം 'മറുരൂപ കാലം' എന്ന് നാമകരണം ചെയ്തിരിക്കുന്നു. എന്നാൽ മറുരൂപപ്പെരുന്നാളിൽ ക്രമീകരിച്ചിരിക്കുന്ന വായനകളിലല്ലാതെ അതിനുശേഷം വരുന്ന ആഴ്ചകളിൽ മറുരൂപത്തെ സംബന്ധിച്ച ചിന്തകൾ കാണുന്നില്ല. ഇക്കാരണത്താൽ മറുരൂപകാലം എന്നൊന്ന് സുറിയാനി സഭാപിതാക്കന്മാർ വിവക്ഷിച്ചിരുന്നില്ല എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സഭയിൽ നിലവിലിരിക്കുന്ന വേദവായനകളും ആരാധനാക്രമങ്ങളിലെ പ്രാർത്ഥനകളും മാനദണ്ഡമായി സ്വീകരിക്കുന്നപക്ഷം മുൻ നിർദ്ദേശിച്ച കാലഗണനയാണ് ഏറെ അനുയോജ്യം.

## vi. വേദവായനക്കുറിപ്പ്

ആരാധനാവർഷത്തിലെ വേദവായനകളെ അടിസ്ഥാനപ്പെടുത്തിയുള്ള ധ്യാനചിന്തകൾ ആരംഭിക്കുന്നതിന് മുമ്പ് ഇങ്ങനെയൊരു ദീർഘമായ ആമുഖം കുറിച്ചിരിക്കുന്നത് രണ്ടു കാര്യങ്ങൾ സൂചിപ്പിക്കാൻ വേണ്ടിയാണ്. (1) 1988-ലും 1992-ലും എം.ഒ.സി. പബ്ലിക്കേഷൻസ് പുറത്തിറക്കിയ വേദവായനക്കുറിപ്പുകൾ പഴയ വേദവായനക്കുറിപ്പിൽ ചില വ്യത്യാസങ്ങൾ വരുത്തി പരിഷ്ക്കരിച്ച പതിപ്പുകളാണ്. ചില വ്യതിയാനങ്ങൾ സ്വാഗതാർഹമാണ്. എന്നാൽ മറ്റ് ചിലവ ആരാധനാകാലത്തിന്റെ പ്രാധാന്യം കണക്കിലെടുക്കാതെ വന്നിട്ടുള്ളവയാണ്. കാലോചിതമായ മാറ്റങ്ങൾ വരുത്തരുതെന്നല്ല. അങ്ങനെ ചെയ്യുമ്പോൾ അടിസ്ഥാനപ്രമാണങ്ങൾ മറക്കാൻ പാടില്ലെന്നു മാത്രം. ആവർത്തിച്ചു വന്നിട്ടുള്ള വേദഭാഗങ്ങൾക്ക് പകരം നൽകുന്ന പുതിയ വേദഭാഗങ്ങൾ ആരാധനാകാലത്തിൽ ആ പ്രത്യേക ദിനത്തിന്റെ മുഖ്യസന്ദേശത്തിന് ഇണങ്ങുന്നുണ്ടോ എന്ന് നോക്കണം. ഉദാഹരണത്തിന് ശുദ്ധീകരണ - പ്രതിഷ്ഠാപ്പെരുന്നാളുകളുടെ വായനപ്പടിയിൽ വരുത്തിയിരിക്കുന്ന വ്യതിയാനങ്ങൾ നോക്കാം. രണ്ടു ഞായറാഴ്ചകൾക്കും പഴയനിയമ വായനകളും ശ്ലീഹാവായനകളും ഒന്നു തന്നെ. ആവർത്തനം ഒഴിവാക്കാൻ ശ്ലീഹാവായനകളിൽ കൊടുത്തിരിക്കുന്ന വ്യത്യാസങ്ങൾ സ്വാഗതാർഹമാണ്. എന്നാൽ വെളിപാട് പുസ്തകത്തിൽ നിന്ന് തെരഞ്ഞെടുത്ത ഭാഗം യോജിക്കുന്നില്ല. പഴയനിയമ വേദഭാഗങ്ങളിൽ യെരമ്യാവ്, യെഹസ്കിയേൽ എന്നീ പ്രവചനഗ്രന്ഥങ്ങളിൽ നിന്നുള്ള വായനകൾ ഒഴിവാക്കിയത് എന്തുകൊണ്ട്? പ്രസ്തുത വേദഭാഗങ്ങളുടെ പൊരുൾ ആരാധനാകാലത്തോട്

ബന്ധിപ്പിച്ച് മനസ്സിലാക്കാൻ കഴിയാതെ വന്നതുകൊണ്ടല്ലേ? പുറപ്പാട് (33:7–11) പുസ്തകത്തിൽ നിന്നുള്ള വായന ആവർത്തിച്ചിരിക്കുന്നതായും കാണുന്നു. ആവർത്തനം ഒഴിവാക്കാൻ പഴയനിയമത്തിൽ നിന്നും മൂന്നു നാലു ഭാഗങ്ങളെങ്കിലും ഇവിടെ സൂചിപ്പിക്കാം: ഉല്പത്തി 28:10–22; സങ്കീ. 45:1–11; യെഹ. 43:1–5, യെശ. 60:1–9. ഈ വേദഭാഗങ്ങളെല്ലാം തന്നെ ഈ ഞായറാഴ്ചകളിലെ പ്രുമിയോൻ-സെദ്റാ പ്രാർത്ഥനകളിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളവയാണു താനും. ഈ ചർച്ചയുടെ വെളിച്ചത്തിൽ, വേദവായനക്കുറിപ്പുകളുടെ പരിഷ്കരിച്ച പതിപ്പുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണം എന്നാണ് എന്റെ അഭിപ്രായം.

2) ഈ ധ്യാനചിന്തകളിൽ വേദവായനകൾ മാത്രമെടുത്ത് ധ്യാനക്കുറിപ്പുകൾ തയ്യാറാക്കുക എന്ന സമീപനം അല്ല സ്വീകരിച്ചിരിക്കുന്നത്. വേദവായനകളിൽ, പ്രത്യേകിച്ച് സുവിശേഷഭാഗത്തിൽ കൂടുതൽ ശ്രദ്ധ വയ്ക്കുന്നതോടൊപ്പം ആരാധനാകാലത്തിന് അനുസരിച്ച് ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനകളും വേദവായനകളും എങ്ങനെ പരസ്പര പൂരകങ്ങളായി നിൽക്കുന്നുവെന്ന് കണ്ടെത്തി അവയിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന മുഖ്യസന്ദേശം ആവിഷ്ക്കരിക്കുവാനുള്ള എളിയ പരിശ്രമമാണ്. ആരാധനാവർഷത്തോടും ആരാധനാകാലത്തോടും കൂട്ടിയിണക്കി സഭാജീവിതം ധന്യപൂർണ്ണമാക്കി അനുഭവിച്ചറിയാൻ വിശ്വാസികളെ ഇതു സഹായിക്കും എന്നാണ് പ്രത്യാശ.

## ആരാധനാവർഷത്തിന്റെ ലക്ഷ്യം

സ്ഥലകാല പരിമിതികൾക്ക് അതീതനായ ദൈവത്തെ എങ്ങനെ കണ്ടെത്താം? ക്രിസ്തു എന്ന ദൈവത്തിന്റെ രക്ഷാകര രഹസ്യം ഈ കാലത്തിൽ, ഈ ജീവിത പരിതോവസ്ഥകളിൽ എങ്ങനെ അനുഭവിച്ചറിയാം? നമ്മിലേക്ക് ഇറങ്ങിവന്ന് നമ്മോടൊത്തു പാർത്ത ക്രിസ്തുവിനെ എങ്ങനെ നിത്യനായ അമ്മാനുവേലായി, എന്നും നമ്മോടുകൂടെ വസിക്കുന്ന ദൈവമായി നമുക്കു മദ്ധ്യേ കുടിയിരുത്താം? നമ്മുടെ കേവല ബുദ്ധി കൊണ്ട് പ്രാപ്യമാവുന്ന ഒന്നല്ലയിത്. ശ്രദ്ധയും ശുദ്ധിയും തപസ്സും നിഷ്ഠയും കൊണ്ട് പരിപാകമായ ആരാധനാനുഷ്ഠാനങ്ങളിലൂടെ മാത്രമേ ദൈവിക രഹസ്യങ്ങളിലേക്ക് പ്രവേശിച്ച് ദൈവസാന്നിദ്ധ്യം രുചിച്ചറിയാനാവൂ. നമ്മുടെ ഉയർച്ചകളിലും താഴ്ചകളിലും നേട്ടങ്ങളിലും നഷ്ടങ്ങളിലും യാതനകളിലും ആനന്ദങ്ങളിലും ദൈവത്തെ കണ്ടുമുട്ടുവാൻ ഇങ്ങനെയാണു വഴിയെന്ന് സഭ കാട്ടിത്തരുന്നു.

ആരാധനാവർഷം, ആരാധനാകാലം എന്നു കേൾക്കുമ്പോൾ കാലം അല്ലെങ്കിൽ സമയം മാത്രമേ നമ്മുടെ ശ്രദ്ധയിൽ വരുന്നുള്ളു. കാലം മാത്രമല്ല സ്ഥലവും ആരാധനയ്ക്കായി വേർതിരിച്ച് ശുദ്ധീകരിച്ച്

സമർപ്പിക്കുന്നുണ്ടല്ലോ. അപരിമിതനും അപരിമേയനുമായ ദൈവത്തെ ഇപ്പോൾ ഇവിടെ കണ്ടുമുട്ടുകയാണ്. അവനായി ഒരു നിമിഷം ഒരിടം ശുദ്ധീകരിച്ചു സമർപ്പിക്കുന്നു. ഇങ്ങനെ ദൈവാരാധനയ്ക്കായി വേർതിരിച്ച് സമർപ്പിക്കുന്ന പ്രത്യേക സ്ഥലവും സമയവും മാത്രമല്ല ദൈവ സാന്നിദ്ധ്യം കൊണ്ടു നിറയേണ്ടത്, സമസ്ത ജീവിതവുമാണ്. എല്ലായിടവും എല്ലാ നിമിഷവും ദൈവസാന്നിദ്ധ്യം കൊണ്ട് നിറയണം.

നമുക്കു ചുറ്റും നമ്മോടൊപ്പമുള്ളവർക്കായി വിനയത്തിലും വിധേയത്വത്തിലും സേവനവും ശുശ്രൂഷയും ചെയ്ത് ജീവിതം സമർപ്പിക്കുക. നോമ്പ്, ഉപവാസം, ഇത്യാദി തപശ്ചര്യകളിലൂടെ ജീവിതത്തെ ശിക്ഷണം ചെയ്ത് നിരന്തരം ഒരുക്കുക. വ്രതാനുഷ്ഠാനങ്ങളോടെ ആരാധനകളിൽ സംബന്ധിക്കുക. ഓരോ ദിനത്തിലും ക്രമീകരിച്ചിരിക്കുന്ന പ്രത്യേക വേദവായനകളുടെയും പ്രാർത്ഥനകളുടെയും പൊരുൾ എന്തെന്നറിയുക. ഇത്തരം ഒരു ജീവിതക്രമം സ്വീകരിച്ചുകൊണ്ട് ദൈവാരാധനയ്ക്കായി വേർതിരിച്ചിരിക്കുന്ന സമയങ്ങളിലേക്ക്, സ്ഥലങ്ങളിലേക്ക് ലോകവിഷയങ്ങൾ വിട്ട് കടന്നുചെന്ന് ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയുക. തിരികെ വന്ന് ഏറിയ ദൈവബോധത്തോടെ ലോകകർത്തവ്യങ്ങളിൽ വ്യാപൃതരാവുക. ഇങ്ങനെ ശുദ്ധീകരണത്തിലും സമർപ്പണത്തിലും കൂടുതൽ കൂടുതൽ വളരുന്തോറും വേർതിരിച്ചതും അല്ലാത്തതുമായ സ്ഥലകാലങ്ങൾ തമ്മിലുള്ള അകലം കുറഞ്ഞു കുറഞ്ഞു വന്ന് സമസ്ത ജീവിതവും ദൈവസാന്നിദ്ധ്യം കൊണ്ടു നിറയും. ഈ അനുക്രമമായ വളർച്ചയാണ് ആരാധനാവർഷ-ആരാധനാകാല ആചരണങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. ഈ പ്രയാണത്തിൽ ഉചിതമായ ചിന്തകൾ കൊണ്ട് പരിപോഷിതരാവാൻ ഈ ഗ്രന്ഥം സഹായിക്കട്ടെ.

# 2

# പരിഷ്ക്കരിച്ച വേദവായനക്കുറിപ്പിന് ഒരു വിയോജനക്കുറിപ്പ്

കോട്ടയം എം.ഒ.സി. പബ്ലിക്കേഷൻസ് 1988-ലും 1992-ലും പ്രസിദ്ധീകരിച്ച, സഭയുടെ വിശുദ്ധ വേദവായനക്കുറിപ്പിന്റെ പരിഷ്ക്കരിച്ച പതിപ്പിനെ ആസ്പദമാക്കി ചില വിയോജനക്കുറിപ്പുകൾ ഇവിടെ നൽകുന്നു. ഈ കുറിപ്പുകൾ തയ്യാറാക്കുമ്പോൾ എന്റെ മുമ്പിൽ വായനപ്പടിയുടെ നാലു പതിപ്പുകൾ ഉണ്ട്. ഒന്ന് സെമിനാരി ഗ്രന്ഥശാലയോടു ചേർന്നുള്ള പുരാവസ്തുശേഖരത്തിൽ നിന്നും എടുത്തിട്ടുള്ള ഒരു സുറിയാനി വേദവായനക്കുറിപ്പാണ്. ഇത് 1896-ൽ കോട്ടയം പഴയസെമിനാരിയിലെ മാർത്തോമ്മൻ മുദ്രാലയത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. മറ്റൊന്ന് കോട്ടയം ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ് (വർഷം കൊടുത്തിട്ടില്ല) പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു. മുൻപറഞ്ഞ പരിഷ്ക്കരിച്ച പതിപ്പുകളാണ് മറ്റ് രണ്ടെണ്ണം.

വേദവായനക്കുറിപ്പിൽ വരുത്തിയിട്ടുള്ള പ്രധാന പരിഷ്ക്കാരം കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ ഉൾക്കൊള്ളുന്നതും ഒറ്റ വായനയിൽ തന്നെ മനസ്സിലാകുന്നതും പ്രബോധനത്തിന് ഉതകുന്നതുമായ വേദഭാഗങ്ങൾ ഉൾപ്പെടുത്താൻ ശ്രമിച്ചിരിക്കുന്നു എന്നുള്ളതാണ്. ഈ ശ്രമത്തിനിടയിൽ, ഉദ്ദേശ്യശുദ്ധിയോടെയാണെങ്കിലും ആരാധനാകാലത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ കണക്കിലെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

വിസ്തരഭയത്താൽ വിശദമായ ഒരു വിലയിരുത്തലിന് ഇപ്പോൾ മുതിരുന്നില്ല. ചില ദിനങ്ങളിലെ വേദവായനകൾ പരിശോധിച്ച് അപാകതകൾ ചുണ്ടിക്കാണിക്കുക മാത്രമേ ചെയ്യുന്നുള്ളു. ആരാധനാകാലത്തിന്റെ പ്രസക്തിയും അതിൽ ഓരോ ദിനവും ഉൾക്കൊള്ളേണ്ട പ്രത്യേക ദൂതും ഗൗരവമായി പരിഗണിക്കാതെ വായനപ്പടിയിൽ ഉടനീളം വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. സഭാശുദ്ധീകരണ പെരുന്നാളിലേയും സഭാപ്രതിഷ്ഠാപ്പെരുനാളിലേയും വായനകളിൽ വരുത്തിയിരിക്കുന്ന പരിഷ്ക്കാരങ്ങൾ ഇതിന് ഉദാഹരണമാണ്.

ഇവ കൂടാതെ മറ്റ് ഉദാഹരണങ്ങളും എടുത്തു കാണിക്കാനുണ്ട്. പരിഷ്ക്കരിച്ച വായനപ്പടിയിൽ ചില ഞായറാഴ്ചകൾക്കും മോറോനോയോ പെരുനാളുകൾക്കും 'മാതാപിതാക്കളുടെ ദിനം' (സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച), 'വനിതാ ദിനം' (ഏലിശുബായുടെ അടുക്ക

ലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച), 'ശിശുദിനം' (യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച), 'തൊഴിലാളി ദിനം' (ദനഹായുടെ ശേഷം നാലാം ഞായറാഴ്ച), 'വയോധിക ദിനം' (നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശം), 'കാര്യവിചാരകത്വ ദിനം' (വലിയ നോമ്പിലെ ആറാം ഞായറാഴ്ച), 'ബാലികാ ബാലദിനം' (ഓശാന ഞായറാഴ്ച), 'യുവാക്കളുടെ ഞായറാഴ്ച' (പുതു ഞായറാഴ്ച), 'സന്യാസികളുടെ ഞായറാഴ്ച' (പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച), 'മദ്യവർജ്ജന പ്രചാരണ ദിനം' (ജനുവരിയിലെ ഒടുവിലത്തെ ഞായറാഴ്ച) എന്നിങ്ങനെ പേരു നൽകി അതിന് അനുസൃതമായ പുതിയ വേദഭാഗങ്ങൾ വായനപ്പടിയിൽ ചേർത്തിരിക്കുന്നു. ചില സന്ദർഭങ്ങളിൽ പുതിയവ പഴയതിനോട് കൂട്ടിച്ചേർത്തതാണ്. മറ്റു ചില സന്ദർഭങ്ങളിൽ പഴയ വേദഭാഗങ്ങൾ ഒഴിവാക്കിക്കൊണ്ട് പുതിയവ ഉൾപ്പെടുത്തിയിരിക്കുന്നു. പുതിയ വായനകളുടെ ഉള്ളടക്കം ഊന്നൽ നൽകുന്നത് ആരാധനാകാലത്തിൽ ആ പ്രത്യേക ദിനത്തിനുള്ള ദൂതല്ല, പിന്നെയോ പുതുതായി കൊണ്ടുവന്നിരിക്കുന്ന പേരുകൾ സൂചിപ്പിക്കുന്ന ആശയങ്ങൾക്കാണ്.

സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ചയിലെ വായനകൾ ഇതിനുദാഹരണമാണ്. പുതിയ വായനപ്പടിയിൽ പഴയതിൽ നിന്നും കാര്യമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. 'മാതാപിതാക്കളുടെ ദിനം' എന്ന് ഈ ഞായറാഴ്ചയ്ക്ക് പേരു കൊടുത്തശേഷം ഭാര്യാഭർത്തൃബന്ധം, കുടുംബബന്ധം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന വേദഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്! സന്ധ്യയുടേയും പ്രഭാതത്തിന്റെയും നമസ്ക്കാരങ്ങൾക്ക് പുതിയ സുവിശേഷഭാഗങ്ങൾ നൽകിയിരിക്കുന്നു. സന്ധ്യയുടെ വായന വിവാഹശുശ്രൂഷയ്ക്കു വായിക്കുന്ന സുവിശേഷഭാഗമാണ് (മത്താ. 19:3-12)! വി. കുർബ്ബാനയ്ക്ക് പഴയനിയമത്തിൽ നിന്ന് നാലു വായനകൾ കൂടി കൊടുത്തിട്ടുണ്ട്. എല്ലാം കുടുംബബന്ധങ്ങളെപ്പറ്റി പ്രബോധനം നൽകാൻ പര്യാപ്തമായവയാണ്. വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നും റോമ. 4:13-25 ന് പകരം വിവാഹശുശ്രൂഷയ്ക്ക് വായിക്കാനുള്ള എഫേ. 5:21-6:4 ഉൾപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ പുതുതായി ചേർത്ത വേദഭാഗങ്ങൾ എല്ലാംതന്നെ ആ ദിനത്തിന് 'മാതാപിതാക്കളുടെ ദിനം' എന്നു വിളിക്കുന്നതിന്റെ പ്രസക്തി സ്പഷ്ടമാക്കുന്നവയാണ്.

മറ്റൊരുദാഹരണമാണ് 'ഏലിശ്ബായും മറിയയും തമ്മിലുള്ള കൂടിക്കാഴ്ചയുടെ ഞായറാഴ്ച'യിലെ വായനകൾ. 'വനിതാ ദിനം' എന്ന് ഈ ഞായറാഴ്ചയ്ക്ക് പേരു നൽകിയിട്ടുണ്ട്. ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പങ്കുകാരാകാൻ ഭാഗ്യം സിദ്ധിച്ച രണ്ടു സ്ത്രീരത്നങ്ങളാണ് മറിയയും ഏലിശ്ബയും. ഇവരിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്നതിന്

സ്ത്രീകളെ പ്രബോധിപ്പിക്കാൻ സ്വാഭാവികമായും ഈ ദിനം ഉപയോഗിക്കാം. എങ്കിലും പ്രബോധനത്തിന് മുൻഗണന കൊടുത്ത് ആരാധനാകാലത്തിന് ഇണങ്ങാത്ത വായനകൾ ഉൾപ്പെടുത്താൻ പാടുള്ളതല്ല. എന്നാൽ ഇവിടെ അങ്ങനെയാണ് സംഭവിച്ചിരിക്കുന്നത്. പ്രഭാതപ്രാർത്ഥനയ്ക്കുള്ള സുവിശേഷഭാഗം യോഹ. 20:1-18 ആണ്. യേശുവിന്റെ പുനരുത്ഥാനത്തിനോടു ബന്ധപ്പെട്ട സംഭവം ആണ് പ്രതിപാദ്യ വിഷയം. യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷിയായിത്തീർന്ന മഗ്ദലക്കാരി മറിയ ശ്രദ്ധയർഹിക്കുന്ന വ്യക്തിയായി ഈ ഭാഗത്ത് കാണാൻ കഴിയും. എന്നാൽ യോഹന്നാന്റെയും യേശുവിന്റെയും ജനനത്തെ അനുസ്മരിപ്പിക്കുന്ന പെരുന്നാളുകളുടെ പശ്ചാത്തലത്തിൽ പുനരുത്ഥാനത്തോടു ബന്ധപ്പെട്ട വേദഭാഗം ഒട്ടും ചേർന്നുവരുന്നില്ല. മറ്റൊരു ഭേദഗതി വി. കുർബ്ബാനയ്ക്കുള്ള പഴയനിയമ വായനകളും ശ്ലീഹാവായനകളും അപ്പാടെ മാറ്റി സ്ത്രീകൾക്ക് പ്രബോധനം നൽകാൻ ഉതകുന്ന വായനകൾ ചേർത്തിരിക്കുന്നു എന്നതാണ്. ഒന്നും ആരാധനാകാലത്തോട് നീതി പുലർത്തുന്നവയല്ല.

ആരാധനാകാലത്തിന്റെ പൊതുവായ ചിന്തയോടിണങ്ങി നിൽക്കുന്നവയായിരുന്നു പഴയ വായനപ്പടിയിൽ ക്രമീകരിച്ചിരുന്ന വേദഭാഗങ്ങൾ. അവയിൽ നിന്നും സ്വാഭാവികമായി ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങൾ പ്രബോധനങ്ങൾക്ക് വിഷയമാക്കാവുന്നതാണ്. എന്നാൽ പ്രബോധനത്തിനുള്ള വിഷയങ്ങൾക്ക് മുൻഗണന നൽകി പുതിയ വായനകൾ ഉൾപ്പെടുത്തിയപ്പോൾ നഷ്ടമായത് ആരാധനാകാലവും വേദവായനകളും തമ്മിലുള്ള ചേർച്ചയാണ്. മാത്രമല്ല, ആരാധനാകാലങ്ങൾ തമ്മിലും ദിനങ്ങൾ തമ്മിലുമുള്ള ബന്ധവും തുടർച്ചയും പുതിയ പരിഷ്ക്കാരത്തിൽ ചോർന്നു പോയി എന്നു കാണാം. ഇത് ഗൗരവമർഹിക്കുന്ന ഒരു അപാകത തന്നെയാണ്.

ഇവിടെ സംഗതമായ ഒരു ചോദ്യം ഉണ്ട്. കാലിക പ്രാധാന്യമുള്ള സാമൂഹിക പ്രശ്നങ്ങൾ ആരാധനയിൽ വിഷയമാക്കേണ്ടതല്ലേ? ഇത്തരം പരിഷ്ക്കാരങ്ങൾ പ്രത്യക്ഷത്തിൽ ആകർഷകമായി തോന്നാം. സഭയ്ക്ക് സാമൂഹിക പ്രതിബദ്ധതയുണ്ടെന്ന് ഒരു ധാരണയുണ്ടാക്കാൻ സഹായിച്ചെന്നു വരാം. പള്ളി പ്രബോധനങ്ങളിൽ നേരിടുന്ന വിഷയദാരിദ്ര്യം പരിഹരിക്കാം. ആരാധനയ്ക്ക് വൈവിധ്യവും ആകർഷണീയതയുമുണ്ടാക്കാൻ കഴിഞ്ഞെന്നു വരാം. എന്നാൽ ഇതു മൂലം ആരാധനയുടെ ആദ്ധ്യാത്മിക സമ്പന്നത നഷ്ടമാവുക തന്നെ ചെയ്യും. സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ കണ്ടെത്തി അതിന് അനുസൃതമായ വേദവായനകൾ നിർദ്ദേശിച്ച് ആരാധന സാമൂഹ്യവൽക്കരിക്കുന്നതിനുള്ള ശ്രമം പാശ്ചാത്യസഭകളിൽ ഇന്ന് സാധാരണമാണ്. ഇതിന്റെ ഫലമായി

സുവിശേഷം ഒന്നുകിൽ സാമൂഹ്യസുവിശേഷമായി അധഃപതിച്ചു. അല്ലെങ്കിൽ ഇതിന് ഘടകവിരുദ്ധമായി സാമൂഹ്യപ്രതിബദ്ധതയില്ലാത്ത, തീർത്തും 'ആത്മീയ' സുവിശേഷമായതു മാറി. രണ്ടു സമീപനങ്ങളിലെയും അപാകതകൾ ഒഴിവാക്കി ആരാധന സന്തുലിതമാക്കി നിലനിർത്താൻ ശ്രമിക്കണം.

ഈ ചർച്ചയുടെ വെളിച്ചത്തിൽ മൂന്നു നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വരുന്നു.

1. വായനപ്പടിയിൽ അവശ്യം വേണ്ട തിരുത്തലുകൾ വരുത്താവുന്നതാണ്. എന്നാൽ ആരാധനാകാലത്തിന്റെ മുഖ്യദൂതിന് ഇണങ്ങുന്നവയാകണം പുതുതായി നിർദ്ദേശിക്കുന്ന വേദവായനകൾ.

2. ആരാധനാകാലത്തിന്റെ അടിസ്ഥാനതത്വങ്ങൾ നിലനിർത്തിക്കൊണ്ട് രണ്ടോ മൂന്നോ വായനപ്പടികൾ തയ്യാറാക്കി ഓരോ വർഷവും മാറിമാറി അവ ഉപയോഗിക്കാവുന്നതാണ്.

3. സാമൂഹ്യപ്രശ്നങ്ങളെപ്പറ്റി വിശ്വാസികളെ പ്രബോധിപ്പിക്കുന്നതിനുള്ള മാധ്യമമായി ആരാധന തരംതാഴ്ന്നു കൂടാ. അതേസമയം ആരാധനാകാലത്തിനു ചേരുന്ന വേദഭാഗങ്ങളിൽ നിന്നും സ്വാഭാവികമായി ഉയരുന്ന ചിന്തകളെ സാമൂഹ്യപ്രശ്നങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ഉചിതമായി പ്രബോധനങ്ങൾ നൽകാനും ശ്രദ്ധിക്കണം.

## ഉപസംഹാരം

വേദവായനക്കുറിപ്പിലുള്ള ഓരോ ദിവസത്തേയും വേദവായനകൾ ക്രമീകരിച്ചിരിക്കുന്നതിനു പിമ്പിൽ ദൈവശാസ്ത്രപരവും ആരാധനാപരവുമായ ഒരു സങ്കൽപ്പവും സമീപനവും ഉണ്ടെന്ന് സൂക്ഷ്മപരിശോധനയിൽ വ്യക്തമാകും. ആരാധനാവർഷത്തിലെ കാലങ്ങളും ദിനങ്ങളും ഉചിതമായ വായനകൾ കൊണ്ട് ചേർത്തിണക്കി സമ്പന്നവും സുന്ദരവുമാക്കിയിരിക്കുന്നു. പരിശുദ്ധ പിതാക്കന്മാരുടെ ആഴമായ അനുഭവങ്ങളിലൂടെയും ധ്യാനമനനങ്ങളിലൂടെയും രൂപംകൊണ്ട മഹത്തായ ഒരു ആരാധനാപാരമ്പര്യമാണ് നമുക്കുള്ളത്. അത് വേണ്ടത്ര അന്വേഷണവും പഠനവും കൂടാതെ ആർക്കും കൈകാര്യം ചെയ്യാവുന്നതല്ല.

# 3

# ശുദ്ധീകരണപ്പെരുന്നാളും പ്രതിഷ്ഠാപ്പെരുന്നാളും

ആരാധനാവർഷത്തിലെ ആദ്യത്തെ രണ്ടാഴ്ചകൾ ശുദ്ധീകരണപ്പെരുന്നാൾ (Feast of Sanctification) ആയും പ്രതിഷ്ഠാപ്പെരുന്നാൾ (Feast of Dedication) ആയും സഭ വേർതിരിച്ചിരിക്കുന്നു. Sanctification എന്ന ഇംഗ്ലീഷ് പദത്തിന് ശുദ്ധീകരണം എന്ന അർത്ഥമാണ് പ്രധാനമായും ധ്വനിക്കുന്നതെങ്കിലും സമർപ്പണം എന്ന ആശയവും അത് ഉൾക്കൊള്ളുന്നുണ്ട്. Dedication എന്ന പദത്തിൽ പ്രതിഷ്ഠ എന്ന ആശയത്തിനാണ് മുൻതൂക്കം. എന്നാൽ ശുദ്ധീകരണം എന്ന ആശയവും, മതാനുഷ്ഠാനങ്ങളിൽ വിശേഷിച്ചും കാണാം. കൂദാശ എന്ന പദം ഈ രണ്ട് ആശയവും കൂട്ടിച്ചേർത്താണ് നാം ഇന്ന് ഉപയോഗിക്കുന്നത്. ഉദാഹരണമായി പള്ളി കൂദാശ എന്നു പറയുമ്പോൾ പള്ളിയുടെ ശുദ്ധീകരണവും പ്രതിഷ്ഠയും രണ്ടും അർത്ഥമാക്കുന്നുണ്ട്. യഥാർത്ഥത്തിൽ, ഈ രണ്ടു പെരുനാളുകളിലേയും പ്രാർത്ഥനകളിലും വേദവായനകളിലും ഒരേ ആശയങ്ങൾ തന്നെ ആവർത്തിച്ച് വരുന്നുണ്ട്. പഴയ വായനപ്പടിയിൽ സുവിശേഷഭാഗമൊഴികെയുള്ള വായനകളെല്ലാം ആവർത്തിച്ചു വരുന്നു. സുവിശേഷഭാഗങ്ങളാകട്ടെ ഒരേ ആശയം തന്നെ ഊന്നിപ്പറയുന്നു. ആയതിനാൽ ഈ രണ്ടു ഞായറാഴ്ചകൾക്കും വേണ്ടിയുള്ള ധ്യാനചിന്തകൾ പൊതുവായി കുറിക്കുകയാണ്. രണ്ടു പെരുനാളുകളിലേയും വേദവായനകളിലൂടെയും പ്രാർത്ഥനകളിലൂടെയും ഉരുത്തിരിഞ്ഞു വരുന്ന മുഖ്യമായ ദൂത് ഇങ്ങനെ സംക്ഷേപിക്കാം: നസറായനായ യേശുവിനെ ദൈവപുത്രനായ ക്രിസ്തുവായി തിരിച്ചറിയുക. അതിനായി ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുക.

### ശുദ്ധീകരിക്കൂ, പ്രതിഷ്ഠിക്കൂ

സുറിയാനിയിൽ ശുദ്ധീകരണപ്പെരുന്നാളിന് "കൂദോശ് ഈത്തോ" എന്നും പ്രതിഷ്ഠാപ്പെരുന്നാളിന് "ഹൂദോശ് ഈത്തോ" എന്നുമാണ്. "ഈത്തോ" എന്ന സുറിയാനി പദത്തിന് "പെരുനാൾ" എന്നതു കൂടാതെ "പള്ളി", "സഭ" എന്നീ അർത്ഥങ്ങളും ഉണ്ട്. അതുകൊണ്ട് പള്ളിയുടെ ശുദ്ധീകരണം (പ്രതിഷ്ഠ) എന്നും സഭാശുദ്ധീകരണം (പ്രതിഷ്ഠ) എന്നും വിപുലമായ അർത്ഥങ്ങൾ സുറിയാനി പദങ്ങൾക്കുണ്ട്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ "കൂദോശ് ഈത്തോ" സഭാ/പള്ളിയുടെ ശുദ്ധീകരണപ്പെരുന്നാളും "ഹൂദോശ് ഈത്തോ" സഭയുടെ/പള്ളിയുടെ പ്രതിഷ്ഠാപ്പെരുന്നാളും ആകുന്നു.

ഈ രണ്ടു പെരുനാളുകളിലും ആവർത്തിച്ചു കേൾക്കുന്ന മുഖ്യമായ ദൂത് ശുദ്ധീകരിക്കുക, പ്രതിഷ്ഠിക്കുക എന്നാണ്. ശുദ്ധീകരിക്കൂ, പ്രതി ഷ്ഠിക്കൂ എന്ന ആഹ്വാനം ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നത് രണ്ടു കാരണങ്ങൾ കൊണ്ടാണ്. ഒന്നാമത്, സഭയ്ക്ക് ഒരു പുതിയ വർഷം പുല രുകയായി. അതിലേക്ക് പ്രവേശിക്കാനുള്ള ഒരുക്കകാലമാണിത്. കഴിഞ്ഞ രാത്രിയുടെ ആലസ്യം വിട്ടുണർന്ന് ഒരു പുതിയ പ്രഭാതത്തിനായി ശുദ്ധീ കരിച്ച് സമർപ്പിക്കാനുള്ള നിമിഷമായി. ക്രിസ്തുവിന്റെ രക്ഷാകര രഹ സ്യങ്ങൾ അനുഭവിച്ചറിയാൻ ആഴമായ ശുദ്ധീകരണവും സമർപ്പണവും ഇനിയും ആവശ്യമായിരിക്കുന്നു. ആരാധനാവർഷത്തിലെ എല്ലാ അനു ഷ്ഠാനങ്ങളുടെയും ആത്യന്തികമായ ലക്ഷ്യം ഈ രണ്ടു പദങ്ങളിൽ സംക്ഷേപിച്ചിരിക്കുന്നു: ശുദ്ധീകരണം, സമർപ്പണം. രണ്ടാമത്, നമ്മുടെ കർത്താവിന്റെ തിരുജനനപ്പെരുന്നാൾ (യൽദോ), ഉദയപ്പെരുന്നാൾ (ദനഹാ) എന്നിവയിലേക്ക് നയിക്കുന്ന അറിയിപ്പിന്റെ (സൂബോറോ) കാലം തുടങ്ങുകയായി. ആരാധനാവർഷത്തിലെ ഈ ആദ്യത്തെ കാല ത്തിലേക്ക് പ്രവേശിക്കാനുള്ള ഒരുക്കകാലം കൂടിയാണ് ഈ രണ്ടാഴ്ച കൾ. കർത്താവിനെ നമ്മുടെ മദ്ധ്യേ സ്വീകരിക്കാൻ, നമ്മുടെ ഹൃദയങ്ങ ളിലേക്ക് ആനയിക്കാൻ, നമ്മുടെ നാഥനും രക്ഷകനുമായി ദൈവപുത്ര നായ ക്രിസ്തുവായി നമ്മിലുരുവാകാൻ നാം സ്വയം ശുദ്ധീകരിച്ച് സമർ പ്പിക്കണം.

തിരുവവതാര സ്മരണ പുതുക്കുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ പ്രതീക്ഷയും നാം പുതുക്കുകയാണ്. ആ സമാഗമനത്തിനുള്ള ഒരുക്കം ശുദ്ധീകരിച്ചും സമർപ്പിച്ചും ആരംഭിക്കാം. കർത്താവേ, വരേ ണമേ!

### മണവാട്ടിയെപ്പോലെ

ശുദ്ധീകരണം, സമർപ്പണം എന്നീ ആശയങ്ങൾ ആവിഷ്ക്കരിക്കു ന്നതിന് ശുദ്ധീകരണപ്പെരുന്നാളിലേയും പ്രതിഷ്ഠാപ്പെരുന്നാളിലേയും ആരാധനാക്രമങ്ങളിൽ ആവർത്തിച്ചു കാണുന്ന രണ്ടു പ്രതീകങ്ങൾ ഉണ്ട്. ഒന്നാമത്തേത്, മണവാളനും മണവാട്ടിയും തമ്മിലുള്ള ബന്ധം ആണ്: ക്രിസ്തു മണവാളനും സഭ മണവാട്ടിയും. വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്നു. ഇനി വിരുന്നും സമാഗമവുമാണ്. മണവാളൻ എഴുന്ന ള്ളണം. വിരുന്നുശാലയിലേക്കും മണവറയിലേക്കും കൂട്ടിക്കൊണ്ടു പോകണം. ഏതുസമയത്താണ് നാഥൻ എഴുന്നള്ളുക? അവന്റെ എഴുന്ന ള്ളത്തിന്റെ ആരവമാകുമോ കാതിൽ വന്നലയ്ക്കുന്നത്? ഒരുങ്ങി പ്രതീക്ഷ യോടെ നാഥനായി കാതോർത്ത് കാത്തിരിക്കുകയാണ് സഭ. മനസ്സു നിറയെ അവന്റെ രൂപം മാത്രം; നാവിൻതുമ്പത്ത് അവന്റെ നാമവും.

നാഥനോടുള്ള ഭക്തി കൊണ്ട് അവൾ പരവശയായിരിക്കുന്നു. സ്നേഹം കൊണ്ട് മുഗ്ധയും. അവനിലാണ് അവൾ വാഴുന്നതും പുകഴുന്നതും. ഇനിയും അവൾ അപരനെ മോഹിക്കുന്നതെങ്ങിനെ? പഴയ ലൗകിക ബാന്ധവങ്ങൾ അവൾ ഉപേക്ഷിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പനേയും അമ്മയേയും പിതൃഭവനത്തേയും ചാർച്ചക്കാരെയും ഉപേക്ഷിച്ച് നാഥനോട് ചേരാൻ തയ്യാറായിക്കഴിഞ്ഞു (സങ്കീ. 45). നാഥന്റെ പ്രീതിയും പ്രസാദവുമാണ് ഇനിയും അവൾക്ക് പ്രധാനം. അവയില്ലാതാക്കുന്നതൊന്നും അവൾക്ക് പാടില്ല. പഴയ പറ്റുമാനങ്ങളും ദുർമോഹങ്ങളും ദുശീലങ്ങളും ആകർഷകമാവുന്നില്ല. അവളുടെ മനസ്സ് അവനിൽ തന്നെ ഉറച്ചിരിക്കുന്നു.

കർത്താവ് തന്റെ വിലയേറിയ വിശുദ്ധ രക്തത്താൽ വിലയ്ക്കു വാങ്ങിയ മണവാട്ടിയാണ് സഭ. അർഹയായതുകൊണ്ടല്ല. അനർഹയെങ്കിലും സ്വജീവനർപ്പിച്ച് സ്വന്തരക്തത്തിൽ കഴുകി വെടിപ്പാക്കി നിർമ്മലയും തേജസ്വിനിയുമായി അവളെ സ്വന്തമാക്കുകയായിരുന്നു. വെടിപ്പിൻ മുദ്രയിട്ട് തേജോവസ്ത്രം അണിയിക്കുകയായിരുന്നു. അവൾക്കു വേണ്ടിയാണ് നാഥൻ മുൾക്കിരീടം ചൂടിയത്; ആക്ഷേപവും പരിഹാസവുമേറ്റത്; ക്രൂശ് ചുമന്നത്. എന്തു വലിയ ത്യാഗം! എത്ര വലിയ സ്നേഹം!

നിന്നെ സ്നേഹിച്ച് നിനക്കായി സ്വയം ത്യജിച്ച് നിന്നെ വീണ്ടെടുത്ത നിന്റെ നാഥനോട് നീ വിശ്വസ്തയാണോ? നാളതുവരെ നിന്നെ നിറച്ച് നടത്തിയ നിന്റെ നാഥനോട് നീ പൂർണ്ണമായും നിരന്നിട്ടുണ്ടോ? അവനായി ജീവിച്ചുകൊള്ളാം എന്ന് ഉടമ്പടി ചെയ്തിരിക്കെ പ്രലോഭനങ്ങൾ നിന്നെ വശീകരിക്കുന്നുണ്ടോ? ശുദ്ധീകരിക്കൂ, സമർപ്പിക്കൂ... കർത്താവ് നിന്നിൽ പ്രീതിപ്പെടട്ടെ, നിന്നെ തേജസ്സിൽ സ്വീകരിക്കട്ടെ!

## ദൈവത്തിന്റെ മന്ദിരമായി

ശുദ്ധീകരണപ്പെരുന്നാളിലും പ്രതിഷ്ഠാപ്പെരുന്നാളിലും ആവർത്തിച്ചു കാണുന്ന രണ്ടാമത്തെ പ്രതീകം മന്ദിരത്തിന്റേതാണ്. സഭ ദൈവത്തിന്റെ നിവാസാലയമാണ്. "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളുടെ ഉള്ളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ?" (1 കൊരി. 3:16). ദൈവം വസിക്കുന്ന ഭവനം അവനായി വിശുദ്ധീകരിക്കപ്പെട്ട് സമർപ്പിക്കപ്പെട്ടതാവണം. അവിടെ അശുദ്ധി കടന്നുകൂടാ. അവിഹിതമായതു നടന്നുകൂടാ. പിശാചിനു താവളമായിരുന്നു കൂടാ. വി. പൗലോസ് തുടർന്നു പറയുന്നു: "ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലൊ. നിങ്ങളും അങ്ങനെ തന്നെ" (1 കൊരി. 3:17).

## സ്ഫടികക്കല്ലുകൾ എന്ന പോലെ

സഭയെന്ന മന്ദിരം ദൈവഭവനമാണ്. അതിന്റെ മൂലക്കല്ലാണ് ക്രിസ്തു; അപ്പോസ്തോലനും പ്രവാചകന്മാരും അതിന്റെ അടിസ്ഥാനക്കല്ലുകൾ (എഫേ. 2:20). അതോട് നാം ജീവനുള്ള കല്ലുകളായി ചേർന്ന് ആത്മിക ഗൃഹമായി, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിവസിക്കുന്ന ഭവനമായി പണിയപ്പെടുകയാണ് (1 പത്രോ. 2:4). "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" (മത്താ. 16:16) എന്ന വിശ്വാസത്തിന്റെ നൈർമ്മല്യവും ഉറപ്പും ദൈവഭവനം പണിയുന്നതിന് ഉപയോഗിക്കുന്ന കല്ലുകളുടെ പ്രത്യേകതയാണ്. അതുകൊണ്ട് പിതാക്കന്മാർ ഇതിനെ "സ്ഫടികപ്പാറ" എന്നു വിളിക്കുന്നു (കൂദോശ് ഈത്തോ: സന്ധ്യ: സെദ്റ). സ്ഫടികപ്പാറയ്ക്ക് രണ്ട് സവിശേഷതകളുണ്ട്. ഉറപ്പും സുതാര്യതയും. സുതാര്യതയെന്നാൽ വെളിച്ചം കടത്തിവിടുന്നത്. നിർമ്മലതയാണ് സുതാര്യതയ്ക്ക് ആധാരം. ജീവിതം മാലിന്യമകന്ന് ശുദ്ധീകരിക്കപ്പെട്ട് സമർപ്പിക്കപ്പെടുമ്പോൾ സ്ഫടികസമാനം ദൃഢവും സുതാര്യവുമായിത്തീരും. ക്രിസ്തു ദൈവപുത്രനെന്ന വിശ്വാസത്തിന്റെ വെളിച്ചം സ്വീകരിക്കാൻ കഴിയും. പത്രോസിന് അതിനു കഴിഞ്ഞു. ദൈവം നിവസിക്കുന്ന ഭവനം പണിയാൻ എക്കാലവും തെരഞ്ഞെടുക്കുന്നത് ഇത്തരം കല്ലുകളെയാണ്.

## പുതുക്കി പ്രതിഷ്ഠിക്കൂ

ഹൂദോസ് എന്ന പദത്തിന് പ്രതിഷ്ഠ (സമർപ്പണം), പുതുക്കം എന്നീ അർത്ഥങ്ങളുണ്ട്. പ്രതിഷ്ഠാപ്പെരുന്നാളിൽ സുവിശേഷത്തിൽ നിന്നുള്ള വായന യോഹ. 10:22-38 ആണ്. യഹൂദന്മാരുടെ പ്രതിഷ്ഠോത്സവമാണ് പശ്ചാത്തലം. സഭ ഇന്നാചരിക്കുന്ന പ്രതിഷ്ഠാപ്പെരുന്നാളിന്റെ അർത്ഥം കണ്ടെത്താൻ യഹൂദന്മാരുടെ പ്രതിഷ്ഠോത്സവത്തിന്റെ ചരിത്രം സഹായകരമാകും. ക്രിസ്തുവിന് മുമ്പ് 167-164 വരെ യഹൂദ്യാ ഭരിച്ചിരുന്ന സുറിയാനി രാജാവായ അന്തിയോക്കസ് എപ്പിഫാനസ് യെരുശലേം ദേവാലയം അശുദ്ധമാക്കി. വിശുദ്ധ ബലിപീഠത്തിൽ സെവുസ് ദേവന്റെ വിഗ്രഹം പ്രതിഷ്ഠിച്ച് നിഷിദ്ധ മൃഗമായ പന്നിയെ ബലി കഴിച്ചു. യഹൂദന്മാരിൽ മക്കാബ്യ വംശജനായ യൂദാ-യൂദാമക്കാബി, ഒരു പുതിയ ബലിപീഠം പണിത് ക്രിസ്തുവിന് മുമ്പ് 164-ൽ കിസ്‌ലേവു മാസം (ഡിസംബർ) 25-ാം തീയതി യറുശലേം ദേവാലയം പുനഃപ്രതിഷ്ഠിച്ചു. പിന്നീട് എല്ലാ വർഷവും കിസ്‌ലേവു മാസം 25 മുതൽ 8 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന പ്രതിഷ്ഠോത്സവപ്പെരുന്നാൾ ആചരിച്ചു വന്നിരുന്നു.

ധനം, സ്ഥാനം ഇത്യാദി പുതിയ മാമ്മോനുകൾ, ദൈവങ്ങൾ, വിഗ്രഹങ്ങൾ നമ്മുടെ ആരാധനാമൂർത്തികളായിത്തീരാം. കർത്താവിന്റെ നിവാസാലയമായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കെ ഈ അന്യദൈവങ്ങളെ നീ

കുടിയിരുത്തുന്നതെന്തുകൊണ്ട്? ക്രിസ്തുവിനെ നിന്റെ ഹൃദയത്തിൽ കർത്താവായി വിശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുക (1 പത്രോ. 3:14).

## നിർമ്മലരാവൂ, വിശ്വാസത്തിലുറയ്ക്കൂ

ശുദ്ധീകരണപ്പെരുന്നാളിനും പ്രതിഷ്ഠാപ്പെരുന്നാളിനും സുവിശേഷത്തിൽ നിന്നുള്ള വേദഭാഗങ്ങൾ യഥാക്രമം മത്താ. 16:13-23, യോഹ. 10:20-28 എന്നിവയാണ്. രണ്ടു വേദഭാഗങ്ങളും ഒരേ ചോദ്യത്തിന് ഉത്തരം നൽകുവാൻ ശ്രമിക്കുന്നു: നസ്രായനായ യേശു ആര്? ഈ ചോദ്യത്തിന് 16:16-ൽ "നീ ജീവനുള്ള ദൈവപുത്രനായ ക്രിസ്തു" എന്ന് പത്രോസ് ഉത്തരം നൽകുന്നു. യോഹ. 10:36-ൽ കർത്താവു തന്നെയാണ് ഉത്തരം നൽകുന്നത് "ഞാൻ ദൈവത്തിന്റെ പുത്രൻ."

ശുദ്ധീകരിക്കപ്പെട്ട് സമർപ്പിക്കപ്പെടുമ്പോൾ മാത്രമേ നസ്രായനായ യേശു ദൈവപുത്രനെന്ന വിശ്വാസം കൂടുതൽ കൂടുതൽ ഉറച്ചുവരുന്നുള്ളു. മാലിന്യങ്ങൾ അടിഞ്ഞുകൂടുമ്പോൾ മനോമുകുരത്തിൽ യേശുവിന്റെ ദൈവപുത്രനെന്ന രൂപം തെളിയാതെ വരും. ഇതുകൊണ്ടത്രേ പിതാക്കന്മാർ പറയുന്നത്, അഹന്ത മുറ്റി മനസ്സും ഹൃദയവും ചീർക്കുമ്പോൾ വേദവിപരീതങ്ങൾ ഉണ്ടാവുന്നു എന്ന്.

യേശു ദൈവപുത്രനെന്ന തിരിച്ചറിവിലേക്ക് വളരാത്തിടത്തോളം അവൻ കർത്താവായി നമ്മെ നടത്തുന്നില്ല; ക്രിസ്തുവായി വന്ന് നമ്മുടെ പ്രതീക്ഷകൾ നിറവേറ്റുന്നില്ല. നശ്വരമായവ അനശ്വരമെന്നും താല്ക്കാലികമായവ ശാശ്വതമെന്നും, തെറ്റ് ശരിയെന്നും വ്യാമോഹിപ്പിച്ച് ജീവിതം വൃഥാ തൂകിപ്പോകുന്നതേയുള്ളു. "ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" (എബ്രാ. 12:14). പൂർണ്ണമായ സമർപ്പണം കൂടാതെ ദൈവപ്രസാദം ലഭിക്കുകയുമില്ല. ശുദ്ധീകരണം ആഴമാവട്ടെ, സമർപ്പണം സമ്പൂർണ്ണവും.

# 4

# സദ്‌വാർത്ത

സഭയുടെ ശുദ്ധീകരണ-പ്രതിഷ്ഠാപ്പെരുന്നാൾ കഴിഞ്ഞു. ഇനിയും ഏതാണ്ട് ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന അറിയിപ്പ് (സദ്‌വാർത്ത) കാലമാണ്. കർത്താവിന്റെ ജനനവും സ്നാനവും അനുസ്മരിക്കുന്ന തിരുജനന-ഉദയപ്പെരുന്നാളുകൾ ആഘോഷിക്കാൻ വ്രതാനുഷ്ഠാനങ്ങളോടെ സഭ തയ്യാറാവുകയായി. ദൈവസന്നിധിയിൽ നിന്നും ഒരു സദ്‌വാർത്തയുമായി ഗബ്രിയേൽ മാലാഖ മനുഷ്യസമൂഹത്തിലേക്ക് കടന്നുവരുന്നു. മാലാഖ നമ്മെ അറിയിക്കുന്നു: നിന്റെ വീണ്ടെടുപ്പുകാരൻ നിന്നെ സന്ദർശിക്കാൻ തീരുമാനിച്ചിരിക്കുന്നു. നിന്റെ ആശങ്കകളും ആകുലതകളും അകറ്റാൻ വീഴ്ചതാഴ്ചകളിൽ നിന്ന് കൈപിടിച്ചുയർത്താൻ രക്ഷകൻ നിന്നിൽ, നിന്റെ മദ്ധ്യേ ഉരുവാകാൻ, ഉദയം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. നാഥനെ സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം.

**A. സഖറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച**

വന്ധ്യ സന്താനവതിയാവുമെന്ന്, വൃദ്ധനും വൃദ്ധയും യുവത്വത്തിലേക്ക് തിരിച്ചുവരുമെന്ന്, പഴകി ജീർണ്ണപ്രായമായ സൃഷ്ടി പുതുജീവൻ പ്രാപിക്കുമെന്ന്, ശൂന്യത നീക്കി നിറവു നൽകുവാൻ ദൈവം ഇടപെടുമെന്ന്, ഊഷരഭൂമി ഉർവ്വരമായി രൂപാന്തരപ്പെട്ട് പുണ്യഫലങ്ങൾ പുറപ്പെടുവിക്കുമെന്ന്, നിരാശ നിറഞ്ഞ ഗൃഹാന്തരീക്ഷത്തിൽ പ്രത്യാശയുടെ പുതിയ നാമ്പു വിടരുമെന്ന്, മനുഷ്യനാൽ അസാദ്ധ്യമായവ ദൈവത്താൽ സാദ്ധ്യമെന്ന് പ്രഖ്യാപിക്കുന്ന അറിയിപ്പാണ് ദൂതനിൽ നിന്നു നാം കേൾക്കുക.

1. സഖറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ചയുടെ പ്രാർത്ഥനകളിൽ കാണുന്നപ്രകാരം "ഒരു വന്ധ്യയുടെ നിലയിൽ നിഷ്ഫലമായും ക്രമരഹിതമായും അയോഗ്യമായും കിടന്ന" സൃഷ്ടിയെ സൂചിപ്പിക്കുകയാണ് വന്ധ്യയായ ഏലിസബത്ത്. "സുകൃതഫലരാഹിത്യമാകുന്ന വന്ധ്യത്തിനു പകരം" പുണ്യഫലങ്ങൾ ഉളവാകുമെന്ന പ്രതീക്ഷയാണ് യോഹന്നാന്റെ ജനനത്തെ സംബന്ധിച്ച അറിയിപ്പ് സൂചിപ്പിക്കുന്നത്. ആദ്യ സൃഷ്ടി പുതുക്കം നശിച്ച് പഴകി ജീർണ്ണമായിപ്പോയി. പുതിയ സൃഷ്ടിയായി രൂപാന്തരം പ്രാപിക്കണം. പുതിയ മനുഷ്യനായി പിറക്കുന്ന യേശുവിലൂടെ ഒരു പുതിയ പ്രപഞ്ചത്തിനായുള്ള പുനഃസൃഷ്ടികർമ്മം സമാരംഭിക്കണം. ഇതിന് മുൻ സൂചനയായിട്ടാണത്രേ പുതിയ മനുഷ്യനായ കർത്താവിന് മുന്നോടിയായി പിറന്ന യോഹന്നാൻ വൃദ്ധയും വന്ധ്യയുമായ ഒരമ്മയിൽ നിന്നും ജനിക്കുന്നത്.

2. ക്രിസ്തുവിൽ സമാരംഭിക്കുന്ന പുതിയ സൃഷ്ടിയുടെ അനുഭവത്തിലേക്ക് കടന്നുവരുവാൻ ലോകത്തെ സജ്ജമാക്കുവാൻ വന്ന മുന്നോടിയും സ്ഥാനപതിയും നീതിയിൻസൂര്യനു മുമ്പുള്ള ഉദയനക്ഷത്രവുമാണ് യോഹന്നാൻ. കർത്താവിനു മുന്നോടികളായി ദൈവരാജ്യത്തിന്റെ പുതിയ സൃഷ്ടിയിലേക്ക് ലോകത്തെ വിളിച്ചുണർത്താൻ ദൈവം ഇന്നും നമ്മെ വിളിക്കുന്നു. അവനു സ്ഥാനപതിയായി ദിവ്യദൂതു വഹിക്കാനുള്ള നിയോഗം ആർക്കു ലഭിക്കും? നീതിയിൻസൂര്യന്റെ ഉദയം ആസന്നമായി എന്നു വിളിച്ചറിയിച്ച് ശോഭിച്ചു നിൽക്കാൻ ആർക്കു വരം ലഭിക്കും?

3. ദൈവസന്നിധി വിട്ട് പുറപ്പെട്ട് അന്യമായിപ്പോയ സ്വജനം തിരുസന്നിധിയിലേക്ക് തിരികെ വരണം. ബന്ധങ്ങൾ ശിഥിലമായി മക്കളിൽ നിന്നും മാതാപിതാക്കൾ അകന്നുപോയിരിക്കുന്നു. ഹൃദയങ്ങൾ തമ്മിൽ അടുത്ത് ഇണങ്ങിച്ചേർന്ന് ബന്ധങ്ങൾ സുദൃഢമാവണം. ഉപദേശങ്ങൾക്ക് വഴങ്ങാത്തവരുണ്ട്. പരിശുദ്ധാത്മാവിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമാവാത്തവരുണ്ട്, ദൈവവചനം കേൾക്കുന്നെങ്കിലും ഉൾക്കൊണ്ട് മനം തിരിയാതെ നിൽക്കുന്നവർ ഉണ്ട്, ദൈവഹിതം അറിയുന്നുണ്ടെങ്കിലും അനുസരിക്കാൻ വിസമ്മതിച്ചു നിൽക്കുന്നവരുണ്ട്. ഇത്തരം ഒരു തലമുറയെ നീതിമാന്മാരുടെ ബോധത്തിലേക്ക് തിരികെ കൊണ്ടുവരുവാനുള്ള നിയോഗമാണ് യോഹന്നാനുള്ളത് (ലൂക്കോ. 1:16-17).

“നീതിമാന്മാരുടെ ബോധം” എന്ന പ്രയോഗം പ്രത്യകം ശ്രദ്ധയർഹിക്കുന്നു. ഇവിടെ ‘ബോധം’ സാധാരണ നാം വിവക്ഷിക്കുന്ന ‘ബുദ്ധിയല്ല’ വകതിരിവാണ്, വിവേകമാണ്. നന്മതിന്മകളും സത്യാസത്യങ്ങളും ധർമ്മാധർമ്മങ്ങളും നിത്യാനിത്യങ്ങളും കൂടിക്കുഴഞ്ഞു വരുന്ന സാഹചര്യങ്ങളിൽ നന്മയെ തിന്മയിൽ നിന്നും, സത്യത്തെ അസത്യത്തിൽ നിന്നും ധർമ്മത്തെ അധർമ്മത്തിൽ നിന്നും നിത്യമായതിനെ അനിത്യമായതിൽ നിന്നും തരംതിരിച്ച് അറിയുന്ന വിശേഷ ജ്ഞാനമാണത്. വകതിരിവ് ചിന്തയിൽ മാത്രമല്ല വാക്കിലും പ്രവൃത്തിയിലും പ്രതിഫലിക്കണം. തെറ്റും ശരിയും രണ്ടു സാധ്യതകളായി നമ്മുടെ മുമ്പിൽ വന്നു നിൽക്കുകയും തെറ്റിലേക്ക് ചായുവാനുള്ള പ്രലോഭനം ശക്തമായിത്തീരുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ തിന്മയെ അതിജീവിക്കാനുള്ള സുബോധമാണ് നീതിമാന്മാരുടെ ബോധം. മനസ്സിന്റെ സന്തുലനതയാണത്. ഹൃദയത്തിന്റെ തെളിച്ചവും ആത്മാവിന്റെ ശക്തിയുമാണ്. നന്മയെ നിരാകരിച്ചും തിന്മയെ പുണർന്നും ജീവിക്കുന്ന ഒരു തലമുറയെ നീതിമാന്മാരുടെ ബോധത്തിലേക്ക് തിരികെ കൊണ്ടുവന്ന് കർത്താവിനായി ഒരുക്കി സമർപ്പിക്കാനുള്ള നിയോഗം യോഹന്നാനിൽ നിക്ഷിപ്തമായിരിക്കുന്നു.

4. പിറക്കാനിരിക്കുന്ന മകനെപ്പറ്റി പിതാവ് മുൻകൂർ കേൾക്കുന്നത് ശ്രദ്ധിക്കൂ: നിന്റെ മകൻ നിന്നെ സന്തോഷിപ്പിക്കും. വീടും നാടും സന്തോ

ഷിക്കും. അവൻ ഗർഭത്തിൽ വച്ചു തന്നെ പരിശുദ്ധാത്മാവു കൊണ്ട് നിറയും. വ്രതനിഷ്ഠനായി വളർന്ന് ദൈവസന്നിധിയിൽ വലിയവനായിത്തീരും.

വീഞ്ഞും മദ്യവും മദിപ്പിക്കും. മദിച്ചുപോയാൽ സുബോധം നശിക്കും, വകതിരിവ് നഷ്ടപ്പെടും (നിർമ്മലനേ നിർമ്മലനായിരിക്കാൻ കഴിയൂ). മദ്യം മാത്രമല്ല മനുഷ്യനെ മദിപ്പിക്കുന്നതും വിവേകശൂന്യനാക്കുന്നതും. ധനവും സ്ഥാനമാനങ്ങളും ദുർവികാരങ്ങളും ദുർമ്മോഹങ്ങളും മദിപ്പിച്ച് സുബോധം കെടുത്തുന്നവയാണ്. വാക്കും പോക്കും ക്രമം കെട്ട് നേർവഴി വിട്ടു പോവാൻ ഇവ ഇടയാക്കുന്നുണ്ടല്ലോ. വ്രതനിഷ്ഠൻ ഭക്ഷണപാനീയങ്ങളിൽ മാത്രമല്ല മനോവാക്കർമ്മങ്ങളിലും വ്രതശുദ്ധി പാലിക്കണം.

5. "അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവനാകും" എന്ന് ജനിക്കാനിരിക്കുന്ന മകനെക്കുറിച്ച് പിതാവിന് കേൾക്കാൻ കഴിയുക - പുളകമണിയിക്കുന്ന നിമിഷമാണത്. ദൈവകൃപയെന്നും മാതാപിതാക്കളുടെ ഭാഗ്യം എന്നും നാം വിശേഷിപ്പിക്കും. എന്നാൽ ഒരു കാര്യം നാം വിസ്മരിച്ചു കൂടാ. അങ്ങനെയൊരു കുഞ്ഞിനു ജന്മം നൽകാൻ സഖര്യാവും ഏലിസബേത്തും സർവ്വഥാ യോഗ്യരായിരുന്നു. "ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സർവ്വ കൽപ്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു" (ലൂക്കോ. 1:6). ദൈവസന്നിധിയിൽ നീതിയിലും നടത്തയിലും നടപടികളിലും ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ദൈവഹിതത്തിൽ നിന്ന് തെറ്റാതെയും ജീവിച്ച ദമ്പതികൾക്കു പിറന്ന അരുമയായിരുന്നു യോഹന്നാൻ. ഈ പ്രപഞ്ചത്തേയും മാനവലോകത്തേയും വിളിച്ചുണർത്തുന്ന നീതിയിൻസൂര്യനായ യേശുവിന്റെ ഉദയം സൃഷ്ടിക്കുന്ന പെരുമീൻ നക്ഷത്രമായി യോഹന്നാൻ പിറക്കുമെന്ന് അറിയിപ്പുണ്ടായിരിക്കുന്നു. ഈ സദ്വർത്തമാനം ലോകത്തെ ഒരു പുതിയ സൃഷ്ടിക്രമത്തിലേക്ക് നയിക്കാനുള്ള ദൈവത്തിന്റെ രക്ഷാകര നടപടികൾക്ക് നാന്ദിയാവുന്ന അറിയിപ്പുമായിരിക്കുന്നു. സുവിശേഷം എത്ര സമുചിതമായി സമാരംഭിക്കുന്നു എന്ന് ശ്രദ്ധിക്കുക!

## B. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച

അപരിമിതൻ പരിമിതനായി, സ്വർഗ്ഗീയൻ മണ്മയനായി, കാലാതീതൻ കാലപരിധിക്ക് വിധേയനായി പിറക്കാൻ തീരുമാനിച്ച് ആ സദ്വാർത്ത ഗബ്രിയേൽ മാലാഖ വഴി ലോകത്തെ അറിയിക്കുന്ന സുദിനം.

### 1. രണ്ടാമത്തെ സ്വർഗ്ഗം

ദൈവം വസിക്കുന്നിടം ഉന്നതങ്ങളിലായാലും ഭൂമിയിലായാലും അത്

സ്വർഗ്ഗം തന്നെ. കന്യകമറിയം ദൈവത്തെ ഉദരത്തിൽ വഹിച്ചതിനാൽ അവൾ രണ്ടാം സ്വർഗ്ഗമായി. ക്രിസ്തു നിങ്ങളുടെ മദ്ധ്യേ ഉരുവാകുമ്പോൾ അവിടം സ്വർഗ്ഗസമാനമായി മാറും. നിന്റെ വ്യക്തിജീവിതത്തിൽ അവൻ രൂപം ധരിച്ചുവരട്ടെ. നിന്റെ ഭവനത്തിൽ അവൻ ഉരുവാകട്ടെ. ഭവനം നമുക്ക് അലങ്കരിച്ച് മനോഹരമാക്കാം. സ്വർഗ്ഗമെന്ന പ്രതീതി ജനിപ്പിക്കും വിധം സുന്ദരമാക്കാം. പക്ഷേ, സ്വർഗ്ഗമായിത്തീരാൻ ബാഹ്യമായ എടുപ്പുകളും പുറംമോടികളും വേണ്ട. വില കൂടിയ വസ്ത്രങ്ങളും ആടയാഭരണങ്ങളും അവൻ അന്വേഷിക്കുന്നില്ല. വിശുദ്ധിയുടെ ആന്തരീയ സൗന്ദര്യം മാത്രം മതി. അത്തരമൊരിടം ഭൂമിയിൽ ദൈവം കണ്ടെത്തി. നസറേത്ത് എന്ന ഗലീലാ പട്ടണത്തിൽ കളങ്കമേശാത്തൊരു കന്യക. അവളിൽ അവൻ ഇറങ്ങി വസിച്ച് ഉരുവാകും എന്ന സദ്വാർത്ത അവളെ, ലോകത്തെ വിളിച്ചറിയിക്കുന്ന സുദിനം.

**2. 'മറിയമേ, ഭയപ്പെടേണ്ടാ' (ലൂക്കോ. 1:30)**

'സഖര്യാവേ, ഭയപ്പെടേണ്ട' എന്ന ദൂതവചനം ഇവിടെയും ആവർത്തിക്കുന്നു. വേദപുസ്തകത്തിലുടനീളം ഈ സാന്ത്വന വചനം മുഴങ്ങി കേൾക്കാം. അബ്രഹാമും (ഉല്പ. 15:1) യാക്കോബും (ഉല്പ. 46:3) ഗിദയോനും (ന്യായ. 6:23) പൗലോസും (അപ്പോ. 27:24) ഈ വാക്ക് കേൾക്കുന്നുണ്ട്.

ദൈവത്തെ അഭിമുഖീകരിച്ച അത്യപൂർവ്വ നിമിഷം ഭ്രമിക്കത്തക്കതെങ്കിലും അതീവ സുന്ദരവും അത്യന്തം ശാന്തിപൂർണ്ണവുമായ മുഹൂർത്തം. ദൈവം തന്നെ ദൂതരൂപിയായി പ്രത്യക്ഷനാവുന്നു. ഈ നഗ്ന നയനങ്ങൾ കൊണ്ട് സൂര്യനെ വെല്ലുന്ന ആ തേജോരൂപം എങ്ങനെ നോക്കിക്കാണും? ഭ്രമിച്ച് മുഖമുയർത്താനാവാതെ നിൽക്കുന്ന അവളുടെ മുഖം പിടിച്ചുയർത്തി അവൻ മൊഴിഞ്ഞു. 'മറിയമേ, ഭയപ്പെടേണ്ട.' ആ മുഖാമുഖം അവർണ്ണനീയമായ ഒരു അനുഭൂതിയായിരുന്നു. ആ വചനം സ്വർഗ്ഗീയ ശാന്തി പകർന്ന് ആജീവനാന്തം നിലനിന്നു.

മനുഷ്യനിന്നും അടിസ്ഥാനപരമായ പല ഭയങ്ങൾക്കും അടിമയാണ്. സുരക്ഷിതനല്ലെന്ന ഭയം, ചെറുതായിപ്പോകും എന്ന ഭയം. ഈ ഭയങ്ങളെ അതിജീവിക്കാനെന്നോണം ധനം കൊണ്ടും സ്ഥാനമാനങ്ങൾകൊണ്ടും ബന്ധുബലം കൊണ്ടും രാഷ്ട്രീയ സ്വാധീനങ്ങൾ കൊണ്ടും സുരക്ഷിതത്വത്തിന്റെ, വമ്പിന്റെ വൻ കോട്ടകൾ കെട്ടിപ്പൊക്കുന്നു. അവസാനം അതിനുള്ളിൽ സ്വയം അടിമയായിത്തീർന്നു എന്നു കണ്ടെത്തുന്നു. തുടക്കത്തിൽ നേട്ടങ്ങളെന്നു തോന്നിയെങ്കിലും ഒടുവിൽ എല്ലാം നഷ്ടവും ശൂന്യവും  എന്ന് തിരിച്ചറിഞ്ഞ് പകച്ചു നിൽക്കുന്നു. നമ്മെ അമർത്തിയൊതുക്കുന്ന, ദൈവസാന്നിദ്ധ്യത്തിൽ നിന്നും ആട്ടിയകറ്റുന്ന അടി

സ്ഥാന ഭയങ്ങളിൽ നിന്നും വിമോചിതരാവുക തന്നെ വേണം. തിരിഞ്ഞു വന്ന് ദൈവത്തെ അഭിമുഖീകരിക്കൂ. 'ഭയപ്പെടേണ്ടാ, നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു' എന്ന സാന്ത്വനവചനം നിനക്കു കേൾക്കാം. ശാന്തിയും സമാധാനവും നിറഞ്ഞ് ജീവിതത്തിന് അർത്ഥം കണ്ടെത്താം.

**3. 'കർത്താവ് നിന്നോടു കൂടെയുണ്ട്'**

ദൈവം അന്യനായിപ്പോവുന്നു എന്നതാണ് മനുഷ്യന്റെ എന്നുമുള്ള പ്രശ്നം. ദൈവം കൂടെയാവണം, കൂടെ നടക്കണം, കൈ പിടിച്ചു നടത്തണം. ദൈവം ജീവിതത്തിന്റെ അനുഭവമാകാതെ വരുമ്പോൾ അവൻ നിനക്ക് അന്യനായി, മരിച്ചവനായി, അവൻ നിനക്ക് ജീവനുള്ള ദൈവം അല്ലാതെയായി. 'ദൈവം മരിച്ചു' എന്ന ഫ്രഡറിക് നീച്ചെയുടെ പ്രഖ്യാപനം ഈ നിലയിൽ വേണം ഗ്രഹിക്കാൻ.

'ഭയപ്പെടേണ്ട' എന്ന ദൈവത്തിന്റെ ആശ്വാസവചനം വേദപുസ്തകത്തിൽ പലയിടങ്ങളിലും കാണുന്നുണ്ടല്ലോ. ആ സന്ദർഭങ്ങളിൽ 'ഞാൻ നിന്നോടു കൂടെ ഉണ്ട്' എന്ന് ദൈവസാന്നിദ്ധ്യം ഉറപ്പുവരുത്തുന്ന വചനം ചേർന്നുവരുന്നതു കാണാം. കർത്താവ് നിന്നോടു 'കൂടെ ഉണ്ട്' എന്നു കേൾക്കുമ്പോൾ 'ദൈവം നമ്മോടു കൂടെ' എന്നർത്ഥമുള്ള 'അമ്മാനുവേൽ' എന്ന യേശുവിന്റെ മറുനാമം നമ്മുടെ ചിന്തയിൽ വരുന്നു. കർത്താവ് അമ്മാനുവേലായി നമ്മിലേക്കു കടന്നുവരട്ടെ. നമ്മെ ചൂഴ്ന്നു നിൽക്കുന്ന ആശങ്കകളിൽ നിന്നും ആപത്ചിന്തകളിൽ നിന്നും ഭയങ്ങളിൽ നിന്നും നമ്മെ വിമോചിപ്പിക്കട്ടെ.

4. കന്യകമറിയാമിനെ ദൈവത്തിന്റെ ദൂത് അറിയിക്കാൻ ചെന്ന മാലാഖ 'അവളുടെ അടുക്കൽ അകത്തു ചെന്നു' (ലൂക്കോ. 1.28) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. 'പ്രാർത്ഥിപ്പാൻ ദൈവത്തിൻമുമ്പിൽ മറിയാം നിന്നീടുന്ന നേരത്ത്' മാലാഖ ദൂതുമായി അവളെ സമീപിച്ചു എന്നാണ് പാരമ്പര്യം. അവൾ പുറംവാതിൽ പൂട്ടി അകത്ത് ഉൾമുറിയിൽ പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുമ്പോൾ മാലാഖ അവൾക്കു പ്രത്യക്ഷനായി എന്നു മനസ്സിലാകുന്നു. ഇത്തരം ഒരു സന്ദർഭത്തിലാണ് ദൂതൻ സഖര്യാവിനോടും ഒരു മകൻ ജനിക്കും എന്ന സദ്വാർത്ത അറിയിക്കുന്നത്.

ഇതാ, ഒരു നിർമ്മല. കർത്താവിനായി ജീവിതത്തെ അതിന്റെ സമഗ്രരൂപത്തിൽ പൂർണ്ണമായി അർപ്പിച്ചവൾ. 'ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്നു പറഞ്ഞ് സ്വയം വച്ചുകൊടുത്തവൾ. അവളിലാണ് ദൈവം പ്രസാദവർഷം ചൊരിഞ്ഞത്. അവൾക്കാണ് ദൈവത്തിന്റെ ദൂതു ലഭിക്കാനുള്ള ഭാഗ്യമുദിച്ചത്. ലോകത്തിനുവേണ്ടി രക്ഷകനെ വഹിക്കാനുള്ള നിയോഗമുണ്ടായത്. അവളോടു താദാത്മ്യപ്പെടുന്നവരിലെല്ലാം കർത്താവ് അമ്മാനുവേലായി, രക്ഷകനായി ഇന്നും ഉരുവായി വരും.

# 5

# രക്ഷാപരിജ്ഞാനത്തിലേക്ക്

## A. യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച (വി. ലൂക്കോസ് 1:57–80)

കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്. ദൈവകാരുണ്യം കണ്ടറിയുന്ന നിമിഷമാണ് ഒരു കുഞ്ഞിന്റെ ജനനം. സഖറിയാ–ഏലിശ്ബാ ദമ്പതികളെ സംബന്ധിച്ചിടത്തോളം ഇത് അക്ഷരാർത്ഥത്തിൽ ശരിയായിരുന്നു. അതുകൊണ്ട് യോഹന്നാന്റെ ജനനവാർത്തയറിഞ്ഞ് ഒത്തുകൂടിയ അയൽക്കാരും ബന്ധുജനങ്ങളും ഒരുപോലെ പറഞ്ഞു: 'കർത്താവ് അവൾക്ക് വലിയ കരുണ കാണിച്ചു' എന്ന് (ലൂക്കോ. 1.58).

എന്നാൽ ഇത് ദൈവം ആ കുടുംബത്തോടു കാണിച്ച കാരുണ്യം മാത്രമായിരുന്നില്ല. സകല മാനവ ലോകത്തോടുമുള്ള കാരുണ്യമായിരുന്നു. കുഞ്ഞിന്റെ പേരിടീൽ കർമ്മം കഴിഞ്ഞ് പരിശുദ്ധാത്മ നിറവിൽ പ്രവചിക്കുന്ന സഖറിയാ പറയുന്നു, ദൈവം സ്വജനത്തോടു കാണിച്ച ആർദ്രകരുണയാണ് യോഹന്നാന്റെ ജനനം എന്ന് (ലൂക്കോ. 1:77). പാപികളും പിന്മാറ്റക്കാരുമായിക്കഴിഞ്ഞ ഒരു ജനതയെ പാപമോചനത്തിലൂടെ കർത്താവിന്റെ രക്ഷാപരിജ്ഞാനത്തിലേക്ക് വഴിനടത്തുവാൻ കർത്താവിനു മുന്നോടിയായി വന്ന യോഹന്നാൻ ദൈവകാരുണ്യം തന്നെ ആയിരുന്നു.

'യോഹന്നാൻ' എന്ന പദത്തിന്റെ അർത്ഥം 'യഹോവ കരുണയുള്ളവൻ' എന്നത്രേ. മുൻപറഞ്ഞ സാഹചര്യത്തിൽ യോഹന്നാൻ എന്ന പേര് ആ വ്യക്തിത്വത്തോടും അദ്ദേഹം ജനിച്ച സാഹചര്യത്തോടും എത്ര ഇണങ്ങി വരുന്നു എന്നു നോക്കുക. വേദപുസ്തക പാരമ്പര്യത്തിൽ പേരുകൾക്ക് അർത്ഥമുണ്ട്. കുഞ്ഞിന്റെ ജനനത്തിലൂടെ ദൈവം കുടുംബത്തിനും ലോകത്തിനും ചൊരിയുന്ന സ്നേഹവും കാരുണ്യവും ഭാവിയിൽ ആ വ്യക്തിയിലൂടെ നിറവേറ്റപ്പെടാനുള്ള ദൈവിക പദ്ധതിയും പേരിലൂടെ പ്രകാശിപ്പിക്കപ്പെടുന്നു. വളരുന്നതോടൊപ്പം പേരിന്റെ പൊരുൾ വ്യക്തിയുടെ ജീവിതത്തിലൂടെ ക്രമേണ വെളിവായ് വരുന്നതു കാണാം. ഇതിന് മറ്റ് രണ്ട് ഉദാഹരണങ്ങൾ ആണ് സഖറിയാ, ഏലിശുബാ എന്നീ പേരുകൾ. 'സഖറിയാ' എന്ന വാക്കിന്റെ അർത്ഥം 'യഹോവയെ ഓർത്തു' എന്നാണ്. യഹോവ നോഹയെ ഓർത്തു (ഉല്പ. 8:1), അബ്രഹാമിനെ ഓർത്തു (ഉല്പ. 19:29), ഹന്നയെ ഓർത്തു (1 ശമു. 1:19) എന്നിങ്ങനെ പഴയനിയമത്തിൽ പല ഭാഗങ്ങളിലും കാണാം. ഇവിടെ

യെല്ലാം യഹോവ മനുഷ്യരെ ഓർക്കുന്നത് അവർക്കുവേണ്ടി കരുണ പ്രവർത്തിക്കുന്നതിനാണ്. 'യഹോവ എന്നെ ഓർത്തു; എന്റെ ജീവിതത്തിൽ ഇടപെട്ട് കരുണ ചെയ്തു' എന്ന് യോഹന്നാന്റെ ജനനത്തിലൂടെ അനുഭവിച്ചറിഞ്ഞ് പേര് സാർത്ഥകമാക്കിയ ആളാണ് സഖര്യാവ്. 'ഏലീശുബാ' എന്ന പേരിനർത്ഥം 'യഹോവ പ്രതിജ്ഞ (വാഗ്ദാനം) ചെയ്തു' എന്നത്രെ. 'നീ എന്റെ മകൾ, ഞാൻ നിന്നെ കൈവിടുകയില്ല; നിന്നെ ഉയർത്തും; നിന്റെ നിന്ദ നീക്കി അനുഗ്രഹിക്കും' എന്ന ദിവ്യവാഗ്ദാനം നിറവേറി ദൈവികകരുണ അനുഭവിച്ചറിയാൻ ഏലീശുബായ്ക്ക് കഴിഞ്ഞു.

ഇന്ന് പേരുകൾ ശബ്ദങ്ങൾ മാത്രമാണ്; അർത്ഥമില്ലാത്ത ശബ്ദങ്ങൾ. ഓരോ കുഞ്ഞിന്റെയും പിറവി ദൈവത്തോടു ചോദിച്ചു വാങ്ങിയ ദൈവകാരുണ്യത്തിൽ നിന്നും ലഭിച്ച ദാനമായി അനുഭവിച്ചറിയണം; കുഞ്ഞിലൂടെ ദൈവം കുടുംബത്തിനും ലോകത്തിനും നന്മ ചെയ്യും എന്ന പ്രത്യാശയുണ്ടാവണം. ഈ അനുഭവവും പ്രത്യാശയും ധ്വനിക്കുന്ന അർത്ഥമുള്ള പേരുകളാവണം കുഞ്ഞുങ്ങൾക്കു നല്കേണ്ടത്. പേരിന്റെ പൊരുൾ സാർത്ഥകമാകുംവണ്ണം കുഞ്ഞ് വളർന്നു വലുതാവട്ടെ.

യോഹന്നാൻ മാംദാനയുടെ ജനനസമയത്തു നടന്ന സംഭവങ്ങൾ കണ്ടവർ അതിശയം കൂറി: "ഈ പൈതൽ എന്താകും" (ലൂക്കോ 1:66) എന്ന്. അനന്തമായ സാധ്യതകളോടെയാണ് ഒരു കുഞ്ഞു പിറക്കുന്നത്. കുഞ്ഞുങ്ങളെപ്പറ്റി, അവരുടെ സംസാരവും പ്രവൃത്തികളും കണ്ട് നാം തന്നെ വിസ്മയത്തോടെ പറയാറുണ്ടല്ലോ 'ഓ എന്തു ബുദ്ധി, ഇതൊക്കെ എങ്ങനെ, എപ്പോൾ പഠിച്ചു' എന്നൊക്കെ. കുഞ്ഞിനെപ്പറ്റി എത്രയെത്ര സ്വപ്നങ്ങൾ ആണ് അപ്പനും അമ്മയും നെയ്തെടുക്കുന്നത്. കുഞ്ഞു വളരുന്തോറും ഈ പ്രതീക്ഷകളെല്ലാം സാക്ഷാത്കരിക്കപ്പെട്ടു കാണുന്നുണ്ടോ? ഏതു ഭവനാന്തരീക്ഷത്തിലാണു കുഞ്ഞു പിറന്നുവീഴുന്നത്: ഏത് സാഹചര്യങ്ങളിലാണ് അവൻ വളരുന്നത്: ഇവയെ ആശ്രയിച്ചിരിക്കും കുഞ്ഞിന്റെ ഭാവി. ഓരോ ശിശുവിന്റെയും ജനനം ദൈവത്തിന് ലോകത്തെ സംബന്ധിച്ചുള്ള പ്രത്യാശ ഇനിയും അവശേഷിക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്. കന്മഷവും കാപട്യവും അഹന്തയും തൻപോരിമയും കൊണ്ട് വക്രമായിപ്പോയ മുഖങ്ങൾ ഉള്ള മുതിർന്ന തലമുറയുടെ നടുവിൽ നേരും നിഷ്കളങ്കതയും താഴ്മയും ലാളിത്യവും പ്രകാശിക്കുന്ന കുഞ്ഞുമുഖങ്ങളോടെ ഒരിളംതലമുറ ആവിർഭവിക്കുന്നത് വലിയ പ്രത്യാശ തന്നെ.

## B. യൗസേപ്പിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച (വി. മത്തായി 1:18-25)

യേശുക്രിസ്തുവിന്റെ ജനനം സംബന്ധിച്ച വിവരണങ്ങൾ വി. മത്തായിയുടേയും വി. ലൂക്കോസിന്റെയും സുവിശേഷങ്ങളിലാണു കാണുന്നത്. രണ്ടിലും ഒരുപോലെ ഊന്നിപ്പറയുന്ന കാര്യമാണ് യേശുവിന്റെ ജനനം പരിശുദ്ധാത്മാവിനാൽ ആകുന്നു എന്നത് (മത്തായി 1:20, ലൂക്കോസ് 1:35). പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെ സൃഷ്ടികർമ്മത്തോടും (ഉല്പ. 1:2. സങ്കീ. 33:6, ഇയ്യോബ് 33:4) പുനഃസൃഷ്ടി കർമ്മത്തോടും (യഹ. 37:1-44) ബന്ധിപ്പിച്ചു പറയുന്നുണ്ട്. പാഴും ശൂന്യവുമായിരുന്ന പ്രപഞ്ചത്തിന് രൂപവും ജീവനും കൈവന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൊണ്ടായിരുന്നു. ജീർണ്ണിച്ച് മൃതപ്രായമായ സൃഷ്ടിയെ പുതുക്കി പുനരുജ്ജീവിപ്പിക്കുന്നതും പരിശുദ്ധാത്മാവു തന്നെ. ദൈവപുത്രന്റെ മനുഷ്യാവതാരത്തോടെ ഒരു പുനഃസൃഷ്ടികർമ്മത്തിന് തുടക്കമിടുകയാണ്. ഈ പശ്ചാത്തലത്തിൽ യേശുവിന്റെ ജനനം തന്നെ പരിശുദ്ധാത്മാവിനാലാകുന്നു എന്ന വിശ്വാസത്തിന് പ്രസക്തിയേറുന്നു.

യേശുവിന്റെ കന്യകാജനനം പുതിയനിയമം ഊന്നിപ്പറയുന്ന ഒരു സത്യമാണ്. എന്നാൽ ഇതിനെ നിരാകരിക്കുന്ന വേദപണ്ഡിതന്മാർ ഇന്ന് ധാരാളമുണ്ട്. വാദിച്ചു ബോദ്ധ്യപ്പെടുത്താവുന്ന ഒന്നല്ല ഇത്. വിശ്വാസം അനുഭവമായും, അനുഭവം ആഴമായ വിശ്വാസമായും രൂപപ്പെട്ടു വളരുകയേ പോംവഴിയുള്ളു. യേശുവിന്റെ ജനനത്തിലും അതുപോലെ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇതര സംഭവങ്ങളിലുമുള്ള അസാധാരണവും അതിശയനീയവുമായ ഘടകങ്ങൾ പുറന്തള്ളുന്നതിനു പിമ്പിൽ മനഃശാസ്ത്രപരമായ ഒരു പ്രശ്നം അന്തർഭവിച്ചിട്ടുണ്ട്. ഇന്ദ്രിയങ്ങളുടെയും യുക്തിയുടെയും പരിമിതികൾക്കപ്പുറം ഒരു ആദ്ധ്യാത്മിക തലമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നില്ല. ആ ബോധ്യത്തിലേക്ക് വളരാനുള്ള ശിക്ഷണം സ്വീകരിക്കാൻ തയ്യാറുമല്ല. ഈ പോരായ്മ അംഗീകരിക്കുന്നതിനു പകരം ആദ്ധ്യാത്മികതലത്തിൽ ഉയർന്നുനില്ക്കുന്ന വ്യക്തികളെയും സംഭവങ്ങളെയും യുക്തിയുടെയും ഇന്ദ്രിയങ്ങളുടെയും വ്യാപാരതലത്തിലേക്ക് താഴ്ത്തി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ സാമാന്യവത്കരിക്കുമ്പോൾ സ്വന്തം പോരായ്മ മറച്ചുവച്ച് സ്വയം തൃപ്തിപ്പെടാൻ കഴിയും. ഇന്നത്തെ ലോകായതികമായ ഭോഗസംസ്കാരത്തിന്റെ പ്രത്യേകതയാണിത്. ഈ പ്രവണത ദൈവശാസ്ത്ര സമൂഹത്തെയും ബാധിച്ചിട്ടുണ്ടെന്നു കാണാം.

സാമാന്യബുദ്ധിക്ക് യുക്തിസഹമല്ല യേശുവിന്റെ കന്യകാജനനം. പ്രപഞ്ചത്തിന് അതിന്റേതായ നിയമങ്ങളുണ്ട്. പ്രപഞ്ചത്തേയും അതിന്റെ

നിലനില്പിനാധാരമായ നിയമത്തേയും സംവിധാനം ചെയ്തതു ദൈവമാണ്. എന്നാൽ ഈ സാധാരണ നിയമങ്ങൾക്ക് അതീതമായി ദൈവം പ്രപഞ്ചത്തിലും മനുഷ്യജീവിതത്തിലും ഇടപെടും. അത്തരം സന്ദർഭങ്ങളിൽ പ്രപഞ്ചനിയമങ്ങൾ അസാധാരണവും യുക്ത്യാതീതവുമായ അത്ഭുതങ്ങൾക്കു വഴിമാറിക്കൊടുക്കും. അങ്ങനെ അനുഭവത്തിലൂടെ ബോധ്യപ്പെട്ട സുന്ദരനിമിഷങ്ങൾ വേദപുസ്തകത്തിൽ ഉടനീളമുണ്ട്. തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ ജീവിതത്തിലും അങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് തിരിച്ചറിയാൻ കഴിയും. അനുഭവങ്ങളിലൂടെ മാത്രമേ വിശ്വാസം ഉറയ്ക്കൂ. 'ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന് - അവന്റെ ദയ എന്നേക്കുമുള്ളത്' (സങ്കീ. 136:4).

മറിയാമും യൗസേപ്പും അവർക്കും ദൈവത്തിനും മാത്രം വെളിവാകുന്ന ഒരു രഹസ്യം സൂക്ഷിച്ചിരുന്നവരാണ്. അതുമൂലം മധുരവും കൈപ്പും ഒരേസമയം അനുഭവിച്ചു മുമ്പോട്ടു പോകാനായിരുന്നു അവരെ സംബന്ധിച്ച് ദൈവനിയോഗം. തന്നിൽ ഉല്പാദിതമായിരിക്കുന്ന ശിശു പുരുഷബന്ധത്താലല്ല പരിശുദ്ധാത്മാവിനാൽ ആകുന്നു എന്ന രഹസ്യം മറിയാമിന് മധുരമായ അനുഭവമായിരുന്നു. എന്നാൽ ലോകം അവളെ അപഥസഞ്ചാരിണിയെന്ന് വിളിച്ചു പരിഹസിച്ചിട്ടുണ്ടാവണം. ലോകം അവൾക്കു നൽകിയ പ്രതിഫലമായിരുന്നു അത്. അപഥസഞ്ചാരിണിയെന്ന് ലോകം പരിഹസിച്ചവളെ പരിരക്ഷിച്ചതു മൂലമുണ്ടായ നിന്ദയുടെ കൈപ്പുനീർ യൗസേപ്പിനു കുടിക്കേണ്ടതായി വന്നു. എന്നാൽ തനിക്കുണ്ടായ ദൈവിക വെളിപാട് എത്ര മധുരമായ അനുഭവമായിരുന്നു! ലോകം നൽകിയ തിക്താനുഭവങ്ങളെ മധുരമാക്കി മാറ്റാൻ രണ്ടുപേർക്കും കഴിഞ്ഞത്, അവർക്ക് ദൈവത്തോടുള്ള ആഭിമുഖ്യവും ദൈവിക രഹസ്യങ്ങളിലുള്ള പങ്കാളിത്തവും കൊണ്ടായിരുന്നു. കർത്താവിനെ ലോകത്തിനു നൽകുവാൻ, അവനു സാക്ഷിയാകുവാൻ വിളിക്കപ്പെട്ട ഏതൊരാൾക്കും ഇത്തരം വൈരുദ്ധ്യം നിറഞ്ഞ, മധുരവും കൈപ്പും ഇടകലർന്ന അനുഭവങ്ങൾ ആദ്ധ്യാത്മിക ജീവിതത്തിൽ ഒഴിവാക്കാനാവില്ല.

# 6

# ദൈവം നമ്മോടു കൂടെ

## A. ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച

'ദൈവം നമ്മോടു കൂടെ' എന്നർത്ഥമുള്ള അമ്മാനുവേലായ ക്രിസ്തുവിന്റെ ജനനപ്പെരുനാളിനുള്ള ഒരുക്കം പൂർത്തിയാവുകയായി. എന്നാൽ ക്രിസ്തുവിനെ സ്വീകരിക്കാനും ലോകത്തിനു സമ്മാനിക്കാനും പ്രാപ്തരായിത്തീരാനുള്ള ഒരുക്കം ഒരു വ്യക്തിയിലോ, ചില വ്യക്തികളിലോ, ഒരു തലമുറയിലോ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. തലമുറകളുടെ ഒരുക്കം ഇതിനാവശ്യമായിരിക്കുന്നു. എത്രയോ തലമുറകളായി നിലനിർത്തിപ്പോന്നിരുന്ന പ്രതീക്ഷയായിരുന്നു മശിഹായുടെ ജനനം. ഒരു തലമുറയിൽ പൂർത്തീകരിക്കപ്പെടാത്ത പ്രതീക്ഷകൾ അടുത്ത തലമുറയിൽ നിറവേറാൻ മുതിർന്ന തലമുറ ഇളംതലമുറയെ സജ്ജമാക്കണം. ഈ ഒരുക്കം തുടർന്നുകൊണ്ടിരിക്കണം. ക്രിസ്തു തന്റെ പൂർണ്ണതയിൽ നമ്മുടെ മദ്ധ്യേ പിറക്കാൻ ഇങ്ങനെ കാലത്തികവുണ്ടാകണം.

പ്രത്യക്ഷത്തിൽ വിരസമായിത്തോന്നാവുന്ന വംശാവലിയാണ് (മത്താ. 1:1-17, ലൂക്കോ. 3:23-28) ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച സുവിശേഷത്തിൽ നിന്നുള്ള വായനയായി സഭ ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ സൂക്ഷ്മപരിശോധനയിൽ ഇതിലൂടെ ചില നല്ല ചിന്തകൾ സംവേദിപ്പിക്കുവാൻ സഭ ഉദ്ദേശിക്കുന്നുണ്ടെന്നു ബോധ്യമാവും.

മനുഷ്യ വംശപരമ്പരയിൽ ഒരു കണ്ണിയായിത്തന്നെ യേശുവിന്റെ പിറവി ചിത്രീകരിക്കുന്നതിലൂടെ സുവിശേഷകന്മാർ ഒരു കാര്യം ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നു. യേശുക്രിസ്തു ഒരു സമ്പൂർണ്ണ മനുഷ്യനായി പ്പിറന്നു എന്ന ചരിത്രവസ്തുതയാണത്. യേശുവിന്റെ കന്യകാജനനം ഊന്നിപ്പറയുമ്പോൾ തന്നെ മനുഷ്യപ്രകൃതിയുടെ എല്ലാ പരിമിതികൾക്കും വിധേയനായി പൂർണ്ണ മനുഷ്യനായി യേശു ജനിച്ചു എന്ന് സുവിശേഷം പ്രഖ്യാപിക്കുന്നു.

യേശുവിന്റെ വംശപരമ്പരയിൽ വരുന്ന ശ്രദ്ധേയരായ രണ്ടു പിതാമഹന്മാരാണ് അബ്രഹാമും ദാവീദും. 'അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി' എന്ന മുഖവുരയോടെയാണ് വി. മത്തായി സുവിശേഷം ആരംഭിക്കുന്നതു തന്നെ.

അബ്രഹാം യിസ്രായേൽ ജനതയുടെ പിതാവു മാത്രമല്ല വി.

പൗലോസിന്റെ വ്യാഖ്യാനപ്രകാരം വിശ്വാസത്തിലൂടെ ക്രിസ്തുവിനെ സ്വീകരിച്ച സകല ജാതികൾക്കും പിതാവത്രെ. കൽദായരുടെ ഊരിൽ നിന്ന് പുറപ്പെട്ട് കനാനിലേക്ക് പോകുവാൻ ദൈവം വിളിക്കുമ്പോഴും ഏകജാതനായ യിസഹാക്കിനെ ബലികഴിക്കണം എന്നാവശ്യപ്പെടുമ്പോഴും അതനുസരിച്ച് തിരുഹിതത്തിന് കീഴ്പെട്ട് ദൈവത്തിലുള്ള ആഴമായ വിശ്വാസം അബ്രഹാം പ്രകാശിപ്പിക്കുകയായിരുന്നു. എക്കാലവും ദൈവത്തിന്റെ വിളി ക്രിസ്തുവിലൂടെ കേട്ട് അതനുസരിക്കുന്ന ഏവർക്കും അബ്രഹാം മാതൃകയും പിതാവുമാകുന്നു. യഹൂദവംശത്തിൽ പിറന്ന ദൈവത്തിന്റെ അഭിഷിക്തനായ (മശിഹാ) രാജാവാണ് ദാവീദ്. അതേ രാജവംശത്തിൽ നിന്നു തന്നെ ഹൃദയങ്ങളെ ഭരിച്ചു നടത്തി ഭൂമിയിൽ ദൈവഹിതം നിറവേറ്റുന്ന സ്വർഗ്ഗരാജ്യ വ്യവസ്ഥിതി സംസ്ഥാപിക്കുന്ന രാജാധിരാജാവു പിറക്കുന്നു.

ക്രിസ്തു ജനിക്കുന്നതിനു തലമുറകളിലൂടെ നടക്കുന്ന തയാറെടുപ്പിൽ പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും പങ്കാളികളാവുന്നു. സ്ത്രീകളുടെ പേരുകൾ ഒരിക്കലും യഹൂദവംശാവലിയിൽ കാണുകയില്ല. എന്നാൽ താമാർ, രാഹാബ്, രൂത്ത്, ബത്ശേബാ എന്നീ സ്ത്രീകൾ യേശുവിന്റെ വംശാവലിയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ഈ സ്ത്രീകളുടെ സംഭാവന സൂചിപ്പിച്ചുകൊണ്ട് യേശുവിന്റെ ജനനത്തിൽ മറിയാമിന്റെ പ്രത്യേക പങ്കാളിത്തത്തിലേക്ക് വംശാവലി വിരൽ ചൂണ്ടുകയാണ്.

യേശുവിങ്കലേക്ക് പ്രതീക്ഷയോടെ നോക്കുകയും യേശുവിനായി സ്വയം സജ്ജമാവുകയും യേശുവിൽ എത്തിനിൽക്കുകയും ചെയ്യുന്ന ഒരു വംശചരിത്രമാണ് സുവിശേഷാരംഭത്തിൽ വംശാവലിയിലൂടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. എല്ലാ കുടുംബങ്ങളുടെയും ചരിത്രം ക്രിസ്തുവിനെ ലക്ഷ്യം വയ്ക്കുന്നതും അവനിൽ ചെന്നെത്തുന്നതുമാവണം. ക്രിസ്തുവിനെ ലോകത്തിനു നൽകാനാവുംവിധം അത് സജ്ജമായി പൂർണ്ണതയിലേക്കു നീങ്ങണം. ഒരു തലമുറ അതിന്റെ പോരായ്മകളും പരിമിതികളും സ്വയം തിരിച്ചറിഞ്ഞ് തിരുത്തുകയും പിൻതലമുറ പൂർണ്ണതയിലേക്കു വളരാൻ സാഹചര്യങ്ങളിണക്കി അതിനെ ഒരുക്കുകയും വേണം.

ഇത്തരം വംശപരമ്പരയിൽ ആദ്ധ്യാത്മിക ശക്തിയുള്ളവർ എഴുന്നേൽക്കുന്നതും കൂട്ടിച്ചേർക്കപ്പെടുന്നതും നാം കാണുന്നുണ്ടല്ലോ. ഒരു വ്യക്തി ദൈവസന്നിധിയിൽ സ്വീകാര്യനാവുന്നത് പാരമ്പര്യത്തിന്റെ മഹിമ ആസ്പദമാക്കിയല്ല. ആ വ്യക്തിയുടെ സമർപ്പണത്തെ ആശ്രയിച്ചാണെന്നതിന് സംശയമില്ല. എന്നാൽ പൂർവ്വികരുടെ ജീവിത ഔന്നത്യം ഇതിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കും എന്ന കാര്യം നാം വിസ്മരിച്ചു

കൂടാ. 'ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനീക്കായിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു' (2 തിമോ. 1:5) എന്ന് വി. പൗലോസ് തീമോത്തിയോസിനോടു പറയുന്നുണ്ടല്ലോ. അബ്രഹാം, ദാവീദ്, രൂത്ത് എന്നിങ്ങനെ ആദ്ധ്യാത്മിക പ്രഭാവമുള്ളവരെ സംഭാവന ചെയ്യുവാൻ കഴിഞ്ഞ വംശപരമ്പരയിൽ പിറന്ന മറിയാമിനും യൗസേഫിനും രക്ഷകനെ ലോകത്തിനു നൽകാൻ കഴിഞ്ഞു. യേശുവിനെ സ്വീകരിച്ച് ലോകത്തിന് സമ്മാനിക്കാൻ കഴിയുന്ന ധന്യതയാർന്ന ഒരു പുതിയ തലമുറയെ തയാറാക്കാൻ മുതിർന്ന തലമുറയ്ക്ക് ഉത്തരവാദിത്തമുണ്ട്.

## B. ജനനപ്പെരുന്നാളിനു ശേഷമുള്ള ഞായറാഴ്ച (ലൂക്കോസ് 2:40-52)

പ്രാരംഭവാക്യം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു: 'പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു; ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു.' ഇവിടെ ജ്ഞാനം 'സതസത് വിവേചനീബുദ്ധി'യാണ്; സത്യവും അസത്യവും വിവേചിച്ചറിയാനുള്ള വിവേകം. ഈ വിവേകമാവട്ടെ പരിശുദ്ധാത്മാവിന്റെ ദാനവും ('ആത്മാവിൽ ബലപ്പെട്ടു' എന്നതിന്റെ അർത്ഥം പരിശുദ്ധാത്മാവിൽ ബലപ്പെട്ടു എന്നാണ്). ഒരു കുഞ്ഞ് ഈ വിശേഷജ്ഞാനം കൊണ്ട് നിറഞ്ഞ് പരിശുദ്ധാത്മാവിൽ ബലപ്പെട്ട് വളർന്നു വലുതാവണം; ഇതു ദൈവകൃപ തന്നെ.

1. കൊരി. 1:15-ൽ വി. പൗലോസ് അപ്പോസ്തോലൻ പറയുന്നു: 'ആത്മികനോ സകലത്തേയും വിവേചിക്കുന്നു.' പരിശുദ്ധാത്മാവിൽ നിറഞ്ഞ് ജീവിക്കുന്ന ആളിനെയാണ് ഇവിടെ ആത്മികൻ എന്ന പദം കൊണ്ട് പൗലോസ് അർത്ഥമാക്കുന്നത്. ആത്മികന്റെ ഒരു പ്രധാന ലക്ഷണം അയാൾക്ക് തന്മതിന്മകളെ വിവേചിച്ചറിയാനുള്ള ഉൾവെളിച്ചം ഉണ്ടെന്നതാണ്. ഈ വെളിച്ചം പരിശുദ്ധാത്മാവാകുന്ന അഗ്നിസ്ഫുരണമത്രെ. പരിശുദ്ധാത്മാവിൽ ബലപ്പെട്ട് ജ്ഞാനം കൊണ്ട് നിറഞ്ഞ് ദൈവകൃപയിൽ വളർന്ന് യേശു എല്ലാ ബാലികാബാലന്മാർക്കും മാതൃകയാവുന്നു.

വേണ്ടതും വേണ്ടാത്തതും, ആകുന്നതും ആകാത്തതുമായ സാഹചര്യങ്ങൾ, വളരുന്ന തലമുറയെ ചൂഴ്ന്നുനിൽക്കുന്നു. ഇവയിൽ ഏത് സ്വീകരിക്കണം, ഏതു നിരാകരിക്കണം എന്നു നിശ്ചയിക്കുന്നതിന് ആവശ്യമായ ഹൃദയത്തിന്റെ വെളിച്ചം നിലനിർത്തുന്നതിന് രണ്ടു കാര്യങ്ങൾ ഉണ്ടാവണം. പരിശുദ്ധാത്മാവും ദൈവവചനവും. പരിശുദ്ധാത്മാവ് അന്തര്യാമിയായി വസിച്ച് നമ്മെ ദൈവകൃപയിൽ വഴി നടത്തണം. ദൈവവചനം നമ്മിൽ നിറഞ്ഞ് ദൈവഹിതം എന്തെന്നും അവന്റെ വഴി ഏതെന്നും നമ്മെ ഉപദേശിക്കണം. പരിശുദ്ധാത്മാവിന്റെ നായകത്വത്തിന് സ്വയം

വിധേയപ്പെട്ടും ദൈവവചനത്തിന് കാതോർത്തും ബാലനായ യേശു വളർന്നു. അതുപോലെ എല്ലാ ബാലികാബാലന്മാരും വളരണം.

ദൈവവചനം ബാലനായ യേശുവിൽ എത്രയധികം സ്വാധീനം ചെലുത്തി എന്നതിന് തെളിവാണ് യറുശലേം ദേവാലയത്തിൽ നടന്ന സംഭവം. ഒരു യഹൂദൻ 12 വയസ്സു തികയുമ്പോൾ പ്രായപൂർത്തിയായ പുരുഷനായിത്തീരുന്നു. യറുശലേമിന് 15 മൈൽ ചുറ്റളവിൽ പാർക്കുന്ന എല്ലാ പുരുഷപ്രജയും പെസഹാപ്പെരുന്നാളിന് ദേവാലയത്തിൽ പോയി സംബന്ധിക്കണമെന്ന് നിർബന്ധമുണ്ട്. അതിൻപ്രകാരമാണ് മാതാപിതാക്കന്മാരോടൊപ്പം പെസഹാ ആചരണത്തിന് യേശു ആദ്യമായി ദേവാലയത്തിൽ പോകുന്നത്. അവിടെ ഉപദേഷ്ടാക്കന്മാരിൽ നിന്നു പഠിച്ചും, ചോദ്യങ്ങൾ ഉന്നയിച്ചും ദൈവവചനത്തിൽ ആകൃഷ്ടനായി യേശു ദിവസങ്ങളോളം ചെലവഴിക്കുന്നു. ദൈവവചനം കേൾക്കുന്നതും പഠിക്കുന്നതും അവനു മധുരതരമായ അനുഭവമായിരുന്നു. അതിന്റെ മാസ്മരികതയിൽ ചുറ്റുപാടുകൾ മറന്നു.

മകൻ/മകൾ 'ജ്ഞാനം കൊണ്ട് നിറഞ്ഞ് പരിശുദ്ധാത്മാവിൽ ബലപ്പെട്ട് ദൈവകൃപയിൽ നിലനിന്ന് വളരുകയാണോ' എന്ന് ആകാംക്ഷയോടെ നോക്കി കാത്തിരിക്കുകയാണ് മാതാപിതാക്കൾ. പക്ഷേ, ദൈവവചനം നൽകുന്ന ഉപദേശം സ്വീകരിക്കയും പരിശുദ്ധാത്മാവിന്റെ ഉൾമന്ത്രണങ്ങൾക്ക് കാതോർക്കുകയും ചെയ്യാൻ കഴിയുന്ന അന്തരീക്ഷം ഭവനങ്ങളിലെങ്കിലും ഉണ്ടോ എന്ന് മിക്ക മാതാപിതാക്കന്മാരും ആലോചിക്കുന്നില്ല.

ഉദാഹരണമായി ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സ്വാധീനം തന്നെ നോക്കുക. അവ നമ്മുടെ ഭവനാന്തരീക്ഷത്തേയും ജീവിതക്രമത്തേയും അടിമുടി മാറ്റിമറിച്ചിരിക്കുന്നു. ഹൃദയത്തിനും മനസ്സിനും സ്വാസ്ഥ്യവും ശാന്തിയുമരുളുന്ന പഴയ ഈരടികളുടെ താളലയങ്ങളല്ല; ഉദ്വേഗമുണർത്തി ഉന്മാദികളാക്കി മാറ്റുന്ന ഹാർട്ട് ബീറ്റുകളാണ് വളരുന്ന തലമുറയ്ക്കു പ്രിയങ്കരം. ഈ ദുഃസ്ഥിതിയിൽ നിന്ന് വിമോചനം പ്രാപിക്കാൻ പ്രതിജ്ഞാബദ്ധരായി പഴയ ഈരടികളിലേക്കും ദൈവവചനത്തിലേക്കും മടങ്ങിച്ചെല്ലാൻ തയാറാവുന്ന ഒരു പുതിയ തലമുറ രൂപംകൊള്ളണം. ഇതിന് ശ്രദ്ധാപൂർവ്വം സാഹചര്യങ്ങളൊരുക്കി മുതിർന്ന തലമുറ മാർഗ്ഗദർശനം നൽകണം.

# 7

# കർത്താവിന്റെ ഉദയശോഭയിലേയ്ക്ക്

## തിരുജനന - ഉദയകാലം

ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് ആരാധനാകാലങ്ങളാണ് ആരാധനാ വർഷത്തിലുള്ളത് എന്ന് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇതിൽ രണ്ടാമത്തേതാണ് തിരുജനന - ഉദയകാലം (യൽദോ - ദനഹാ കാലം). തിരുജനനപ്പെരുന്നാളിൽ തുടങ്ങി വലിയ നോമ്പ് ആരംഭിക്കുന്നതു വരെയാണ് തിരുജനന - ഉദയകാലം. ഡിസംബർ 25-ന് കർത്താവിന്റെ ജനനപ്പെരുന്നാളും ജനുവരി 6-ന് കർത്താവിന്റെ സ്നാനപ്പെരുന്നാളും ആണ്. നാലാം നൂറ്റാണ്ടു വരെ പൗരസ്ത്യ സഭകളിൽ പൊതുവെ കർത്താവിന്റെ ജനനം, സ്നാനം എന്നീ രക്ഷാകര സംഭവങ്ങൾ 'ദനഹാ' (ഉദയം) എന്ന പേരിൽ ഒരു പെരുന്നാളായിട്ടാണ് ആചരിച്ചു വന്നിരുന്നത്. നാലാം നൂറ്റാണ്ടിന്റെ ഒടുവിലോടെ ഡിസംബർ 25-ന് കർത്താവിന്റെ ജനനപ്പെരുന്നാൾ പ്രത്യേകമായി ആഘോഷിക്കുന്നതിന് ആരംഭിച്ചു. ജനുവരി 6-ന് കർത്താവിന്റെ സ്നാനം മാത്രം അനുസ്മരിക്കുന്നതിനും ഇടയായി. ഇങ്ങനെ രണ്ടു പെരുന്നാളുകളായിത്തീർന്നു. 'ഉദയം' (ദനഹാ) എന്ന പദം സ്നാനപ്പെരുന്നാളിനു മാത്രമായി ഉപയോഗിക്കുന്ന രീതിയും നിലവിൽ വന്നു.

ആദിമസഭയിൽ ഉദയ (ദനഹാ) പ്പെരുന്നാൾ കർത്താവിന്റെ ജനനവും സ്നാനവും എന്നിവ ഒന്നിച്ച് അനുസ്മരിക്കുന്ന പെരുന്നാളായിരുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. ഇതിനു കാരണം ആദിമസഭ കർത്താവിന്റെ ജനനവും സ്നാനവും നീതിസൂര്യനായ മശിഹായുടെ ഉദയമായിട്ടാണ് കണ്ടിരുന്നത് എന്നതിനാലാണ്. ഇതിന് സുവിശേഷത്തിൽ തന്നെ അടിസ്ഥാനമുണ്ടു താനും. യോഹന്നാൻ സ്നാപകന്റെ പിതാവായ സഖര്യാവ് കർത്താവിന്റെ ജനനം 'പ്രകാശം' 'ഉദയം' എന്നീ വാക്കുകൾ ഉപയോഗിച്ച് വിശദീകരിക്കുന്നതായി കാണാം. "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടുന്നതിന് ആ ആർദ്രകരുണയാൽ ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കോസ് 1:78-79). എന്നാൽ സ്നാനം കഴിഞ്ഞ് പരസ്യശുശ്രൂഷ ആരംഭിക്കുന്ന കർത്താവിന്റെ വരവ് ഇരുളിൽ പ്രകാശത്തിന്റെ ഉദയമായി വി. മത്തായി ചിത്രീകരിക്കുന്നു. ദനഹാപ്പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച സുവിശേഷത്തിൽ നിന്നുള്ള വായനയായി ക്രമീകരിച്ചിരിക്കുന്നത് മത്താ. 4:12-22 ഭാഗമാണ്. 4:14-15 വാക്യങ്ങളിൽ യശയ്യാ പ്രവചനത്തിൽ നിന്നുള്ള ഒരു ഉദ്ധരണി നൽകിയിരിക്കുന്നു (യശയ്യാ 9:1-2). മത്താ. 4:15

പ്രത്യേകം ശ്രദ്ധിയ്ക്കുക: "ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു." സ്നാനം കഴിഞ്ഞ് പരസ്യശുശ്രൂഷ ആരംഭിക്കുന്ന കർത്താവിന്റെ ആഗമനം വിവരിക്കുന്നതിനാണ് സുവിശേഷകാരൻ യശയ്യാവിന്റെ പ്രവചനം ഉപയോഗിക്കുന്നതെങ്കിലും യശ. 9:1–7 ഭാഗത്ത് പ്രവാചകൻ യഥാർത്ഥത്തിൽ മുൻകൂട്ടി കാണുന്നത് മശിഹായുടെ ജനനമാണ്. ഇക്കാരണത്താലത്രെ ഈ പ്രവചനഭാഗം ജനനപെരുന്നാളിനുള്ള പഴയനിയമ വായനയിൽ സഭ ക്രമീകരിച്ചിരിക്കുന്നത്. ഇത് 'ഉദയം' എന്ന പദം കർത്താവിന്റെ ജനനത്തിനും പ്രസക്തമായിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ജനനപ്പെരുന്നാളിന്റെയും സ്നാനപ്പെരുന്നാളിന്റെയും പ്രാർത്ഥനകളിൽ 'ഉദയം' എന്ന പദം കർത്താവിന്റെ ജനനത്തിനും സ്നാനത്തിനും ഒരുപോലെ ഉപയോഗിച്ചിരിക്കുന്നതായി കാണാം. ഉദാഹരണമായി ജനനപ്പെരുന്നാളിന്റെ സന്ധ്യാപ്രാർത്ഥനയുടെ സെദ്റായിൽ "പരിശുദ്ധ കന്യകയുടെ ഗർഭത്തിൽ നിന്നു ഉദയം ചെയ്തവനായി പിതാവിന്റെ ഏകജാതനായ നിത്യശിശുവേ" എന്ന് മശിഹായെ സംബോധന ചെയ്തിരിക്കുന്നു. ഉദയം എന്ന പദം ജനനപ്പെരുന്നാളിന്റെ പ്രാർത്ഥനകളിൽ ആവർത്തിച്ച് ഉപയോഗിച്ചിട്ടുണ്ട്. സ്നാനപ്പെരുന്നാളിലെ പ്രാർത്ഥനകളിൽ ഉദയം എന്ന പദം രണ്ട് തലങ്ങളിൽ പ്രയോഗിച്ചിരിക്കുന്നു. ഒന്നാമത്, കർത്താവിന്റെ സ്നാനത്തിന്റെ സന്ദർഭം, ദൈവപുത്രന്റെ ഉദയമാണ്. രണ്ടാമത്, അത് വി. ത്രിത്വത്തിന്റെ പ്രകാശനവും കൂടിയാകുന്നു. സന്ധ്യാപ്രാർത്ഥനയുടെ സെദ്റായിൽ കർത്താവിന്റെ ഉദയത്തെ പുകഴ്ത്തിക്കൊണ്ടു പറയുന്നു: "പ്രകാശവും ജീവനും സാക്ഷാൽ ദൈവവുമായിരിക്കുന്ന മശിഹാ തമ്പുരാനേ! നിന്റെ ഉദയം വന്ദ്യമാകുന്നു." സ്നാനപെരുന്നാളിന്റെ പ്രഭാത പ്രാർത്ഥനയുടെ പ്രുമിയോനിൽ കർത്താവിന്റെ സ്നാനം വി. ത്രിത്വത്തിന്റെ പ്രകാശനമായി ചിത്രീകരിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: "അത്യുന്നതമായ ഏക ദൈവത്വം യോർദ്ദാൻ നദിയിൽ വെളിപ്പെട്ടു. സ്തുത്യമായ ഏക ത്രിത്വം മനുഷ്യർക്ക് പ്രകാശിതമായി. പിതാവ് ശബ്ദത്താൽ അറിയപ്പെട്ടു. പുത്രൻ സ്പർശിക്കപ്പെട്ടു. റൂഹാ (പ്രാവ് രൂപത്തിൽ) കാണപ്പെട്ടു." മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കും ബുദ്ധിക്കും അതീതനായ ത്രിയേക ദൈവം, ശബ്ദം, സ്പർശം, രൂപം എന്നീ ഇന്ദ്രിയമാർഗ്ഗങ്ങളിലൂടെ മനുഷ്യർക്ക് വെളിവാകപ്പെടുകയായിരുന്നു. ഇങ്ങനെ കർത്താവിന്റെ സ്നാനം മശിഹായുടെ ഉദയം മാത്രമല്ല ത്രിത്വത്തിന്റെയും ഉദയമായിത്തീർന്നു.

മുൻപറഞ്ഞവ രണ്ടു കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. ഒന്ന്, കർത്താവിന്റെ ജനനവും സ്നാനവും രണ്ടും ആദിമസഭ മശിഹായുടെ

ഉദയമായി മനസ്സിലാക്കുന്നു. ആകയാൽ ഉദയം എന്ന പദം രണ്ടു പെരുന്നാളുകൾക്കും പ്രസക്തമാണ്. രണ്ട്, ഇക്കാരണത്താൽ തിരുജനനപ്പെരുന്നാളിനോടും സ്നാനപ്പെരുന്നാളിനോടും ചേർന്നുവരുന്ന ആരാധനാകാലത്തെ 'ഉദയകാലം' (ദനഹാ കാലം) എന്നു മാത്രം വിളിച്ചാലും മതിയാവും. എന്നാൽ 'ഉദയം' (ദനഹാ) കർത്താവിന്റെ സ്നാനപ്പെരുന്നാളിന് മാത്രമായി ഇന്ന് ഉപയോഗിച്ചു വരുന്നതുകൊണ്ട് വ്യക്തതയ്ക്കുവേണ്ടി രണ്ടാമത്തെ ആരാധനാകാലത്തിന് തിരുജനന – ഉദയകാലം എന്നു പേരു നല്കിയിരിക്കുന്നു.

കർത്താവിന്റെ ജനനത്തിന് ഉദയം എന്ന പദം അന്വർത്ഥമാണെന്നാണല്ലോ മുൻപറഞ്ഞ വിശദീകരണങ്ങളിൽ നിന്നും വ്യക്തമാകുന്നത്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം തിരുജനനപ്പെരുന്നാളിൽ നടത്തുന്ന അഗ്നിജ്വാലയുടെ ശുശ്രൂഷയെ വ്യാഖ്യാനിക്കുവാൻ. സാധാരണയായി നാം കേട്ടിട്ടുള്ള വ്യാഖ്യാനം ഇങ്ങനെയാണ്: രാത്രിയിൽ വെളിയിൽ ആട്ടിൻപറ്റത്തെ കാവൽ കാത്തിരുന്ന ഇടയന്മാർ ശൈത്യമാകയാൽ ആഴി കൂട്ടി പാർത്തിരുന്നു. ഈ സന്ദർഭത്തിലാണ് കർത്താവിന്റെ ദൂതൻ പ്രത്യക്ഷനായി രക്ഷകന്റെ ജനനവാർത്ത അറിയിക്കുന്നത് (ലൂക്കോസ് 2:8–14). ഇത് അനുസ്മരിക്കുവാനാണ് ദേവാലയത്തിനു വെളിയിൽ അഗ്നി കൂട്ടി ചുറ്റുംനിന്ന് ഈ വേദഭാഗം വായിക്കുന്നത്.

ഇതിലും ആഴമായ ഒരു അർത്ഥതലം അഗ്നിജ്വാലയുടെ ശുശ്രൂഷയ്ക്കുണ്ട്. ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു, അന്ധതമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു" എന്ന പ്രവചനം (യശ. 9:2) പൂർത്തീകരിച്ചുകൊണ്ട് ലോകത്തെ ശുദ്ധീകരിച്ച് ശോഭിപ്പിക്കുന്ന അഗ്നിസൂര്യനായി ഉദിച്ച ഉണ്ണിയേശുവിനെ കണ്ടെത്താനുള്ള പുറപ്പാടാണ് ജനനപ്പെരുന്നാളിന്റെ പ്രദക്ഷിണം. കണ്ടെത്തി വണങ്ങി കാഴ്ചയർപ്പിച്ച് (തീജ്വാലയിൽ കുന്തിരിക്കം അർപ്പിക്കുന്നുണ്ടല്ലോ) നമ്മുടെ രക്ഷകനായി ഉദിച്ച കർത്താവിന് സഭ സ്വയം സമർപ്പിക്കുകയാണ്. ഈ സമർപ്പണത്തിലൂടെ അഗ്നിയായ കർത്താവുമായി ബന്ധപ്പെടുന്ന സഭ ലോകത്തിന് സൗരഭ്യമായും പിതാവിനെ പ്രസാദിപ്പിക്കുന്ന പരിമളമായും രൂപാന്തരപ്പെടുന്നു.

ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. അഗ്നിയായവൻ കന്യകയുടെ ഉദരത്തിൽ വസിച്ചുവെങ്കിലും അവൾക്ക് ഹാനി ഒന്നും സംഭവിച്ചില്ല. ഈ മനുഷ്യാവതാര രഹസ്യത്തിന്റെ മുൻസൂചനയെന്നോണമാണ് ഹോരേബു പർവതത്തിൽ എരിയുന്ന മുൾപടർപ്പിൽ ദൈവം മോശയ്ക്ക് വെളിപ്പെടുന്ന സംഭവത്തെ സഭ കാണുന്നത്. ജനനപ്പെരുന്നാളിലെ സന്ധ്യയുടെ സെദ്റായിലെ ഒരു പ്രാർത്ഥനാഭാഗം ശ്രദ്ധിക്കുക: "മുൾപടർപ്പിൽ

കത്തിജ്വലിച്ചുകൊണ്ടിരുന്നിട്ടും അതിനെ ദഹിപ്പിക്കാതിരുന്ന അഗ്നിയിൽ, മഹത്വമുള്ളവനായ മോശ ഈ ശിശുവിനെ കണ്ടു. ഇവൻ പരിശുദ്ധ കന്യകയിൽ വസിച്ചിട്ടും അവൾക്ക് ഉപദ്രവമുണ്ടാകാതിരുന്ന ദിവ്യാ ഗ്നിയാകുന്നു.'' അഗ്നിജ്വാലയുടെ ശുശ്രൂഷയിൽ സംബന്ധിക്കുമ്പോൾ ഈ ചിന്തകൾ കൂടുതൽ സംഗതമായി വെളിവാകുകയാണ്.

ജനനത്തിൽ ലോകത്തിലേക്ക് ഉദിച്ചുവന്ന നീതിസൂര്യന്റെ കിരണ ങ്ങൾ സ്നാനത്തോടെ ലോകത്തിന് പ്രകാശമായി വ്യാപരിച്ചു തുട ങ്ങുന്നു. ഈ പ്രകാശത്താലാകർഷിക്കപ്പെട്ട് ഒരു പുതിയ ശിഷ്യസമൂഹം കർത്താവിന് ചുറ്റും രൂപംകൊള്ളുന്ന സംഭവങ്ങളാണ് തിരുജനന – ഉദയ കാലത്തെ മുഖ്യ ചിന്താവിഷയം.

# 8

# പ്രകാശപൂർണ്ണതയിൽ

## വാങ്ങിപ്പോയ സകല പുരോഹിതരുടേയും വിശ്വാസികളുടെയും ഓർമ്മ

തിരുജനന – ഉദയകാലത്തിലുള്ള ഒടുവിലത്തെ രണ്ടു ഞായറാഴ്ചകൾ വാങ്ങിപ്പോയ സകല പുരോഹിതരുടെയും ശെമ്മാശന്മാരുടെയും ഓർമ്മയ്ക്കും സകല പരേതരുടെയും ഓർമ്മയ്ക്കുമായി നീക്കി വച്ചിരിക്കുന്നു. മൂന്ന് നോമ്പ് അവസാനിക്കുന്ന വ്യാഴാഴ്ചയ്ക്കും വലിയ നോമ്പ് ആരംഭിക്കുന്ന കൊത്തിനേ ഞായറാഴ്ചയ്ക്കുമിടയ്ക്കുള്ള പതിനെട്ടു ദിവസങ്ങൾ അല്ലെങ്കിൽ പതിനെട്ടാമിടക്കാലത്താണ് ഈ രണ്ടു ഞായറാഴ്ചകൾ വരുന്നത്. തിരുജനന – ഉദയകാലത്ത് പുരോഹിതരും വിശ്വാസികളുമായി കാലയവനികയ്ക്കപ്പുറത്തേക്ക് വാങ്ങിപ്പോയ സകല പിതൃക്കളുടെയും സ്മരണയ്ക്കായി ഈ രണ്ടു ഞായറാഴ്ചകൾ വേർതിരിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

പാപവും മരണവും ഇരുൾ പരത്തിയ ഭൂമുഖത്തേയ്ക്ക് നീതിസൂര്യനായി കർത്താവ് ഉദിച്ചു. ആ ഉദയശോഭ കണ്ട് തിരിച്ചറിഞ്ഞ മനുഷ്യർ അവനെ പിൻപറ്റി പ്രകാശിതരായി. കർത്താവിന്റെ മുഖപ്രകാശത്തിന് അഭിമുഖമായി നിലകൊള്ളുന്ന ഒരു പുതിയ മാനവസമൂഹം അങ്ങനെ ആവിർഭവിക്കുന്നു. നിരന്തരം കർത്താവിന്റെ പ്രകാശപൂർണ്ണതയിലേക്ക് അത് നടന്നടുക്കണം. ഇതിനായി അത് വിളിക്കപ്പെട്ടിരിക്കുന്നു. പ്രകാശപൂർണ്ണതയിലേയ്ക്കുള്ള പ്രയാണം രണ്ടു മൂന്നു ഘട്ടങ്ങളായാണ് പരിപൂർത്തിയിലെത്തുക.

ദൈവത്തിന്റെ പ്രകാശപുത്രരായി നാം ഇപ്പോൾ ഈ ലോകത്തിൽ വച്ചു തന്നെ വിളിക്കപ്പെട്ടിരിക്കുന്നു. ഇത് ഒന്നാം ഘട്ടം. ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് കടന്നിരിക്കുന്നുവെങ്കിലും ഇരുളിന്റെ സ്വാധീനം ശക്തമായി ഇപ്പോൾ അനുഭവപ്പെടുന്നുണ്ട്. ഐഹികലോകം ഇന്ദ്രിയപരമാണ്. മോഹങ്ങളും മോഹഭംഗങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നു. പ്രാരാബ്ധങ്ങൾ വിട്ടൊഴിയുന്നില്ല. ഇവയെ അതിജീവിച്ച് പ്രകാശത്തിലേക്ക് വളരാൻ കർത്താവിന്റെ ശിഷ്യൻ പോരാടുക തന്നെ വേണം. പോരാട്ടം തീർന്ന് കർത്താവിന്റെ തേജസ് ഭംഗം കൂടാതെ പങ്കിടാൻ എന്നു കഴിയും എന്നു തേങ്ങി ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം അവൻ ഭാരപ്പെട്ടു ഞരങ്ങുന്നു (2 കൊരി. 5:4). കർത്താവിന്റെ തേജസ്സ് ഒളിമിന്നലായി വന്നും പോയുമിരിക്കുന്നതിനാൽ ഒന്നവനുറപ്പായിരിക്കുന്നു, കർത്താവ് വാഴുന്ന

തേജോലോകം എന്നൊന്നുണ്ടെന്ന്. അതാണ് നിത്യം എന്ന്, അവിടെയാണ് അവന്റെ ശാശ്വത കൂടാരം എന്ന്; ഇഹലോകവാസം ഒരു പ്രവാസമോ പരദേശവാസമോ മാത്രമാകുന്നു. അതുകൊണ്ട് "വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്" (ഫിലി. 1:23) എന്ന് വിശുദ്ധ പൗലോസ് പറയുന്നത് എല്ലാ വിശ്വാസികൾക്കും പ്രസക്തമാകുന്നു.

ഇവ്വിധത്തിൽ ചിന്തിക്കുമ്പോൾ കർത്താവിന്റെ ഉദയശോഭയിലേക്കുള്ള നമ്മുടെ പ്രയാണത്തിന്റെ രണ്ടാം ഘട്ടം പാരത്രിക ജീവിതത്തിലാണാരംഭിക്കുക. ഈ ലോകത്തിൽ നിന്ന് പരലോകത്തിലേക്ക് കടന്നുപോവുന്ന വിശ്വാസികൾ മരണത്തിന്റെ അന്ധകാരത്തിലേക്കല്ല, ജീവന്റെ പ്രകാശത്തിലേക്ക് പ്രവേശിക്കുന്നു. പുരോഹിതന്മാരുടെയും ശെമ്മാശന്മാരുടെയും ഓർമ്മയുടെ സന്ധ്യാപ്രാർത്ഥനയിലെ പ്രുമിയോനിൽ നാം വായിക്കുന്നു: ".... തന്റെ തോട്ടത്തിൽ പ്രഭാതം തൊട്ട് സന്ധ്യയോളം വേല ചെയ്തിട്ടുള്ളവരെ തേജോമയമായ തന്റെ തിരുമുഖ പ്രകാശത്തിൽ ആനന്ദിപ്പിക്കുവാൻ വേണ്ടി തന്റെ സന്നിധിയിലേക്ക് അവരെ മാറ്റുന്നതിന് ഇഷ്ടപ്പെട്ടവനായ കർത്താവിനു സ്തുതി." പാപം ഇരുളാണ്. മരണം ഭയപ്പെടുത്തുന്നതാണ്. എന്നാൽ വിശ്വാസിക്ക് മരണം നിത്യാനന്ദം നൽകുന്ന പുതുലോകത്തിലേക്കുള്ള ജനനം ആണ്. കർത്താവിന് അഭിമുഖമായി നിന്ന് പ്രകാശം ധരിച്ച് അവന്റെ ആയിരമായിരവും പതിനായിരം പതിനായിരവുമായ ദൂതഗണങ്ങളോടു ചേർന്ന് അവനെ പുകഴ്ത്തുവാൻ ഭാഗ്യം സിദ്ധിച്ച പുരോഹിതശ്രേഷ്ഠരേയും വിശ്വാസികളെയും സഭ ഓർക്കുകയാണ് ഈ രണ്ടു ഞായറാഴ്ചകളിൽ.

കർത്താവിന്റെ ജനനവും സ്നാനത്തോടെ ആരംഭിക്കുന്ന പരസ്യശുശ്രൂഷയും വേദപുസ്തകത്തിലും സഭയുടെ ആരാധനാക്രമങ്ങളിലും കർത്താവിന്റെ ഉദയമായി ചിത്രീകരിച്ചിരിക്കുന്നതായി നാം കാണുകയുണ്ടായി. എന്നാൽ ഇവ മാത്രമല്ല, കർത്താവിന്റെ രണ്ടാമത്തെ വരവും ഉദയമായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു (മത്താ. 24:27, 30). കർത്താവിന്റെ വരവിങ്കൽ പുതിയ യറുശലേം എന്ന വിശുദ്ധ നഗരം ദൈവതേജസ്സു കൊണ്ടു ശോഭിതമാവുമെന്നും കുഞ്ഞാട് അതിന് വിളക്കായി പ്രകാശിക്കുമെന്നും വെളിപാടു പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട് (വെളി. 21:23). കർത്താവിന്റെ രണ്ടാമത്തെ വരവിൽ ശരീരത്തിലുള്ളവരും ശരീരം വിട്ടവരുമായ വിശുദ്ധരുടെ സംഘം ദൈവതേജസ്സിന്റെ പൂർണ്ണതയിലേക്ക് പ്രവേശിക്കും.

ഇങ്ങനെ, കർത്താവിന്റെ ഉദയശോഭയുടെ ചക്രവാളം വളരെ വിശാലമെന്നു നാം കാണുന്നു. ശരീരികൾ മാത്രമല്ല, ശരീരം വിട്ട വിശ്വാസികളും

ഈ തേജോപരിധിക്കുള്ളിൽ തന്നെയാണ്. മാനവസമൂഹം മാത്രമല്ല സകല സൃഷ്ടിയും കർത്താവിന്റെ രണ്ടാമത്തെ വരവിൽ പ്രത്യക്ഷമാവുന്ന പ്രകാശപൂർണ്ണതയ്ക്കായി കാത്തിരിക്കുകയും ചെയ്യുന്നു.

ഓർത്തഡോക്സ് വിശ്വാസത്തിൽ ഓർമ്മയ്ക്ക് വിശാലമായ ഒരർത്ഥമുണ്ട്. വാങ്ങിപ്പോയ സകല പുരോഹിതന്മാരുടെയും വിശ്വാസികളുടെയും ഓർമ്മ അവരുടെ സാന്നിദ്ധ്യവും സംബന്ധവും അനുഭവിച്ചറിയുന്ന സന്ദർഭമാണ്. ദൈവത്തെ ഓർത്ത് ജീവിക്കുക എന്ന് നാം പറയുമ്പോൾ ദൈവം നമ്മുടെ മുമ്പിലുണ്ടെന്ന് അറിഞ്ഞ് ജീവിക്കണം എന്നാണ് നാം അർത്ഥമാക്കുന്നത്. വാങ്ങിപ്പോയവരെ ഓർക്കുമ്പോൾ അവരുടെ സാന്നിദ്ധ്യം നമ്മോടൊപ്പമുണ്ടെന്ന് നാം അറിയുന്നു. ഓർമ്മ നടത്തുന്ന സന്ദർഭം കുരിശ് നടുക്കും മെഴുകുതിരികൾ ഇരുവശത്തും വച്ച് ധൂപമർപ്പിച്ച് നാം പ്രാർത്ഥിക്കുന്നു. വാങ്ങിപ്പോയവർ ശരീരപ്രകാരം സന്നിഹിതരല്ലെങ്കിലും ആത്മാവിൽ അവർ നമ്മോടൊപ്പം ജീവിക്കുന്നു. അവർ കെട്ടണഞ്ഞ് ഇല്ലാതെ പോവുകയല്ല, കൂടുതൽ തെളിഞ്ഞു പ്രകാശിക്കുന്ന പുതിയ ലോകത്തിലേക്ക് കടന്നിരിക്കുകയാണ്. “വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ വീണ്” (വെളി. 5:8) ആരാധിക്കുന്ന 24 മൂപ്പന്മാരോട് ചേർന്ന് “വെള്ളനിലയങ്കി ധരിച്ച് കൈയിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിന്ന്” (വെളി. 7:9) അവർ ദൈവത്തെ സ്തുതിച്ചു പുകഴ്ത്തുന്നു. പുരോഹിതരുടെയും വിശ്വാസികളുടെയും ഓർമ്മ അനുഷ്ഠിക്കുമ്പോൾ കർത്താവിന്റെ മുമ്പിൽ നിൽക്കുന്ന ഈ വിശുദ്ധ സംഘത്തോട് ചേർന്ന് നാമും കർത്താവിനെ ആരാധിക്കുകയത്രെ ചെയ്യുന്നത്. ഇങ്ങനെ ജീവിച്ചിരിക്കുന്ന നമുക്ക് പോരാട്ടം തികച്ച് പ്രകാശലോകത്തേക്ക് കടന്ന വിശ്വാസികളോടുള്ള സംബന്ധവും (കൂട്ടായ്മ) അവരുടെ സാന്നിദ്ധ്യവും അനുഭവവേദ്യമായിത്തീരുന്നു.

മുൻപറഞ്ഞ വിശദീകരണത്തിൽ നിന്നും ഒരു സമഗ്ര വീക്ഷണം ഉരുത്തിരിഞ്ഞു വരുന്നുണ്ട്. ശരീരം വിട്ടവരും ശരീരത്തിലുള്ളവരും ഒന്നുചേർന്നു വരുന്ന വിശുദ്ധന്മാരുടെ സംഘം കർത്താവിന്റെ മുമ്പിൽ നിന്ന് അവന്റെ പ്രകാശത്തിൽ പങ്കുകൊണ്ട് അവനെ ആരാധിക്കുന്നു എന്ന സമഗ്ര ദർശനമാണത്. സിംഹാസനത്തിലിരിക്കുന്ന പിതാവും അറക്കപ്പെട്ട കുഞ്ഞാടും ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ഏഴു ദീപങ്ങൾ എന്ന പരിശുദ്ധാത്മാവും - അങ്ങനെ പിതൃപുത്ര പരിശുദ്ധാത്മാവായ പരിശുദ്ധ ത്രിത്വത്തിനു ചുറ്റും നിലകൊള്ളുന്ന പഴയ-പുതിയനിയമ പ്രതിനിധികളായ 24 മൂപ്പന്മാരും അവരോട് ചേർന്ന് സകല ജാതികളിലും, ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽ നിന്നുമുള്ള ആർക്കും എണ്ണിക്കൂടാത്ത മഹാപുരുഷാരവും ആയിരമായിരവും പതിനായിരം പതിനാ

യിരവുമായ ദൂതന്മാരും ആകാശത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലുമുള്ള സകല സൃഷ്ടിയും ചേർന്ന് ഒന്നായി നിന്ന് ദൈവത്തെ ആരാധിക്കുന്ന ഒരു സമഗ്ര ദർശനം വെളിപാടു പുസ്തകം 4–7 വരെയുള്ള അദ്ധ്യായങ്ങളിൽ കാണാൻ കഴിയും. പല തട്ടുകളിലായി തിരിഞ്ഞും പിരിഞ്ഞും നിൽക്കുന്ന വിവിധ സംഘങ്ങളായല്ല ഒരേ ഒരു തേജോപരിധിക്കുള്ളിൽ ദൈവാഭിമുഖമായി നിലകൊള്ളുന്ന ഒരേ ഒരു വിശുദ്ധ സംഘം എന്ന വീക്ഷണം ഓർത്തഡോക്സ് വിശ്വാസത്തിൽ സുപ്രധാനമാണ്. വി. വേദപുസ്തകത്തിൽ അധിഷ്ഠിതമായ ഇത്തരമൊരു വിശാല വീക്ഷണത്തിൽ നിന്നുകൊണ്ട് നോക്കുമ്പോൾ വാങ്ങിപ്പോയവരെ സംബന്ധിച്ച് പല ക്രിസ്തീയ സഭകളും പുലർത്തിപ്പോരുന്ന സമീപനങ്ങൾ സങ്കുചിതവും അപ്രസക്തവുമെന്ന് നമുക്ക് ബോധ്യം വരും.

# 9

# രൂപാന്തരപ്പെടുവിൻ

## വലിയനോമ്പു കാലം

ആരാധനാവർഷത്തിൽ മൂന്നാമത്തേതാണ് വലിയനോമ്പു കാലം. കൊത്തിനേ ഞായറാഴ്ചയോടെ ആരംഭിച്ച് ഉയിർപ്പ് പെരുന്നാളോടെ സമാപിക്കുന്ന ഈ കാലത്തിന് ഏഴ് ആഴ്ചകൾ ഉണ്ട്. സഭ നിശ്ചയിച്ചിട്ടുള്ള അഞ്ചു നോമ്പുകളിൽ ദൈർഘ്യം കൊണ്ടും പ്രാധാന്യം കൊണ്ടും വലുതാണ് വലിയനോമ്പ്.

## നോമ്പും ഉപവാസവും

നോമ്പ്, ഉപവാസം എന്നീ വാക്കുകളുടെ അർത്ഥം ആദ്യമേ മനസ്സിലാക്കാൻ ശ്രമിക്കാം. "നോല്" എന്ന ധാതുവിൽ നിന്നും 'നോൽക്കുക' എന്ന ക്രിയയും നോയ്മ്പ് (നോമ്പ്) എന്ന നാമവും നിഷ്പദിച്ചിട്ടുള്ളതാകുന്നു. 'നോൽക്കുക' എന്ന ക്രിയയ്ക്ക് വ്രതമനുഷ്ഠിക്കുക, ഉപവസിക്കുക, കാത്തിരിക്കുക എന്നീ അർത്ഥങ്ങൾ ഉണ്ട്. നോറ്റു, നോൽക്കുന്നു, നോൽക്കും എന്നീ പദങ്ങൾ യഥാക്രമം ഭൂത ഭവിഷ്യത് ഭാവികാലങ്ങളിൽ ഉപയോഗിക്കുന്നുണ്ടല്ലോ. 'നോമ്പ്' എന്ന നാമരൂപത്തിന് നിരാഹാരവ്രതം (ഉപവാസം), മിതാഹാരവ്രതം എന്നീ അർത്ഥങ്ങൾ നൽകി വരുന്നു. നോയമ്പ് നോൽക്കുക എന്നതിന് 'വ്രതമിരിക്കുക' എന്ന സാധാരണ അർത്ഥവും ശൈലിയായി വരുമ്പോൾ 'ഒരുങ്ങിയിരിക്കുക' എന്നയർത്ഥവും കാണുന്നു. നോമ്പ് ആരംഭിക്കുന്നതിന് 'നോമ്പ് തുറക്കുക' എന്നും നോമ്പ് അവസാനിപ്പിക്കുന്നതിന് 'നോമ്പ് അടയ്ക്കുക' എന്നും പ്രയോഗരീതികൾ ഉണ്ട്. ഈ വിവരണത്തിൽ നിന്നും നോമ്പ് എന്ന വാക്കിന് ഉപവാസം എന്ന വാക്കിനേക്കാൾ അർത്ഥവ്യാപ്തിയുണ്ടെന്ന് വരുന്നു. ഉപവാസം എന്ന വാക്കിന് കൂടെ (അടുത്ത്) ഇരിക്കുക (വസിക്കുക) എന്നാണർത്ഥം. ദൈവസാന്നിദ്ധ്യത്തിൽ വസിക്കുന്നതിന് നിരാഹാരവ്രതം ഒരു പ്രധാന ഉപാധിയായി കാണുന്നതുകൊണ്ട് ഉപവാസം നിരാഹാരവ്രതത്തിന് പര്യായമായിത്തീർന്നു. എന്നാൽ നോയമ്പ്; നിരാഹാരം, മിതാഹാരം, വർജ്ജനം തുടങ്ങിയ എല്ലാ വ്രതാനുഷ്ഠാനങ്ങൾക്കും കൂടി പറയാവുന്ന പദമാകുന്നു.

ഞാൻ സെമിനാരി വിദ്യാർത്ഥിയായിരിക്കുമ്പോൾ ഏതാണ്ട് കാൽ നൂറ്റാണ്ടിന് മുമ്പ്, മലങ്കര മൽപ്പാൻ ബഹു. എൻ. കെ. കോരുത് അച്ചൻ സുറിയാനി സഭാപിതാവായ ബാർ എബ്രായയുടെ (എ.ഡി. 1226-86) ഒരു

സൂക്തം നോമ്പാരംഭത്തിൽ വിദ്യാർത്ഥികളായ ഞങ്ങളെ ചൊല്ലിക്കേൾപ്പിക്കുമായിരുന്നു. “കാദ് കർസോ കാഫീൻ ഹൗനോ കാത്തീൻ” (ഉദരം ഉപവസിക്കുമ്പോൾ ബുദ്ധി സൂക്ഷ്മതയുള്ളതായിത്തീരുന്നു). അമിതാഹാരം ബുദ്ധിയുടെ സൂക്ഷ്മത നഷ്ടപ്പെടുത്തും എന്നു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. എന്നാൽ നിരാഹാരം ബുദ്ധിയെ സൂക്ഷ്മതയുള്ളതാക്കുന്നതെങ്ങനെ? ഉറക്കവും ബുദ്ധിപരമായ ഉത്സാഹക്കുറവും നോമ്പുകാലത്ത് അനുഭവപ്പെട്ടിരുന്നു. പ്രത്യേകിച്ചും ആദ്യ ദിവസങ്ങളിൽ. ക്രമേണ ഉപവാസത്തോട് ശരീരവും മനസ്സും പൊരുത്തപ്പെടുമ്പോൾ പ്രയാസം കുറഞ്ഞുവന്നിരുന്നു. എന്നാൽ ഉപവാസം കൊണ്ട് ബുദ്ധി സൂക്ഷ്മതയുള്ളതായിത്തീരും എന്ന വാക്യത്തിന്റെ ആഴമായ അർത്ഥം ഗ്രഹിക്കാൻ പിന്നെയും ഏറെക്കാലം വേണ്ടി വന്നു.

“ഉദരം എല്ലാ വികാരങ്ങളുടെയും ഇരിപ്പിടം” (Belly is the seat of all emotions) എന്ന് പഴമൊഴിയുണ്ട്. എന്തു ഭക്ഷണം എത്ര ഉപയോഗിക്കുന്നു എന്നുള്ളതും വൈകാരികനിലയും തമ്മിലുള്ള ബന്ധമാണ് ഈ പഴമൊഴി സൂചിപ്പിക്കുന്നത്. ഉദാഹരണമായി മാംസത്തിലും പയറുവർഗ്ഗങ്ങളിലും അടങ്ങിയിരിക്കുന്നത് മാംസ്യം എന്ന പോഷകമാണെങ്കിലും അവ ശരീരത്തിലും ശാരീരിക ചോദനകളിലും ഉളവാക്കുന്ന സ്വാധീനത്തിന് ഗുണപരമായ വ്യത്യാസമുണ്ട്. അതുകൊണ്ട് ദുർവികാരങ്ങളെ ജയിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ ഭക്ഷണ നിയന്ത്രണത്തിലൂടെ ഉദരത്തെ ചൊല്പടിക്കു നിർത്തണം. നോമ്പുകാലത്ത് മാംസം, മുട്ട, മത്സ്യം, ക്ഷീരോത്പന്നങ്ങൾ എന്നിവ വർജ്ജിക്കുക, ഉച്ച വരെയോ മൂന്നു മണി വരെയോ സന്ധ്യ വരെയോ അവനവന്റെ ശക്തിയും സാഹചര്യവും അനുസരിച്ച് ഉപവസിക്കുക. മിതാഹാരം ശീലിക്കുക. ഇങ്ങനെ നോമ്പു നോൽക്കുന്നതിന്റെ ഫലമായി ദുർവികാരങ്ങൾ കൊണ്ട് കലുഷമായി പോകുന്ന മനസ്സിനെയും ബുദ്ധിയേയും ശുദ്ധീകരിക്കാൻ കഴിയും. ശുദ്ധീകരണം കൊണ്ട് ബുദ്ധിക്ക് തെളിച്ചം ഉണ്ടായി നന്മതിന്മകളെ തരംതിരിച്ചറിയുവാനുള്ള സൂക്ഷ്മത പ്രാപിക്കുന്നു. ഇങ്ങനെയാണ് മുൻ ഉദ്ധരിച്ചിരിക്കുന്ന സുറിയാനി സൂക്തപ്രകാരം ഉപവാസം കൊണ്ട് ബുദ്ധി സൂക്ഷ്മതയുള്ളതായിത്തീരുക.

എന്ത് കഴിച്ചാലെന്ത്? മനസ്സ് ശുദ്ധമായാൽ പോരെ? എന്നു ചോദിക്കുന്നവരുണ്ട്. എന്തു ഭക്ഷണവും എത്രയും കഴിച്ച് ജീവിക്കുന്ന ഒരാൾക്ക് മനസ്സിനെയും ബോധത്തെയും തെളിമയിൽ നിലനിർത്താൻ കഴിയുകയില്ല. അതേസമയം തന്നെ മിതാഹാരം കൊണ്ടും നിരാഹാരം കൊണ്ടും മാത്രം മനസ്സിനെ ശുദ്ധീകരിക്കാം എന്നും കരുതേണ്ടതില്ല.

## വേദവായനയും പ്രാർത്ഥനയും

മനസ്സ് എന്ന വാക്കിന് മനനം ചെയ്യുന്നത് എന്നാണർത്ഥം. മനസ്സിന് എപ്പോഴും മനനത്തിന് വിഷയം വേണം; നല്ലതായാലും ചീത്തയായാലും. നോമ്പുകാലത്ത് വേദചിന്തകൾ മനനവിഷയമാക്കി മനസ്സിനെ ശുദ്ധീകരിക്കണം എന്ന് സഭ നിർദ്ദേശിക്കുന്നു. അതുകൊണ്ടത്രെ വലിയനോമ്പുകാലത്ത് ഓരോ യാമപ്രാർത്ഥനകൾക്കും പ്രത്യേകം വേദവായനകളും പ്രുമിയോൻ സെദ്റാകളും, പ്രത്യേക പ്രാർത്ഥനകളും ക്രമീകരിച്ചിരിക്കുന്നത്. നോമ്പിലെ ഓരോ ആഴ്ചയ്ക്കും നോമ്പിനു ചേരുന്ന ഓരോ ചിന്താവിഷയം നൽകി അതിന് അനുസരണമായി വേദവായനകളും പ്രാർത്ഥനകളും ക്രമീകരിച്ചിരിക്കുന്നു. ഗാനങ്ങൾക്കു പോലും നോമ്പുകാലത്തിന് യോജിക്കുന്ന രാഗരീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഉദാഹരണമായി "ഞങ്ങൾക്കുള്ള കർത്താവേ" (കർത്താവേ കൃപ ചെയ്യണമേ....) എന്ന സന്ധ്യാപ്രാർത്ഥനയിലെ ഗീതത്തിന് നോമ്പിൽ സ്വീകരിച്ചിരിക്കുന്ന രാഗം സാധാരണദിനങ്ങളിൽ ചൊല്ലുന്നതിൽ നിന്നും വ്യത്യസ്തമാണല്ലോ. ഇങ്ങനെ ഒരു പുതിയ അന്തരീക്ഷത്തിൽ മനോവ്യാപാരങ്ങളെ നിയന്ത്രിക്കുമ്പോൾ ഉപവാസം കൊണ്ടുള്ള ശാരീരിക ശിക്ഷണം ആന്തരീക ശുദ്ധീകരണത്തിന് സഹായകമായിത്തീരുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഉപവാസവും വേദചിന്തകളും ഒരുപോലെ പ്രധാനമാണ്, ബുദ്ധിയെ ശുദ്ധീകരിച്ച് തെളിയിച്ചെടുക്കുന്നതിൽ. ആന്തരം ശുദ്ധീകരിക്കപ്പെടുമ്പോൾ പ്രാർത്ഥന അനുഭവമുള്ളതായിത്തീരും. പ്രാർത്ഥനയിലൂടെ ദൈവസാന്നിദ്ധ്യത്തിന്റെ രുചി ആസ്വദിച്ചു കഴിഞ്ഞാൽ പഴയ അഭിരുചികൾ അകന്ന് ആത്മശരീര മനസ്സുകൾ പ്രകാശിച്ചു തുടങ്ങും.

## ഇന്ദ്രിയജയവും ദാനധർമ്മവും

ഉപവാസം, വേദവായന, പ്രാർത്ഥന ഇവകളിലൂടെ ഇന്ദ്രിയജയം ഉണ്ടാകും എന്നാണ് മുൻപറഞ്ഞതിനർത്ഥം. ഉപവാസം കൊണ്ടും വേദവായന കൊണ്ടും മനസ്സിനെയും ശരീരത്തെയും പാകമാക്കി പ്രാർത്ഥനയിലൂടെ നിരന്തരം ദൈവത്തെ അന്വേഷിക്കുമ്പോൾ ദൈവസാന്നിദ്ധ്യത്തിന്റെ രുചി അറിയും. അപ്പോൾ ലൗകികരസങ്ങളിൽ നിന്ന് ശരീരമനസ്സുകൾ നിവർത്തിതമാവും. ഇതാണ് ഇന്ദ്രിയജയം. നോമ്പുകാലത്ത് ദാനധർമ്മം ചെയ്യണമെന്ന് സഭ ഉപദേശിക്കുന്നു. നോമ്പിലൂടെ ലഭിക്കുന്ന ആദ്ധ്യാത്മികാനുഭവങ്ങൾ കപടമല്ലെന്നും യഥാർത്ഥമാണെന്നും തെളിയുക, സ്വാർത്ഥം നീങ്ങി സ്നേഹം നിറഞ്ഞ് ദാനധർമ്മങ്ങളിൽ ഏർപ്പെടുന്നതു മൂലമാണ്.

ഇങ്ങനെ, നോമ്പുകാലത്ത് അഞ്ചു കാര്യങ്ങൾ അനുഷ്ഠിക്കണം എന്ന് സഭ നിർദ്ദേശിക്കുന്നു. ഉപവാസം, വേദവായന, പ്രാർത്ഥന, ഇന്ദ്രിയജയം,

ദാനധർമ്മം. ഈ അഞ്ചു കാര്യങ്ങൾ നിഷ്ഠയോടെ നിലനിർത്തുന്ന ഒരാളിൽ താഴെ പറയുന്ന ഏഴു കാര്യങ്ങൾ ക്രമേണ വർദ്ധിച്ചു വരും. അനുതാപം, അനുരഞ്ജനം, പരിത്യാഗം, ശുദ്ധീകരണം, സമർപ്പണം, പുതുക്കം, രൂപാന്തരം. രൂപാന്തരത്തിലേക്കുള്ള വളർച്ചയുടെ ആദ്യപടിയാണ് അനുതാപം. ഹൃദയം അനുതാപം കൊണ്ടു നിറയുമ്പോൾ ദൈവത്തിൽ നിന്നും അകന്ന മനുഷ്യൻ ദൈവത്തോടും മനുഷ്യരോടും അടുത്ത് അനുരഞ്ജനത്തിലാവും. തിന്മയെ ത്യജിച്ച് ശുദ്ധീകരിച്ച് സ്വയം സമർപ്പിക്കുമ്പോൾ നിരന്തരം പുതുക്കം പ്രാപിച്ച് രൂപാന്തരത്തിലേക്ക് വളരും.

## രൂപാന്തരപ്പെടുവിൻ

രൂപാന്തരപ്പെടുവിൻ എന്നാണ് നോമ്പാരംഭത്തിൽ സഭ നമ്മളോട് ആവശ്യപ്പെടുന്നത്. കാനായിൽ നടന്നത് രൂപാന്തരമായിരുന്നു. സാധാരണ ജലത്തെ നിറവും മണവും രുചിയുമുള്ള വീഞ്ഞായി കർത്താവ് രൂപാന്തരപ്പെടുത്തി. സാധാരണക്കാരായ നമ്മെ ദൈവത്തിനും ലോകത്തിനും പ്രയോജനമുള്ളവരായി രൂപാന്തരപ്പെടുത്തുന്നതാണ് നോമ്പ്. വലിയ നോമ്പ് അവസാനിക്കുന്നത് ഉയിർപ്പു പെരുന്നാളിലാണല്ലോ. ജീർണ്ണതയും മർത്ത്യതയുമുള്ള മനുഷ്യർ തേജസ്സു ധരിച്ച് രൂപാന്തരപ്പെടും. ഈ ഉയിർപ്പിന്റെ തേജസ്സിലേക്ക് രൂപാന്തരപ്പെട്ടു വളരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഇതിനു പ്രത്യേക പരിശീലനം നേടുന്ന ഘട്ടമാണ് വലിയനോമ്പു കാലം.

# 10

# തീരണമേ ഞാൻ നിന്നുടെ കിന്നരമായ്

ജീവിതം ഒരു സംഗീതോപകരണത്തിന് തുല്യമാണ്. തന്ത്രികൾ (കമ്പികൾ) കൊണ്ടുണ്ടാക്കിയ വീണയോ കിന്നരമോ പോലെ. തന്ത്രികൾ എല്ലാം പാകത്തിനു മുറുകി ക്രമീകരിക്കപ്പെട്ടിരിക്കുമ്പോൾ അവയിലൂടെ വിരലോടിച്ച് മനോജ്ഞമായ ഗാനം ആവിഷ്ക്കരിക്കാം. വൈവിധ്യമാർന്ന അനേകം ഘടകങ്ങൾ ചേർന്നുവരുന്നതാണ് ജീവിതം. തനതായ ശക്തിയും ഭാവവുമുണ്ട് ഓരോന്നിനും. എന്നാൽ എല്ലാം കൂടി സമരസപ്പെട്ട് പാകത്തിന് ഇണങ്ങിച്ചേരുമ്പോൾ ജീവിതം താളലയ നിബദ്ധമായ സംഗീതമായിത്തീരുന്നു. ഏതെങ്കിലും ഒരു തന്ത്രി കൂടുതൽ അയഞ്ഞോ കൂടുതൽ മുറുകിയോ പോയാൽ താളഭംഗമുണ്ടാകും. ജീവിതം അവതാളമായി എന്നു നാം പറഞ്ഞുപോകാറുണ്ടല്ലോ. ആലസ്യവും അലംഭാവവും കൊണ്ട് കൂടുതൽ അയഞ്ഞോ വികാരവിക്ഷോഭങ്ങൾ കൊണ്ട് കൂടുതൽ മുറുകിയോ ജീവിതം വൃഥാവായിപ്പോകുന്ന നിമിഷങ്ങൾ വളരെയുണ്ട്. നമ്മുടെ കർത്താവിന് ഇമ്പമാർന്ന ഒരു പുതിയ ഗാനം ആലപിക്കാനാണ് നാം ഒരുങ്ങുന്നത്. എന്നാൽ നമ്മുടെ ജീവിതമാകുന്ന വീണയുടെ കമ്പികൾ കെട്ടിയും അഴിച്ചും സമയം കടന്നുപോവുന്നതേയുള്ളു. ജീവിതത്തിന്റെ ഈ ദുരവസ്ഥ മഹാകവി രവീന്ദ്രനാഥ ടാഗോർ ഗീതാഞ്ജലിയിലെ 13-ാം കീർത്തനത്തിന്റെ ആദ്യവരികളിൽ ഭംഗിയായി ആവിഷ്ക്കരിക്കുന്നുണ്ട്: “ഏതു പാട്ടു പാടുവാനായിട്ടാണോ ഞാൻ വന്നത്, അതിന്നുവരെ എനിക്കു പാടാൻ കഴിഞ്ഞിട്ടില്ല. അന്നു മുതൽ ഞാൻ എന്റെ വിപഞ്ചികയുടെ തന്ത്രികൾ കെട്ടുന്നു, അഴിക്കുന്നു, പിന്നെയും കെട്ടുന്നു.”

ഒരിക്കൽ കൂടുതൽ തണുത്തും മറ്റൊരിക്കൽ കൂടുതൽ തപിച്ചും പാഴായിപ്പോവുന്ന നമ്മുടെ പ്രകൃതത്തെ പാകമാക്കിയെടുക്കാൻ ആഴമായ അനുതാപം കൊണ്ടേ കഴിയൂ. ഇതിന് അനുകൂല സാഹചര്യം ഒരുക്കുന്നതാണ് വലിയനോമ്പു കാലത്തെ വ്രതാനുഷ്ഠാനങ്ങൾ. “സ്തുതി അനുതാപക്കാർ മുമ്പിൽ” എന്നു തുടങ്ങുന്ന അനുതാപത്തിന്റെ ഒരു ഗാനത്തിൽ മുൻപറഞ്ഞ ആശയങ്ങൾ വളരെ മനോഹരമായി ചേർത്തിണക്കിയിരിക്കുന്നതു കാണാം. ഭക്തന്റെ പ്രാർത്ഥന ഇങ്ങനെ സംക്ഷേപിക്കാം: “അനുതപിച്ച് അടുത്തു വരുന്നവരെ കരുണയുടെ വാതിൽ തുറന്നു സ്വീകരിക്കുന്ന നാഥാ! നിന്റെ കരങ്ങളിൽ ഒരു കിന്നരമായി ഞാൻ ഭവിക്കട്ടെ! അതിന്റെ തന്ത്രികളിലൂടെ നിന്റെ വിരലുകളോടി എന്റെ ജീവിതം മനോഹരമായ ഒരു ഗാനമായിത്തീരാൻ നിന്റെ നൽവരങ്ങൾ കൊണ്ട് എന്നെ അനുഗ്രഹിച്ചാലും!”

ഭാരതീയ വീണയ്ക്ക് ഏഴ് തന്ത്രികളേയുള്ളു. അതുകൊണ്ട് ഭാരതീയ ഭാഷകളിൽ വീണയ്ക്ക് "സപ്തതന്ത്രി" എന്ന പര്യായമുണ്ട്. എന്നാൽ വേദപുസ്തകത്തിലും സുറിയാനി ആരാധനാക്രമങ്ങളിലും വീണയ്ക്ക്-കിന്നരത്തിന് (നമ്മുടെ ആരാധനാക്രമങ്ങളിൽ കീത്തോറോ, കേനോറോ എന്നീ സുറിയാനി പദങ്ങൾ വീണ, കിന്നരം എന്നിങ്ങനെ തമ്മിൽ അർത്ഥ വ്യത്യാസം കൊടുക്കാതെയാണ് വിവർത്തനം ചെയ്തിരിക്കുന്നത്) പത്തു കമ്പികളുണ്ട്. അതുകൊണ്ട് അതിനെ "ദശതന്ത്രി" എന്നു വിളിക്കാം. "പത്തു കമ്പിയുള്ള വീണകൊണ്ട് അവന് സ്തുതി പാടുവിൻ" എന്നു സങ്കീർത്തനങ്ങൾ 33:2-ലും "നിന്നെ സ്തുതിക്കുവാനായി നിർമ്മിക്കപ്പെട്ട ഈ പത്തു കമ്പിയുള്ള കിന്നരത്തെക്കുറിച്ച് നിനക്ക് അനുകമ്പ തോന്നേണമേ" എന്നു പുരുഷന്മാരുടെ ശവസംസ്കാരം രണ്ടാം ശുശ്രൂഷയുടെ സെദ്റാ പ്രാർത്ഥനയിലും കാണാം. സുറിയാനി ആരാധനാപാരമ്പര്യത്തിൽ വീണയുടെ (കിന്നരത്തിന്റെ) പത്തു കമ്പികൾ മനുഷ്യന്റെ ബാഹ്യവും ആന്തരീയവുമായ പത്ത് ഇന്ദ്രിയങ്ങളോട് തുലനം ചെയ്തിട്ടുണ്ട്. അഞ്ച് ബാഹ്യേന്ദ്രിയങ്ങൾക്ക് കർമ്മേന്ദ്രിയങ്ങൾ എന്നും അഞ്ച് ആന്തരേന്ദ്രിയങ്ങൾക്ക് ജ്ഞാനേന്ദ്രിയങ്ങൾ എന്നും പറഞ്ഞിരിക്കുന്നു. ഉദാഹരണമായി കുമ്പസാരത്തിനുള്ള ഏറ്റുചൊല്ലു പ്രാർത്ഥനയിൽ ഇങ്ങനെ കാണുന്നു: "കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളുമായ ദശേന്ദ്രിയങ്ങൾ കൊണ്ടും ഞാൻ പാപം ചെയ്തിരിക്കുന്നു."

വലിയനോമ്പിൽ മൂന്നാം ആഴ്ച (തളർവാതക്കാരന്റെ ആഴ്ച) യിൽ വെള്ളിയാഴ്ച സന്ധ്യാപ്രാർത്ഥനയുടെ സെദ്റായിൽ (കൊത്തിനേ ആഴ്ചയിൽ ചൊവ്വാഴ്ച പ്രഭാത പ്രാർത്ഥനയുടെ സെദ്റായും നോക്കുക) കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും ഏവ എന്നും അവയുടെ പ്രവർത്തനങ്ങൾ എന്തെന്നും വിശദീകരിച്ചിട്ടുണ്ട്. കർമ്മേന്ദ്രിയങ്ങൾ കണ്ണ്, ചെവി, മൂക്ക്, വായ്, കൈകൾ (ത്വക്ക്) എന്നിവയും ജ്ഞാനേന്ദ്രിയങ്ങൾ ബോധം, ജ്ഞാനം, അന്തഃകരണം, ആലോചന, വിവേകം ഇവയുമാണ്. പരിപാകതയുള്ള കണ്ണ്, ദൈവവിളി അനുസരിക്കുന്ന കാത്, ദൈവകല്പനകളുടെ സുഗന്ധവാസന ശ്വസിക്കുന്ന ഘ്രാണം, ദൈവിക സ്തുതികൾ ഉച്ചരിക്കുന്ന വായ്, ദാനധർമ്മങ്ങൾക്കും സൽപ്രവൃത്തികൾക്കും നീട്ടിയിരിക്കുന്ന കൈകൾ എന്നിങ്ങനെ കർമ്മേന്ദ്രിയങ്ങളെ വിശേഷിപ്പിച്ചിരിക്കുന്നു. ജ്ഞാനേന്ദ്രിയങ്ങളിൽ ബോധം അപ്രത്യക്ഷമായവയെ കാണുന്നതും, ജ്ഞാനം സ്പർശിക്കാൻ പാടില്ലാത്തവയെ ഗ്രഹിക്കുന്നതും, അന്തഃകരണം കർതൃകൽപ്പനകളെ രുചിച്ചറിയുന്നതും, ആലോചന ദിവ്യതത്വങ്ങളെ കണ്ടുപിടിക്കുന്നതും, വിവേകം വിശുദ്ധ നിയമങ്ങളെ തിരിച്ചറിയുന്നതുമായിരിക്കണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. വീണയിലെ കമ്പികൾ എന്നപോലെ ദശേന്ദ്രിയങ്ങൾ ചേർന്നിണങ്ങി കർത്താവിനു സ്തുതി

പാടുവാൻ അനുഗ്രഹിക്കണമെന്ന് വലിയനോമ്പിലെ മുൻപറഞ്ഞ സെദ്റായിൽ ഭക്തൻ പ്രാർത്ഥിക്കുന്നു.

ബാഹ്യേന്ദ്രിയങ്ങളിലൂടെ വരുന്ന ചോദനകളും അവ ആന്തരേന്ദ്രിയങ്ങളിൽ ഉണർത്തിക്കൊണ്ടിരിക്കുന്ന സ്മരണകളും നിയന്ത്രിക്കാതെ ഏറിയപങ്കും മനുഷ്യർ ഇന്ദ്രിയങ്ങളെ ആസക്തികളിലേക്ക് തിരിച്ചുവിടുന്നു. ബാഹ്യേന്ദ്രിയങ്ങൾ ലൗകിക ചോദനകളിൽ വ്യാപരിക്കുന്നിടത്തോളം ആന്തരേന്ദ്രിയങ്ങൾ ലൗകിക സ്മരണകളിൽ നിന്ന് നിവർത്തിതമാവുകയില്ല. ഐന്ദ്രികാനുഭവങ്ങൾ പൂർണ്ണമെന്നും ആത്യന്തികമെന്നും ചിന്തിച്ച് വശായി മോഹവലയത്തിൽ കഴിയുകയാണ് മനുഷ്യർ. ഇക്കാണാറായ ലോകത്തിനും അനുഭവങ്ങൾക്കും അതീതമായി ഒരു ലോകവും അതിന്റെ അനുഭവങ്ങളുമുണ്ട്. ഈ അനന്തമായ 'സാധ്യത'യിലേക്ക് കടക്കാൻ കഴിയാതെ പോകുന്നത് ഇന്ദ്രിയങ്ങളിലൂടെ കടന്നുവന്ന് മനസ്സിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യം കൊണ്ടാണ്. മനോമാലിന്യം നീങ്ങി ഹൃദയം പരിശുദ്ധമായി തീരുമ്പോൾ ബോധമുണർന്ന് ആദ്ധ്യാത്മിക ലോകത്തിലെ രഹസ്യങ്ങൾ അറിയാറാവും. ദൈവിക സത്യങ്ങൾ തിരിച്ചറിയാനുള്ള ഉൾക്കാഴ്ചയുണ്ടാവും. ആത്മിക ശബ്ദങ്ങൾ കേൾക്കാനും ആത്മിക കാഴ്ചകൾ കാണാനും കഴിയും. ഈ അനുഭവത്തിലേക്ക് പ്രവേശിക്കുവാൻ കൃപ യാചിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ നമ്മുടെ ആരാധനാക്രമങ്ങളിലുണ്ട്. പ്രസക്തമായ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ: "ഞങ്ങളുടെ കർത്താവായ യേശുമശിഹാ, എന്റെ ബോധം ജ്ഞാനങ്ങളുടെ ഉറവയായിത്തീരാനും പുതിയ ലോകത്തിലെ രഹസ്യങ്ങൾ അതിനു വെളിപ്പെടാനും എന്നെ യോഗ്യനാക്കണമേ. ഞങ്ങളുടെ കർത്താവായ യേശുമശിഹാ, നിന്റെ ശുദ്ധിമാന്മാരുടെ ബോധത്തിനും ഈ സമയത്തു കേൾക്കപ്പെടാവുന്നതുമായ സംഗീതത്തെയും പുകഴ്ചയേയും കേൾപ്പാനും എനിക്ക് കൃപയരുളേണമേ. ഞങ്ങളുടെ കർത്താവായ യേശുമശിഹാ, പ്രാർത്ഥനാ സമയത്തു വെളിപ്പെടുന്ന അഗ്നിമയന്മാരായ മാലാഖമാരെ കാണുന്നതിനും അവരിൽനിന്നു വീശുന്ന സുഗന്ധവാസനയാൽ ആനന്ദിക്കുന്നതിനും നിന്റെ കൃപയാൽ എന്നെ യോഗ്യനാക്കേണമേ" (രഹസ്യപ്രാർത്ഥന: ഞായറാഴ്ച: പാതിരാത്രി, ഒന്നാം കൗമാ).

വലിയനോമ്പിലെ മൂന്നാം ആഴ്ചയെ തളർവാതക്കാരന്റെ ആഴ്ചയെന്നും നാലാം ആഴ്ചയെ ക്നാനായക്കാരിയുടെ ആഴ്ചയെന്നുമാണല്ലോ വിളിക്കുന്നത്. തളർവാതക്കാരന്റെ രോഗം കർത്താവ് സൗഖ്യമാക്കുന്നു. ക്നാനായക്കാരിയുടെ മകൾക്ക് പിശാചുബാധയിൽ നിന്നും മോചനം നൽകുന്നു. പാപവും പൈശാചികാധിപത്യവുമുള്ള പഴയ ലോകത്തിന്റെ സന്തതികളായാണ് തളർവാതക്കാരനേയും ക്നാനായക്കാ

രിയുടെ മകളേയും പ്രതീകാത്മകമായി സഭ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. നിവർന്നു നിൽക്കാൻ കെൽപ്പില്ലാതെ ഒരാൾ തളർന്നു കിടക്കുന്നു. പൈശാചികോപദ്രവം കൊണ്ട് മറ്റൊരാളുടെ ബുദ്ധിയുടെ സ്ഥിരത നഷ്ടപ്പെട്ടിരിക്കുന്നു. ഇരുവരും ശ്രുതിഭംഗം വന്നുപോയ ജീവിതത്തിനുടമകളത്രെ. ഇവർ ആധുനിക സമൂഹത്തെ ശക്തമായി പ്രതിനിധീകരിക്കുന്നുണ്ട്. ഇത്തരമൊരു സമൂഹത്തെ സൗഖ്യവും സ്വാസ്ഥ്യവുമുള്ള ഒരു പുതിയ ലോകത്തിലേക്ക് വഴി നടത്തുവാനുള്ള ഉപായമെന്ത്? പാപത്തിൽ നിന്നും പൈശാചികാധിപത്യത്തിൽ നിന്നും സ്വതന്ത്രരായി കർത്താവിന് ഒരു പുതിയ പാട്ടു പാടുവാൻ ഇന്ദ്രിയങ്ങളാകുന്ന തന്ത്രികളെ മെരുക്കി പാകമാക്കുക. അനാസക്തി, ഭക്തി എന്നിവ അഭ്യസിച്ച് തളർന്ന തന്ത്രികളെ ബലപ്പെടുത്തിയും പൊട്ടിപോകുമാറ് മുറുകിപ്പോയവയെ പാകതയിലേക്ക് തിരികെ കൊണ്ടുവന്നും സംഗീതജ്ഞന്റെ കരങ്ങളിൽ വാദ്യോപകരണം എന്നപോലെ കർതൃകരങ്ങളിൽ ജീവിതം സമർപ്പിക്കുക. മുൻപറഞ്ഞ വലിയനോമ്പിലെ പ്രാർത്ഥന (തളർവാതക്കാരന്റെ ആഴ്ച: വെള്ളിയാഴ്ച: സന്ധ്യയുടെ സെദ്റ) യിൽ നിന്ന് രണ്ടു വരികൾ ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കാം: “പരിശുദ്ധാത്മാവിന്റെ കൃപയിൽ ശാരീരികവും ആത്മികവുമായി പത്തു കമ്പിയുള്ള വീണയാൽ (ഞങ്ങൾ) നിന്റെ സന്നിധിയിൽ ദൈവികഗാനം പാടുമാറാകേണമേ.”

# 11

# കുരിശും തേജസ്സും

ഓശാന ഞായറാഴ്ച മുതൽ ഉയിർപ്പു ഞായറാഴ്ച വരെയുള്ള എട്ടു ദിനങ്ങൾ വലിയനോമ്പിലെ സുപ്രധാനമായ ഒരു ഘട്ടമാണ്. ഓശാന, പെസഹാ, ക്രൂശാരോഹണം, ഉയിർപ്പ് എന്നീ നാലു പെരുന്നാളുകൾ ഈ സന്ദർഭം ഒന്നുചേർന്നു വരുന്നു. ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച തുടങ്ങി ഉയിർപ്പ് പെരുന്നാളിൽ പര്യവസാനിക്കുന്ന ഒരാഴ്ചയെ പീഡാനുഭ വവാരം അല്ലെങ്കിൽ വിശുദ്ധവാരം എന്നു വിളിക്കുന്നു. നോമ്പ്, ഉപവാസം, വേദവായന, പ്രാർത്ഥന, വി. കുമ്പസാരം, വി. കുർബ്ബാനാനുഭവം എന്നിവ തീക്ഷ്ണതയോടെ ആചരിച്ച് സമ്പൂർണ്ണമായ പുതുക്കവും സമർപ്പണവും കൈവരിക്കാനുള്ള അവസരമാണിത്.

മണവാളനായി കാത്തിരിക്കുന്ന മണവാട്ടിയെന്നപോലെ നാം ഒരുങ്ങി ശുദ്ധീകരിച്ചു നമ്മുടെ നാഥനായ കർത്താവിനായി കാത്തിരിക്കണം. കർത്താവിനോടൊപ്പം സ്വർഗ്ഗരാജ്യത്തിലെ കല്യാണവിരുന്നിലേക്കും നിത്യ മണവറയിലേക്കും പ്രവേശിക്കണം. നോമ്പിലെ ഒരു സുപ്രധാനമായ ആഹ്വാനമാണിത്. നോമ്പാരംഭത്തിലും അവസാനത്തിലും കല്യാണവിരുന്നിന്റെ ഉപമകളും പ്രതീകങ്ങളും ഉപയോഗിച്ച് സഭ ഈ ദൂത് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. കാനായിലെ കല്യാണവിരുന്നിൽ നടന്ന അതിശയം നോമ്പിലെ ആദ്യ ഞായറാഴ്ച ക്രമീകരിച്ചിരിക്കുന്നതിന്റെ ഒരു പ്രധാന ഉദ്ദേശ്യം ഈ ആശയം നമ്മെ പഠിപ്പിക്കുക എന്നതാണ്. കർത്താവിനെ സ്വീകരിക്കാൻ നോമ്പും ഉപവാസവും വ്രതവും അനുഷ്ഠിച്ച് നാം കാത്തിരിക്കണം. നോമ്പ് എന്ന മലയാള പദത്തിന്റെ ഒരർത്ഥം വ്രതാനുഷ്ഠാനങ്ങളോടെ കാത്തിരിക്കുക എന്നാണല്ലോ. സാധാരണ ജലം വിശേഷതയുള്ള വീഞ്ഞായി തീർന്നതുപോലെ പരിശുദ്ധവും സ്വീകാര്യവുമായ ജീവിതത്തിലേക്ക് നാം രൂപാന്തരപ്പെട്ട് വളരണം. വലിയ നോമ്പിലെ സുപ്രധാനമായ ലക്ഷ്യം ഇതാകുന്നു എന്നു വിളിച്ചറിയിക്കുന്നതാണ് കൊത്തിനേ ഞായറാഴ്ച സന്ധ്യയുടെ പ്രാരംഭ പ്രാർത്ഥന. പ്രസക്തമായ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ: “തന്റെ കല്യാണവിരുന്നിന് സകലജാതികളേയും ക്ഷണിക്കുകയും ചെയ്ത വിരുന്നുകാരനായ കർത്താവേ, സന്തോഷകരമായ നിന്റെ മണവറയിലേക്കും അർത്ഥസമ്പൂർണ്ണമായ നിന്റെ പെസഹായ്ക്കും നിന്റെ കൃപയാൽ ഞങ്ങളെല്ലാവരേയും ക്ഷണിക്കേണമേ.” ഇത് വലിയനോമ്പ് മുഴുവനും വേണ്ടിയുള്ള ആമുഖ പ്രാർത്ഥനയാണ്.

ഇതേ പ്രമേയം തന്നെ പീഡാനുഭവവാരം മുഴുവനും തിങ്കളാഴ്ചയിലെ പ്രാർത്ഥനയിൽ പ്രത്യേകിച്ചും പ്രതിഫലിക്കുന്നുണ്ട്. തിങ്കളാഴ്ച രാത്രി രണ്ടാം കൗമ്മായുടെ പ്രാർത്ഥനയ്ക്കുശേഷം "വാദെ ദൽമീനോ" എന്നൊരു ശുശ്രൂഷ ക്രമീകരിച്ചിട്ടുണ്ട് (ഇത് മലങ്കരസഭയിൽ അപൂർവ്വമായേ നടത്തി വരുന്നുള്ളു). വി. മത്തായി 25:1-13 വരെ ഭാഗത്തുള്ള പത്തു കന്യകമാരുടെ ഉപമ ആവിഷ്കരിച്ചുകൊണ്ടുള്ളതാണ് ഈ ശുശ്രൂഷ. കൂടാതെ തിങ്കളാഴ്ചയുടെ തന്നെ രാത്രി നാലാം കൗമ്മായുടെ പ്രുമിയോൻ-സെദ്റാകൾക്ക് നൽകിയിരിക്കുന്ന തലക്കെട്ട് "പത്ത് കന്യക മാരെക്കുറിച്ച്" എന്നാണ്. പ്രുമിയോൻ പ്രാർത്ഥനയിൽ ഇങ്ങനെ കാണുന്നു: "കർത്താവേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ നീതിയാകുന്ന എണ്ണയാൽ ഞങ്ങളുടെ ദീപയഷ്ടികൾ പ്രകാശിച്ചു കൊണ്ട് നിന്റെ ഭയങ്കരവരവിന്റെ എതിരേൽപ്പിന് പുറപ്പെടുവാനും നിന്റെ വിശുദ്ധന്മാരുടെ ഗണങ്ങളുമായി പ്രകാശം നിറഞ്ഞിരിക്കുന്ന മണവറയി ലേക്ക് നിന്നോടു കൂടെ പ്രവേശിക്കുവാനും ഞങ്ങളെ യോഗ്യരാക്കേ ണമേ."

വിവാഹാഘോഷങ്ങളും വിരുന്നുകളും വിലക്കി മറ്റൊരു വിരുന്നിലേക്ക് സഭ നമ്മെ ക്ഷണിക്കുന്നു. സ്വർഗ്ഗീയ വിരുന്നും മണവറയുമാണത്. നമ്മുടെ കർത്താവ് രണ്ടാമതും വരും. അവനെ സ്വീകരിക്കുവാൻ കാത്തി രിക്കുന്ന സമൂഹം പുതിയലോകത്തിന്റെ സൗന്ദര്യം നുകരുവാൻ ഈ ലോകത്തിന്റെ രസവും രുചിയും വിട്ട് നോമ്പും വ്രതവും സ്വയമേവ അനുഷ്ഠിക്കണം.

നോമ്പിന്റെ പകുതിയിൽ ദേവാലയമധ്യത്തിൽ നാട്ടിയ കുരിശ് പീഡാ നുഭവവാരത്തിന്റെ തുടക്കത്തിൽ വി. മദ്ബഹായ്ക്ക് മറയിട്ട് മുമ്പിൽ പ്രതി ഷ്ഠിക്കുന്നു. ഒരാഴ്ച മുഴുവൻ ശ്രദ്ധയും ഭക്തിയും ക്രൂശിനോടാവണം. അതായത് ക്രൂശിതനും മരണത്തെ വെന്നവനുമായ ക്രിസ്തുവിനോടാ വണം. വിശുദ്ധവാരത്തിൽ കർത്താവിന്റെ ക്രൂശിന്റെ സന്നിധിയിൽ അണ യുന്ന ഭക്തന്റെ മനസ്സിൽ കർത്താവിന്റെ മൂന്നു ചിത്രങ്ങളാണ് തെളിഞ്ഞു വരിക.

1. കഴുതയുടെ പുറത്ത് എഴുന്നള്ളുന്ന കർത്താവ്.

2. ശിരസ്സിൽ മുൾകിരീടം ചൂടിയ, ക്രൂശു വഹിച്ചുകൊണ്ട് ഗോൽഗോഥാ യിലേക്ക് പോകുന്ന, ക്രൂശിൽ മൂന്നാണിമേൽ കിടക്കുന്ന കർത്താവ്.

3. കബറിൽ നിന്ന് തേജോമയനായി ഉയിർത്തെഴുന്നേൽക്കുന്ന കർ ത്താവ്.

യേശുവിലൂടെ ദൈവം നൽകുന്ന രക്ഷയുടെ മർമ്മം വെളിവാക്കുന്ന

തിന് ശക്തമായവയാണ് ഈ മൂന്നു ചിത്രങ്ങളും. രക്ഷയെ സംബന്ധിച്ച പുതിയൊരു സങ്കല്പം കർത്താവ് ലോകത്തിനു നൽകുകയായിരുന്നു.

രക്ഷ ആരു നൽകും എന്ന ചോദ്യത്തിന് യഹൂദൻ നൽകുന്ന ഉത്തരം യഹോവ എന്നായിരിക്കും. ആരിലൂടെ? ഉത്തരം: യഹോവയുടെ അഭി ഷിക്തനിലൂടെ. എങ്ങനെ? ഉത്തരം: യഹോവയുടെ അഭിഷിക്തൻ ശക്തനും പ്രതാപവാനുമായ രാജാവായി വന്ന് ഞങ്ങളെ രക്ഷിക്കും. ഈ മാനദണ്ഡങ്ങൾ വച്ച് യേശു രക്ഷകനാകാൻ കഴിയുന്നതെങ്ങനെ? അതു കൊണ്ട് ക്രൂശ് യഹൂദർക്ക് ഇടർച്ചയും ജാതികൾക്ക് ഭോഷത്വവുമായിത്തീർന്നു. യേശുരാജാവ് കുതിരയ്ക്ക് പകരം കഴുതയെ വാഹനമായി തെരഞ്ഞെടുത്തിരിക്കുന്നു. രാജകീയ കിരീടത്തിനു പകരം മുൾക്കിരീടവും സിംഹാസനത്തിനു പകരം പരിത്യാഗത്തിന്റെ ക്രൂശും സ്വീകരിച്ചിരിക്കുന്നു. സ്വയം യാഗമായി ഹോമിച്ച് മരണം വരിച്ച് പുനരുത്ഥാനത്തിന്റെ തേജസ്സു ധരിച്ചിരിക്കുന്നു. കഴുതപ്പുറത്ത് കയറിവരുന്ന രാജാവ് വിനയാന്വിതനും സമാധാനപ്രിയനുമാണ്. പോരും പ്രതാപവും അവന്റെ പ്രമാണമല്ല. കിരീടവും സിംഹാസനവും അധികാരത്തിന്റെയും മേൽക്കോയ്മയുടെയും ചിഹ്നമാണ്. മുൾക്കിരീടവും ക്രൂശും പരിത്യാഗവും ആത്മാർപ്പണവുമാണ് കാണിക്കുക. ക്രൂശ് വെളിപ്പെടുത്തുന്ന ക്രിസ്തുവിലുള്ള രക്ഷയുടെ മറ്റൊരു പ്രധാനപ്പെട്ട മർമ്മം പുനരുത്ഥാനത്തിന്റെ തേജസ്സിന്റെ പ്രകാശം പോരാട്ടത്തിന്റെയും പീഡനത്തിന്റെയും മങ്ങിയ പശ്ചാത്തലത്തിലേ വെളിവാകുന്നുള്ളു എന്നതാണ്. പോരാട്ടവും പീഡയും ഒഴിവാക്കാനുള്ള ശ്രമം പുനരുത്ഥാനത്തിന്റെ തേജസ്സിന് മങ്ങലേൽപ്പിക്കും. അവ ഒഴിവാക്കുകയല്ല അഭിമുഖീകരിച്ച് അതിജീവിക്കുകയാണ് തേജസ്സിലേക്കുള്ള വഴിയെന്ന് ക്രൂശ് നമ്മെ പഠിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ മുൻപറഞ്ഞ മൂന്നു ചിത്രങ്ങൾ നമ്മുടെ ഹൃദയത്തിൽ ആഴമായി പതിയുന്നതിന് മതിയായ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശുദ്ധവാരത്തിൽ സഭ ക്രമീകരിച്ചിട്ടുണ്ട്. പ്രസംഗങ്ങളിലൂടെയും യുക്തിവിചാരങ്ങളിലൂടെയും ബോധപൂർവ്വം ഗ്രഹിക്കുന്നതിലും ശക്തവും ആഴവുമായ ഒരു പ്രബോധനരീതിയാണ് ആദികാലം മുതൽ സഭ സ്വീകരിച്ചിരിക്കുന്നത്. വിശുദ്ധവാരത്തിലെ പ്രദക്ഷിണങ്ങൾ തന്നെ ഉദാഹരണമായെടുക്കാം. കയ്യിൽ കുരുത്തോലകൾ പിടിച്ച് പൂക്കൾ വിതറി ഓശാന പാടി യേശുവിനെ സ്വീകരിച്ചുകൊണ്ടുള്ള പുറപ്പാടാണ് ഓശാന ഞായറാഴ്ചയിലെ പ്രദക്ഷിണം. വസന്തകാലം ആരംഭിക്കുന്ന കാലത്താണ് ഓശാനപ്പെരുന്നാൾ. ശീതകാലം മുഴുവൻ നാമ്പു നീട്ടാതെ നിന്ന വൃക്ഷത്തലപ്പുകൾ വസന്താരംഭത്തിൽ ഇല വിടർത്തി പുഷ്പിച്ചു തുടങ്ങി. മ്ലാനത മാറി പ്രകൃതി പ്രസന്നമായി. ഈ ഋതുമാറ്റം തന്നെ ഒരു പുതുപ്രത്യാശ വിളിച്ചറിയിക്കുകയാണ്. ഈ പുത്തൻ പ്രത്യാശയുടെ

പ്രതീകമായി കുരുത്തുവന്ന കുരുന്നോലകളും (കുരുത്തോലകളും) പുഷ്പങ്ങളും എടുത്ത്, പുതിയ പ്രത്യാശ നൽകി നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന കർത്താവിനെ 'കർത്താവേ, രക്ഷിക്കേണമേ' എന്നർത്ഥമുള്ള ഓശാന പാടി നാം സ്വീകരിക്കുന്നു. ഇതോടൊപ്പം മറ്റൊരു പ്രത്യാശ നാം പുതുക്കുക കൂടി ചെയ്യുന്നു. കർത്താവിന്റെ സന്നിധിയിൽ വെള്ള നിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലകളുമായി നിന്ന് കർത്താവിനെ സ്തുതിക്കുന്ന സ്വർഗ്ഗീയ സഭയിൽ (വെളി. 7:9) കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാമും ചേരും എന്ന പ്രത്യാശയാണത്. ദുഃഖവെള്ളിയാഴ്ച കുരിശുമേന്തി നടക്കുന്ന പ്രദക്ഷിണത്തിൽ യേശുവിനോടൊപ്പം നാമും ഗോൽഗോഥായിലേക്ക് അനുയാത്ര ചെയ്യുകയാണ്. യേശുവിന്റെ പീഡാനുഭവത്തിൽ ഉള്ളുനീറി വിലപിക്കുന്ന വി. മാതാവിന്റെ വാക്കുകളാണ് ഈ പ്രദക്ഷിണത്തിൽ നാം ആലപിക്കുന്നത്. വി. മാതാവ് സഭയുടെ പ്രതിനിധിയും പ്രതീകവുമാണ്. മാതാവിന്റെ വേദന നമ്മുടെ വേദനയാണ്. നമ്മുടെ രക്ഷയ്ക്കായി താഴ്മ ധരിച്ച് പീഡനമേറ്റ് ക്രൂശു വഹിച്ച കർത്താവിനെ വീണ്ടും നാം അഭിമുഖീകരിക്കുകയും ജീവിതത്തിലേക്ക് സ്വീകരിക്കുകയുമാണ്. യേശുവിന്റെ പുനരുത്ഥാനത്തിന്റെ ആദ്യ സാക്ഷിയാണ് മഗ്ദലന മറിയം. കർത്താവിന്റെ ഒഴിഞ്ഞ കല്ലറ കണ്ട് ദുഃഖിതയായ അവൾക്ക് കർത്താവ് വെളിപ്പെടുന്നു. ഉയിർപ്പു പെരുന്നാളിലെ പ്രദക്ഷിണത്തിലൂടെ പുനരുത്ഥാനം ചെയ്ത കർത്താവിനെ കണ്ടുമുട്ടുവാൻ നാമും പുറപ്പെടുകയാണ്. ഉൽഘടമായ അഭിവാഞ്ഛയോടെ മണവാട്ടി മണവാളനായി ഒരുങ്ങി കാത്തിരിക്കുന്നതുപോലെ. ആര് അവനെ അന്വേഷിക്കുമോ അവർക്ക് ഇന്നും യേശുവിനെ കണ്ടെത്താനും അഭിമുഖീകരിക്കാനും കഴിയും.

## 12

# പുനരുത്ഥാനത്തിന്റെ പുതുക്കത്തിലേക്ക്

### ഉയിർപ്പുകാലം

ഉയിർപ്പു ഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ച വരെയുള്ള സഭയുടെ ആരാധനാകാലത്തെ 'ഉയിർപ്പുകാലം' (ക്യംതാ കാലം) എന്നു വിളിക്കുന്നു. ഏഴ് ആഴ്ചകൾ ഉള്ള ഈ കാലം ആരാധനാവർഷത്തിൽ നാലാമത്തേതാണ്. വലിയനോമ്പു കാലം നോമ്പു നോറ്റും ഉപവസിച്ചും പ്രാർത്ഥിച്ചും അനുതാപത്തിന്റെ കണ്ണുനീർകൊണ്ട് ജീവിതം ശുദ്ധീകരിച്ചും ദൈവസന്നിധിയിലേക്ക് തിരികെ വരുന്നതിനുള്ള സന്ദർഭമായിരുന്നു; പാപത്തെയും പിശാചിനെയും ജയിക്കുന്നതിന് ആത്മതപനം ചെയ്ത് സാഷ്ടാംഗം പ്രണമിച്ച് ദൈവത്തോട് കൃപ യാചിക്കുന്നതിനുള്ള കാലമായിരുന്നു. എന്നാൽ ഉയിർപ്പുപെരുന്നാൾ മുതലുള്ള അമ്പതു ദിനങ്ങൾ പാപത്തെയും പിശാചിനേയും ജയിച്ച് പോരാട്ടം തികച്ച സന്തോഷത്തിന്റെ ദിനങ്ങൾ അത്രെ. ആയതിനാൽ ഈ ദിവസങ്ങളിൽ അനുതാപത്തിന്റെ കുമ്പിടീൽ ആവശ്യമില്ല എന്ന് സഭ നിശ്ചയിച്ചിരിക്കുന്നു. ഉയിർപ്പുകാലത്ത് കുമ്പിടീൽ പാടില്ല എന്ന് നിഖ്യാ സുന്നഹദോസിന്റെ (എ.ഡി. 325) നിശ്ചയങ്ങളിലാണ് (20-ാം കാനോൻ) ആദ്യമായി കാണാൻ കഴിയുക. എന്നാൽ ഈ നിയമം പുതുതല്ല. രണ്ടാം നൂറ്റാണ്ടു മുതൽക്കേ നിലവിലുണ്ടായിരുന്ന പാരമ്പര്യം ആദ്യത്തെ സാർവ്വത്രിക സുന്നഹദോസ് ഊന്നിപ്പറയുന്നു എന്നു മാത്രം.

### വെണ്മയുടെ ആഴ്ച

ഉയിർപ്പു പെരുന്നാളിനു ശേഷമുള്ള ഒരാഴ്ചയെ 'വെണ്മയുടെ ആഴ്ച' (ഹേവോറോ ആഴ്ച) എന്നു വിളിക്കുന്നു. 'ഹേവോറോ' എന്ന സുറിയാനി പദത്തിന് 'വെണ്മ', 'ധവളിമ' എന്നാണർത്ഥം. വെണ്മയുടെ ധവളിമ അല്ലെങ്കിൽ വിശുദ്ധിയുടെ പ്രകാശം എന്നിങ്ങനെ ഈ പദത്തെ വിവരിച്ചു പറയാം. ഉയിർപ്പു ഞായറാഴ്ച മുതൽ പുതുഞായറാഴ്ച വരെയുള്ള എട്ടു ദിവസങ്ങൾ ഉയിർപ്പുദിനങ്ങളായി ആദിമസഭ ആചരിച്ചു വന്നിരുന്നു. പെസഹാപ്പെരുന്നാളിനോടു ചേർന്നുള്ള പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ഒരാഴ്ച ആചരിച്ചു വന്നിരുന്നു എന്നത് ഈ ആചരണത്തിന് പശ്ചാത്തലമായി കാണാം. മാത്രമല്ല യോഹന്നാന്റെ സുവിശേഷത്തിൽ ഉയിർപ്പുദിവസവും പിന്നീട് എട്ടാം ദിവസവും ഉയിർത്തെഴുന്നേറ്റ

കർത്താവ് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത്, എട്ടു ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഉയിർപ്പു പെരുന്നാൾ ആചരണത്തിന് അടിസ്ഥാനമായി കാണാവുന്നതാണ്.

ആദിമസഭയിൽ പുനരുത്ഥാനപ്പെരുന്നാൾ ദിവസം പുതുതായി സഭയിൽ ചേരുന്നവർക്ക് മാമോദീസാ നൽകിയിരുന്നു. സ്നാനം ഏറ്റശേഷം അവരെ വിശുദ്ധിയുടെ വെണ്മയുടെ ശുഭ്രവസ്ത്രം ധരിപ്പിച്ചിരുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ തേജസ്സിൽ മാമോദീസായിലൂടെ പങ്കാളികളാവുന്നു എന്നതിന്റെ സൂചനയാണിത്. ഈ ശുഭ്രവസ്ത്രം അവർ ഒരാഴ്ച ധരിക്കുന്ന പതിവാണുണ്ടായിരുന്നത്. ഈ ദിനത്തിൽ അവർക്ക് സഭയുടെ വിശുദ്ധ കൂദാശകളുടെ പൊരുൾ വ്യാഖ്യാനിച്ചു കൊടുക്കുന്നതിനുള്ള ക്രമീകരണം സഭയിലുണ്ടായിരുന്നു. നാലാം നൂറ്റാണ്ടിൽ സഭയിൽ ഇങ്ങനെ സഭയുടെ വി. കൂദാശകളെ സംബന്ധിച്ച പ്രഭാഷണങ്ങൾ നടത്തിയിരുന്ന പിതാവാണ് യറുശലേമിലെ വി. കൂറിലോസ് (എ.ഡി. 351–398).

## പുതുഞായറാഴ്ച

പുനരുത്ഥാനം ചെയ്ത കർത്താവിനെ കലാകാരൻ ചിത്രീകരിക്കുന്നത് തേജോരൂപിയായിട്ടാണ്. പുനരുത്ഥാനത്തിന്റെ പ്രകാശം കർത്താവിനെ വലയം ചെയ്തിരുന്നു. പുനരുത്ഥാനത്തിന്റെ വെണ്മയും പ്രകാശവും എടുത്തുകാട്ടാൻ കലാകാരൻ തൂവൽ കറുത്ത ചായത്തിൽ മുക്കി ചിത്രത്തിന് ഇരുണ്ട പശ്ചാത്തലം കൊടുക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിന്റെയും സാഹചര്യങ്ങളിൽ കർത്താവിന്റെ ഉയിർപ്പിന്റെ പ്രകാശത്തിന് പ്രാധാന്യം ഏറെയുണ്ട്. പാപത്തിൽ നിന്ന് വീണ്ടെടുപ്പിലേക്കും, അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും, മരണത്തിൽനിന്ന് ജീവനിലേക്കും, ദാസ്യത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കും, നിരാശയിൽനിന്ന് പ്രത്യാശയിലേക്കും, പഴക്കത്തിൽനിന്ന് പുതുക്കത്തിലേക്കുമുള്ള മനുഷ്യരാശിയുടെയും പ്രപഞ്ചത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന് നാന്ദിയും നിമിത്തവുമാണ് കർത്താവിന്റെ പുനരുത്ഥാനം.

കർത്താവിന്റെ ഉയിർപ്പു കഴിഞ്ഞ് വരുന്ന ഞായറാഴ്ചയെ 'പുതുഞായറാഴ്ച' എന്നു വിളിക്കുന്നു. ആദ്യം (പുതുതായി) വരുന്നത് എന്ന അർത്ഥത്തിലാവാം അതിന് പുതു ഞായറാഴ്ച എന്ന പേരു ലഭിച്ചത്. എന്നാൽ കുറേക്കൂടി ആഴമായ അർത്ഥം ഇതിനുണ്ട്. മനുഷ്യനും പ്രപഞ്ചത്തിനും നൽകുന്ന പുതുക്കം എന്ന ആശയം ഇവിടെ മുന്തിനിൽക്കുന്നു. കർത്താവിന്റെ പുനരുത്ഥാനം പാപത്താൽ കറപിടിച്ച് പഴകി ജീർണ്ണപ്രായമായ സൃഷ്ടിക്ക് പുനരുത്ഥാനത്തിന്റെ തേജസ്സു നൽകി

പുതിയ സൃഷ്ടിയാക്കിത്തീർത്തു. നിരാശ നിറഞ്ഞ ശിഷ്യന്മാരുടെ ഹൃദയത്തിൽ പ്രത്യാശയുടെ പുതുവെളിച്ചം തെളിഞ്ഞു. പുനരുത്ഥാന ദിവസവും എട്ടുനാൾ കഴിഞ്ഞും ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്ന സന്ദർഭങ്ങളിൽ “നിങ്ങൾക്ക് സമാധാനം” എന്നു കർത്താവ് പറയുമ്പോൾ ആ വചനത്തിന് ഒരു പുതിയ അർത്ഥവും പ്രസക്തിയും നാം കണ്ടെത്തുന്നു.

## ഭൂമുഖത്തെ പുതുക്കുന്ന പുതുദിനം

ആഴ്ചവട്ടത്തിന്റെ ആദ്യ ദിനമാണ് ഞായറാഴ്ച. അന്നാണ് കർത്താവ് പുനരുത്ഥാനം ചെയ്തത്. ആഴ്ചവട്ടത്തിൽ ഏഴാം ദിനമായ ശാബത് ആണ് പഴയനിയമസഭയുടെ ആരാധനാദിനം. അന്ന് ദൈവം സൃഷ്ടികർമ്മം തികച്ച് വിശ്രമിച്ച ദിവസമായിരുന്നു. എന്നാൽ കർത്താവ് ആരംഭിച്ച പുതിയ സഭയ്ക്ക് ഒരു പുതിയ ആരാധനയുടെ ക്രമം ഉണ്ടായി. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കർത്താവ് പുനരുത്ഥാനം ചെയ്ത് തന്നിലൂടെ സമസ്ത സൃഷ്ടിയേയും പുതുക്കി പുതുസൃഷ്ടിയാക്കിത്തീർത്തു. അതുകൊണ്ട് അന്ന് പുതിയനിയമ സഭയുടെ പ്രധാന ആരാധനാദിനമായി പരിണമിച്ചു.

പുനരുത്ഥാനം കഴിഞ്ഞ് എട്ടാംനാൾ കർത്താവ് വീണ്ടും ശിഷ്യന്മാർക്ക് പ്രത്യക്ഷനാവുന്നു (യോഹ. 20:26). ഈ എട്ടാംനാൾ ആഴ്ചവട്ടത്തിൽ ഒന്നാം ദിനം തന്നെയാണ്. എന്നാൽ എട്ടാംനാൾ (എട്ടു ദിവസം കഴിഞ്ഞ്) ശിഷ്യർക്ക് വീണ്ടും പ്രത്യക്ഷപ്പെട്ടു എന്നു പറയുന്നതിന് വിപുലമായൊരർത്ഥം സഭ നൽകുന്നുണ്ട്. അത് താഴെ പറയുംവിധം വിവരിക്കാം. ഏഴ് ദിവസങ്ങൾ ഉള്ള ആഴ്ചവട്ടം കാലഗണനയുടെ ഒരു മാനം (അളവ്) ആണ്. കാലവും കാലഗണനയും ഈ ലോകത്തിന് മാത്രമേ പ്രസക്തമാവുന്നുള്ളു. ‘എട്ടാംനാൾ’ ഇഹലോകകാലത്തിന്റെ പരിധിക്ക് അപ്പുറത്തേക്ക് പോവുന്നതാണ്; പരലോകകാലത്തെ സൂചിപ്പിക്കുന്നതാണ്; നിത്യതയാണ്; രാപകലുകളും ഉഷസ്സന്ധ്യകളുമില്ലാതെ നിത്യസൂര്യശോഭയുടെ പുതുയുഗമാണ്. പുതുഞായറാഴ്ചയാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു എട്ടാംനാൾ വീണ്ടും ശിഷ്യർക്ക് പ്രത്യക്ഷനായി എന്നു പറയുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ മഹത്വപ്രത്യക്ഷതയിലേക്ക് വിരൽ ചൂണ്ടുന്നതായി ആ സംഭവത്തെ സഭ കാണുന്നു. ഈ ആശയം വളരെ സുന്ദരമായി പുതുഞായറാഴ്ചയുടെ ഒരു പ്രാർത്ഥനയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: “അപ്പോൾ ഇഹത്തിലെ ഏഴെന്നുള്ളത് നീങ്ങിപ്പോകും. ആയത് എട്ടെന്നുള്ള പുതിയ ദിവസമാകും. അത് രാവും പകലുമെന്നില്ലാത്തതും സന്ധ്യയും ഉഷസ്സും ചേരാത്തതുമായ ആദ്യത്തേതും അവസാനത്തേതുമായ ഏകദിവസമായിരിക്കും. അന്ന് മറ്റൊരു നിത്യസൂര്യശോഭയുണ്ടായിരിക്കും.... പാപവിനാശകരമായ പുതുക്കത്താൽ

മരണം എന്നേക്കുമായി നശിക്കുന്ന ആദ്യവും അന്ത്യവുമായ ദിവസത്തിൽ നിന്റെ വിശുദ്ധന്മാരുടെ ഭാഗ്യകരമായ പുതുക്കത്തിന് ഞങ്ങളെ യോഗ്യരാക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു... ഞങ്ങളും മുമ്പെ തന്നെ ശരീരം വിട്ടുപോയ ഞങ്ങളുടെ മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും ഗുരുക്കന്മാരും പുതിയവരായി എഴുന്നേറ്റ് നീ ഭൂമുഖത്തെ പുതുക്കുന്ന നവനാളിൽ നിനക്കും നീ മൂലം നിന്നോടു കൂടി നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും പുതിയ സ്തുതി പാടുവാൻ ഞങ്ങൾ യോഗ്യരാകേണമേ." അങ്ങനെ പുതുഞായറാഴ്ച പ്രകൃതാർത്ഥത്തിൽ ഉയിർപ്പു കഴിഞ്ഞുവരുന്ന പുതിയ (ആദ്യ) ഞായറാഴ്ചയാണ്. വിശേഷാർത്ഥത്തിൽ പുതുഞായറാഴ്ച കർത്താവ് ശിഷ്യർക്ക് വീണ്ടും പ്രത്യക്ഷപ്പെടുന്നതുകൊണ്ട് അത് കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ സൂചനയും സകല മാനവജാതിയും കർത്താവിന്റെ പുനരുത്ഥാനത്തിന്റെ പുതുക്കത്തിൽ പങ്കാളികളായി തേജസ്സു ധരിച്ച് പുനരുത്ഥാനം ചെയ്യും എന്നതിന്റെ അച്ചാരവുമാണ്.

### കർത്തൃദിവസം

മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആഴ്ചവട്ടത്തിന്റെ 'ഒന്നാംനാൾ' അല്ലെങ്കിൽ സാധാരണ വ്യവഹാരകാലഗണനയിൽപെട്ട ആഴ്ചയുടെ ഒന്നാം നാൾ നിത്യതയുടെ ഗണനയിൽ വരുന്ന എട്ടാം നാളിന്റെ പ്രസക്തി ഉൾക്കൊള്ളുകയാണ്. എല്ലാ ഞായറാഴ്ചയും പുനരുത്ഥാനപ്പെരുന്നാൾ ആണ്. ചരിത്രത്തിൽ സംഭവിച്ചു കഴിഞ്ഞ കർത്താവിന്റെ പുനരുത്ഥാനം നാം അനുസ്മരിക്കുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിൽ സകല മനുഷ്യർക്കും ഉണ്ടാകാനുള്ള വലിയ പുനരുത്ഥാനത്തിന്റെ പ്രത്യാശ നാം പുതുക്കുക കൂടി ചെയ്യുന്നു. ഈ മഹത്തായ ആശയം ഞായറാഴ്ചയ്ക്ക് 'കർത്തൃദിവസം' എന്ന പേരു ലഭിച്ചതിൽ നിന്നും മനസ്സിലാക്കാം. പഴയ നിയമത്തിൽ 'കർത്താവിന്റെ ദിവസം' (Day of the Lord-Yahweh) അന്ത്യ ന്യായവിധിയുടെ ദിവസമാണ് (യെശ. 2:12; ആമോസ് 5:18; മലാഖി 4:5).

പുതിയനിയമത്തിൽ കർത്താവായ യേശുവിന്റെ രണ്ടാമത്തെ പ്രത്യക്ഷതയുടെ നാൾ ആണ് 'കർത്താവിന്റെ ദിവസം' (1 കൊരി. 5:5, 2 കൊരി. 1:14, 1 തെസ്സ. 5:2, 2 പത്രോ. 3:10). എന്നാൽ വെളിപാടു പുസ്തകം 1:10-ൽ 'കർത്തൃ ദിവസം' (The Lord's Day) എന്ന് ഉപയോഗിച്ചിരിക്കുന്നത് ഞായറാഴ്ചയെ ഉദ്ദേശിച്ചാണെന്ന് സന്ദർഭം കൊണ്ട് മനസ്സിലാക്കാം. മാത്രമല്ല ഒന്നാം നൂറ്റാണ്ടിൽ തന്നെ രൂപംകൊണ്ട 'ഡിഡാക്കെ' എന്ന പുരാതന ക്രിസ്തീയ ഗ്രന്ഥത്തിൽ (14-ാം ഖണ്ഡിക) ഞായറാഴ്ചയ്ക്ക് കർത്തൃ ദിനം എന്നു പേരു നൽകിയിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ജീവിച്ചിരുന്ന അന്ത്യോഖ്യയിലെ വി. ഇഗ്നാത്തിയോസും (മഗ്നീഷ്യർക്കെ

ഴുതിയ ലേഖനം 9) ഞായറാഴ്ചയെ കർത്തൃദിനം എന്നു വിളിച്ചിരിക്കുന്നു.

ചുരുക്കത്തിൽ ഞായറാഴ്ച (കർത്താവിന്റെ ദിവസം) ഒരേ സമയം കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ഓർമ്മയും കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിപ്പാനുള്ള വലിയ പുനരുത്ഥാനത്തിന്റെ പ്രത്യാശയും പുതുക്കുന്ന ദിനമാകുന്നു. ഓരോ ഞായറാഴ്ചയും കർത്തൃമേശയ്ക്ക് ചുറ്റും വന്നു നിന്ന് വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ കർത്താവിന്റെ മരണവും പുനരുത്ഥാനവും മാത്രമല്ല രണ്ടാമത്തെ വരവും നാം ഓർക്കുന്നു. "ഞങ്ങളുടെ കർത്താവേ! നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കിപാർക്കയും ചെയ്യുന്നു. നിന്റെ ആനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെമേലും ഉണ്ടായിരിക്കണമേ."

# 13

# പരിശുദ്ധാത്മാവേ, പ്രകാശിപ്പിക്കേണമേ!

ദൈവപുത്രൻ മനുഷ്യനായിത്തീർന്നത് പരിശുദ്ധാത്മാവിനെ നമുക്ക് നൽകാനായിരുന്നു എന്ന് പൗരസ്ത്യ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. കാര്യസ്ഥനും ആശ്വാസപ്രദനുമായ പരിശുദ്ധാത്മാവ് എന്നും നമ്മോടൊപ്പം വസിച്ച് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയും നമ്മെ വഴിനടത്തുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിനെ സഭയ്ക്ക് വരദാനമായി നൽകുന്ന അതിപ്രധാനമായ പെന്തിക്കോസ്തി സംഭവത്തെ ക്രിസ്തു സംഭവവുമായി ബന്ധിപ്പിച്ച് പിതാക്കന്മാർ കാണുകയും സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് സുപ്രധാനമായ സ്ഥാനം കൽപ്പിക്കുകയും ചെയ്തിരിക്കുന്നു.

പെന്തിക്കോസ്തി എന്ന വാക്കിന്റെ അർത്ഥം 'അമ്പതാമത്തേത്' എന്നാണല്ലോ. ഉയിർപ്പു പെരുന്നാൾ കഴിഞ്ഞ് അമ്പതാം ദിവസം പെന്തിക്കോസ്തിപ്പെരുന്നാൾ ആണ്. യഹൂദർക്ക് പെസഹാ കഴിഞ്ഞ് അമ്പതാം ദിവസം പെന്തിക്കോസ്തിപ്പെരുന്നാൾ ആയിരുന്നു. പഴയനിയമ കാലത്ത് പെന്തിക്കോസ്തി, 'കൊയ്ത്തുപെരുന്നാൾ' (പുറ. 23:16) അത്രെ. വാരോത്സവം (പുറ. 34:22, ആവ. 16:10) എന്നും ആദ്യഫലപ്പെരുന്നാൾ (പുറ. 34:22, സംഖ്യ 28:26) എന്നും ഇതിനെ വിളിച്ചിരുന്നു. കർത്താവിന്റെ കാലമാകുമ്പോഴേക്കും യഹോവ യിസ്രായേലിനോട് ചെയ്ത ഉടമ്പടി പുതുക്കുന്ന പെരുന്നാളായി പെന്തിക്കോസ്തി രൂപാന്തരപ്പെട്ടു. ഉടമ്പടിയിൽ നിലനിൽക്കുന്നതിന് നിയാമകമായ പ്രമാണമാണ് സീനായ് മലയിൽ വച്ച് മോശ മുഖാന്തിരം നൽകിയ ന്യായപ്രമാണം (നിയമം). ആയതിനാൽ, ദൈവം മോശയിലൂടെ ന്യായപ്രമാണം നൽകിയതിന്റെ ഓർമ്മ പുതുക്കുന്നതിന്റെ പെരുന്നാളായും പെന്തിക്കോസ്തിക്ക് പ്രാധാന്യം ലഭിച്ചു. പുതിയനിയമത്തിൽ പെന്തിക്കോസ്തിക്ക് പുതിയ ഒരു അർത്ഥം കൈവന്നിട്ടുണ്ട്. ക്രിസ്തുവിലൂടെ സംസ്ഥാപിതമായ പുതിയ ഉടമ്പടിയിൽ നിലനിൽക്കാൻ ദൈവമക്കൾക്ക് പ്രമാണമായി ലഭിച്ചത് ഒരു പുതിയ ന്യായപ്രമാണമല്ല. പരിശുദ്ധ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനെത്തന്നെ ആയിരുന്നു. നിയമത്തിന് (ന്യായപ്രമാണത്തിന്) വിധി നിഷേധങ്ങളിലൂടെ പുറമേ നിന്ന് മനുഷ്യന് നിർദ്ദേശങ്ങൾ നൽകാനേ നിർവാഹമുള്ളു. എന്നാൽ പരിശുദ്ധാത്മാവ് ഉള്ളിൽ നിവസിച്ച് ദൈവമക്കളെ നിരന്തരം ശുദ്ധീകരണത്തിലേക്കും

പ്രകാശത്തിലേക്കും തേജസ്സിലേക്കും വഴി നടത്തുന്നു. പരിശുദ്ധാത്മാവിന്റെ നിവാസവും നടത്തിപ്പും നമ്മിൽ പുതുക്കുന്നതിന് പ്രാർത്ഥിക്കുകയാണ് കാത്തിരിപ്പു കാലത്തിൽ.

### പരിശുദ്ധാത്മാവെന്ന അഗ്നിയും ദീപവും

പരിശുദ്ധാത്മാവിനെ അഗ്നിയായും ദീപമായും വേദപുസ്തകത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. അഗ്നിയും ദീപവും അന്ധകാരത്തെ അകറ്റി ചുറ്റും ഒരു തേജോവലയം സൃഷ്ടിക്കുന്നു. പരിശുദ്ധാത്മാവ് നിവസിക്കുന്ന വ്യക്തി വിശുദ്ധിയും പ്രകാശവും സ്വീകരിച്ച് ദൈവതേജസ്സു ധരിക്കുന്നു. പരിശുദ്ധാത്മാവാം ദൈവം അഗ്നിയായി, ദീപമായി നമ്മിൽ നിവസിച്ച് തേജസ്സിലേക്ക് നടത്താൻ പരിശുദ്ധാത്മാവിനോട് നാം പ്രത്യേകം കാത്തിരിപ്പു നാളുകളിൽ പ്രാർത്ഥിക്കുന്നു.

### പരിശുദ്ധാത്മാവാകുന്ന അഗ്നി

ക്രിസ്തു നൽകുന്ന സ്നാനത്തെപ്പറ്റി യോഹന്നാൻ സ്നാപകൻ നൽകുന്ന സാക്ഷ്യം പരിശുദ്ധാത്മാവിനെ അഗ്നിയായി കാണുന്നതിന് ഉദാഹരണമാണ്: “അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കും'' (മത്തായി. 3:11, ലൂക്കോ. 3:16). ഇവിടെ അഗ്നിയും ആത്മാവും ഒന്നു തന്നെ. വേദപുസ്തക ഭാഷകളിൽ (സംസ്കൃതത്തിലും) ആത്മാവ് എന്ന പദത്തിന് കാറ്റ് എന്ന് അർത്ഥമുണ്ട്. പരിശുദ്ധാത്മാവ് അഗ്നിയുടെ കാറ്റാണ്. വിശുദ്ധ സ്നാനത്തിൽ അഗ്നിക്കാറ്റായി വന്ന് പരിശുദ്ധാത്മാവ് സഭയെ അഭിഷേകം ചെയ്യുന്നു.

പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ച് പുതിയ സഭ പിറന്നു. പെന്തിക്കോസ്തി നാളിൽ സഭ മുഴുവനും മാളികയിൽ സമ്മേളിച്ചിരിക്കുകയായിരുന്നു. “പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതു പോലെ” അവർക്ക് അനുഭവപ്പെട്ടു. “അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി...” (അപ്പോ. 2:1-3). ഇവിടെ അഗ്നി കൊടിയ കാറ്റായി വന്ന് ആദിമസഭയുടെ മേൽ പതിയുകയായിരുന്നു.

### പരിശുദ്ധാത്മാവാകുന്ന ദീപം

അഗ്നിയുടെ തന്നെ മറ്റൊരു രൂപമാണ് ദീപം. അഗ്നി, ദീപം കൂടിയാണല്ലോ. വിളക്കായി പരിശുദ്ധാത്മാവ് വെളിച്ചം നൽകുന്നു. സഖര്യാ പ്രവാചകനുണ്ടായ ദർശനത്തിൽ രണ്ടു ഒലിവുമരങ്ങളുടെ നടുവിൽ ജ്വലിച്ചു നില്ക്കുന്ന ഏഴു വിളക്കുകൾ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്.

“ഇത് എന്താകുന്നു” എന്ന ചോദ്യത്തിന് ദൂതൻ നൽകുന്ന ഉത്തരം ശ്രദ്ധേയമാണ്. “സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” (സഖ. 4:6). ദേവാലയ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വിലങ്ങടിച്ചു നിൽക്കുന്ന പ്രതികൂലതയുടെ കുന്ന് സമഭൂമിയായിത്തീരും. “കൃപ, കൃപ” എന്ന ആർപ്പോടെ ആണിക്കല്ലു കയറ്റുവാൻ യഹോവയുടെ അഭിഷിക്തനായ സെരുബ്ബാബേലിന് ശക്തി ലഭിക്കും (4:7). യറുശലേം ദേവാലയത്തിന്റെ നടുവിൽ സ്ഥാപിതമായിരിക്കുന്ന ഏഴു ശാഖകളുള്ള വിളക്ക് ദൈവ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു. ദൈവസാന്നിധ്യം ദൈവജനത്തിന് വെളിച്ചമായി പകർന്നുകൊടുക്കുന്നത് പരിശുദ്ധാത്മാവായ ദീപമാണ്. ദൈവ സാന്നിദ്ധ്യം ദൈവത്തിന്റെ രക്ഷാകരമായ സാന്നിധ്യമാണ്. ഇതിലേക്ക് ദൈവമക്കളെ വഴിനടത്തുന്നത് പരിശുദ്ധാത്മാവാകുന്ന വിളക്കത്രെ. സഭ പണിയപ്പെടുന്നതിനും നിലനിൽക്കുന്നതിനും പരിശുദ്ധാത്മാവാകുന്ന വെളിച്ചം വേണം.

പരിശുദ്ധാത്മാവിനെ ദീപമായിക്കാണുന്ന പല സന്ദർഭങ്ങളും പുതിയ നിയമത്തിലുണ്ട്. വിശുദ്ധ യോഹന്നാനുണ്ടായ വെളിപാടിൽ “ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ഏഴ് ദീപങ്ങൾ” പിതാവാം ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (വെളി. 4:5). ഇവിടെ “ഏഴ്” എന്ന സംഖ്യ പൂർണ്ണതയെ കുറിക്കുന്നു. പരിശുദ്ധാത്മാവിന്റെ പൂർണ്ണ സാന്നിദ്ധ്യം സൂചിതമായിരിക്കുന്നു. പരിശുദ്ധാത്മാവിനെ വിളക്കായി ചിത്രീകരിക്കുമ്പോൾ ദേവാലയത്തിലെ ഏഴു ശാഖകളുള്ള വിളക്ക് പശ്ചാത്തലത്തിൽ ഉണ്ട്. ഏഴ് ശാഖകൾ ഉണ്ടെങ്കിലും അത് ഒരു വിളക്ക് തന്നെയാണല്ലോ. ചുറ്റും നിറഞ്ഞ് പ്രകാശിക്കുന്ന ദീപസമാനം പരിശുദ്ധാത്മാവിന്റെ സാന്നിധ്യം പിതാവാംദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചു നിൽക്കുന്നു.

രണ്ടു ഭാഗങ്ങളിൽ പരിശുദ്ധാത്മാവിനെ ദീപമായി വിശുദ്ധ പൗലോസ് സങ്കൽപ്പിക്കുന്നുണ്ട്. 1. തെസ്സ 5:9-ൽ “ആത്മാവിനെ കെടുക്കരുത്” എന്ന് പറഞ്ഞിരിക്കുന്നു. ഈ പരിഭാഷ മൂലത്തിലെ അർത്ഥം വേണ്ടവണ്ണം സംവേദിക്കുന്നില്ല. “കെടുക്കരുത്” എന്ന പദത്തിന് സമാനമായി മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിന് “ഊതിക്കെടുത്തുക” (Put out, extinguish) എന്നാണർത്ഥം. “ആത്മാവിനെ ഊതിക്കെടുത്തരുത്” എന്ന് പരിഭാഷപ്പെടുത്തണം. ആത്മാവാകുന്ന ദീപത്തെ ഊതിക്കെടുത്താതെ ജ്വലിച്ചു പ്രകാശിക്കുവാൻ അനുവദിക്കണം എന്നാണ് പൗലോസ് നൽകുന്ന പ്രബോധനത്തിന്റെ പൊരുൾ. 2 തിമോ. 1:6-ൽ വി. പൗലോസ് തീമോത്തിയോസിനെ പ്രബോധിപ്പിക്കുന്നു: ‘‘എന്റെ

കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കണം." കൈവെയ്പ്പിലൂടെ ലഭിച്ച പരിശുദ്ധാത്മാവിന്റെ കൃപാവരത്തെ ക്കുറിച്ചാണ് ഇവിടെ ഉദ്ദേശിക്കുന്നതെന്ന് തുടർന്നു വരുന്ന വാക്യത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. "ജ്വലിപ്പിക്കണം" എന്ന പദത്തിന് മൂലഭാഷ യിലുള്ള വാക്കിനു പിമ്പിലുള്ള സങ്കൽപം, മങ്ങിത്തുടങ്ങുന്ന ദീപം എണ്ണ പകർന്ന് വീണ്ടും ജ്വലിപ്പിച്ചു നിർത്തണം എന്നത്രെ. ഇവിടെയും പരിശുദ്ധാത്മാവിനെ ദീപമായി സങ്കല്പിച്ചിരിക്കുന്നു.

## തേജസ്സിന്റെ ആത്മാവ്

1 പത്രോ. 4:14-ൽ "മഹത്വത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ വസിക്കുന്നു" എന്ന് പറഞ്ഞിരിക്കുന്നു. ഇവിടെ 'മഹത്വം' എന്നതിനേക്കാൾ ഉത്തമം 'തേജസ്സ്" എന്ന പരിഭാഷയത്രെ. ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ അഭൗമികമായ തേജസ്സ് അവനെ വലയം ചെയ്തിരുന്നു. എന്നാൽ പാപം ചെയ്തപ്പോൾ തേജസ്സു നഷ്ടമാ യിത്തീർന്നു. വീണ്ടും മനുഷ്യകുലത്തെ തേജസ്സിലേക്ക് നടത്തുന്ന പുതി യനിയമത്തിന്റെ ശുശ്രൂഷയുടെ മുഖ്യപരികർമ്മി പരിശുദ്ധാത്മാവത്രെ. പഴയനിയമ ശുശ്രൂഷയ്ക്ക് തേജസ്സ് ഉണ്ടായിരുന്നു. മോശയുടെ മുഖത്തു തെളിഞ്ഞ തേജസ്സ് നിയമത്തിന്റെ ശുശ്രൂഷയുടെ തേജസ്സ് ആയിരുന്നു. എന്നാൽ ആത്മാവിന്റെ ശുശ്രൂഷയുടെ ഫലമായി മനുഷ്യരാശിക്ക് നൽക പ്പെടുന്ന തേജസ്സിന്റെ അനുഭവം നിയമത്തിന്റെ ശുശ്രൂഷ നൽകുന്ന തേജ സ്സുമായി തട്ടിച്ചുനോക്കുവാൻ പോലും കഴിയാതെവണ്ണം അത്രയ്ക്ക് ശ്രേഷ്ഠമത്രെ (2 കൊരി. 3:11). പാപത്താൽ തേജസ്സു നഷ്ടപ്പെട്ട മനുഷ്യ രാശിയെ ദൈവതേജസ്സിലേക്ക് നയിക്കുന്ന പുതിയനിയമത്തിന്റെ നടത്തിപ്പുകാരനായ പരിശുദ്ധാത്മാവിന് 'തേജസ്സിന്റെ ആത്മാവ്' എന്ന വിശേഷണം യുക്തമായിരിക്കുന്നു.

## പരിശുദ്ധാത്മ നിറവിലേക്ക്

അഗ്നി, ദീപം, തേജസ്സ് ഇവ മൂന്നും പരസ്പരം ബന്ധമുള്ള പദങ്ങ ളത്രെ. അഗ്നി, ദീപമായും തേജസ്സായും കാണുന്നു. അഗ്നി ശുദ്ധീകരി ക്കുന്നു. അശുദ്ധിയിൽ നിന്നുള്ള ശുദ്ധീകരണം എന്ന ആശയമാണ് അഗ്നിയോടു ചേർന്നുവരുന്നത്. അന്ധകാരം അകറ്റുന്ന പ്രകാശം എന്ന ആശയം ദീപത്തോടു ചേർന്നും വരുന്നു. ശുദ്ധീകരണവും വെളിച്ചവും ലഭിച്ച വ്യക്തിയെ വലയം ചെയ്യുന്നതാണ് തേജസ്സ്. പരിശുദ്ധാത്മാവ് നമ്മെ ശുദ്ധീകരിച്ച് പ്രകാശിപ്പിച്ച് തേജസ്സണിയിക്കുന്നു.

സ്നാനത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ച നാം ഇനിയും പരിശു ദ്ധാത്മ നിറവിനായി കാത്തിരിക്കണമോ? അശുദ്ധി കടന്നുകൂടാനുള്ള

സാധ്യത ലോകത്തിലായിരിക്കുന്നിടത്തോളം നമുക്കുണ്ട്. അശുദ്ധി പരിശുദ്ധാത്മാവിനെ അകറ്റും. ശുദ്ധീകരണത്തിൽ വളരുന്തോറും പരിശുദ്ധാത്മ സാന്നിദ്ധ്യം നിറഞ്ഞു വരും. പരിശുദ്ധാത്മ നിറവിൽ നിലനിൽക്കുവാൻ നാം നിരന്തരം പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും വേണം.

"ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ" എന്ന് സങ്കീർത്തനക്കാരനോടൊപ്പം (51:10) നാമും പ്രാർത്ഥിച്ച് പരിശുദ്ധാത്മ നിറവിനായി കാത്തിരിക്കാം.

# 14

# പരിശുദ്ധാത്മാവേ വരണമേ!

ആരാധനാവർഷത്തിൽ അഞ്ചാമത്തേതായ പെന്തിക്കോസ്തിക്കാലം, പെന്തിക്കോസ്തി പെരുന്നാളിൽ തുടങ്ങി ശ്ലീഹാപ്പെരുന്നാളിൽ അവസാനിക്കുന്നു. എന്നാൽ പെന്തിക്കോസ്തിക്കാലത്തിന് സാധാരണയായി ഏഴ് ആഴ്ചകൾ കാണുകയില്ല. 1996-ൽ അഞ്ച് ആഴ്ചകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. 1997-ൽ ആറ് ആഴ്ചകൾ ഉണ്ടായിരുന്നു. 1998-ൽ നാല് ആഴ്ചകൾ ആണുള്ളത്. പെന്തിക്കോസ്തിപ്പെരുന്നാൾ ഉയിർപ്പുപെരുന്നാളിനെ ആശ്രയിച്ചുവരുന്ന അനിശ്ചിത (നിശ്ചിത തീയതിപ്രകാരമല്ലാത്ത) പെരുന്നാളും ശ്ലീഹാപ്പെരുന്നാൾ നിശ്ചിത (നിശ്ചിത തീയതിപ്രകാരമുള്ള-ജൂൺ 29/30) പെരുന്നാളും ആയതുകൊണ്ടാണ് ഇങ്ങനെ വ്യത്യാസം വരുന്നത്. പരിശുദ്ധാത്മാവിന്റെ വിവിധ പ്രവർത്തനങ്ങൾ ആണ് പെന്തിക്കോസ്തിക്കാലത്തെ മുഖ്യ ചിന്താവിഷയം.

## പരിശുദ്ധാത്മാവിന്റെ മൂന്നു പ്രവർത്തന തലങ്ങൾ

പെന്തിക്കോസ്തിപ്പെരുന്നാളിലും പെന്തിക്കോസ്തിക്കാലത്തുമുള്ള പ്രാർത്ഥനകളിലൂടെയും വേദവായനകളിലൂടെയും ഊന്നിപ്പറയുന്ന സംഗതികൾ സമാഹരിക്കുമ്പോൾ സഭയിൽ പരിശുദ്ധാത്മ പ്രവർത്തനങ്ങൾക്ക് മൂന്നു തലങ്ങൾ ഉണ്ടെന്നു കാണാം: (1) സഭാംഗങ്ങളുടെ ജീവിതത്തിൽ (2) സഭയുടെ വിശുദ്ധ രഹസ്യങ്ങളിൽ (3) സഭയുടെ സാക്ഷ്യനിർവ്വഹണത്തിൽ.

### 1. സഭാംഗങ്ങളുടെ ജീവിതത്തിൽ

പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളായ അഗ്നി, ദീപം എന്നിവയിലൂടെ ലഭിക്കുന്ന മുഖ്യമായ ആശയങ്ങൾ മുമ്പ് സൂചിപ്പിക്കുകയുണ്ടായി. അഗ്നി, ദീപം എന്നീ പ്രതീകങ്ങളിലൂടെ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട ആശയങ്ങളെ മൂന്നു വാക്കുകളിൽ സംക്ഷേപിക്കാൻ കഴിയും. വിശുദ്ധി, പ്രകാശം, തേജസ്സ്. പരിശുദ്ധാത്മാവ് അഗ്നിയായി, ദീപമായി സഭാംഗങ്ങളെ നിരന്തരം ശുദ്ധീകരിക്കുകയും പ്രകാശിപ്പിക്കുകയും തേജസ്ക്കരിക്കുകയും ചെയ്യുന്നു. ശുദ്ധീകരണം (Purification), പ്രകാശനം (Illumination) എന്നീ ശ്രേണികളിലൂടെ തേജസ്ക്കരണത്തിന്റെ (glorification) പരമോന്നത നിലയിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നിരന്തരം വഴി നടത്തുന്നു.

പെന്തിക്കോസ്തിപ്പെരുന്നാളിലെ പ്രാർത്ഥനകളിൽ പരിശുദ്ധാത്മാ

വിനെ പ്രകാശമായും പ്രകാശദാതാവായും ചിത്രീകരിക്കുന്ന ധാരാളം സന്ദർഭങ്ങൾ ഉണ്ട്. ഒരു പ്രാർത്ഥനയിൽ പരിശുദ്ധാത്മാവിനെ 'ദൈവത്വത്തിലെ മൂന്നാമത്തെ പ്രകാശം' എന്ന് വിളിക്കുന്നു (ഒന്നാം ശുശ്രൂഷ, സെദ്റാ). ദൈവപുത്രനെക്കുറിച്ച് "പ്രകാശത്തിൽ നിന്നുള്ള പ്രകാശം" എന്ന് നിഖ്യാ വിശ്വാസപ്രമാണത്തിൽ വിശേഷിപ്പിച്ചിട്ടുണ്ടല്ലോ. പരിശുദ്ധാത്മാവിനേയും പ്രകാശമായി കാണുകയാണിവിടെ. "പരിശുദ്ധാത്മാവ് പ്രകാശവും പ്രകാശദാതാവുമാകുന്നു" എന്ന് മറ്റൊരു പ്രാർത്ഥനയിൽ വിവരിക്കുന്നുണ്ട് (മൂന്നാം ശുശ്രൂഷ, സെദ്റാ). പരിശുദ്ധാത്മാവ് പ്രകാശമായി വന്ന് അന്ധകാരം നീക്കി പ്രകാശത്തിന്റെ പുതുജീവനിലേക്ക് നമ്മെ പ്രകാശിപ്പിക്കുന്നു. അശുദ്ധി, അറിവില്ലായ്മ, അസ്ഥിരത, അധൈര്യം, അനൈക്യം എന്നിവ അന്ധകാരത്തിന്റെ കെട്ടുകൾ അത്രെ. വിശുദ്ധി, അറിവ്, സ്ഥിരത, ധൈര്യം, ഐക്യം എന്നിവ പ്രകാശത്തിന്റെ അനുഭവങ്ങളാകുന്നു. പ്രകാശത്തിന്റെ നിറവിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നു.

അശുദ്ധി അന്ധകാരമാണ്; വിശുദ്ധി വെളിച്ചവും. എവിടെ അശുദ്ധിയുണ്ടോ അവിടെ - വ്യക്തിയിലാവട്ടെ, ഭവനത്തിലാവട്ടെ, സഭയിലാവട്ടെ - അന്ധകാരം വ്യാപരിക്കുന്നു. പരിശുദ്ധാത്മാവാകുന്ന അഗ്നി ഹൃദയങ്ങളെ ശുദ്ധീകരിച്ച് വിശുദ്ധിയുടെ വെളിച്ചം കൊണ്ടു നിറയ്ക്കും. അറിവില്ലായ്മയും ഇരുട്ടു തന്നെ. നന്മയും തിന്മയും സത്യവും അസത്യവും ധർമ്മവും അധർമ്മവും ശരിയും തെറ്റും തമ്മിൽ തരംതിരിച്ചറിയുന്ന വിവേകത്തിന്റെ വെളിച്ചം എവിടെ നഷ്ടമായിരിക്കുന്നുവോ അവിടെ അറിവില്ലായ്മയുടെ ഇരുട്ട് പരക്കുന്നു. പരിശുദ്ധാത്മ നിറവുള്ള വ്യക്തിയിൽ വിവേകത്തിന്റെ വെളിച്ചം ഉണ്ട്. "ആത്മികനോ സകലത്തെയും വിവേചിക്കുന്നു" എന്ന് പരിശുദ്ധനായ പൗലോസ് അപ്പോസ്തോലൻ (1 കൊരി. 2:15) പറയുന്നുണ്ടല്ലോ. പരിശുദ്ധാത്മ പ്രകാശത്തിൽ നിന്ന് അകന്നിരിക്കുമ്പോൾ നാം അസ്ഥിരതയുടെ അന്ധകാരത്തിലായിപ്പോവുന്നു. പൈശാചിക പ്രലോഭനങ്ങൾക്ക് വശംവദരായി മോദങ്ങളിൽ ഉഴറി അലയുന്നതുകൊണ്ടും ലോകമോഹങ്ങളിൽ മനസ്സൂന്നിയിരിക്കുന്നതുകൊണ്ടും ഇന്ദ്രിയപരമായ വിഷയങ്ങൾ ശക്തമായ ആകർഷണങ്ങളായി നിലനിൽക്കുന്നതുകൊണ്ടുമാണ് നാമിന്നും അസ്ഥിരതയുടെ അന്ധകാരത്തിൽ കഴിയേണ്ടി വരുന്നത്. സ്ഥായിയും അനശ്വരവും സമ്പൂർണ്ണവും നിറവുമുള്ള ജീവിതത്തിന്റെ യഥാർത്ഥവഴി കണ്ടെത്തി സ്ഥിരതയിൽ മുന്നോട്ടു നീങ്ങാൻ പരിശുദ്ധാത്മ പ്രകാശം വേണം. ഇതുകൊണ്ടാണ് സങ്കീർത്തനക്കാരൻ (51:10) "സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ" എന്നു പ്രാർത്ഥിക്കുന്നത്. ഭയാശങ്കകൾ ജീവിതത്തെ നിർവീര്യമാക്കി അധൈര്യത്തിന്റെ ഇരുൾ പരത്തും. ഉന്നതസ്ഥാനീയരും വിദ്യാ

സമ്പന്നരുമായ ആളുകൾപോലും അടിസ്ഥാനരഹിതമായ ഭയാശങ്കക ൾക്ക് അടിമകളാണെന്നു കാണാം. അന്യോന്യം വിശ്വാസമർപ്പിക്കാതെ അസൂയയും വിദ്വേഷവും നിറച്ച് ജീവിതം പാഴാക്കി കളയുന്ന ധാരാളം ആളുകൾ ഉണ്ട്. ജീവിതത്തെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കു വാനുള്ള ധൈര്യം പകർന്നുതരുന്ന പ്രകാശമാണ് പരിശുദ്ധാത്മാവ്. പെന്തിക്കോസ്തി നാളിൽ ഭാഷകളുടെ വേലിക്കെട്ടുകൾ പൊളിഞ്ഞ് ഒരാൾ പറയുന്നത് മറ്റേയാൾക്ക് മനസ്സിലാവുന്ന, അത്ഭുതം നടന്നു. ഇന്നു ഹൃദയങ്ങൾക്കിടയിൽ പണിതുയർത്തിയിരിക്കുന്ന ഭിന്നതയുടെ ഭിത്തി കൾ ബന്ധങ്ങൾക്ക് വിള്ളലുകൾ ഉണ്ടാക്കിയിരിക്കുന്നു. ഭവനത്തിന്റെ നാലു ഭിത്തികൾക്കുള്ളിൽ തന്നെ കഴിയുന്നെങ്കിലും ഭർത്താവ് പറയു ന്നത് ഭാര്യയ്ക്കു മനസ്സിലാവുന്നില്ല. മാതാപിതാക്കന്മാരുടെ വാക്കുകളുടെ പൊരുൾ മക്കൾ തിരിച്ചറിയുന്നില്ല. ഹൃദയങ്ങൾ അടുത്ത് ഐക്യത്തിലാ വുമ്പോൾ ഒരാൾ പറയുന്നത് മറ്റേയാൾക്ക് ഗ്രഹിക്കാൻ കഴിയും. ഒരു വന്റെ താൽപര്യം അപരന് ആദരിക്കാനാവും. പരസ്പരം പോരിടാനല്ല തിരുത്താനും വിധേയപ്പെടാനും മനസ്സുവയ്ക്കും. പരിശുദ്ധാത്മാവിന്റെ വെളിച്ചം ഭിന്നതകൾ നീക്കി ഹൃദയങ്ങളുടെ ഒരുമ സാധ്യമാക്കിത്തീർ ക്കുന്നു.

### 2. സഭയിലെ വിശുദ്ധ രഹസ്യങ്ങൾ

സഭയിൽ പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ രണ്ടാമത്തെ തലം സഭയുടെ വിശുദ്ധ രഹസ്യങ്ങൾ (കൂദാശകൾ) ആണ്. "പരിശുദ്ധാത്മാവ് സകല ദൈവികശുശ്രൂഷകളേയും പൂർത്തീകരിക്കുന്നവനും.... രഹസ്യ ങ്ങളെ ശുദ്ധീകരിക്കുന്നവനുമാകുന്നു" എന്ന് പെന്തിക്കോസ്തിപ്പെരുന്നാ ളിലെ ഒരു പ്രാർത്ഥനയിൽ (മൂന്നാം ശുശ്രൂഷ, സെദ്റാ) കാണുന്നു. വിശുദ്ധ കൂദാശകളെ പൗരസ്ത്യ ഓർത്തഡോക്സ് സഭ "വിശുദ്ധ രഹസ്യങ്ങൾ" എന്നാണ് വിളിക്കുന്നത്. വി. മാമോദീസാ, വി. മൂറോൻ, വി. കുർബ്ബാന എന്നീ മൂന്നു കൂദാശകളെയാണ് വിശുദ്ധ രഹസ്യങ്ങൾ എന്ന് പ്രത്യേകം വിളിക്കുന്നത്. ക്രിസ്തുവിലൂടെ ദൈവം പൂർത്തീകരിച്ച രക്ഷാകരപ്രവർത്തനങ്ങൾ ആണ് പുതിയനിയമത്തിൽ രഹസ്യങ്ങൾ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. അനാദികാലം മുതൽ ദൈവ ത്തിന്റെ ജ്ഞാനത്തിൽ ഉണ്ടായിരുന്നതും മനുഷ്യർക്ക് മറഞ്ഞിരു ന്നതുമായ ദൈവത്തിന്റെ രക്ഷാകരപദ്ധതി കാലത്തികവിൽ ക്രിസ്തു വിൽ വെളിപ്പെട്ടു. വി. കൂദാശകളിലൂടെ ഈ ദൈവിക രഹസ്യങ്ങളിലേക്ക് പ്രവേശിച്ച് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേരാൻ ഇന്നും നമ്മെ സജ്ജമാക്കുന്നത് പരിശുദ്ധാത്മാവത്രെ.

വിശുദ്ധ സ്നാനത്തിലൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരമായ

മരണത്തിലും കബറടക്കത്തിലും ഉയിർപ്പിലും നാം പങ്കുകാരാവുന്നു. ഇത് നമുക്ക് സാധ്യമാക്കിത്തരുന്നത് പരിശുദ്ധാത്മാവാകുന്നു. ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗീയ മഹോന്നതങ്ങളിൽ നിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി മാമോദീസാ വെള്ളത്തിന്മേൽ ആവസിച്ച് അതിനെ ശുദ്ധീകരിക്കുന്നു. സാധാരണ സ്നാനം വെള്ളത്തിൽ മാത്രമാണ്. എന്നാൽ വി. സ്നാനം വെള്ളത്തിലും ആത്മാവിലുമുള്ള സ്നാനമായിത്തീരുന്നത് പരിശുദ്ധാത്മാവിന്റെ നിവാസം കൊണ്ടാകുന്നു. ഇതു തന്നെയാണ് വി. കുർബ്ബാനയിലും സംഭവിക്കുന്നത്. ദൈവസന്നിധിയിൽ നാം സമർപ്പിക്കുന്ന സാധാരണ അപ്പവീഞ്ഞുകളെ കർത്താവിന്റെ തിരുശരീരരക്തങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നത് പരിശുദ്ധാത്മാവാകുന്നു. ഇങ്ങനെ വി. കൂദാശകളെ (രഹസ്യങ്ങളെ) ശുദ്ധീകരിച്ച് പൂർത്തീകരിക്കുകയാണ് പരിശുദ്ധാത്മാവ്.

### 3. സഭയുടെ സാക്ഷ്യനിർവ്വഹണത്തിൽ

പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ മൂന്നാമത്തെ തലം ലോകത്തിൽ യേശുക്രിസ്തുവിന് സാക്ഷികളാകുവാൻ സഭയെ സജ്ജമാക്കുന്നു എന്നതാണ്. സ്വർഗ്ഗാരോഹണസമയം കർത്താവ് ശിഷ്യന്മാരോട് പറയുന്നുണ്ടല്ലോ, “പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്... ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാവും” (അപ്പോ. 1:8). പരിശുദ്ധാത്മാവിനെ പ്രാപിച്ച ശിഷ്യർ ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു എന്ന് തുടർന്ന് കാണുന്നുണ്ട് (അപ്പോ. 4:13). ഇങ്ങനെ സാക്ഷ്യനിർവ്വഹണത്തിന് പരിശുദ്ധാത്മാവ് ശിഷ്യർക്ക് പ്രേരണയും ധൈര്യവും നൽകുന്ന ധാരാളം സന്ദർഭങ്ങൾ അപ്പോസ്തോല പ്രവർത്തികളിൽ കാണാം. അതുകൊണ്ടത്രെ ഈ ഗ്രന്ഥം “പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ” എന്ന് മറ്റൊരു പേരിലും അറിയപ്പെടുന്നത്. പെന്തിക്കോസ്തിക്കാലം കഴിഞ്ഞ് ശ്ലീഹാകാലത്തിന്റെ മുഖ്യചിന്താവിഷയമായി വരുന്നത് ലോകത്തിൽ ക്രിസ്തുവിനെ സാക്ഷിക്കുന്നതിന് പരിശുദ്ധാത്മാവ് ശിഷ്യരെ എങ്ങനെ വഴിനടത്തി എന്നത്രെ.

# 15

# കർത്താവേ, ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരണമേ!

അഞ്ചപ്പവും രണ്ടു ചെറുമീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച അതിശയം നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 14:13-21, മർക്കോ. 6:32-44, ലൂക്കോ. 9:10-17, യോഹ. 6:5-13). ഏഴപ്പവും കുറെ ചെറുമീനും കൊണ്ട് നാലായിരം പേരെ തീറ്റി തൃപ്തിയാക്കിയ സംഭവം രണ്ടു സുവിശേഷങ്ങളിൽ കാണാം (മത്താ. 15:32-39, മർക്കോ. 8:1-10). വിശുദ്ധ യോഹന്നാനെഴുതിയ സുവിശേഷത്തിൽ അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച സംഭവം വിവരിച്ചശേഷം "നിത്യ ജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ടു തന്നെ പ്രവർത്തി പ്പിൻ" എന്ന് ആഹ്വാനം ചെയ്തുകൊണ്ട് "ജീവന്റെ അപ്പം" എന്ന വിഷ യത്തെക്കുറിച്ച് സുദീർഘമായി പ്രതിപാദിച്ചിരിക്കുന്നു (യോഹ. 6:26-65).

പഴയ വായനപ്പടി അനുസരിച്ച് പെന്തിക്കോസ്തിപ്പെരുന്നാളിനു ശേഷം ആറു ഞായറാഴ്ചകളിൽ വി. കുർബ്ബാനയ്ക്ക് മുൻപറഞ്ഞ സുവിശേഷ ഭാഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നു ഞായറാഴ്ചകളിൽ സന്ധ്യ യുടെയോ പ്രഭാതത്തിന്റെയോ വായനകളായി ക്രമീകരിച്ചിരിക്കുന്നു (മാത്രമല്ല പെന്തിക്കോസ്തിപ്പെരുന്നാളിനു മുമ്പുള്ള മൂന്നു ഞായറാഴ്ചക ളിൽ വിശുദ്ധ യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ നിന്നും വായിച്ചു കേൾക്കുന്നു). ആവർത്തനവിരസത തോന്നാമെങ്കിലും ഈ വേദഭാഗങ്ങൾ വീണ്ടും വീണ്ടും ക്രമീകരിച്ചിരിക്കുന്നതിനു പിമ്പിൽ ദൈവശാസ്ത്രപരമായ ചില ഉദ്ദേശ്യങ്ങൾ ഉണ്ടെന്നു കാണാം.

### 1. കൊച്ചു കാഴ്ച ഏറെ പാത്രങ്ങളിലേക്ക്

പഴയനിയമകാലത്ത് പെന്തിക്കോസ്തിപ്പെരുന്നാൾ, ആദ്യഫലപ്പെരു ന്നാൾ ആയിരുന്നു. "വാരോത്സവമായ ആദ്യഫല ദിവസത്തിൽ പുതിയ ധാന്യം കൊണ്ട് ഒരു ഭോജനയാഗം" (സംഖ്യ 28:26) അർപ്പിക്കുമായി രുന്നു. അവരവരുടെ അദ്ധ്വാനഫലത്തിൽ നിന്ന് ഒരംശം യാഗമായി ദൈവ സന്നിധിയിൽ സമർപ്പിക്കുക. യേശുവിന്റെ സന്നിധിയിൽ സമർപ്പിക്കുന്ന അഞ്ചപ്പം (ഏഴപ്പം) യാഗമായി കാണണം. ഈ ചെറിയ കാഴ്ച കർത്താവ് എടുത്ത് വാഴ്ത്തി അനേകായിരങ്ങൾക്ക് പോഷണമാക്കി തീർക്കുന്നു. ഇത് ഇന്നും സംഭവിക്കണം. നമ്മുടെ ആരോഗ്യമോ, ആളത്വമോ, ധനമോ, വിദ്യയോ എന്തുമാവട്ടെ, ചെറുതെങ്കിലും ദൈവസന്നിധിയിൽ സമർപ്പിക്ക

പ്പെടുമെങ്കിൽ അതിശയകരമായി ദൈവം അതെടുത്ത് ഉപയോഗിക്കും. അനേകായിരങ്ങൾക്ക് പ്രയോജനകരമായി രൂപാന്തരപ്പെടുത്തും.

ചെറുപാത്രങ്ങളിലാണ് അഞ്ചപ്പവും ഏഴപ്പവും കാഴ്ചകളായി അവർ കർതൃസന്നിധിയിൽ സമർപ്പിച്ചത്. തിരികെ ലഭിച്ച ദൈവപ്രസാദം അനേകം പാത്രങ്ങളിൽ നിറഞ്ഞു കവിയുന്നു. ഈ പ്രസാദം, കൊടുത്ത വർക്കു മാത്രമല്ല വിശപ്പുള്ള എല്ലാവർക്കും തൃപ്തിയാവോളം തികഞ്ഞു. അധികവും വന്നു. കർത്താവിന് നമ്മെയും ലോകത്തെയും നിറയ്ക്കാൻ, നിറയെ അനുഗ്രഹിക്കാൻ ആഗ്രഹമുണ്ട്. എന്നാൽ നമുക്കുള്ളവ ദൈവ ത്തിന് സമർപ്പിക്കാതെ നമ്മെ അനുഗ്രഹിക്കാനാവില്ല. അൽപ്പമേ ഉള്ളു എങ്കിലും അതു മതി. അതവന് കാഴ്ചയായി നൽകണം. അത് നമ്മുടെ ഹൃദയത്തിന്റെ നിറവിൽ നിന്നുമാവണം. ഹാബേലിന്റെ കാഴ്ച പോലെ പൂർണ്ണമാവണം. ഊനവും ഉടമ്പുമില്ലാത്തതാവണം. നമുക്കുള്ളതു നൽ കുമ്പോൾ നമ്മുടെ പാത്രം ശൂന്യമായിപ്പോകുന്നു എന്ന ആശങ്കയു ണ്ടാവും. കീശ കാലിയാവുമോ എന്നു ഭയപ്പെടും. നമ്മുടെ സുരക്ഷിത്വ ത്തിന് കോട്ടം തട്ടുമോ എന്ന് സംശയിക്കും. ഇവയെ അതിജീവിക്കു വാനുള്ള വിശ്വാസം ഉണ്ടാവണം. “നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക, ഏറിയനാൾ കഴിഞ്ഞിട്ട് നിനക്ക് അതു കിട്ടും” (സഭാ പ്രസംഗി 11:1). ഇതിന് എന്തെങ്കിലും ഉറപ്പുണ്ടോ? “ഞാൻ നിനക്ക് ആയിരം രൂപാ വായ്പ തരാം. എന്നാൽ ഉറപ്പിന് സ്വർണ്ണപണ്ടം പണയം വയ്ക്കണം.” ഇതാണ് ലോകത്തിന്റെ പ്രമാണം. ഇത് കാഴ്ചയല്ല കച്ചവടമാണ്. മറ്റൊരു പ്രമാണം കർത്താവ് കാണിച്ചുതരുന്നു. അത് വിശ്വാസത്തിന്റെ അപകട സാദ്ധ്യത (Risk) ഏറ്റെടുത്തുകൊണ്ടുള്ള കാഴ്ചയുടേതാണ്. അപ്പോൾ നമ്മുടെ കൊച്ചു കാഴ്ച ഏറെ പാത്രങ്ങളിലേക്ക് നിറഞ്ഞൊഴുകുന്ന രൂപാന്തരത്തിന്റെ അതിശയം നടക്കും. നാം സ്വയം ശൂന്യമാക്കാതെ ദൈവത്തിനു നമ്മെ നിറക്കാനാവില്ല. നമ്മിലൂടെ ലോകത്തെയും. ഒരു ഭർത്താവ് ഭാര്യയെ സംബന്ധിച്ച് പറയുന്ന സാക്ഷ്യം ഉദാഹരണമായി ശ്രദ്ധിക്കുക: “അവൾക്ക് ഒരുപാട് കഴിവുകളില്ല, വലിയ സാമർത്ഥ്യവും ഇല്ല. എന്നാൽ സ്നേഹമുള്ള ഹൃദയവും, ഉള്ളത് മറ്റുള്ളവർക്കു വേണ്ടി ത്യജിക്കാനും പങ്കിടാനും വിശാലമായോരു വിവേകബുദ്ധിയുണ്ട്. ഞാൻ വലിയ സമ്പന്നനൊന്നുമല്ല. എങ്കിലും എന്റെ വീട്ടിൽ ഒന്നിനും കുറവില്ല.” ഒരു വീട്ടമ്മ സ്നേഹത്തിലും ത്യാഗത്തിലും സ്വയം അർപ്പിക്കുന്നതിന്റെ ദൈവപ്രസാദമാണ് ആ ഭവനത്തിൽ വിളങ്ങുന്നത്. ഇതേ കാര്യം തന്നെ ഒരു ഗൃഹനാഥനെ സംബന്ധിച്ചും പറയാം. മകനേയോ, മകളേയോ സംബന്ധിച്ചും പറയാം. നമ്മുടെ കാഴ്ച ചെറുതെങ്കിലും പൂർണ്ണമെങ്കിൽ അതു നൽകുന്ന നിറവിന് പരിമിതികളില്ല.

## 2. ജീവന്റെ അപ്പം

അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച സംഭവം പശ്ചാത്തലമാക്കി 'ക്രിസ്തു ജീവന്റെ അപ്പമാകുന്നു' എന്ന പാഠം വിശുദ്ധ യോഹന്നാൻ വിശദമായി നമ്മെ പഠിപ്പിക്കുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. പെന്തിക്കോസ്തിപ്പെരുന്നാളിനു ശേഷമുള്ള ഞായറാഴ്ചകളിൽ അഞ്ചപ്പം കൊണ്ടും ഏഴപ്പംകൊണ്ടും അനേകായിരങ്ങളെ പോഷിപ്പിച്ച അതിശയങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്റെ ഒരു പ്രധാന ഉദ്ദേശ്യം, ക്രിസ്തു മാനവജാതിയുടെ ഭൗതികമായ വിശപ്പ് ശമിപ്പിക്കുന്നവൻ മാത്രമല്ല, നിത്യജീവന്റെ ആഹാരം നൽകുന്നവനും കൂടി ആണെന്ന സത്യം പഠിപ്പിക്കുന്നതിനാണ്. ഓരോ പന്തിഭോജനവും കർത്താവിന്റെ മേശയിൽ നിന്നും നിത്യജീവന്റെ ഭക്ഷണമായ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതിന്റെ പ്രതീകവും പ്രതിധ്വനിയുമായി കാണുന്നു. ഉദാഹരണമായി, കർത്താവ് അന്ത്യഅത്താഴ സമയത്ത് അപ്പം 'എടുത്ത്, വാഴ്ത്തി, നുറുക്കി കൊടുത്തു' എന്നു പറയുന്നുണ്ടല്ലോ (മത്താ. 26:26, മർക്കോ. 14:22, ലൂക്കോ. 22:19). ഈ വാക്പ്രയോഗം വി. കുർബാനയുടെ പ്രധാന സ്ഥാപനവചനമായി ആദികാലം മുതൽ സഭയിൽ നിലനിന്നിരുന്നു. ഇതേ വാചകം തന്നെ അപ്പം കൊണ്ടുള്ള രണ്ട് അതിശയ പ്രവർത്തനങ്ങൾ വിവരിക്കുന്ന എല്ലാ സുവിശേഷ ഭാഗങ്ങളിലും കാണാൻ കഴിയും (മത്താ. 14:19, മർക്കോ. 6:41, ലൂക്കോ. 9:16, യോഹ. 6:11, മത്താ. 15:36, മർക്കോ. 8:6).

വി. യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവിന്റെ അന്ത്യ അത്താഴത്തെ സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും (യോഹ. 13:2-30) വി. കുർബാന സ്ഥാപനം എടുത്തു പറയുന്നില്ല. എന്നാൽ വി. കുർബാനയെ സംബന്ധിച്ച് വളരെ സുപ്രധാനമായ ചിന്തകൾ യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ നൽകുന്നുണ്ട്. "നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം" (6:27) "സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷാൽ അപ്പം" (6:32) "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് ലോകത്തിന് ജീവനെ കൊടുക്കുന്ന ദൈവത്തിന്റെ അപ്പം" (6:33), "ജീവന്റെ അപ്പം" (6:35, 48) "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ജീവനുള്ള അപ്പം" (6:41), "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം" (6:51) എന്നിങ്ങനെ ക്രിസ്തുവിനെ സംബന്ധിച്ചു പറയുമ്പോൾ വി. കുർബാനയെ സംബന്ധിച്ചു തന്നെയാണെന്ന് മനസ്സിലാക്കാൻ ആദിമസഭയ്ക്ക് വിഷമമുണ്ടായിരുന്നില്ല.

പരിശുദ്ധനായ പൗലോസ് അപ്പോസ്തോലന്റെ വാക്കുകൾ ഇവിടെ ചേർത്ത് ചിന്തിക്കാൻ ഇടം നൽകുന്നുണ്ട്. "നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം

നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?" (1 കൊരി. 10:16).

യോഹന്നാനെഴുതിയ സുവിശേഷം 6-ാം അദ്ധ്യായത്തിൽ വി. കുർബ്ബാനയെ സംബന്ധിച്ചു പറയുന്ന സുപ്രധാനമായ ഒരു പ്രസ്താവം 51-ാം വാക്യത്തിൽ കാണാം. "ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു." ഈ വാചകം വിശുദ്ധ കുർബാനയുടെ സ്ഥാപന വചനത്തിന്റെ മറ്റൊരു രൂപം തന്നെയാണ്. "ഇത് നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം" എന്ന് ലൂക്കോ. 22:19-ൽ കാണുന്നുണ്ടല്ലോ. വി. കുർബാനയെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ "ശരീരം" എന്ന പദത്തേക്കാളും കുറേക്കൂടെ ശക്തവും പ്രസക്തവുമായത് യോഹന്നാൻ ഉപയോഗിക്കുന്ന 'മാംസം" എന്ന പദമാണല്ലോ. അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസും (റോമ. 7:3, ഫിലാദൽഫ്യർ 4:1, സ്മിർണയർ 7:1) ജസ്റ്റിൻ മാർട്ടിയറും (അപ്പോളജറ്റിക്സ് 1:66) വി. കുർബാനയോടനുബന്ധിച്ച് "മാംസം" എന്ന വാക്ക് ഉപയോഗിക്കുന്നതായി കാണാം. മാത്രമല്ല, യോഹന്നാൻ ഉപയോഗിക്കുന്ന "തിന്നുക" എന്ന പദം കാർന്ന്, ചവച്ചു തിന്നുക എന്നർത്ഥം വരുന്ന ഗ്രീക്കു മൂലത്തിന് തുല്യമായ വാക്കാണ്. ഇത് വിശുദ്ധ കുർബ്ബാനയുടെ വസ്തുനിഷ്ഠമായ അനുഭവത്തിലേക്ക് വിരൽ ചൂണ്ടുന്നു. "എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും" (6:57) എന്ന കർത്താവിന്റെ വചനവും വി. യോഹന്നാൻ രേഖപ്പെടുത്തുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ വി. യോഹന്നാനെഴുതിയ സുവിശേഷം 6-ാം അദ്ധ്യായം വി. കുർബാനയെ സംബന്ധിച്ച് വി. വേദപുസ്തകത്തിലെ സുപ്രധാനമായ രേഖയാണ്.

### സ്വയം സമർപ്പിക്കുക

ദൈനംദിന ജീവിതത്തിൽ സ്നേഹത്തിലും ത്യാഗത്തിലും സ്വയം സമർപ്പിച്ചുകൊണ്ട് നാം ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ദൈവസന്നിധിയിൽ നാം അർപ്പിക്കുന്ന തിരുമുൽക്കാഴ്ചയത്രെ. നമ്മുടെ ഇത്തരം ചെറിയ കാഴ്ചകളുടെ പൊരുളും പ്രസക്തിയും നാം കണ്ടെത്തുക കാൽവറിയിൽ നമ്മുടെ കർത്താവ് പൂർത്തീകരിച്ച പരമമായ കാഴ്ചയുടെ പശ്ചാത്തലത്തിലാകുന്നു. ക്രിസ്തുവിന്റെ യാഗാർപ്പണത്തിൽ വി. കുർബാനയിലൂടെ പങ്കാളികളാവാൻ നമ്മെ ഒരുക്കുന്നത് പരിശുദ്ധാത്മാവത്രെ. നമ്മുടെ ജീവിതത്തെ സ്നേഹത്തിലും ത്യാഗത്തിലും വഴി നടത്തി കർത്താവിന്റെ തിരുബലിക്ക് അനുരൂപമാക്കി രൂപാന്തരപ്പെടുത്തുന്നതും പരിശുദ്ധാത്മാവു തന്നെ.

# 16

# പരിശുദ്ധാത്മ നിറവിൽ

## ശ്ലീഹാകാലം

പരിശുദ്ധ ശ്ലീഹന്മാരുടെ പെരുനാളുകളോടെ (ജൂൺ 29-30) ശ്ലീഹാകാലം ആരംഭിക്കുകയായി. സ്ലീബാ പെരുനാൾ (സെപ്റ്റംബർ 14) വരെ നീണ്ടുനിൽക്കുന്ന ഈ ആരാധനാകാലം സഭയുടെ ആരാധനാവർഷത്തിൽ ആറാമത്തേതാകുന്നു. പരിശുദ്ധാത്മാവിന്റെ മൂന്നു പ്രധാന പ്രവർത്തനതലങ്ങളിൽ മൂന്നാമത്തേത്, യേശുക്രിസ്തുവിനെ ലോകത്തിൽ സാക്ഷിക്കുന്നതിന് പരിശുദ്ധാത്മാവ് ശ്ലീഹന്മാരിലൂടെ എങ്ങനെ പ്രവർത്തിച്ചു എന്നും, എക്കാലവും ഈ ശുശ്രൂഷ പരിശുദ്ധാത്മാവിലൂടെ എങ്ങനെ തുടരുന്നു എന്നുമാണെന്ന് മുമ്പ് സൂചിപ്പിക്കുകയുണ്ടായി. സഭയുടെ ആരാധനാവർഷത്തിൽ ആരാധനാകാലങ്ങൾ തമ്മിലുള്ള പാരസ്പര്യവും, ഒരു കാലത്തിൽ നിന്ന് അടുത്ത കാലത്തിലേക്കുള്ള പരിണാമവും സ്വാഭാവികവും ദൈവശാസ്ത്രപരവുമാണെന്ന് സൂക്ഷ്മ പരിശോധനയിൽ കാണാം. ഇതിന് നല്ല ഒരു ഉദാഹരണമാണ് പെന്തിക്കോസ്തികാലവും ശ്ലീഹാകാലവും തമ്മിലുള്ള ബന്ധം. പെന്തിക്കോസ്തിക്കാലത്തെ സുപ്രധാന ചിന്ത സഭയിൽ പരിശുദ്ധാത്മാവിന്റെ നിവാസവും നടത്തിപ്പുമാണ്. ശ്ലീഹാകാലത്താകട്ടെ, മുകളിൽ സൂചിപ്പിച്ചതുപോലെ പരിശുദ്ധാത്മാവ് ശ്ലീഹന്മാരെ എങ്ങനെ നടത്തി എന്നുമത്രെ. ഓരോ കാലത്തിന്റെയും പ്രാധാന്യത്തിന്റെ വെളിച്ചത്തിൽ ഓരോ ഞായറാഴ്ചയും ക്രമീകരിച്ചിരിക്കുന്ന വായനകളുടെ പൊരുൾ തിരിച്ചറിയാനുള്ള അന്വേഷണം നമ്മുടെ ആദ്ധ്യാത്മികവും ആരാധനാപരവുമായ ജീവിതത്തെ പരിപോഷിപ്പിക്കും എന്നതിന് സംശയമില്ല.

ആദ്യ അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ പെന്തിക്കോസ്തിപ്പെരുന്നാൾ മുതൽ ശ്ലീഹാപ്പെരുന്നാൾ വരെയുള്ള സുദീർഘമായ ഘട്ടം ഒരു കാലമായി കണക്കാക്കുന്നു എന്ന പ്രതീതിയാണ് വി. വേദവായനക്കുറിപ്പിലെ വായനകളുടെ ക്രമീകരണത്തിൽ നിന്നും മനസ്സിലാവുക. പെന്തിക്കോസ്തി - ശ്ലീഹാകാലങ്ങളുടെ ആശയങ്ങൾ ഇടകലർന്നു വരുന്നതാണിതിന് കാരണം. എങ്കിലും ശ്ലീഹാകാലം എന്ന പ്രത്യേക വിഭജനത്തിന് സാംഗത്യമുണ്ടു താനും. ആറാമത്തെ കാലം മറുരൂപപ്പെരുന്നാളിൽ (ആഗസ്റ്റ് 6) ആരംഭിച്ച് അതിന് മറുരൂപകാലം (തേജസ്കരണകാലം) എന്നു പേരു നൽകിക്കൊണ്ടുള്ള കാലഗണനയും നിലവിലുണ്ട്. എന്നാൽ ഈ കാലത്തെ വേദവായനകളുടെ അന്തസ്സത്തയുമായി ഈ വിഭജനം

പൊരുത്തപ്പെട്ടു പോവുന്നില്ല. ആകയാൽ ശ്ലീഹാപ്പെരുന്നാളിൽ ആരംഭിക്കുന്ന ശ്ലീഹാകാലം ആരാധനാവർഷത്തിലെ ആറാമത്തെ കാലമായി കണക്കാക്കുന്നതാവും ഏറെ സ്വാഭാവികവും സംഗതവും.

പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായറാഴ്ചയുടെ സുവിശേഷവായന (മർക്കോ. 3:20-30) പെന്തിക്കോസ്തിക്കാലത്തിന്റെയും ശ്ലീഹാകാലത്തിന്റെയും ദൂത് ഉൾക്കൊള്ളുന്നതാണ്. പരിശുദ്ധാത്മനിറവിൽ പരസ്യശുശ്രൂഷയ്ക്ക് പുറപ്പെടുന്ന യേശുവിന് ബുദ്ധിഭ്രമമുണ്ടെന്ന് ബന്ധുജനങ്ങളും; പരിശുദ്ധാത്മനൽവരം കൊണ്ട് രോഗശാന്തി, പിശാചു ബഹിഷ്കരണം ആദിയായ ശുശ്രൂഷ നിർവഹിക്കുന്ന യേശു, പിശാചുക്കളുടെ തലവനായ ബേൽസബൂലിനെക്കൊണ്ടാണ് ഇത് സാധിക്കുന്നതെന്ന് ശാസ്ത്രിമാരും ആക്ഷേപിക്കുന്നു. പരിശുദ്ധാത്മാവിനെ പ്രാപിച്ച ശ്ലീഹന്മാർ ദൗത്യനിർവഹണത്തിനു പുറപ്പെടുമ്പോൾ ഇതിനു സമാനമായ അനുഭവങ്ങളാണ് അവർക്കുമുണ്ടാകുന്നത്. എക്കാലവും യേശുവിനെ സാക്ഷിക്കുന്നതിന് നിയോഗം ലഭിച്ച ശിഷ്യർക്ക് ഇത്തരം അനുഭവങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു. അവർക്ക് യേശുവിന്റെ അനുഭവം ഒരു പാഠമാണ്.

### “അവന് ബുദ്ധിഭ്രമം ഉണ്ട്”

യേശുവിന്റെ ബന്ധുജനങ്ങളുടെ ആക്ഷേപമാണിത്. ഇങ്ങനെ പറയാൻ അവരെ പ്രേരിപ്പിച്ച രണ്ടുമൂന്നു കാരണങ്ങൾ ഉണ്ടാവും.

1. നസറേത്തിലെ വീടും മരപ്പണിയും ബന്ധുജനങ്ങളെയും ഉപേക്ഷിച്ച് യേശു ഒരു പഥികപ്രസംഗകനായി മാറി. കിടക്കാൻ ഒരു കൂര, ജീവിക്കാൻ സ്ഥിരവരുമാനം, സുരക്ഷയ്ക്ക് ബന്ധുബലം എന്നിവയെല്ലാം ഉപേക്ഷിച്ച് യേശു തലചായ്ക്കാൻ ഇടമില്ലാത്ത ഭിക്ഷുവായിത്തീർന്നിരിക്കുന്നു. “അൽപ്പമെങ്കിലും സുബോധമുണ്ടെങ്കിൽ ഇങ്ങനെ ചെയ്യുമോ? ശുദ്ധഭ്രാന്തല്ലാതെ മറ്റെന്ത്?” ചാർച്ചക്കാർ പുച്ഛിച്ചു പറഞ്ഞു.

2. ശാസ്ത്രിമാരേയും പരീശന്മാരേയും ധിക്കരിച്ചുകൊണ്ടാണ് യേശുവിന്റെ നീക്കം. അവർ മതപ്രമാണികളല്ലേ? ജനത്തിന്റെ അനിഷേധ്യനേതാക്കളല്ലേ? ഇവരെ എതിർത്താൽ വല്ലാത്ത പൊല്ലാപ്പുണ്ടാവുമെന്നും, നിലനിൽപ്പുതന്നെ നിഷേധിക്കപ്പെടുമെന്നും എല്ലാവർക്കും അറിവുള്ളതല്ലേ? അവരുടെ ശാപവും വിലക്കും വാങ്ങി ജീവിക്കാനാവുമോ? അൽപ്പമെങ്കിലും സാമാന്യബുദ്ധി അവശേഷിക്കുന്നെങ്കിൽ അവരെ എതിർത്തുകൊണ്ട് ജീവിക്കാൻ ഒരുങ്ങുമോ?

3. യേശു ശിഷ്യരായി വിളിച്ചുചേർത്ത പന്തിരുവരിൽ ചിലർ മുക്കുവർ, ഒരാൾ മാനസാന്തരപ്പെട്ട ചുങ്കക്കാരൻ, മറ്റൊരാൾ കടുത്ത ദേശീയവാദി.

വളർന്നുയരാൻ ആഗ്രഹിക്കുന്ന യുവാവ്, ഇങ്ങനെ ഒരു സംഘത്തോടൊപ്പം ജീവിക്കുവാൻ തയാറാവുമോ? അതുകൊണ്ട് അവന്റെ ചാർച്ചക്കാർ അവനെ പിടിച്ച് വീട്ടിലേക്ക് കൊണ്ടുവരുവാൻ ആഗ്രഹിച്ചു.

ദൈവരാജ്യത്തെപ്രതി ഉന്മാദിയായിത്തീർന്നവനാണ് യേശു. മനുഷ്യരുടെ കാലിക പ്രശ്നങ്ങൾക്കു മുമ്പിൽ മനസ്സലിഞ്ഞ് അവൻ സ്വയം മറന്നു നടന്നു. കാലാതീത പ്രകൃതിയായ പിതാവുമായുള്ള നിരന്തര സംസർഗ്ഗത്തിൽ അവൻ ഉന്മത്തനുമായിരുന്നു. ഏതൊരു ഉന്മാദിയും ലോകത്തിന്റെ നിലവിലുള്ള പ്രമാണങ്ങളെയും വഴക്കങ്ങളെയും വിഗണിക്കുന്ന നിഷേധി കൂടിയാണ്. ഭക്ത്യോന്മാദം കാരണം യേശുവിന് ധനത്തിന്റെ സുരക്ഷയും ബന്ധുജനങ്ങളുടെ കാവലും സമൂഹത്തിന്റെ മാനാഭിമാനവും വിഗണിക്കേണ്ടതായി വന്നു. കർത്താവിനെ പ്രതിയും അവന്റെ രാജ്യത്തെ പ്രതിയും ഉന്മത്തനാകാത്ത ഒരുവനും അവന്റെ നിയോഗം സ്വീകരിക്കുന്ന സാക്ഷാൽ ശിഷ്യനാകുവാൻ കഴിയുന്നില്ല.

### "അവന് ബേത്സബൂൽ ഉണ്ട്"

ബേത്സബൂൽ പിശാചുക്കളുടെ തലവനാണ്. യേശു പിശാചുക്കളുടെ തലവനെക്കൊണ്ട് പിശാചുക്കളെ പുറത്താക്കുന്നു. ഇതായിരുന്നു ശാസ്ത്രിമാരുടെ നിഗമനം. ഒരു ഭവനം നിലനിൽക്കുന്നത് ഭവനാംഗങ്ങളുടെ ഐക്യം കൊണ്ടാണ്. പിശാചിന്റെ സാമ്രാജ്യവും അങ്ങനെ തന്നെ. പിശാചുക്കളുടെ തലവൻ പിശാചുക്കളോട് പോരാടുകയില്ല. ദൈവാത്മാവിന് മാത്രമേ പിശാചിനെ ജയിക്കാനും ബഹിഷ്കരിക്കാനും കഴിയൂ. "ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം" (മത്താ. 12:18). ദൈവാത്മാവു നിറഞ്ഞ യേശു ദൈവാത്മാവിനാൽ ഭൂതങ്ങളെ ബഹിഷ്കരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ സാത്താന്റെ സാമ്രാജ്യാധിപത്യത്തിൽ നിന്ന് മനുഷ്യൻ മുക്തനായിത്തീരുന്നു. ദൈവരാജ്യം, ദൈവാധിപത്യം സംസ്ഥാപിക്കപ്പെടുന്നു. ഈ വൻകാര്യം കണ്ടിട്ടും ദൈവാത്മാവിനാൽ ആണെന്നറിഞ്ഞിട്ടും അതു തള്ളിക്കളഞ്ഞ് അത് അശുദ്ധാത്മാവിന്റെ ശക്തിയാലാണെന്ന് പറയുന്നത് പരിശുദ്ധാത്മാവിനെതിരായ പാപമാകുന്നു.

### പരിശുദ്ധാത്മാവിനെതിരായ പാപം

സത്യത്തേയും അസത്യത്തേയും തമ്മിൽ വിവേചിച്ചറിയുവാൻ പ്രാപ്തി തരുന്നത് പരിശുദ്ധാത്മാവത്രെ. "ആത്മികനോ സകലത്തേയും വിവേചിക്കുന്നു" (1 കൊരി. 2:15). എന്നാൽ ഈ വിവേചനശക്തി തുടരെ നിഷേധിച്ചുകൊണ്ടിരുന്നാൽ അത് നഷ്ടപ്പെടും. പ്രാകൃതനായിത്തീരും.

ഒരാൾ അനേകനാൾ അന്ധകാരത്തിൽ തന്നെയിരുന്നാൽ കാണാൻ ഉള്ള കഴിവ് നഷ്ടപ്പെടും. വെളിച്ചത്തെ ഭയക്കും. നടക്കാതെ കിടക്കയിൽ തന്നെ കഴിച്ചു കൂട്ടിയാൽ നടക്കാൻ കഴിവില്ലാതാവും. പഠിക്കാതിരുന്നാൽ പഠന ശേഷി കുറയും. പരിശുദ്ധാത്മാവിന്റെ നിർദ്ദേശം സ്വീകരിക്കാതിരുന്നാൽ സത്യം മനസ്സിലാക്കാനുള്ള കെൽപ്പില്ലാതാവും. തിന്മ നന്മയായും നന്മ തിന്മയായും തോന്നും. ദൈവം ഇടപെട്ടു നടത്തിയ ദൈവികകാര്യങ്ങൾ തിരിച്ചറിയാൻ കഴിയാതെയാവും.

പരിശുദ്ധാത്മാവിനെതിരായ പാപം എന്തുകൊണ്ടു ക്ഷമിക്കപ്പെടുന്നില്ല? പാപക്ഷമ ലഭിക്കാൻ ഒറ്റ പോംവഴിയേ ഉള്ളു; അനുതാപം. പരിശുദ്ധാത്മാവിന്റെ ഉൾപ്രേരണ തുടരെ നിഷേധിച്ചുകൊണ്ട് ജീവിക്കുന്ന മനുഷ്യൻ, പാപബോധം നഷ്ടപ്പെട്ട് അനുതാപമില്ലാത്തവനായിത്തീരും. അനുതാപമില്ലെങ്കിൽ പാപപ്പൊറുതിയുമില്ല.

ലൂസിഫറിനെ സംബന്ധിച്ച് ഒരു കഥയുണ്ട്. ഒരു ഞായറാഴ്ച സുമുഖനായ ഒരു യുവാവ് പള്ളിയിൽ പ്രത്യക്ഷപ്പെട്ടു. ആരാധന കഴിഞ്ഞ് കുമ്പസാരിക്കണമെന്ന് അയാൾ പുരോഹിതനോട് ആവശ്യപ്പെട്ടു. കുമ്പസാരത്തിൽ അയാൾ താൻ ചെയ്ത കൊടുംപാപങ്ങളുടെ പട്ടിക നിരത്തി. പുരോഹിതൻ ഇതു കേട്ട് അമ്പരന്നു. പുരോഹിതൻ പറഞ്ഞു: "ഇത്രയേറെ പാപം ചെയ്യാൻ നീ നൂറ്റാണ്ടുകൾ ജീവിച്ചിരിക്കണമല്ലോ." അപ്പോൾ യുവാവ് പറഞ്ഞു: "അതെ ഞാൻ തന്നെയാണ് ലൂസിഫർ. ആദിയിൽ സ്വർഗ്ഗത്തിൽ നിന്ന് നിപതിച്ചവൻ." പുരോഹിതൻ അലിവോടെ പറഞ്ഞു: "സാരമില്ല, നീ ദുഃഖിക്കൂ, അനുതപിക്കൂ, ക്ഷമ ആവശ്യപ്പെടൂ. നിന്റെ പാപം ദൈവം ക്ഷമിക്കും." ഒരു നിമിഷം യുവാവ് പുരോഹിതനെ നോക്കി. ഒന്നും ഉരിയാടാതെ തിരിഞ്ഞു നടന്നകന്നു. പാപബോധം ഇല്ലാതാകുന്ന സ്ഥിതി. അതേക്കുറിച്ച് ദുഃഖിക്കാനാവാത്ത ഹൃദയം. അനുതപിക്കാത്ത മനസ്സ്, ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാൻ കഴിയാത്ത അവസ്ഥ. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ, അവന്റെ നടത്തിപ്പിനെ, നൽവരത്തെ, വെളിച്ചത്തെ തിരിച്ചറിയാനാവാത്ത ജീവിതം – ഇതാണ് പരിശുദ്ധാത്മാവിനെതിരായ പാപം. ഇതിന് പാപപ്പൊറുതി ലഭിക്കുന്നില്ല.

പിശാചും പരിശുദ്ധനും തമ്മിലുള്ള വ്യത്യാസം ഒറ്റ വാക്കിൽ ഒതുക്കാം: അനുതാപം. പിശാച് അനുതപിക്കുന്നില്ല. പരിശുദ്ധൻ അനുതപിക്കുന്നു. ഹൃദയം ആർദ്രമായി ദൈവത്തോടടുക്കുന്നു. പരിശുദ്ധാത്മാവിന്റെ നിർദ്ദേശത്തിന് വിധേയപ്പെടുന്നതുകൊണ്ടു മാത്രമേ അനുതാപം ഉണ്ടാവുന്നുള്ളു. ദൈവരാജ്യത്തെപ്രതി സ്വയം മറന്ന് ജീവനർപ്പിക്കാൻ പ്രേരിപ്പിക്കുന്നത് പരിശുദ്ധാത്മാവാകുന്നു. അനുതപിച്ച് പരിശുദ്ധിയിൽ മുതിർന്നു വരാൻ സഹായിക്കുന്നതും പരിശുദ്ധാത്മാവു തന്നെ. പരിശുദ്ധാത്മാവേ നിറയണമേ!

# 17

# ശിശുസഹജമായ പരിശുദ്ധിയിലേക്ക്

കർത്താവിന്റെ ശിഷ്യന്മാരായി വിളിക്കപ്പെട്ടവർക്ക് വളരെ വിലപ്പെട്ട പാഠങ്ങളാണ് ശ്ലീഹാകാലത്തെ വായനകളിലൂടെ സഭ ക്രമീകരിച്ചിരിക്കുന്നത്. ഇക്കാരണത്താൽ സഭാവർഷത്തിലെ ആറാമത്തെ ഈ ആരാധനാ കാലത്തെ 'ശ്ലീഹാകാലം' എന്നു തന്നെ വിശേഷിപ്പിക്കുന്നതാവും ഉചിതം എന്നു സൂചിപ്പിക്കുകയുണ്ടായി. ഉദാഹരണമായി, പഴയ വായനപ്പടി പ്രകാരം പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായറാഴ്ച മുതൽ സ്ലീബാ പ്പെരുന്നാൾ വരെയുള്ള സുവിശേഷഭാഗങ്ങൾ പരിശോധിക്കാവുന്നതാണ്. പ്രസ്തുത വേദഭാഗങ്ങളും അവയുടെ മുഖ്യസന്ദേശവും സംക്ഷിപ്തമായി ചുവടെ ചേർത്തിരിക്കുന്നു.

(1) മർക്കോ. 3:20-30: ദൈവരാജ്യത്തെപ്രതി ഉന്മത്തനായി സ്വയം മറന്നും ത്യജിച്ചും ഭ്രാന്തനെന്ന് പരിഹസിക്കപ്പെട്ടും ശുശ്രൂഷ ചെയ്ത യേശു ദൗത്യനിർവഹണത്തിന് പുറപ്പെടുന്ന ശ്ലീഹർക്ക് അനുഭവപാഠമാകുന്നു. (2) മർക്കോ. 8:1-10: വിശക്കുന്നവർക്ക് അപ്പം നൽകുക; ഇതാണ് ശ്ലീഹന്മാരുടെ സുപ്രധാന ദൗത്യം. ശാരിരീക വിശപ്പിനുള്ള അപ്പവും നിത്യജീവനിലേക്ക് നിലനിൽക്കുന്ന അപ്പവും (വി. കുർബാന) നൽകണം. അപ്പം കൊണ്ടുള്ള അതിശയങ്ങളിൽ ഈ രണ്ടു തലങ്ങളും സൂചിതമായിരിക്കുന്നു. (3) ലൂക്കോ. 14:7-11: കർത്തൃശിഷ്യർ മുഖ്യാസനങ്ങൾ അന്വേഷിക്കരുത്. (4) മത്താ. 18:1-14: പേരും പെരുമയും ആഗ്രഹിക്കരുത്; ശിശുസഹജമായ പരിശുദ്ധിയിലേക്ക് മുതിർന്ന് വളർന്ന് ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം ഉറപ്പാക്കണം. (5) മർക്കോ. 6:7-13: ദൈവവേലയ്ക്ക് പുറപ്പെടുന്ന ശിഷ്യന് മുൻകരുതലുകൾ പാടില്ല. യദൃച്ഛയാ ലാഭസന്തുഷ്ടനായി കർത്താവിന്റെ ദൂതു വഹിച്ചും അറിയിച്ചും ദൗത്യനിർവഹണത്തിൽ ബദ്ധശ്രദ്ധനാകണം. (6) മത്താ. 21:28-32: പുണ്യവാന്മാരെന്ന് സ്വയം നീതീകരിക്കുന്നവരല്ല, അനുതപിക്കുന്ന പാപികളാണ് ദൈവരാജ്യത്തിലേക്ക് ചേർക്കപ്പെടുക. (7) മർക്കോ. 12:38-44: സ്ഥാനമാനങ്ങൾക്ക് പുറകെ പോകരുത്; സമർപ്പണം (കാഴ്ച) പൂർണ്ണവും പരിശുദ്ധവും ആയിരിക്കട്ടെ. 8. മർക്കോ. 10:35-45: ശുശ്രൂഷയിലും സ്വയത്യാഗത്തിലും ദൈവരാജ്യത്തിനായി ജീവാർപ്പണം ചെയ്യാനാണ് ശിഷ്യനെ വിളിച്ചിരിക്കുന്നത്. (9) ലൂക്കോ. 11:9-20: ദൈവത്തെ നിന്റെ ഇഷ്ടവരദായിയായി കാണരുത്. എല്ലാ നൽവരങ്ങളുടെയും ഉറവിടവും അതിശ്രേഷ്ഠ ദാനവുമായ പരിശുദ്ധാത്മാവു കൊണ്ട് നിറയാൻ മുടങ്ങാതെ പ്രാർത്ഥിക്കൂ. ദൈവാത്മാവിനാൽ രോഗികൾ സുഖപ്പെടുന്നതും

ഭൂതബാധിതർ സ്വസ്ഥമാകുന്നതും അങ്ങനെ ദൈവരാജ്യം വന്നിരിക്കുന്നുവെന്നും നീയും നിനക്കു ചുറ്റുമുള്ളവരും കാണും. (10) മത്താ. 17:22-27: കർത്താവ് ശിഷ്യരെ യറുശലേമിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു. ഈ യാത്ര രാജകീയം തന്നെ. കാരണം, രാജാധിരാജനോടൊത്താണല്ലോ യാത്ര. എന്നാൽ അത് ലൗകികമല്ല. സഹനത്തിന്റെയും ശുശ്രൂഷയുടെയും, ത്യാഗത്തിന്റെയും ക്രൂശിന്റെയും വഴിയാണത്. കർത്തൃശിഷ്യൻ ഈ കാലത്തും ഈ വഴിയേ തന്നെ നീങ്ങണം. (11) മർക്കോ. 6:1-6: ലോകപ്രകാരമുള്ള മാന്യതയും സ്വീകാര്യതയും അനുസരിച്ചല്ല ദൈവം തന്റെ ശിഷ്യരെ വിളിച്ചു വേർതിരിക്കുന്നത്. ഈ വൈരുധ്യം കർത്താവിന്റെ ശിഷ്യന് ക്ലേശകരമാണ്. എങ്കിലും അഭിമുഖീകരിക്കുക തന്നെ വേണം. (12) ലൂക്കോ. 11:33-41: കർത്തൃശിഷ്യന് അകവും പുറവും എന്ന രണ്ട് നിലപാടുകളും സമീപനങ്ങളും ഉണ്ടാവരുത്. പുറംപോലെ തന്നെ അകവും പരിശുദ്ധമായിരിക്കണം. ഇങ്ങനെയേ സമർപ്പണം സമ്പൂർണ്ണവും ദൗത്യം അനുഗ്രഹകരവും ആവുന്നുള്ളു.

ഇനിയും മുൻപറഞ്ഞ വേദഭാഗങ്ങളിൽ ഒന്നിനെപ്പറ്റി ചില ചിന്തകൾ കുറിക്കട്ടെ. വി. മത്തായി 18:1-14 വരെയുള്ള സുവിശേഷ ഭാഗമാണ് പെന്തിക്കോസ്തിക്കുശേഷം പത്താം ഞായറാഴ്ചയിലെ വായനയ്ക്കായി ക്രമീകരിച്ചിരിക്കുന്നത്. ദൈവരാജ്യത്തിന്റെ പ്രഘോഷകരായി വിളിക്കപ്പെട്ടവർ, അവരിൽ ആരാണ് വലുത് എന്ന് ആശിച്ചും അന്വേഷിച്ചും കഴിയേണ്ടവരല്ല. ദൈവരാജ്യത്തിന്റെ ആഴമായ അനുഭവങ്ങൾ സ്വായത്തമാക്കാനും മറ്റുള്ളവരെ അതിലേക്ക് ആനയിക്കുവാനും നിയോഗിതരാണ്.

## വ്യർത്ഥമായ അന്വേഷണങ്ങൾ

സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആര്? ശിഷ്യന്മാരുടെ ഈ ചോദ്യം, തെളിഞ്ഞ മനസ്സിൽ നിന്നും പാകമായ ചിന്തയിൽ നിന്നും ഉയർന്നതല്ല. സ്ഥാനവും മാനവും പേരും പെരുമയും ആഗ്രഹിച്ചു ചോദിച്ചതാണ്. നാം ഉന്നയിക്കുന്ന ചോദ്യങ്ങൾ, നമ്മുടെ താൽപര്യങ്ങളും ആകാംക്ഷകളും അന്വേഷണങ്ങളും സൂചിപ്പിക്കുന്നു. കർത്താവിന്റെ ശിഷ്യർ, ദൈവരാജ്യപ്രഘോഷണത്തിനായി നിയോഗിതർ, പ്രശസ്തി അന്വേഷിക്കുകയോ? ധനവും സ്ഥാനവും മോഹിക്കുകയോ? ലൗകിക താൽപര്യങ്ങളുടേയും നൈമിഷിക മോഹങ്ങളുടെയും സമ്മർദ്ദത്തിനു വഴങ്ങിയ അന്വേഷണങ്ങൾ ശിഷ്യർക്കു പോലും ഉണ്ടായി. ഈ പ്രലോഭനം അതിജീവിക്കുവാനുള്ള കരുത്താണ് ഒരു യഥാർത്ഥ ശിഷ്യന്റെ കൈമുതൽ. നമ്മുടെ വിളിയും നിയോഗവും എന്തെന്ന ബോധ്യം എപ്പോഴും നമ്മുടെ കൺമുമ്പിൽ തെളിഞ്ഞിരിക്കണം.

## ശിശുസഹജമായ പരിശുദ്ധി

ശിഷ്യന്മാരുടെ ചോദ്യത്തിന് കർത്താവു മറുപടി നൽകുന്നില്ല. ദൈവരാജ്യത്തിൽ വലിയവൻ ആരെന്നതല്ല, ആർ പ്രവേശിക്കും എന്നതാണ് അടിസ്ഥാനപരമായ പ്രശ്നം. ദൈവരാജ്യത്തിലേക്ക് എങ്ങനെ പ്രവേശിക്കാം? ദൈവരാജ്യത്തിനായി എങ്ങനെ ജീവിക്കാം? ദൈവരാജ്യത്തെ പ്രതി എങ്ങനെ സാക്ഷികളായിത്തീരാം? ഇതായിരിക്കണം കർത്താവിന്റെ ശിഷ്യനായിത്തീരാൻ പുറപ്പെടുന്ന ഒരാളുടെ അന്വേഷണം. ശിശുസഹജമായ പരിശുദ്ധിയിലേക്ക് മടങ്ങുകയെന്നതാണ് കർത്താവു നിർദ്ദേശിക്കുന്ന പോംവഴി. “നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയി വരണം.”

## ശിശുവും ശിഷ്യനും

യഹൂദർ ശിശു എന്ന വാക്ക് രണ്ടർത്ഥത്തിൽ ഉപയോഗിച്ചിരുന്നു. (1) കുഞ്ഞുങ്ങൾ (2) ഗുരുവിന്റെ കീഴിൽ വിദ്യ അഭ്യസിക്കാനെത്തുന്ന അർത്ഥികൾ. രണ്ടാമത്തെ അർത്ഥത്തിൽ വിശ്വാസത്തിൽ ശിശുക്കളായവർ ഗുരുവിന്റെ ശിക്ഷണത്തിൽ പക്വതയിലേക്ക് വളരുന്നു.

## ശിശുവും പരിശുദ്ധനും

പരിശുദ്ധി ശിശുവിന് സഹജമാണ്. ജന്മനാൽ തന്നെ ദൈവദത്തമായി കാണുന്നു. പരിശുദ്ധിക്ക് പല ഭാവങ്ങൾ ഉണ്ട്. ഏഴെണ്ണം എടുത്തു പറയാം. (1) അത്ഭുതം കൂറുന്നു. (2) മറന്നു പൊറുക്കുന്നു (3) കളങ്കമില്ലായ്മ (4) സുതാര്യത (5) സംപ്രാപ്യത (6) താഴ്മ (7) സമർപ്പണം. ശിശുവിന്റെ സഹജമായിരിക്കുന്ന പരിശുദ്ധിയുടെ ഈ വിവിധ ഭാവങ്ങൾ ശിഷ്യൻ സ്വായത്തമാക്കി, പരിശുദ്ധിയുടെ പൂർണ്ണതയിലേക്ക് വളരണം. ശ്രദ്ധയും ശിക്ഷണവും വിവേകവും വൈരാഗ്യവും കൊണ്ട് മാത്രമേ പരിശുദ്ധിയുടെ ഭാവങ്ങൾ നമ്മിൽ വേരൂന്നി ഉറയ്ക്കുകയുള്ളു. ഇങ്ങനെ പരിശുദ്ധിയിലെത്തുന്ന ഒരാളുടെ പ്രകൃതി ശൈശവത്തിലേക്ക് മടങ്ങിവരുന്നതും പരിശുദ്ധി സഹജഭാവമായി പരിണമിക്കുന്നതും കാണാം.

## സുതാര്യതയും സംപ്രാപ്യതയും

മുൻപറഞ്ഞ പരിശുദ്ധിയുടെ ഏഴു ഭാവങ്ങളെപ്പറ്റി സുദീർഘമായി പ്രതിപാദിക്കാൻ ഇവിടെ ഇടം പോരാ. അതുകൊണ്ട് അധികം കേട്ടുപരിചയിച്ചിരിക്കാൻ സാദ്ധ്യതയില്ലെന്നു തോന്നുന്ന രണ്ടു വാക്കുകൾ മാത്രം വിശദമാക്കാം. സുതാര്യമെന്ന പദം (Transparency) ആദ്യമെടുക്കാം. പ്രകൃതിയിൽ കാണുന്ന വസ്തുക്കളെ പ്രകാശത്തോടു പ്രതികരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടായി തരംതിരിക്കാം. 1. സുതാര്യം. 2. അതാര്യം. സുതാര്യവസ്തു പ്രകാശം കടത്തിവിടുന്നു. അതാര്യവസ്തു പ്രകാശം കടത്തിവിടുന്നില്ല. ആദ്യത്തേതിനുദാഹരണം സ്ഫടികം. രണ്ടാമത്തേതി

നുദാഹരണം കല്ല്. മനുഷ്യരും ഈ തരത്തിൽ കാണപ്പെടുന്നു. ചിലർ ജീവിതത്തിലേക്ക് പ്രകാശം കടന്നുവരാൻ അനുവദിക്കുന്നു. ജീവിതം അങ്ങനെ ക്രമീകരിച്ച് ചിട്ടപ്പെടുത്തിയിരിക്കുന്നു. അവരുടെ അകവും പുറവും ഒരുപോലെ. പുറത്തുള്ളവർക്ക് മറവായി അകത്തൊന്നും ഒളിച്ചു വച്ചിട്ടില്ല. വാക്കും പ്രവൃത്തിയും തമ്മിൽ വൈരുദ്ധ്യമില്ല; സമരസപ്പെട്ടി രിക്കുന്നു. ആളത്വം സുന്ദരവും സ്നിഗ്ധവുമായി ദൈവിക പ്രകാശം നിറ ഞ്ഞുകാണുന്നു. മറ്റു ചിലർ ജീവിതത്തിലേക്ക് പ്രകാശം കടന്നുവരാൻ അനുവദിക്കുന്നില്ല. പുറത്ത് പുഞ്ചിരിയുടെ പ്രകാശം ഉണ്ടെങ്കിലും അക ത്തിരിപ്പ് ആരും അറിയുന്നില്ല. ദൈവവചനത്തിനോ പ്രബോധനത്തിനോ ഹൃദയത്തെ ആർദ്രമാക്കി പ്രകാശപൂർണ്ണമാക്കാൻ സ്വയം സമർപ്പിക്കു ന്നില്ല. കർത്താവിന്റെ ശിഷ്യൻ ദൈവിക പ്രകാശം കൊണ്ട് നിറഞ്ഞ് ജീവിതം സുതാര്യമാക്കി പരിശുദ്ധിയിലേക്ക് വളരണം.

സംപ്രാപ്യത (Availability) പരിശുദ്ധിയുടെ മറ്റൊരു ഭാവമാണ്. ആർക്കും എപ്പോഴും കടന്നുചെല്ലാം. ആരെയും സ്വീകരിക്കുകയും ആകാം. വലുതെന്നും ചെറുതെന്നും സങ്കല്പിച്ച് ആരെയും നിഷേധി ക്കുന്നില്ല. ആരും അന്യരല്ല. ദൈവസന്നിധിയിലെല്ലാവരും വിലപ്പെട്ടവരും വേണ്ടപ്പെട്ടവരും തന്നെ. എല്ലാവരിലേക്കും അലിവും സ്നേഹവും ഒഴുകി ച്ചെല്ലുന്നു. താൻപോരിമയും അഹംഭാവവുമാണ് സംപ്രാപ്യതയ്ക്ക് വിഘാതം നിൽക്കുന്ന ഘടകം. മൃഗജാലങ്ങളിൽ ഏറ്റവും കൂടുതൽ അഹം (Ego) ഉള്ളത് സിംഹത്തിനാണ്. അതുകൊണ്ട് വന്യമൃഗ സമൂ ഹത്തിൽ അത് അകന്നു കഴിയുന്നു. രണ്ടു സിംഹങ്ങൾ മുഖത്തോടു മുഖം രമ്യതയിൽ നിൽക്കുന്നില്ലല്ലോ. പോർവിളിയുടെയും എതിർപ്പി ന്റെയും ശബ്ദം അവ ഉണ്ടാക്കും. സിംഹം ശക്തനാണ്. എന്നാൽ "അഹം"കാരത്തിൽ നിന്നുണ്ടാകുന്ന വികാരങ്ങൾക്ക് അടിമയായതു കൊണ്ട് എപ്പോഴും അസ്വസ്ഥനുമാണ്. ഈ വൈരുദ്ധ്യം അഹംഭാവിക ളായ മനുഷ്യരിലും കാണാം. ആടുകൾക്ക് താരതമ്യേന 'അഹം' കുറ വാണ്. അതുകൊണ്ട് അവ പറ്റമായി ജീവിക്കുന്നു. അഹം ഏറ്റവും കുറവ് പറവകളിലാണ്. പറ്റമായി പറക്കാനും പാർക്കാനും അവയ്ക്കു ബുദ്ധി മുട്ടില്ല. "ഞാൻ" എന്ന സ്ഥാനത്ത് കർത്താവിന് ഇടംകൊടുക്കണം. അതി നുള്ള പരിശീലനവും പ്രയത്നവും നിരന്തരം ഉണ്ടാവണം. എങ്കിൽ മാത്രമേ സംപ്രാപ്യത വളർത്തിയെടുക്കാൻ കഴിയൂ.

ശിശുവിൽ സഹജമായി കാണുന്ന പരിശുദ്ധിയുടെ ഭാവങ്ങൾ നാം നിരന്തര പരിശീലനംകൊണ്ട് സഹജഭാവങ്ങളാക്കി മാറ്റി പരിശുദ്ധരായി രൂപാന്തരപ്പെടണം. കർത്താവിന്റെ ശിഷ്യരും ശ്ലീഹരുമായി വിളിക്കപ്പെട്ടി രിക്കുന്നവർ അഹംഭാവം കൊണ്ടും, സ്ഥാനത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള മോഹങ്ങളിൽപ്പെട്ടുഴന്നും ഈ ലക്ഷ്യത്തിൽ നിന്നും വ്യതി ചലിച്ചു കൂടാ.

# 18

# തേജോധാരികളായ്

ശ്ലീഹാകാലത്ത് വരുന്ന രണ്ടു വലിയ പെരുന്നാളുകളാണ് മറുരൂപ പെരുന്നാളും ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളും. ആദ്യത്തേത് ആഗസ്റ്റ് 6-ാം തീയതിയും രണ്ടാമത്തേത് ആഗസ്റ്റ് 15-ാം തീയതിയും. മറുരൂപ പെരുന്നാൾ സംബന്ധിച്ച് ചില ചിന്തകൾ ആണ് കുറിക്കുന്നത്.

**മറുരൂപം**

'മറുരൂപം' (Transfiguration) 'തേജസ്ക്കരണം' (Glorification) എന്നീ പദങ്ങൾ 'മറുരൂപ'ത്തിന് പര്യായങ്ങളായി ഉപയോഗിക്കുന്നുണ്ട്. ലൂക്കോസ് 9:29-ൽ "അവൻ പ്രാർത്ഥിക്കുമ്പോൾ മുഖത്തിന്റെ ഭാവം മാറി" എന്നും വി. മത്തായിയുടേയും (17:2) വി. മർക്കോസിന്റെയും (9:2) സുവിശേഷങ്ങളിൽ "യേശു രൂപാന്തരപ്പെട്ടു" എന്നും പറഞ്ഞിരിക്കുന്നു. 'മറുരൂപം' 'രൂപാന്തരം' എന്നീ പദങ്ങൾ ഈ ഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് വന്നിട്ടുള്ളത്. 'തേജസ്ക്കരണം' എന്ന പദത്തിന് കുറെക്കൂടെ വിശാലമായ ഒരു പശ്ചാത്തലമുണ്ട്. കർത്താവ് മലയിൽ വച്ച് രൂപാന്തരപ്പെടുന്ന സംഭവം ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 17:1-8, മർക്കോസ് 9:2-8, ലൂക്കോസ് 9:28-36). ഈ വിവരണങ്ങളും പഴയനിയമത്തിൽ ദൈവതേജസ്സ് പ്രത്യക്ഷപ്പെടുന്ന സംഭവങ്ങളുടെ വിവരണങ്ങളും തമ്മിൽ ധാരാളം സാമ്യമുണ്ട്. യേശുവിന്റെ മുഖത്ത് തെളിഞ്ഞ സൂര്യശോഭയും (മത്താ. 17:2) തേജസ്സും (ലൂക്കോ. 9:32) മോശയുടെ രൂപാന്തരത്തോട് വളരെ സാധർമ്മ്യമുള്ളതാണ് (പുറ. 34:29-35). സീനായി പർവ്വതത്തിൽ ഉപവാസത്തിലും പ്രാർത്ഥനയിലും 'യഹോവയോടു കൂടെ ആയിരുന്ന' (പുറ. 34:28) മോശ ദൈവതേജസ്സ് ദർശിച്ച ശേഷം (പുറ. 33:17-23) മലയിറങ്ങി വന്നപ്പോൾ "അവന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിക്കുന്നതു കണ്ടു" (പുറ. 34:30). ദൈവതേജസ്സിലുള്ള പങ്കാളിത്തമാണ് ആ മുഖത്ത് പ്രകാശിച്ചത്. യേശു ധരിച്ചിരുന്ന വസ്ത്രം അവർണ്ണനീയമാംവിധം വെണ്മയുള്ളതായിത്തീർന്നു എന്ന് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു (മത്താ. 17:2, മർക്കോ. 9:3, ലൂക്കോ. 9:29). യെശയ്യാ പ്രവാചകന്റെ ദൈവദർശനത്തെപ്പറ്റിയുള്ള വിവരണത്തിൽ ദേവാലയത്തെ നിറച്ചിരുന്ന ദൈവതേജസ്സ് വെണ്മയുടെ വസ്ത്രമായാണ് ചിത്രീകരിച്ചിരിക്കുന്നത് (യെശ. 6:1). മറുരൂപമലയിൽ യേശു ധരിച്ചതും ദേവാലയത്തെ നിറച്ചിരുന്നതായി യെശയ്യാവു കണ്ടതും ദൈവത്തിന്റെ തേജോവസ്ത്രമായിരുന്നു. പഴയനിയമത്തിൽ ദൈവ

തേജസ്സ് പ്രത്യക്ഷപ്പെടുമ്പോൾ മേഘവും കാണപ്പെടുന്നുണ്ട് (പുറ. 24:15-18). കർത്താവിന്റെ തേജസ്ക്കരണ സന്ദർഭത്തിലും 'പ്രകാശമുള്ള മേഘം' (മേഘം) കാണപ്പെടുന്നു. ഈ സൂചനകളെല്ലാം യേശുക്രിസ്തുവിന്റെ രൂപാന്തരം തേജസ്ക്കരണം തന്നെ എന്ന് വെളിവാക്കുന്നു.

## ആദിമസഭാ പാരമ്പര്യത്തിൽ

കർത്താവിന്റെ രൂപാന്തരത്തെപ്പറ്റിയുള്ള വിവരണം ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിലേ കാണുന്നുള്ളു. എന്നാൽ ഈ സംഭവത്തെപ്പറ്റിയുള്ള സൂചനകൾ പുതിയനിയമത്തിൽ മറ്റു ചില ഭാഗങ്ങളിൽ കാണാം. 2 പത്രോസ് 1:16-18 വരെ ഭാഗത്ത് ഈ സംഭവം വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. "കർത്താവിന്റെ മഹിമ (തേജസ്സ്) കണ്ട സാക്ഷികൾ" എന്ന് ഇവിടെ പത്രോസ് സ്വയം വിശേഷിപ്പിക്കുന്നു. യോഹന്നാൻ ശ്ലീഹാ കർത്താവിന്റെ രൂപാന്തരത്തിന് സാക്ഷി ആയിരുന്നു. എന്നാൽ ഈ സംഭവം, ഒരു പക്ഷേ, വിനയം കൊണ്ടാവാം, അദ്ദേഹം സുവിശേഷത്തിൽ വിവരിക്കുന്നില്ല. എന്നാൽ കർത്താവിന്റെ തേജസ്ക്കരണത്തെപ്പറ്റിയുള്ള സൂചനയാണ് 1:14-ൽ നാം കാണുന്നത്. "ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു." തേജസ്ക്കരണ സംഭവം തന്നെയാണ് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നതെന്ന് ന്യായമായി പറയാം. ഇതുപോലെ തന്നെയുള്ള ഒരു സൂചനയാണ് 2 കൊരി. 4:6-ൽ നിന്നും ലഭിക്കുന്നത്. "യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവ തേജസ്സ്" എന്ന പ്രയോഗം മലയിൽ വച്ച് കർത്താവിനുണ്ടായ തേജസ്ക്കരണത്തിലേക്ക് വ്യക്തമായും വിരൽ ചൂണ്ടുന്നു. 2 കൊരി. 3:7-18 വരെ ഭാഗത്ത് മോശയിലൂടെ ലഭിച്ച ന്യായപ്രമാണത്തിന്റെ ശുശ്രൂഷയുടെ തേജസ്സും പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയുടെ തേജസ്സും തമ്മിലുള്ള താരതമ്യപഠനം കാണാം. ഈ പശ്ചാത്തലത്തിൽ, പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന തേജസ്സിന്റെ വലിയ മാതൃക കർത്താവിന്റെ തേജസ്ക്കരണം തന്നെയാണെന്ന് പൗലോസ് 4:6-ൽ സൂചിപ്പിക്കുകയാണ്. കർത്താവിന്റെ തേജസ്ക്കരണം ആദിമസഭയുടെ ഒരു പ്രധാന പാരമ്പര്യമായിരുന്നു എന്നാണ് മുൻപറഞ്ഞ വിവരണങ്ങളിലൂടെയും സൂചനകളിലൂടെയും നമുക്കു മനസ്സിലാവുക.

## സമഗ്രമായ രൂപാന്തരം

രൂപത്തിൽ വരുന്ന മാറ്റം അഥവാ രൂപപരിണാമമാണല്ലോ രൂപാന്തരം. രൂപാന്തരം എന്നതിന് പുതിയനിയമ ഗ്രീക്ക് മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത് മെറ്റാമോർഫോസിസ് (Metamorphosis) എന്ന പദമാണ്. വ്യവഹാര ഭാഷയിൽ, പ്രകൃതിയിൽ സംഭവിക്കുന്ന രൂപാന്തരത്തെ സൂചിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന വാക്കാണിത്. രൂപാന്തരത്തിനു മുമ്പും പിമ്പു

മുള്ള അവസ്ഥകൾ തമ്മിൽ തുലനം ചെയ്യാൻ കഴിയാത്തവിധം അത്ര കണ്ട് സമഗ്രവും സമ്പൂർണ്ണവുമായ മാറ്റം ഈ വാക്ക് സൂചിപ്പിക്കുന്നുണ്ട്. ഇതിന് രണ്ട് ഉദാഹരണങ്ങൾ എടുത്തുപറയാൻ കഴിയും. 1. ജീവികളുടെ രൂപാന്തരം. 2. പാറകളുടെ രൂപാന്തരം. ജീവികളുടെ രൂപാന്തരത്തിന് നല്ല ഒരു ഉദാഹരണമാണ് ചിത്രശലഭത്തിന്റെ ജീവിതചക്രം. ഇതിന് നാല് ഘട്ടങ്ങളുണ്ട്. മുട്ട, ലാർവ (പുഴു), പ്യൂപ (സമാധി), ചിത്രശലഭം. മുട്ട ഒരാഴ്ചയ്ക്കുള്ളിൽ വിരിഞ്ഞ് പുഴുവായി വരുന്നു. ഇതിന് പൂർണ്ണവളർച്ചയെത്തിയ ശലഭവുമായി യാതൊരു സാദൃശ്യവുമില്ല. പുഴുക്കൾ നാലു പ്രാവശ്യം പുറംതൊലി കൊഴിക്കുന്നു. പിന്നീട് സമാധിയായി. ചില അന്തഃസ്രാവിഗ്രന്ഥികൾ ഉൽപ്പാദിപ്പിക്കുന്ന ഹോർമോണുകളാണ് ഈ രൂപാന്തരത്തെ നിയന്ത്രിക്കുന്നത്. സമാധിക്കൂടിനുള്ളിലായ പുഴുവിന്റെ അവയവങ്ങൾക്കെല്ലാം ഏതാണ്ട് രണ്ടാഴ്ച കൊണ്ട് രൂപഭേദം വന്ന് ചിറകു മുളച്ച് ഒരു ശലഭമായി രൂപമെടുക്കുന്നു. രൂപാന്തരം പൂർണ്ണമായി കഴിയുമ്പോൾ സമാധിക്കൂടു പൊട്ടിച്ച് ശലഭം സുന്ദരരൂപിയായി പുറത്തുവരുന്നു. താപം, മർദ്ദം, പ്രതിബലം, രാസവസ്തുക്കളുടെ സംയോഗവിയോഗങ്ങൾ എന്നിവയെ ആശ്രയിച്ചാണ് പാറകൾ ഗ്രാനൈറ്റ്, മാർബിൾ എന്നീ വിശിഷ്ട കല്ലുകളായി രൂപാന്തരപ്പെടുന്നത്. ഈ രണ്ട് ഉദാഹരണങ്ങളിലൂടെയും സമഗ്രവും സമ്പൂർണ്ണവുമായ രൂപാന്തരമാണ് മെറ്റാമോർഫോസിസ് എന്ന പദം അർത്ഥമാക്കുന്നത് എന്ന് കാണാൻ കഴിയും.

മണ്മയനായ മനുഷ്യൻ തേജോരൂപിയായിത്തീരുന്നതാണ് പുതിയ നിയമത്തിൽ കാണുന്ന രൂപാന്തരം (മെറ്റാമോർഫോസിസ്). തേജസ്സിലേക്ക് രൂപാന്തരപ്പെടുന്ന മനുഷ്യന്റെ പ്രതിനിധിയും മാതൃകയുമാണ് മറുരൂപമലയിലെ കർത്താവ്. മനുഷ്യൻ ആദ്യസൃഷ്ടിയിൽ തേജോരൂപിയായിരുന്നു. പാപത്തിന്റെ ഫലമായി തേജോവസ്ത്രം നഷ്ടപ്പെട്ട് വിരൂപിയായിത്തീർന്നു. ഈ അവസ്ഥയിൽ ജീവിക്കാനല്ല മനുഷ്യന്റെ ആത്യന്തിക ഭാഗധേയം. അത്യന്തം ശ്രേഷ്ഠമായ ഒരു ജീവിതാന്തസ്സ് മനുഷ്യനുണ്ട്. ഈ വിളിയും നിയോഗവും തിരിച്ചറിഞ്ഞ് രൂപാന്തരപ്പെട്ട് തേജസ്സിലേക്ക് വളരുവാനുള്ള പാഠമാണ് മറുരൂപമലയിൽ നിന്ന് നമുക്ക് ലഭിക്കുന്നത്.

### പരിശുദ്ധാത്മാവിന്റെ ദാനം

1 പത്രോസ് 4:14-ൽ പരിശുദ്ധാത്മാവിനെ "തേജസ്സിന്റെ ആത്മാവ്" (മഹത്വത്തിന്റെ ആത്മാവ് എന്ന പരിഭാഷ തിരുത്തിയിരിക്കുന്നു) എന്നു വിളിക്കുന്നു. "തേജസ്സു നൽകുന്ന ആത്മാവ്" എന്നാണ് "തേജസ്സിന്റെ ആത്മാവ്" എന്ന പ്രയോഗത്തിന്റെ അർത്ഥം. തേജസ്സു നഷ്ടപ്പെട്ട മനുഷ്യരാശിയെ വീണ്ടും തേജസ്സ് ധരിപ്പിക്കുന്നത് പരിശുദ്ധാത്മാവത്രെ.

പരിശുദ്ധ പിതാക്കന്മാരുടെ ചിത്രം വരയ്ക്കുമ്പോൾ തേജോവലയം നൽകുന്നതായി നാം കാണുന്നുണ്ടല്ലോ. പരിശുദ്ധന്മാർ രൂപാന്തരം പ്രാപിച്ചവരാണ്. അവരുടെ രൂപാന്തരം ആത്മാവിനും മനസ്സിനും മാത്രമല്ല ശരീരത്തിനും സംഭവിക്കുന്നു. സമസ്ത വ്യക്തിത്വവും രൂപാന്തരപ്പെടുകയാണ്.

പരിശുദ്ധാത്മാവ് ഇന്നും നമ്മിൽ നിറഞ്ഞ് പ്രവർത്തിക്കുന്നു എന്ന് തേജസ്ക്കരണത്തിലൂടെ പഠിപ്പിച്ച സന്യാസപിതാവാണ് സറോവിലെ വി. സെറാഫീം. 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുമായി റഷ്യയിൽ ജീവിച്ചിരുന്ന പരിശുദ്ധനാണദ്ദേഹം. അദ്ദേഹത്തിന്റെ ഭക്തിജീവിതം നേരിട്ടു കണ്ടു മനസ്സിലാക്കാനായി നിക്കോളാസ് മോട്ടോവിലോവ് എന്നയാൾ അടുത്തുകൂടി. സെറാഫിമും മോട്ടോവിലോവും തമ്മിലുള്ള സംഭാഷണങ്ങൾ ശ്രദ്ധേയമാണ്. ഒരു ദിവസം രണ്ടു പേരും കൂടി നടക്കാനിറങ്ങി. അന്നത്തെ സംഭാഷണ വിഷയം പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെ സംബന്ധിച്ചായിരുന്നു. സെറാഫിമിനോട് മോട്ടോവിലോവ് ചോദിച്ചു: "പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഞാൻ എങ്ങനെ മനസ്സിലാക്കും? എന്നിൽ അവന്റെ സാന്നിദ്ധ്യം ഉണ്ടെന്ന് ഞാൻ എങ്ങനെ അറിയും?" പല കാര്യങ്ങളും പറഞ്ഞ് മോട്ടോവിലോവിനെ പഠിപ്പിക്കാൻ ശ്രമിച്ചിട്ടും ബോദ്ധ്യപ്പെടുന്നില്ലെന്നു കണ്ടപ്പോൾ സെറാഫിം തിരിഞ്ഞ് മുഖാമുഖം നിന്ന് മോട്ടോവിലോവിന്റെ തോളുകളിൽ കൈവെച്ച് പറഞ്ഞു. "നാം രണ്ടു പേരും പരിശുദ്ധാത്മാവിന്റെ നിറവിലാണ്. നീ എന്നെ നോക്കാത്തതെന്ത്?" മോട്ടോവിലോവ്: "പിതാവേ, അങ്ങയെ നോക്കാൻ എനിക്കു കഴിയുന്നില്ല. അങ്ങയുടെ കണ്ണുകൾ പ്രകാശിക്കുന്നു. അങ്ങയുടെ മുഖം സൂര്യനേക്കാൾ ശോഭാപൂർണ്ണമായിരിക്കുന്നു. എന്റെ കണ്ണുകൾക്ക് നോക്കാനാവുന്നില്ല." സെറാഫിം: "ഭയപ്പെടേണ്ട, ദൈവത്തിന്റെ സ്നേഹിതാ, നീയും എന്നെപ്പോലെ പ്രകാശിതനായിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവിലായിരിക്കുന്നു. അല്ലെങ്കിൽ നിനക്കെന്നെ നോക്കാൻ കഴിയുകയില്ല." തുടർന്ന് സെറാഫിം ശിരസ്സ് കുനിച്ച് മോട്ടോവിലോവിന്റെ കാതിൽ മന്ത്രിച്ചു: "കർത്താവിന് നന്ദി പറയൂ. ഞാൻ കുരിശു വരച്ചതു പോലുമില്ല, എന്റെ ഹൃദയത്തിൽ പ്രാർത്ഥിക്കുക മാത്രമേ ചെയ്തുള്ളു: 'കർത്താവേ, പരിശുദ്ധാത്മാവിന്റെ നിവാസം കണ്ണുകൊണ്ടു കാണാൻ ഇവനെ അനുഗ്രഹിക്കേണമേ. നിന്റെ തേജസ്സ് നിന്റെ ശിഷ്യന്മാർ കാണാൻ നീ അനുഗ്രഹിച്ചതുപോലെ.' നീ എന്തുകൊണ്ടാണ് എന്നെ നോക്കാത്തത്? ഭയം കൂടാതെ ധൈര്യമായി എന്നെ നോക്കൂ. ദൈവം നമ്മോടു കൂടെ ഉണ്ട്." ഇതു കേട്ടു കഴിഞ്ഞ് മോട്ടോവിലോവ് കണ്ണുകളുയർത്തി സെറാഫിമിന്റെ മുഖത്തേക്കു നോക്കി. മോട്ടോവിലോവ് പറയുന്നു: "ഒരു ഭയം എന്നെ നിറച്ചു. സൂര്യപ്രകാശത്തിൽ കുളിച്ച് ഉച്ചസൂര്യന്റെ കിരണത്തേക്കാൾ

പ്രകാശിക്കുന്ന മുഖത്തേക്ക് ഞാൻ നോക്കുകയായിരുന്നു." സെറാഫിം ചോദിച്ചു: "ഇപ്പോൾ നിനക്ക് എന്തു തോന്നുന്നു?" മോട്ടോവിലോവ്: "അസാധാരണമായ ഒരു സുഖം അനുഭവപ്പെടുന്നു." സെറാഫിം: "എന്ത് സുഖം? എന്താണ് സുഖം എന്നതുകൊണ്ട് നീ പറയാൻ ഉദ്ദേശിക്കുന്നത്?" മോട്ടോവിലോവ് ഉത്തരം നൽകി: "എന്റെ ആത്മാവ് അവാച്യമായ മൗനവും ശാന്തിയും കൊണ്ടു നിറഞ്ഞിരിക്കുന്നതായി എനിക്ക് അനുഭവപ്പെടുന്നു." സെറാഫിം പറഞ്ഞു: "എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല എന്നു കർത്താവു പറഞ്ഞിട്ടുണ്ടല്ലോ. ആ സമാധാനമാണ് ദൈവവത്സലാ, നിനക്കിപ്പോൾ ലഭിച്ചിരിക്കുന്നത്."

പരിശുദ്ധാത്മ നിവാസം കൊണ്ട് നിറയുന്നതിന്റെ പ്രകാശനമാണ് തേജസ്കരണം. കർത്താവിന്റെ ദൂതു വഹിക്കാൻ നിയോഗിതനാവുന്ന ശിഷ്യൻ പരിശുദ്ധാത്മ ദാനമായ തേജോപൂർണ്ണതയിലേക്ക് വളരുവാനും വിളിക്കപ്പെട്ടിരിക്കുന്നു. ഈ നിലയിൽ മറുരൂപപ്പെരുന്നാളിന്റെ സന്ദേശം ശ്ലീഹാകാലത്തിനോട് ഇണങ്ങി നിൽക്കുന്നു.

# 19

# അമ്മേ നിനക്കു ഭാഗ്യം

ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ ശ്ലീഹാകാലത്തു വരുന്ന ഒരു പ്രധാന പെരുന്നാൾ ആണ്. സഭയുടെ ആരാധനാവർഷത്തിൽ മാതാവിന്റെ നാമത്തിൽ പല പെരുനാളുകളും ക്രമീകരിച്ചിട്ടുണ്ട്. വചനിപ്പു പെരുന്നാൾ (രണ്ടു പ്രാവശ്യം ആചരിച്ചു വരുന്നു - നവംബർ മാസം മൂന്നാമത്തെയോ നാലാമത്തെയോ ഞായറാഴ്ച അനിശ്ചിത പെരുനാളിന്റെ ക്രമത്തിലും മാർച്ച് 25-ന് നിശ്ചിത പെരുനാളിന്റെ ക്രമത്തിലും), ദൈവമാതാവിന്റെ പുകഴ്ച പെരുനാൾ (ഡിസംബർ 26), ദൈവമാതാവിന്റെ വാങ്ങിപ്പു പെരുനാൾ (ആഗസ്റ്റ് 15) ഇവ പ്രധാന പെരുനാളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിത്തുകൾക്കുവേണ്ടി ദൈവമാതാവിന്റെ പെരുനാൾ (ജനുവരി 15), കതിരുകൾക്കുവേണ്ടി ദൈവമാതാവിന്റെ പെരുനാൾ (മെയ് 15) എന്നിവ മദ്ധ്യപൂർവ്വ ഏഷ്യയിലെ കാർഷികകാലത്തോടു ബന്ധിപ്പിച്ച് ഉത്ഭവിച്ച പെരുനാളുകൾ ആണ്. ഇവ കേരളത്തിലെ കാലാവസ്ഥയുടെ പശ്ചാത്തലത്തിൽ ഇണങ്ങുന്നില്ലെങ്കിലും ഇവയും സാധാരണ പെരുനാളുകളുടെ പട്ടികയിൽപ്പെടുത്തി മലങ്കരസഭയിലും ആചരിച്ചുവരുന്നു. ഇവ കൂടാതെ സെപ്റ്റംബർ 8-ന് ദൈവമാതാവിന്റെ ജനനപ്പെരുനാൾ (സഭയുടെ ഔദ്യോഗിക പട്ടികയിൽ പെടുന്നില്ലെങ്കിലും) എട്ടു ദിവസത്തെ വ്രതാനുഷ്ഠാനങ്ങളോടെ ആചരിച്ചു വരുന്നുണ്ട്. ദൈവമാതാവിന് സഭ നൽകുന്ന സ്ഥാനവും വിശ്വാസികൾക്ക് മാതാവിന്റെ മദ്ധ്യസ്ഥതയിലുള്ള ആഴമായ വിശ്വാസവുമാണ് ഈ പെരുനാളുകൾ സൂചിപ്പിക്കുന്നത്.

### ആരാധനാവർഷത്തിൽ

കർത്താവിന്റെ രക്ഷാകരജീവിതവും പ്രവർത്തനങ്ങളും ചുരുൾ നിവർത്തി കാണാനും അന്നെന്നപോലെ ഇന്നും അവയിൽ വിശ്വാസികൾ സജീവമായി പങ്കുകൊണ്ട് രക്ഷയിൽ വളരാനുമാണ് ആരാധനാവർഷം സംവിധാനം ചെയ്തിരിക്കുന്നത്. ഈ നിലയിൽനിന്നു നോക്കുമ്പോൾ പരിശുദ്ധന്മാരുടെയും പരിശുദ്ധകളുടേയും ഓർമ്മപ്പെരുന്നാളുകൾ ആരാധനാവർഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ പ്രസക്തി എന്തെന്ന ചോദ്യം സംഗതമായി വരുന്നു. കർത്താവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ പങ്കാളികളും അതിന് സാക്ഷികളുമാണ് പരിശുദ്ധർ. അവരിലൂടെ കർത്താവിന്റെ മഹത്വം എത്ര കണ്ട് മഹത്വീകരിക്കപ്പെട്ടു എന്നു പരിശോധിക്കാനും അതിൽനിന്ന് പാഠം ഉൾക്കൊള്ളുവാനും അവർക്കുവേണ്ടി

പ്രാർത്ഥിക്കാനും അവരുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെടാനും പരിശുദ്ധന്മാരുടെ ഓർമ്മപ്പെരുന്നാളുകൾ നമുക്ക് അവസരം നൽകുന്നു. കർത്താവിന്റെ രക്ഷാകരജീവിതത്തോടു ബന്ധിപ്പിച്ചു മാത്രമേ പരിശുദ്ധന്മാരുടെ ഓർമ്മപ്പെരുന്നാളുകൾക്ക് പ്രസക്തിയുള്ളു.

## വാങ്ങിപ്പു പെരുനാളിനെപ്പറ്റി

സുറിയാനി സഭാപാരമ്പര്യത്തിൽ 'പ. മറിയാമിന്റെ വാങ്ങിപ്പു പെരുനാൾ' (The Feast of the Departure of St. Mary) എന്ന് വിളിക്കുമ്പോൾ ബൈസന്റയിൻ സഭാപാരമ്പര്യത്തിൽ 'പ. മറിയാം നിദ്ര പ്രാപിച്ച പെരുനാൾ' (The Feast of the Dormition - Falling Asleep of St. Mary) എന്ന് ഈ പെരുനാളിന് പേരിട്ടിരിക്കുന്നു. രണ്ടും കന്യകമറിയാമിന്റെ നിര്യാണമാണ് സൂചിപ്പിക്കുന്നത്. എന്നാൽ റോമൻ കത്തോലിക്കാ സഭ കന്യകമറിയാമിന്റെ ശരീരം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിന് (assumed) കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ഈ പെരുനാളിന് (The Feast of the Assumption of St. Mary) എന്ന് പേര് നൽകിയിരിക്കുന്നു. ഈ പെരുനാളിന് കത്തോലിക്കാ സഭ നൽകിയിരിക്കുന്ന നിർവചനം നോക്കുക: "മാതാവിന്റെ ഇഹലോകജീവിതം പൂർത്തിയായപ്പോൾ അവളുടെ ശരീരവും ആത്മാവും സ്വർഗ്ഗീയ തേജസ്സിലേക്ക് സ്വീകരിക്കപ്പെട്ടു." മാതാവിന്റെ ശരീരവും ആത്മാവും സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കപ്പെട്ടു എന്ന വിശ്വാസം റോമൻ കത്തോലിക്കാ സഭ 1950-ലാണ് 'ഡോഗ്മാ' (അനുപേക്ഷണീയ വിശ്വാസം) ആയി പ്രഖ്യാപിച്ചത്. നാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഒരു അപ്പോക്രിഫാ (അനൗദ്യോഗിക ഗ്രന്ഥം) കൃതിയിലൂടെയാണ് ഈ വിശ്വാസത്തിന് പ്രചാരം സിദ്ധിച്ചത്.

സുറിയാനി ആരാധനാ പാരമ്പര്യത്തിൽ കന്യകമറിയാം സാധാരണ മരണം പ്രാപിച്ചു എന്നും മാതാവിന്റെ സംസ്കാരത്തിന് ഭൂലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശ്ലീഹന്മാർ എത്തിച്ചേർന്നു എന്നും മരണശേഷം മാതാവിന്റെ ശരീരം ജീർണിക്കാൻ അനുവദിക്കാതെ മൂന്നാം ദിവസം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നും കാണുന്നു. എന്നാൽ ശരീരം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നതിന് വലിയ പ്രാധാന്യം നൽകിക്കാണുന്നില്ല. 'വാങ്ങിപ്പ്' (ശൂനോയോ) എന്ന പദം എല്ലാ വിശ്വാസികളുടെയും നിര്യാണത്തിന് ഉപയോഗിക്കുന്ന പദം തന്നെയാണ്. വാങ്ങിപ്പു പെരുനാളിന്റെ പ്രുമിയോൻ - സെദ്റാകളിൽ മാതാവിന്റെ മരണം, ആത്മാവ് എടുക്കപ്പെടുന്നത്, സംസ്കാരം, സംസ്കാരത്തിൽ ശ്ലീഹന്മാർ പങ്കെടുക്കുന്നത് എന്നീ കാര്യങ്ങൾ കാണുന്നു. ശരീരം സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കപ്പെട്ടതിനെപ്പറ്റി പരാമർശിക്കുന്നില്ല. എന്നാൽ ചില ഗാനങ്ങളിൽ മാതാവിന്റെ ശരീരം സംസ്ക്കാരം കഴിഞ്ഞ് സ്വർഗ്ഗത്തിലേക്ക്

എടുക്കപ്പെട്ടു എന്നു കാണുന്നു. ഏലിയായെ അഗ്നിത്തേരിൽ ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുത്ത ദൈവം രക്ഷകനെപ്പെറ്റ അമ്മയുടെ ശരീരം ജീർണ്ണതയ്ക്ക് വിട്ടുകൊടുക്കാതെ സ്വർഗ്ഗത്തിലേക്ക് സ്വീകരിച്ചു എന്നു വിശ്വസിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല. എങ്കിലും മാതാവിന്റെ വാങ്ങിപ്പാണ് പുരാതന പാരമ്പര്യത്തിൽ കാണുന്നത്. ശരീരം സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കപ്പെട്ടു എന്ന പാരമ്പര്യം പിൽക്കാലത്ത് വന്നിട്ടുള്ളതാണ്. ഈ പാരമ്പര്യം പൂർണ്ണമായി നിരാകരിക്കാതെയും അതേസമയം അതിന് പുരാതനവും അഖണ്ഡിതവുമായ (വാങ്ങിപ്പിന്റെ) പാരമ്പര്യത്തിനൊപ്പം സ്ഥാനം കൊടുക്കാതെയുമുള്ള സമീപനമാണ് എല്ലാ ഓർത്തഡോക്സ് സഭകളും സ്വീകരിച്ചിട്ടുള്ളത്.

## യുക്ത്യതീതവും പ്രകൃത്യാതീതവും

ഒരു സ്ത്രീയിൽ ദൈവം ജാതനാവുകയോ? കന്യക കുഞ്ഞിനെ പാലൂട്ടുകയോ? ഇതെങ്ങനെ കഴിയും? എന്ന ചോദ്യത്തിന് സാധാരണ ബുദ്ധിയെ തൃപ്തിപ്പെടുത്തുന്ന ഉത്തരം നൽകാനാവില്ല. ദൈവം ലോകത്തിൽ ഇടപെട്ടു പ്രവർത്തിക്കുന്നത് പ്രകൃതിനിയമങ്ങളുടെ അതിരുകൾക്കുള്ളിലൊതുക്കാനും യുക്തികൊണ്ട് അളന്ന് തിട്ടപ്പെടുത്താനും കഴിയുകയില്ല. അത് പ്രകൃത്യാതീതവും യുക്ത്യതീതവുമാണ്. അതു ഗ്രഹിക്കാൻ പഴയ – പുതിയനിയമ കാലങ്ങളിൽ ദൈവം ഇടപെട്ടു പ്രവർത്തിച്ച അനേക സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; അവയിലേക്ക് തിരിഞ്ഞു നോക്കുകയേ വേണ്ടൂ. കന്യകമറിയാമിന്റെ പെരുനാളുകളിലെ പ്രാർത്ഥനകളിലും വായനകളിലും ഇത്തരം നിരവധി സംഭവങ്ങൾ സൂചിപ്പിച്ചുകൊണ്ട് മാതാവിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവിക വ്യാപാരത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നതു കാണാം. ഇവ താരതമ്യപ്പെടുത്തി ധ്യാനിക്കുന്ന ഭക്തർ അതിശയാതിരേകത്തോടെ 'അമ്മേ നിനക്കു ഭാഗ്യം! നിനക്കു സമാധാനം!' എന്നിങ്ങനെ മാതാവിനെ പുകഴ്ത്തി പ്രകീർത്തിക്കുന്നു.

## നിഴലും പൊരുളും

പഴയനിയമകാലത്ത് ദൈവം യിസ്രായേല്യരുടെ ജീവിതത്തിൽ ഇടപെട്ട് വീണ്ടെടുപ്പും രക്ഷയും വെളിപ്പെടുത്തിയ സംഭവങ്ങൾ നിഴലായും കാലത്തികവിൽ ക്രിസ്തുവിൽ നിറവേറിയ സംഭവങ്ങൾ പൊരുളായും വിവരിക്കുന്ന പതിവ് സഭാപാരമ്പര്യത്തിൽ ആദിമുതൽതന്നെ കാണുന്നുണ്ടല്ലോ. ക്രിസ്തുവിന്റെ ജനനമാണ് ക്രിസ്തുസംഭവ പരമ്പരകളിൽ ആദ്യത്തേത്. ഇതിന്റെ രക്ഷാകരമായ പ്രാധാന്യവും അതിൽ കന്യകമറിയാമിന്റെ പങ്കാളിത്തവും പഴയനിയമ സംഭവങ്ങളിലൂടെ വിശദമാക്കുന്നതിന് സഭാപിതാക്കന്മാർ ശ്രമിക്കുന്നു. പഴയനിയമ നിഴൽ പുതിയനിയമപ്പൊരുളുമായി തട്ടിച്ചുനോക്കി മാതാവിനെ ഹവ്വയുടെ മകൾ (ഉല്പ.

3:1–5), ആന്തരീയ മുൾപ്പടർപ്പ് (പുറ. 3:1–5), സ്വർണ്ണച്ചെപ്പ് (പുറ. 16:32–34), വിശുദ്ധ പർവ്വതം (പുറ. 19:16–23), അഗ്നിസ്തംഭം (പുറ. 40:38, നെഹ. 9:12), അഹറോന്യ ദണ്ഡ് (സംഖ്യ 17:8–10), നിയമപ്പെട്ടകം (യോശു. 3:14, 4:24), ഗിദയോന്യ രോമക്കെട്ട് (ന്യായാ. 6:37–40), ഏലീശായുടെ പുതിയ കുടം (2 രാജാ. 4:1–7), സ്വർഗ്ഗീയ സിംഹാസനം (യെശ. 6:1–3), ജഡികരഥം (യെഹ. 1:1–28), പൂട്ടിയ വാതിൽ (യെഹ. 43:1–4, 44:1–2) എന്നിങ്ങനെ പുകഴ്ത്തിപ്പാടുന്ന ധാരാളം ഭാഗങ്ങൾ നമ്മുടെ ആരാധനാക്രമങ്ങളിലുണ്ട്.

വചനിപ്പുപെരുന്നാൾ, കർത്താവിന്റെ ജനനപെരുന്നാൾ, മാതാവിന്റെ ഓർമ്മപെരുന്നാളുകൾ എന്നീ സന്ദർഭങ്ങളിലെല്ലാം മുൻപറഞ്ഞിരിക്കുന്ന പ്രകാരം പഴയനിയമ ഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ട് രണ്ട് കാര്യങ്ങൾ വിശദമാക്കുവാൻ പിതാക്കന്മാർ ശ്രമിക്കുന്നു. (1) കർത്താവിന്റെ രക്ഷാകരമായ ജീവിതവ്യാപാരങ്ങളിൽ മാതാവിന്റെ പങ്ക്, (2) ക്രിസ്തുവിന്റെ കന്യകാ ജനനത്തിന്റെ വിശ്വസനീയത. ഉദാഹരണമായി ഒരു വേദഭാഗം മാത്രം ഇവിടെ പരിശോധിക്കാം. യോശു. 3:14, 4:10 ഭാഗത്ത് നിയമപ്പെട്ടകം ചുമന്ന പുരോഹിതന്മാരുടെ കാൽ യോർദ്ദാൻ നദിയെ സ്പർശിച്ചപ്പോൾ കൊയ്ത്തുകാലത്ത് കരകവിഞ്ഞൊഴുകിയ വെള്ളത്തിന്റെ ഒഴുക്ക് നിലച്ചു. വെള്ളമുള്ള നദിയിലൂടെ കടന്നുപോയെങ്കിലും പുരോഹിതന്മാരുടെ കാൽ നനഞ്ഞില്ല എന്നു കാണുന്നു. ക്രിസ്തുവിന്റെ കന്യകാ ജനനവും അങ്ങനെ തന്നെ. ക്രിസ്തു മറിയാമിൽ നിന്ന് ജനിച്ചെങ്കിലും അവളുടെ കന്യാവ്രതത്തിന് ഭംഗം വന്നില്ല. നിയമപ്പെട്ടകത്തിൽ ദൈവം നൽകിയ നിയമത്തിന്റെ പലകകൾ ഉണ്ട്. നിയമം ദൈവജനത്തെ സംബന്ധിച്ചുള്ള ദൈവഹിതമാണ്. കർത്താവിന്റെ കാലമാകുമ്പോഴേക്കും നിയമം (തോറ) ദൈവസാന്നിദ്ധ്യമായി യഹൂദർ കണക്കാക്കിയിരുന്നു. മാത്രമല്ല നിയമപ്പെട്ടകം ദൈവത്തിന്റെ കൃപാസനവും ആണല്ലോ. ദൈവസാന്നിദ്ധ്യമുള്ള നിയമപ്പെട്ടകം വഹിച്ചതിനാൽ അത്ഭുതം നടന്നു. കർത്താവിനെ വഹിച്ച പുതിയനിയമത്തിന്റെ പെട്ടകമാണ് കന്യകമറിയാം.

ഇങ്ങനെ ഓരോ വേദഭാഗവും സംഭവവും കന്യകമറിയാമിലൂടെ നടന്ന രക്ഷാകരമായ ക്രിസ്തു സംഭവത്തോട് ബന്ധിപ്പിച്ച് സഭ ധ്യാനിക്കുകയും അതിൽ പങ്കുചേരാൻ ഭാഗ്യം സിദ്ധിച്ച മാതാവിനെ പ്രകീർത്തിക്കുകയും ചെയ്യുന്നു.

### ഭാഗ്യവതി

ദൈവം 'ഇറങ്ങി വസിക്കാൻ' കന്യകമറിയാമിന് ഭാഗ്യം ലഭിച്ചു. അമ്മയുടെ ഭാഗ്യം നമുക്കും അവകാശപ്പെടാം. മൺപാത്രങ്ങളെങ്കിലും സ്വയം ശുദ്ധീകരിച്ച് ദൈവകരങ്ങളിൽ സമർപ്പിച്ചാൽ കർത്താവ് അമൂല്യമായ

ദാനങ്ങൾ നിറച്ച് നമ്മെ മാനപാത്രമാക്കിത്തീർക്കും. വെറുമൊരു ഈറ്റക്കഷണം സംഗീതജ്ഞന്റെ കരങ്ങളിൽ സ്വരമധുരമായ ഗാനം പുറപ്പെടുവിക്കുന്ന മുരളിയായി രൂപാന്തരപ്പെടുന്നത് നാം അത്ഭുതത്തോടെ കാണുന്നുണ്ടല്ലോ. ടാഗോറിന്റെ ഗീതാഞ്ജലിയിൽ (ഒന്നാം കീർത്തനം) നിന്ന് ചില വരികൾ ഉദ്ധരിക്കട്ടെ:

*"നീ എന്റെ ഉരുവം ഒരിക്കലും തീരാത്തതാക്കി. അതിലാണ് നിന്റെ കൗതുകം! മുമ്പ് എത്ര പ്രാവശ്യം നീ ഈ മൺചിമിഴ് കമഴ്ത്തിക്കളഞ്ഞു - പിന്നെയും നീ അതിൽ നവജീവൻ നിറക്കുന്നു.*

*ഇതോ വെറുമൊരു ഈറ്റക്കഷണം - ഒരു പുല്ലാങ്കുഴൽ. എന്നിട്ടും നീ അതിനെ നിന്റെ മുരളിയാക്കി മേടുകളിലും അല്ലിക്കാടുകളിലും നദീതടങ്ങളിലും നിന്റെ പ്രാണനെ നിത്യനൂതനമായ സ്വരമാധുരിയാക്കി പാടി നടക്കുന്നു."*

ശുദ്ധീകരിച്ച് സ്വയം സമർപ്പിച്ചതിനാൽ മാതാവിന് ദൈവത്തോട് ഏറ്റവും അടുത്ത സ്വാതന്ത്ര്യവും സാമീപ്യവും ഉണ്ടായി. ദൈവം അവളെ തന്റെ കരങ്ങളിലെടുത്തു. അക്ഷരാർത്ഥത്തിൽ തന്നെ ദൈവം അവളിൽ ഉടലെടുത്തു. അമ്മേ, നിനക്കു ഭാഗ്യം! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാലും.

# 20

# കുരിശേ ജയിക്കുക!

### സ്ലീബാ കാലം

സ്ലീബാപ്പെരുന്നാൾ (സെപ്റ്റംബർ 14) മുതൽ സഭാ ശുദ്ധീകരണപ്പെരുന്നാൾ (ഒക്ടോബർ 30-നും നവംബർ 5-നും ഇടയ്ക്കുള്ള ഞായർ) വരെയുള്ള കാലഘട്ടമാണ് സ്ലീബാകാലം. ഇതിന് ഏതാണ്ട് ഏഴ് ആഴ്ചകൾ ഉണ്ട്. സഭാവർഷത്തിൽ ഏറ്റവും ഒടുവിലത്തേതും ഏഴാമത്തേതുമാണ് സ്ലീബാകാലം. ക്രൂശിൽനിന്ന് പല പാഠങ്ങളും ഈ ആരാധനാകാലത്തിൽ നമുക്കുൾക്കൊള്ളുവാനുണ്ട്. അവയിൽ രണ്ടെണ്ണം ആദ്യമേ പരിഗണിക്കാം.

### സമാധാനം

കുരിശിൽ രണ്ടു ദണ്ഡുകൾ പരസ്പരം സന്ധിക്കുന്നതു കാണാം. ഒരു ദണ്ഡ് ഉപരിതനമായും (Vertical) മറ്റേത് അനുപ്രസ്ഥമായും (horrizontal) നിലകൊള്ളുന്നു. ഉപരിതനമായ ദണ്ഡ് സ്വർഗ്ഗത്തെ ഭൂമിയോടും അല്ലെങ്കിൽ ദൈവത്തെ മനുഷ്യരോടും അനുപ്രസ്ഥമായ ദണ്ഡ് മനുഷ്യരെ അന്യോന്യവും മനുഷ്യരെയും പ്രപഞ്ചത്തെയും തമ്മിലും ബന്ധിപ്പിക്കുന്നതായും സൂചിപ്പിക്കുന്നു. മറ്റൊരു വീക്ഷണം: ക്രൂശിന്റെ മദ്ധ്യബിന്ദുവിൽ നിന്ന് വിവിധദിശകളിലേക്ക്, പ്രപഞ്ചത്തിന്റെ അനന്തസീമകളിലേക്ക് പടർന്നുപോകുന്ന ഒരു ചലനം ക്രൂശിൽ കാണാനാവും. ക്രൂശിന്റെ പ്രകാശം ഭൂതലത്തെ മുഴുവനും പ്രകാശപൂർണ്ണമാക്കുന്നു. നാനാദിശകളിൽ നിന്നും മദ്ധ്യബിന്ദുവിലേക്ക് ഏകീഭവിച്ച് ഒഴുകിവരുന്ന ഒരു ചലനവും ക്രൂശിൽ കാണാൻ കഴിയും. മാനവജാതി മുഴുവനും സമസ്ത പ്രപഞ്ചവും ക്രിസ്തുവിൽ സന്ധിക്കുന്നു. നിരപ്പ്, അനുരഞ്ജനം, സമാധാനം എന്നീ വാക്കുകളിൽ ഈ ആശയങ്ങൾ സമാഹരിക്കുവാൻ കഴിയും.

ദൈവത്തിന് പുറംതിരിഞ്ഞ് അകന്നു നീങ്ങിയ മനുഷ്യനെ ദൈവാഭിമുഖമാക്കി ക്രിസ്തു ക്രൂശിൽ അടുപ്പിച്ചു. അതേപോലെ തന്നെ പകയും വിദ്വേഷവും മൂത്ത് മുഖാമുഖം നോക്കാനാവാതെ ശത്രുതയിൽ കഴിഞ്ഞ മനുഷ്യരെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ചരടിൽ കൂട്ടിയിണക്കി ഒന്നിപ്പിച്ചതും ക്രിസ്തുവിന്റെ ക്രൂശത്രെ. അങ്ങനെ ദൂരസ്ഥർ സമീപസ്ഥരായി. ശത്രുതയിലായിരുന്നവർ സമാധാനത്തിലായി. പക്ഷം തിരിഞ്ഞു നിന്നവരെ വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് നിരപ്പിച്ചു.

ദൈവത്തേയും മനുഷ്യരേയും തമ്മിലും മനുഷ്യരെ അന്യോന്യവും രമ്യപ്പെടുത്തുന്നതാണ് കുരിശ് (എഫേ. 2:13-16). കുരിശിന്റെ സമാധാനം മാനവജാതിക്ക് മാത്രമല്ല പ്രപഞ്ചം മുഴുവനും ഉള്ളതാണ്. എല്ലാ പ്രധാന പെരുനാളുകളിലും സ്ലീബാ ആഘോഷമായെടുത്ത് ദേവാലയ മദ്ധ്യത്തിൽ നിന്നുകൊണ്ട് നാലു ദിക്കുകളിലേക്കും തിരിഞ്ഞ് പുരോഹിതൻ സമസ്ത ലോകത്തെയും സ്ലീബാ കൊണ്ട് അനുഗ്രഹിക്കുന്നു. മാത്രമല്ല, പ്രദക്ഷിണ സമയത്ത് നഗരമദ്ധ്യത്തിൽ നിന്നുകൊണ്ട് നാലു ദിശകളിലേക്കും തിരിഞ്ഞ് പുരോഹിതൻ "നിങ്ങൾക്കു സമാധാനം" എന്നു ചൊല്ലി ആശീർവാദം ചെയ്യുന്നത് നാനാജാതി മതസ്ഥരായ മനുഷ്യരെ മാത്രമല്ല, സമസ്ത പ്രപഞ്ചത്തേയുമാണ്.

## പരിത്യാഗം

പരിത്യാഗമാണ് ക്രൂശിന്റെ മറ്റൊരു ദൂത്. സ്വയം ത്യജിക്കുന്നതിന് തയ്യാറാവുമ്പോഴേ പരിത്യാഗം ഉണ്ടാവുന്നുള്ളു. ഞാൻ (I) എന്ന വൻ ഭാവത്തെ കാണിക്കുന്ന ദണ്ഡിനെ മറ്റൊരു ദണ്ഡുകൊണ്ട് മുറിക്കുമ്പോൾ മറ്റുള്ളവർക്കുവേണ്ടി സ്വയം വെറുമയാക്കുന്ന പ്രകർഷേണയുള്ള ത്യാഗം (പരിത്യാഗം) ഉണ്ടാകുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സ്നേഹം, സ്വയത്യാഗം, യാഗാർപ്പണം ഇവ മൂന്നും പരിത്യാഗത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. സ്നേഹത്തെ പ്രതിയാണ് സ്വയത്യാഗത്തിനൊരുങ്ങുന്നത്. യഥാർത്ഥത്തിൽ ഇതാണ് യാഗാർപ്പണം. പരിത്യാഗത്തിന് ഒരു പ്രതീകം ചമയ്ക്കാൻ രണ്ടു ദണ്ഡുകൾ നെടുകയും കുറുകയും വച്ച് ക്രൂശ് ഉണ്ടാക്കി ആശയങ്ങൾ അതിൽ അധ്യാരോപിക്കുകയായിരുന്നില്ല. ക്രിസ്തുവിന്റെ ക്രൂശിന്മേലുള്ള പരമയാഗത്തിൽ സ്നേഹത്തിന്റെയും സ്വയത്യാഗത്തിന്റെയും ദൂത് നാം സ്വാഭാവികമായി കണ്ടെത്തുകയായിരുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ക്രൂശ് പരിത്യാഗത്തിന്റെ പ്രതീകമായി മാറുന്നത് അതിനു പിമ്പിലുള്ള ക്രിസ്തു സംഭവത്തിന്റെ അടിസ്ഥാനത്തിലാകുന്നു. ഇന്നും ക്രൂശിന്റെ പ്രതീകം അർത്ഥപൂർണ്ണമാവുന്നത് ക്രൂശ് സ്വയം ചുമന്നും ക്രൂശിന്റെ ദൂത് സ്വായത്തമാക്കിയും സ്നേഹത്തിലും, സ്വയത്യാഗത്തിലും തന്നെത്തന്നെ യാഗമർപ്പിച്ച് പരിത്യാഗത്തിന്റെ വഴിയെ പ്രയാണം ചെയ്യുന്നതിലൂടെ മാത്രമാണ്.

## സ്ലീബാപ്പെരുന്നാൾ

ക്രിസ്താബ്ദം നാലാം നൂറ്റാണ്ടിലാണ് ഈ പെരുനാൾ ആരംഭിക്കുന്നത്. എ.ഡി. 326-ൽ റോമൻ ചക്രവർത്തിയായ കുസ്തന്തീനോസ് രാജാവിന്റെ അമ്മ ഹേലനി രാജ്ഞി യെരുശലേമിൽ കർത്താവിനെ ക്രൂശിച്ച സ്ഥാനത്തുനിന്ന് കർത്താവിന്റെ ക്രൂശ് കണ്ടെത്തി. അവിടെ രണ്ടു വലിയ ദേവാലയങ്ങൾ പണി കഴിപ്പിച്ചു. എ.ഡി. 335-ൽ കർത്താവിന്റെ ക്രൂശ്

കണ്ടെത്തിയതിന്റെ വാർഷികദിനമായ സെപ്റ്റംബർ 14-ന് ഈ പള്ളിക ളുടെ പ്രതിഷ്ഠാകർമ്മവും നടത്തി. ഇവിടെ ആണ്ടുതോറും സെപ്റ്റംബർ 14 പെരുനാളായി ആഘോഷിക്കുന്നതിന് തുടങ്ങി. ഇത് ക്രമേണ ലോക ത്തെമ്പാടും 'ക്രൂശിന്റെ മഹത്വീകരണപ്പെരുന്നാൾ' (The Feast of the Exaltation of the Cross) എന്ന പേരിൽ ആണ്ടുതോറും ആഘോഷിക്കുന്നതി നാരംഭിച്ചു. സഭയുടെ പല പെരുനാളുകളുടെയും ഉൽപ്പത്തിയും വളർ ച്ചയും വേണ്ടത്ര വ്യക്തമല്ലെങ്കിലും സ്ലീബാപ്പെരുന്നാളിനെ സംബന്ധിച്ച് വ്യക്തമായ ചരിത്രം നമുക്ക് ലഭ്യമാണ്.

### മുഖ്യസന്ദേശം

സ്ലീബാപ്പെരുനാളിലും അതിനുശേഷം വരുന്ന ആദ്യ ഞായറാഴ്ച യിലും സുവിശേഷ വായനയ്ക്കായി ക്രമീകരിച്ചിരിക്കുന്നത് സമ വീക്ഷണ സുവിശേഷങ്ങളിലെ മൂന്നു സമാന്തര വേദഭാഗങ്ങൾ ആണ്. വി. മത്താ. 24, വി. മർക്കോ. 13, വി. ലൂക്കോ. 21. ഈ വേദഭാഗങ്ങളിലൂടെ സഭ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന മൂന്നുനാലു പ്രധാന ചിന്തകൾ താഴെക്കുറിക്കുന്നു.

### 1. ലോകാവസാനം

ഈ കാണുന്ന ലോകത്തിന് ഒരു അന്ത്യം ഉണ്ട്. ഈ ലോകവാസം സ്ഥാവരമല്ല. യുദ്ധവും യുദ്ധഭീതിയും ഭൂകമ്പവും ക്ഷാമവും അതിന്റെ സൂചനകളാണ് (ലൂക്കോ. 21:9-11). അഴിഞ്ഞുപോകുന്നതാണ് ഈ പ്രപഞ്ചമെങ്കിൽ, ആത്യന്തികമല്ല നമുക്ക് ഈ ലോകവാസമെങ്കിൽ, ലോക ത്തോടുള്ള നമ്മുടെ സമീപനം പറ്റുമാനത്തിന്റേതാവരുത്. "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തക ളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണിപോലെ വരാ തിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" (ലൂക്കോ. 21:34). 'ആ ദിവസം' കർ ത്താവു വരുന്ന ദിവസം ആണ്. അപ്പോൾ മനുഷ്യപുത്രന്റെ മുമ്പിൽ നിൽ പ്പാൻ നാം പ്രാപ്തരാകേണ്ടതിന് ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരി ക്കണം (മർക്കോ. 13:33).

### 2. രണ്ടാമത്തെ വരവ്

ഈ ലോകത്തിന്റെ അന്ത്യം കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ ലക്ഷണമാണ്. കർത്താവ് സ്ഥാപിക്കുന്ന പുതിയ ലോകം സമാഗതമാ വാൻ ഈ ലോകം ഇല്ലാതാവണം. കർത്താവിന്റെ വരവ് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ലോകാവസാനത്തിൽ മാത്രമല്ല സംഭവിക്കുക. നാം ഈ ലോകത്തോട് യാത്രപറയുന്ന ദിവസം, അതായത് മരണം നമുക്ക് ലോകാവസാനമാണ് - നമ്മുടെ ജീവിതത്തിൽ കർത്താവ് സന്ദർ

ശിക്കുന്ന ദിവസം. ലോകാവസാനത്തിൽ കർത്താവ് നമ്മെ സന്ദർശിക്കുന്നതായാലും, മരണം വഴി വ്യക്തികളായി ഈ ലോകത്തിൽ നിന്ന് കടന്നു പോകുന്ന നിമിഷത്തിൽ കർത്താവ് നമ്മെ സന്ദർശിക്കുന്നതായാലും, ആ ദിവസം, ആ നിമിഷം എപ്പോൾ എന്ന് അറിയായ്കകൊണ്ട് നാം സൂക്ഷിച്ചും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിക്കണം.

### 3. പോരാട്ടം

ലോകത്തിന്റെ അന്ത്യവും കർത്താവിന്റെ വരവും കാത്തിരിക്കുന്ന ഈ പ്രവാസകാലം - പരദേശവാസകാലം - പോരാട്ടത്തിന്റെയും പീഡനത്തിന്റെയും സാക്ഷ്യത്തിന്റെയും കാലഘട്ടമാണ്. പോരാട്ടം അന്തിക്രിസ്തുവിനോടാണ്. ഭൗതികശക്തികളോടും ലോകമോഹങ്ങളോടുമാണ്; സ്വർലോകത്തിലെ വാഴ്ചകളോടും അധികാരങ്ങളോടും ദുർസേനകളോടുമാണ്. പോരാട്ടത്തിൽ പീഡനമുണ്ടാകും. പീഡനം സഹിച്ച് ക്രിസ്തുവിനെ ലോകത്തിനു മുമ്പിൽ സാക്ഷിക്കുവാനുള്ള സമയമാണ് ഇനിയും അവശേഷിക്കുന്ന ഈ ലോകവാസകാലം. കർത്താവിന്റെ കുരിശിന്റെ ദൂത് ഇങ്ങനെ വേണം നാം ജീവിതത്തിലൂടെ പ്രകാശിപ്പിക്കുവാൻ. കർത്താവിന്റെ കുരിശ് പോരാട്ടത്തിൽ പരാജയമുണ്ടാകുന്നതിന്റെ പ്രതീകമല്ല. ജയത്തിന്റെ അടയാളമാണ്. എന്നാൽ പീഡനവും കഷ്ടതയും ഒഴിവാക്കാനാവില്ല. അവയിലൂടെ കടന്ന് ജയം വരിച്ച് ജീവിക്കുന്നതാണ് കുരിശിന്റെ സാക്ഷ്യം.

### 4. സൂക്ഷിച്ചുകൊൾവിൻ

ലോകം അവസാനിക്കും. കർത്താവ് ഏതു നിമിഷവും വരാം, കാവൽക്കാരെ നിയമിച്ചാക്കി പരദേശത്തു പോയ യജമാനൻ ഏതു യാമത്തിലും ഏതവസരത്തിലും തിരികെ വരാൻ സാദ്ധ്യതയുള്ളതുപോലെ. അതുകൊണ്ട് സൂക്ഷിച്ചുകൊൾവിൻ, ഉണർന്നിരിപ്പിൻ, പ്രാർത്ഥിച്ചുകൊണ്ടിരിപ്പിൻ എന്ന് കർത്താവ് നമ്മെ പ്രബോധിപ്പിക്കുന്നു. വി. മർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായത്തിൽ 'സൂക്ഷിച്ചുകൊൾവിൻ' എന്ന വാക്ക് നാലു പ്രാവശ്യവും (5, 9, 23, 33 വാക്യങ്ങൾ) 'ഉണർന്നിരിപ്പിൻ' എന്ന വാക്ക് മൂന്നു പ്രാവശ്യവും (33, 36, 37 വാക്യങ്ങൾ) 'പ്രാർത്ഥിച്ചുകൊണ്ടിരിപ്പിൻ' എന്ന വാക്ക് രണ്ടു പ്രാവശ്യവും (18, 33 വാക്യങ്ങൾ) ഉപയോഗിച്ചിരിക്കുന്നു.

### പുതിയ പ്രമാണം

കുരിശ് ജീവിതത്തിന് ഒരു പുതിയ പ്രമാണം നൽകുന്നു. സ്വാർത്ഥത, ലോകായതികത, ഭൗതികത എന്നിവയാണ് സാധാരണ ലോകത്തിന്റെ പ്രമാണമെങ്കിൽ സ്നേഹം, സഹനം, പരിത്യാഗം, യാഗാർപ്പണം, സമാ

ധാനം എന്നിവയാണ് ക്രൂശിന്റെ പ്രമാണം. ഈ പ്രമാണം ഗൗരവമായി സ്വീകരിക്കുന്ന ഒരാൾ ലോകം ക്ഷണികമെന്ന് തിരിച്ചറിഞ്ഞ് ക്രൂശിന്റെ ശാശ്വത മൂല്യങ്ങൾക്കായി സ്വയമർപ്പിച്ചു ജീവിക്കും. ഇതിന് കുരിശ് നമ്മെ ക്ഷണിക്കുന്നു. മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ 'ഇന്ന് ഞാൻ നാളെ നീ' എന്ന പ്രസിദ്ധമായ കാവ്യത്തിൽ നിന്ന് ഏതാനും വരികൾ ഉദ്ധരിച്ചു കൊണ്ട് ഉപസംഹരിക്കട്ടെ.

> "അന്തികത്തുള്ളൊരു പള്ളിയിൽ നിന്നുടൻ
> പൊന്തി 'ണാം-ണാം'മെന്നു ദീനമണി സ്വനം
> രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ-
> ത്തുണ്ടായോരാ മഹാത്യാഗത്തെയിപ്പോഴും
> മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്കു-
> മേകമുഖമാം കുരിശിനെ മുത്തുവാൻ
> ആരാലിറങ്ങിവരും ചില 'മാലാഖ'-
> മാരായ് വരാം കണ്ട തൂവെൺ മുകിലുകൾ
> പാപം ഹരിച്ചു പാരിന്നു വിണ്ണേറുവാൻ
> പാത കാണിക്കും കുരിശേ ജയിക്കുക."

# 21

# കുരിശ്: ഒരു പുതിയ പ്രമാണം

ക്രിസ്തീയ ജീവിതം ഒരു പുതിയ വഴിത്താരയാണ്. ക്രിസ്തുവിനെ നാഥനായി സ്വീകരിച്ച് ഒരു പുതിയ ജീവിതക്രമത്തിൽ പിതാവാം ദൈവത്തിങ്കലേക്ക് നടന്നടുക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ പ്രയാണത്തിന് നിയാമകമായി രണ്ട് പ്രമാണങ്ങൾ നമുക്ക് നൽകപ്പെട്ടിട്ടുണ്ട്.

1. പരിശുദ്ധാത്മാവും 2. പരിശുദ്ധ കുരിശും. പരിശുദ്ധാത്മാവ് അന്തര്യാമിയായി - നമ്മുടെ ഉള്ളിൽ നിവസിച്ച് - നമ്മെ നടത്തുന്ന ദൈവമാണ്. പരിശുദ്ധ കുരിശ് പരിശുദ്ധാത്മാവിലുള്ള പുതിയ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണവും അത്യുദാത്തമായ മാതൃകയുമത്രെ.

ക്രിസ്തുമതത്തെ യഹൂദമതത്തിൽ നിന്നും വേർതിരിച്ചു നിർത്തുന്നവയാണ് മുൻപറഞ്ഞ രണ്ടു പ്രമാണങ്ങൾ. യഹൂദമത ജീവിതത്തിന് പ്രമാണമായിരുന്നത് തോറാ ആയിരുന്നു. ന്യായപ്രമാണത്തിന് തെറ്റേത്, ശരിയേത് എന്ന് പുറമേനിന്ന് അനുശാസിക്കാനേ കഴിയൂ. ഉള്ളത്തെ രൂപാന്തരപ്പെടുത്തുവാൻ അതിന് കെൽപ്പില്ല. ന്യായപ്രമാണത്തിന്റെ സ്ഥാനത്ത് നമുക്ക് ലഭിച്ചത് പരിശുദ്ധാത്മാവിനെ അത്രെ. പരിശുദ്ധാത്മാവ് ഹൃദയത്തെ പരിവർത്തനം ചെയ്യിക്കുന്നു. ക്രിസ്തുമതത്തെ യഹൂദമതത്തിൽ നിന്നും മാറ്റിനിർത്തുന്ന മറ്റൊരു പ്രമാണമാണ് കുരിശ്. നിയമത്തിന്റെ പ്രമാണവും കുരിശിന്റെ പ്രമാണവും രണ്ട് വിരുദ്ധ ധ്രുവങ്ങളിലായി നിൽക്കുന്നു. ഇത് കുറച്ചുകൂടെ വിശദമായി മനസ്സിലാക്കാൻ ശ്രമിക്കാം.

### കുരിശിന്റെ പ്രമാണം

മുമ്പ് സൂചിപ്പിച്ചതുപോലെ ക്രൂശിൽനിന്ന് കേൾക്കുന്ന മൂന്ന് വാക്കുകളാണ് സ്നേഹം, ത്യാഗം, യാഗം. സ്നേഹത്തിൽ നിന്നും സമുദ്ഭൂതമാകുന്ന പരിത്യാഗവും പരിത്യാഗത്തിൽ സമർപ്പിക്കപ്പെടുന്ന യാഗവുമാണ് ക്രിസ്തുവിന്റെ ക്രൂശിൽ നിന്നും ഉയിർകൊള്ളുന്ന സുപ്രധാന പ്രമാണം. നിയമങ്ങൾ കർക്കശമായി പാലിച്ച് സ്വയം നീതിമാനെന്ന് അഭിമാനിക്കുന്ന ഒരാൾ കുരിശിന്റെ പ്രമാണം അനുസരിച്ച് ജീവിച്ചുകൊള്ളണമെന്ന് നിർബന്ധമില്ല. ഉദാഹരണമായി ഒരു ഭവനത്തിന് എഴുതപ്പെട്ടതല്ലെങ്കിലും ചില നിയമങ്ങളുണ്ട്. എന്നാൽ അപ്പനേയും അമ്മയേയും തമ്മിലും മാതാപിതാക്കന്മാരേയും കുഞ്ഞുങ്ങളെയും തമ്മിലും കൂട്ടിയിണക്കി ബന്ധങ്ങൾ സുദൃഢമാക്കുന്നത് നിയമങ്ങളല്ലല്ലോ. പിന്നെയോ, സ്നേഹത്തിലും

ത്യാഗത്തിലും മറ്റുള്ളവർക്കുവേണ്ടി സ്വയം യാഗമായി അർപ്പിച്ചുകൊണ്ടുള്ള ജീവിതമാണ്. ഇതാണ് നിയമാധിഷ്ഠിതമായ യഹൂദമതത്തിൽ നിന്നും വ്യത്യസ്തമായി ക്രൂശിൽ അധിഷ്ഠിതമായ ക്രിസ്തീയ ജീവിതം നൽകുന്ന പുതിയ പാഠം.

ക്രൂശിന്റെ പ്രമാണമെന്തെന്ന് തിരിച്ചറിയാൻ മതത്തിന്റെ ചട്ടക്കൂട്ടിൽ കഴിയുന്ന ഒരു യഹൂദന് സാദ്ധ്യമല്ല. ക്രൂശ് പ്രതിനിധാനം ചെയ്യുന്നത് ക്രിസ്തുവിന്റെ ക്രൂശിലുള്ള മരണം മാത്രമല്ല, മനുഷ്യാവതാരം മുഴുവനുമാണ്. മനുഷ്യാവതാര രഹസ്യം ആവിഷ്ക്കരിക്കാൻ കുരിശുപോലെ ശക്തമായ മറ്റൊരു പ്രതീകമില്ല. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ആദ്യ നിമിഷം മുതൽ പീഡനവും സഹനവും ആരംഭിക്കുകയായിരുന്നു. അതിന്റെ പരിപൂർത്തിയാണ് യെരുശലേമിൽ ക്രൂശീകരണത്തിൽ സംഭവിച്ചത്. അപരിമിതനും അപരിമേയനുമായ ദൈവം എങ്ങനെ മനുഷ്യനായി പിറന്ന് ലോകത്തിൽ ജീവിക്കാൻ കഴിയും? യഹൂദമത സങ്കല്പപ്രകാരം സാധ്യമല്ല. ഇക്കാരണത്താൽ ക്രിസ്തുവിനെ അംഗീകരിക്കുന്നതിൽ ക്രൂശ് യഹൂദർക്ക് ഇടർച്ചയായി തീർന്നു (1 കൊരി. 1:23). മനുഷ്യരോടുള്ള സ്നേഹം മൂലമാണ് ദൈവം മനുഷ്യനായി തീർന്നത്. “ദൈവം സ്നേഹം തന്നെ” (1 യോഹ. 4:8) എന്ന് ക്രൂശിനെ നോക്കി നമുക്കും പറയാൻ കഴിയും. ഇതു തന്നെയാണ് ക്രൂശിന്റെ വചനം (1 കൊരി. 1:18). ദൈവം മനുഷ്യനായിത്തീർന്ന സ്നേഹം; പീഡനത്തിന് സ്വയം വിട്ടുകൊടുത്ത സ്നേഹം; യാഗമായി ഹോമിക്കപ്പെടാൻ സ്വയം ത്യജിച്ച ക്രൂശിലെ നിസ്തുല സ്നേഹം. ഇവ സാധാരണ യുക്തിയും ബുദ്ധിയും കൊണ്ട് ഗ്രഹിക്കാൻ കഴിയാത്തതായതിനാൽ ക്രൂശിന്റെ പ്രമാണം യഹൂദർക്ക് ഇടർച്ചയും ജാതികൾക്ക് ഭോഷത്തവുമായിരുന്നു.

സ്ലീബാ പെരുന്നാളിനു ശേഷം വരുന്ന പല ഞായറാഴ്ചകളിലുമുള്ള വേദവായനകൾ, യഹൂദമതത്തിലെ നിയമത്തിന്റെ പ്രമാണം ക്രൂശിന്റെ പ്രമാണത്തിൽ നിന്നും എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുന്നവയാണ്. ‘പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ച മാവ് സൂക്ഷിച്ചുകൊൾവിൻ’ എന്ന് കർത്താവ് ശിഷ്യന്മാരോട് പറയുമ്പോൾ ജീവൻ ചോർന്നുപോയ മതോപദേശമാണ് ഉദ്ദേശിക്കുന്നതെന്ന് കർത്താവ് തന്നെ വ്യക്തമാക്കുന്നു (2-ാം ഞായറാഴ്ച: മത്താ. 16:5-12). ഇതിന് നല്ലൊരുദാഹരണം 3-ാം ഞായറാഴ്ചയിലെ സുവിശേഷ വായനയിൽ (മർക്കോ. 2:23-28) കാണാം. പരീശന്മാരോട് കർത്താവ് പറയുന്നു: “മനുഷ്യർ ശബത്ത് നിമിത്തമല്ല ശബത്ത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായത്.” ജീവൻ വറ്റി ജഡത്വം മുറ്റി മതപ്രബോധനങ്ങൾ വരട്ടുനിയമങ്ങളായി തരംതാണുപോയ ഒരു ദുഃസ്ഥിതി യഹൂദമതത്തിനുണ്ടായിരുന്നു. ഇത്തരമൊരവസ്ഥ മതത്തെ കാപട്യത്തിലേക്ക് നയിക്കും. പരീശന്മാരും

ശാസ്ത്രിമാരും മന്ത്രപട്ടയ്ക്കു വീതി കൂട്ടി കുപ്പായത്തിന്റെ തൊങ്ങൽ വലുതാക്കി മറ്റുള്ളവർക്കു മുമ്പിൽ സ്വയം നീതിമാന്മാരെന്ന് നടിച്ചു നടക്കുന്നുവെന്ന് കർത്താവ് വെട്ടിത്തുറന്നു പറയുന്നുണ്ടല്ലോ (അഞ്ചാം ഞായർ: മത്താ. 23:12). ഇതിൽനിന്നും വ്യത്യസ്തമായി ക്രൂശിന്റെ വഴി കർത്താവ് നിർദ്ദേശിക്കുന്നുണ്ട്. "നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം" (മത്തായി 23:11).

### ദൈവവും ദ്രവ്യവും

ക്രൂശിന്റെ പ്രമാണം സ്വാംശീകരിച്ച് പരിത്യാഗത്തിന്റെ വഴി പരിശീലിക്കാത്ത ഒരാളുടെ ഭക്തി കപടവും ജീവിതം ഭൗതികവുമായിരിക്കും. പരീശന്മാരുടെ ജീവിതത്തിൽ ഇതു തന്നെയാണ് സംഭവിച്ചത്. ന്യായപ്രമാണം അണുവിട തെറ്റാതെ അനുഷ്ഠിക്കുന്നവരാണ് പരീശന്മാർ. എന്നാൽ അവർ ദ്രവ്യാഗ്രഹികളായിരുന്നുവെന്ന് കർത്താവ് തന്നെ പറയുന്നു (മത്താ. 16:14). ക്രൂശിനെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന ഒരാൾ ദ്രവ്യാഗ്രഹിയാകുകയില്ല. എന്നാൽ ദ്രവ്യസ്നേഹത്തിലേക്ക് വഴുതിവീണ് ക്രൂശിന്റെ പ്രമാണത്തിൽ നിന്ന് വ്യതിചലിച്ചു പോകുവാനുള്ള പ്രലോഭനം ഇന്നും ശക്തമായുണ്ട്. ഇതിനെ അതിജീവിക്കാനുള്ള ഒരു പ്രബോധനം ശ്ലീഹാപ്പെരുന്നാളിനു ശേഷം നാലാം ഞായറാഴ്ചയിലെ സുവിശേഷ വായനയിൽ (ലൂക്കോ. 16:13–18) നിന്നും നമുക്ക് ലഭിക്കുന്നുണ്ട്. ചില പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു.

### മാമ്മോൻ

'രണ്ട് യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴിയുകയില്ല. നിങ്ങൾക്ക് ദൈവത്തേയും മാമ്മോനേയും സേവിപ്പാൻ കഴിയുകയില്ല' (മത്തായി 16:13). 'മാമ്മോൻ' എന്ന പദത്തിന്റെ അർത്ഥം വ്യക്തമല്ല. ഒരു നിരുക്തം ഇങ്ങനെയാണ്. എന്തിലാണോ, ആരിലാണോ, നാം ആശ്രയിച്ചു നിൽക്കുന്നത് അതാണ് 'മാമ്മോൻ.' അങ്ങനെയാകുമ്പോൾ ദൈവവും മാമ്മോൻ ആകാം. എന്നാൽ വ്യവഹാരത്തിൽ ഈ പദത്തിന്റെ അർത്ഥം ദൈവത്തിൽ നിന്ന് അകന്ന് നാം ആശ്രയം വെയ്ക്കുന്നതെല്ലാം 'മാമ്മോൻ' എന്നു വരുന്നു. ധനം മാത്രമല്ല, സ്ഥാനവും വികാരങ്ങളും മാമ്മോനുകളായി മാറും. ഇവയൊന്നും അവയിൽതന്നെ തിന്മയല്ല. വലിയ ഉത്തരവാദിത്വങ്ങളാണ്. എന്നാലവയോടുള്ള അതിരുകവിഞ്ഞ ആസക്തി അവയെ മാമ്മോനുകളാക്കിത്തീർക്കുന്നു.

### സ്വതന്ത്രരായ ദാസർ

ധനം, സ്ഥാനം, വികാരങ്ങൾ എന്നിവ ഉത്തരവാദിത്വങ്ങളാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റാൻ കാര്യ

വിചാരകത്വബോധം വേണം. കാര്യവിചാരകന്മാർ ഉടയവരല്ല. കർത്താക്കന്മാരും യജമാനന്മാരുമല്ല. ഉടയതമ്പുരാൻ മാത്രമാണ് സർവ്വത്തിന്റെയും അധികാരി. ക്രിസ്തുവിന്റെ കാര്യവിചാരകന്മാർ അവന്റെ ദാസരാണ്, സ്വതന്ത്രരായ ദാസർ. ലോകത്തിൽനിന്നും തിന്മയിൽനിന്നും പാപത്തിൽ നിന്നും ക്രിസ്തുവിൽ രക്ഷിതരായതിനാൽ അവർ സ്വതന്ത്രരത്രെ. മുഴുസമയവും സമസ്ത ജീവിതവും നാഥന്റെ ശുശ്രൂഷയ്ക്കായി നീക്കിവച്ചവരായിരുന്നതിനാൽ അവർ ദാസരാകുന്നു.

### ശ്രദ്ധയും ഭക്തിയും

ദൈവശുശ്രൂഷയ്ക്കായി സ്വയമർപ്പിക്കുന്ന ഒരു ആരാധകനുണ്ടാവേണ്ട ഭാവങ്ങളാണ് ശ്രദ്ധയും ഭക്തിയും. ഭക്തി ദൈവത്തിന് സമ്പൂർണ്ണമായി സമർപ്പിക്കുന്ന ഭാവമാണ്. ശ്രദ്ധയിലൂടെയേ ഭക്തി വളരൂ. ഏകാഗ്രതയിലൂടെയേ ശ്രദ്ധ വർദ്ധിക്കുകയുമുള്ളു. ഭക്തൻ ദൈവത്തിൽ ഏകാഗ്രചിത്തനാകണം. ധനവും സ്ഥാനവും വികാരങ്ങളും അയാളെ പ്രലോഭിപ്പിച്ചു കൂടാ. "രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴിയുകയില്ല." രണ്ട് തോണിയിൽ കാൽവച്ച് നീങ്ങുന്ന ഒരാൾ ഒരിക്കലും ലക്ഷ്യത്തിലെത്തിച്ചേരുന്നില്ലല്ലോ; വെള്ളത്തിൽ വീണ് മുങ്ങിത്താണു പോവുകയേയുള്ളു.

മനഃശാസ്ത്രത്തിൽ Schizophrenia (വിഭജിത വ്യക്തിത്വം) എന്നൊരു രോഗത്തെക്കുറിച്ച് പരാമർശമുണ്ടല്ലോ. ചില വ്യക്തികളിൽ മനസ്സ് രണ്ട് തട്ടിലേക്ക് നിരന്തരം ഭ്രമിച്ചു മാറിക്കൊണ്ടിരിക്കുന്നു. പരസ്പരവിരുദ്ധമായ, പൊരുത്തപ്പെടാത്ത മുഖങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. ഇവർ വിഭജിത വ്യക്തിത്വമുള്ളവരായിരിക്കും. ഒരു പരിധി വരെ മനസ്സിന്റെ ചാഞ്ചല്യവും ചാപല്യവും എല്ലാ വ്യക്തികളിലുമുണ്ട്. ഏറ്റക്കുറച്ചിലുകൾ ഉണ്ടെന്നു മാത്രം. ആത്യന്തികമായി നന്മയെന്നു കണ്ട് ജീവിതത്തിൽ അവലംബിക്കേണ്ട മാർഗ്ഗം ഒന്ന്. എന്നാൽ ആകർഷണം കൊണ്ടും ആവേഗം കൊണ്ടും ആസക്തികൊണ്ടും വന്നുപെട്ടു പോകുന്ന മാർഗ്ഗം മറ്റൊന്ന്. പരസ്പരം ഇണങ്ങിച്ചേർന്നു പോകാത്ത ദ്വന്ദ്വാത്മകങ്ങളായ ഈ വൈരുദ്ധ്യങ്ങൾ ഒരു വ്യക്തിത്വത്തിൽ ചേർത്തു കൊണ്ടുപോകുന്നതിന് ശ്രമിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിന് ആഘാതം ഉണ്ടാക്കുമ്പോൾ അതിൽനിന്ന് രക്ഷപ്പെടാൻ മനസ്സു കാണിക്കുന്ന തന്ത്രമാണ് Schizophrenia.

ഇന്ന് ഏറിയപങ്കും മനുഷ്യർ ഒരു ചെറിയ അളവു വരെയെങ്കിലും വ്യക്തിത്വം വിഭജിച്ചു പോയവരാണ്. ദൈവവും ദ്രവ്യവും തമ്മിലും, നന്മയും തിന്മയും തമ്മിലും നിരന്തരം ഏറ്റുമുട്ടി ഏകാഗ്രത നഷ്ടപ്പെട്ട് ഭ്രമിച്ചു നിൽക്കുന്നവർ. സ്നേഹത്തിലും ത്യാഗത്തിലും മറ്റുള്ളവർക്കു

വേണ്ടി സ്വയം യാഗമായിയർപ്പിക്കുന്ന ക്രൂശിന്റെ പ്രമാണം സ്വീകരിക്കുക യാണ് രക്ഷാമാർഗ്ഗം എന്ന് സഭ നമ്മെ ഉപദേശിക്കുന്നു.

### ക്രൂശ് എടുത്ത് പിൻപറ്റുക

പുനരുത്ഥാനകാലം കഴിഞ്ഞ് ആരാധനാവർഷത്തിൽ വരുന്ന മൂന്നു കാലങ്ങളാണ് പെന്തിക്കോസ്തി കാലം, ശ്ലീഹാകാലം, സ്ലീബാകാലം. ഓരോ കാലത്തിന്റെയും മുഖ്യസന്ദേശങ്ങൾ വിശകലനം ചെയ്തു പഠി ക്കുമ്പോൾ ആരാധനാകാലങ്ങൾ തമ്മിലുള്ള പൊരുത്തവും പാരസ്പ ര്യവും നമ്മെ അതിശയിപ്പിക്കുന്നു. പുനരുത്ഥാനം ചെയ്ത കർത്താവിനെ ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ തിരിച്ചറിഞ്ഞ് അവനെ അനുഗമിച്ച് അവനു ദൂതവാഹികളാവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കുന്നു. കർത്താവിനെ അനുഗമിക്കുന്നവൻ തന്റെ ക്രൂശ് എടുത്ത് അവനെ പിൻ പറ്റണം. ധനം, സ്ഥാനം, ദുർവികാരങ്ങൾ എന്നീ പ്രലോഭനങ്ങൾ ജീവിതം ലൗകികതയിൽ ഉറപ്പിക്കാൻ പ്രേരിപ്പിച്ചെന്നു വരാം. ഇവയോടു പോരാടി ജയം പ്രാപിച്ച് ക്രൂശിന്റെ പ്രമാണം ജീവിച്ചറിഞ്ഞ് ക്രൂശിന് സാക്ഷിക ളാകാൻ നാം നിയോഗിതരായിരിക്കുന്നു.

# 22

# കുരിശെടുത്തുംകൊണ്ട്

സന്യാസ പിതാവായ ഈജിപ്തിലെ പ. അന്തോനിയോസിന്റെ (എ.ഡി. 251-356) ജീവചരിത്രം അലക്സാന്ദ്രിയായിലെ മഹാനായ പരിശുദ്ധ അത്താനാസിയോസ് (എ.ഡി. 298-373) എഴുതിയിട്ടുണ്ട്. അന്തോനിയോസിന്റെ മാതാപിതാക്കന്മാർ ക്രിസ്ത്യാനികളായിരുന്നു. ധനാഢ്യരുമായിരുന്നു. അദ്ദേഹത്തിന്റെ 18-ാം വയസ്സിൽ അപ്പനും അമ്മയും മരിച്ചുപോയി. അന്തോനിയോസും സഹോദരിയും മാത്രം അവശേഷിച്ചു. മാതാപിതാക്കന്മാർ മരിച്ച് ഏതാണ്ട് ആറു മാസമായിക്കാണും, ഒരു ഞായറാഴ്ച പതിവുപോലെ അന്തോനിയോസ് ദേവാലയത്തിലേക്കു പോകുകയായിരുന്നു. നടക്കുമ്പോൾ അന്തോനിയോസിന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ സർവ്വവും ഉപേക്ഷിച്ച് ശിഷ്യന്മാർ യേശുവിനെ പിൻപറ്റിയതും (മത്താ. 4:20) ഉള്ളതെല്ലാം വിറ്റ് ആദ്യ ക്രിസ്ത്യാനികൾ അപ്പോസ്തോലന്മാരുടെ കാൽക്കൽ സമർപ്പിച്ചതും (അപ്പോ. 4:35) മറ്റുമായിരുന്നു. ദേവാലയത്തിൽ വി. കുർബ്ബാനമദ്ധ്യേ അന്നത്തെ സുവിശേഷ വായനയിൽ നിന്നു കേട്ടത് ധനികനായ ഒരു യുവപ്രമാണി "ഞാൻ നിത്യജീവനെ അവകാശമാക്കേണ്ടതിന് എന്തു ചെയ്യണം" എന്ന ചോദ്യവുമായി കർത്താവിനെ സമീപിക്കുന്ന സംഭവമാണ് (മത്താ. 19:16-22, മർക്കോ. 10:17-22, ലൂക്കോ. 18:18-27). ഈ ചോദ്യം സ്വയം ചോദിച്ചും പോംവഴി അന്വേഷിച്ചും കൊണ്ടാണ് അന്തോനിയോസ് ദേവാലയത്തിലേക്ക് പ്രവേശിച്ചത്. കർത്താവ് ധനികനായ യുവാവിനു നൽകുന്ന നിർദ്ദേശം തന്നോടു തന്നെയുള്ള കൽപ്പനയായി അന്തോനിയോസ് സ്വീകരിച്ചു. "സൽഗുണപൂർണ്ണനാകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്ന് നിനക്കുള്ളത് വിറ്റ് ദരിദ്രർക്കു കൊടുക്കുക, എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ. 19:21). മുന്നൂറേക്കർ വരുന്ന ഭൂസ്വത്ത് അന്തോനിയോസ് ഗ്രാമീണർക്കു തന്നെ വീതിച്ചു കൊടുത്തു. ജംഗമങ്ങൾ വിറ്റ് കുറച്ചു പണം സഹോദരിക്കായി നീക്കി വെച്ചു. ശേഷം പണം പാവങ്ങൾക്ക് ദാനം ചെയ്തു. സഹോദരിയെ സന്യാസികളായ കന്യകകളുടെ സംരക്ഷണത്തിന് ഏൽപ്പിച്ചിട്ട് സന്യാസജീവിതത്തിന് സ്വയം അർപ്പിച്ച് ഇറങ്ങിപ്പുറപ്പെട്ടു.

### കുരിശെടുത്തുംകൊണ്ട്

സ്ലീബാ പെരുനാളിനു ശേഷം ആറാം ഞായറാഴ്ച വി. ലൂക്കോസിന്റെ സുവിശേഷം 18:18-27 ഭാഗമാണ് നാം വായിച്ചു കേൾക്കുന്നത്. ധനിക

യുവപ്രമാണിയുടെ കഥ തന്നെയാണ് ഈ വേദഭാഗത്തെയും പ്രതിപാദ്യം. ഏതാണ്ട് ആയിരത്തിഎഴുന്നൂറ് വർഷങ്ങൾക്കു മുമ്പ് ഈ കഥ സുവിശേഷത്തിൽ നിന്ന് വായിച്ചുകേട്ട യുവാവായ അന്തോനിയോസ് സർവ്വ സമ്പത്തും ഉപേക്ഷിച്ച് തന്നെത്താൻ ത്യജിച്ച് കുരിശെടുത്ത് കർത്താവിനെ അനുഗമിക്കുന്ന സംഭവം ചരിത്രത്തിൽ നാം വായിക്കുന്നു. ദൈവരാജ്യവും നിത്യജീവനും നേടുവാൻ സ്വയത്തെയും ലോകത്തെയും ത്യജിച്ച് ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള ബഹുശതം കർത്തൃശിഷ്യരുടെ ശക്തനായ പ്രതിനിധിയായി അന്തോനിയോസിനെ നാം കാണുന്നു. സുവിശേഷഭാഗത്തു കാണുന്ന യഹൂദ യുവാവാകട്ടെ, സമ്പത്തു കാരണം കർത്താവിനെ അനുഗമിക്കാനാവാതെ ദൈവരാജ്യത്തിനു പുറംതിരിഞ്ഞ് നടന്നകലുന്ന ഏവരുടെയും പ്രതിനിധിയായി നിലകൊള്ളുന്നു.

സ്നേഹവും ത്യാഗവും യാഗവുമാണ് കുരിശിന്റെ പ്രമാണങ്ങൾ എന്ന് നാം കാണുകയുണ്ടായി. സ്വയം, ലോകം, പിശാച് എന്നിവ കുരിശെടുത്തുകൊണ്ട് കർത്താവിനെ അനുഗമിക്കുന്നതിന് വിഘാതം നിൽക്കുന്ന ശക്തികളാണ്. മനുഷ്യനെ സ്വാർത്ഥ താൽപര്യങ്ങളോടും ലോകമോഹങ്ങളോടും തളച്ചുനിർത്തുന്നതിന് പിശാച് നിരന്തരം തന്ത്രങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരിക്കും. ഒരു സമ്പന്നന് ഈ പ്രലോഭനം വളരെ ശക്തമായി അനുഭവപ്പെടുന്നു. അതുകൊണ്ടത്രെ സമ്പന്നനായ ആ യുവാവിന് കർത്താവിനെ അനുഗമിക്കുന്നതിനുള്ള ക്ഷണം സ്വീകരിക്കാൻ കഴിയാതെ വന്നത്. "അവൻ എത്രയും ധനവാനാകകൊണ്ട് അതിദുഃഖിതനായിത്തീർന്നു" (ലൂക്കോ. 18:23) എന്നു നാം വായിക്കുന്നു. സ്വയത്തെ ഉപേക്ഷിച്ച്, ലോകത്തിന്റെ പ്രമാണം നിരാകരിച്ച്, പിശാചിനോട് പോരാടി, കർത്താവിനെ അനുഗമിക്കുകയെന്നത് യഥാർത്ഥത്തിൽ കുരിശു തന്നെയാണ്. നിത്യജീവൻ പ്രാപിപ്പാൻ ആഗ്രഹിക്കുന്ന കർത്താവിന്റെ ശിഷ്യൻ ഈ വലിയ വില കൊടുക്കുക തന്നെ വേണം.

### സമ്പത്ത് ബാധ്യതയോ?

നിത്യജീവന്റെ മാർഗ്ഗം അന്വേഷിച്ച് കർത്താവിനെ സമീപിച്ച യഹൂദൻ ധനികനായിരുന്നു എന്ന് മൂന്നു സുവിശേഷങ്ങളിലും കാണുന്നു. അയാൾ യുവാവായിരുന്നുവെന്ന് വി. മത്തായിയുടെ സുവിശേഷത്തിലും (19:20) പ്രമാണി (ruler) ആയിരുന്നു എന്ന് വി. ലൂക്കോസിന്റെ സുവിശേഷത്തിലും (18:18) കാണാം. മൂന്ന് സുവിശേഷങ്ങളിലേയും വിവരങ്ങൾ ചേർത്തുവെച്ചാൽ അയാൾ ധനികനും യുവാവും പ്രമാണിയുമായിരുന്നുവെന്ന് മനസ്സിലാക്കാം. പണവും ഭൂസ്വത്തുമുള്ള ധനികൻ, ആരോഗ്യവും സൗന്ദര്യവും വിദ്യാഭ്യാസവുമുള്ള യുവാവ്, സ്ഥാനമാനങ്ങൾ ഉള്ള പ്രമാണി. എല്ലാവിധത്തിലും അയാൾ സമ്പന്നനായിരുന്നു. പണവും

ഭൂസ്വത്തും മാത്രമല്ല സമ്പത്ത്. സ്ഥാനം, ബന്ധുബലം, സൗന്ദര്യം, ആരോഗ്യം, വിദ്യാഭ്യാസം, എല്ലാം സമ്പത്തു തന്നെ. അങ്ങനെ ലോക പ്രകാരം എല്ലാം തികഞ്ഞ യുവാവിന് ആന്തരാ ഒരു ശൂന്യത അനുഭവപ്പെട്ടതുകൊണ്ടാണ് പോംവഴി അന്വേഷിച്ച് കർത്താവിനെ സമീപിക്കുന്നത്. തനിക്ക് സുഖവും സന്തോഷവും സുരക്ഷിതത്വവും സമാധാനവും നൽകുമെന്ന് കരുതി സ്വരൂപിച്ചു വച്ച സ്വത്ത് തന്നെയാണ് തന്റെ കുറവ് എന്ന തിരിച്ചറിവിൽ അയാൾ അസ്വസ്ഥനും അസന്തുഷ്ടനുമായി എന്നു നാം കാണുന്നു. സമ്പത്ത് ധനമല്ല ഋണമായി, ബാധ്യതയായി പരിണമിക്കാനുള്ള സാധ്യതയുണ്ടെന്ന് ധനികനായ യുവപ്രമാണിയുടെ കഥ നമ്മെ പഠിപ്പിക്കുന്നു.

സമ്പത്ത് ബാധ്യതയാവുന്നതെങ്ങനെ? ലോകത്തിന്റെ പ്രമാണം അനുസരിച്ച് സമ്പത്ത് ബാധ്യതയല്ല. ലാഭം (നേട്ടം) തന്നെയാണ്. എന്നാൽ ക്രൂശിന്റെ പ്രമാണം വച്ചു വിലയിരുത്തുമ്പോൾ സമ്പത്ത് ബാധ്യതയായിത്തീരാം. ആരോഗ്യവും സൗന്ദര്യവും അനുഗ്രഹമാണ്. എന്നാൽ അവയിൽ ഭ്രമിച്ച് ദുർനടപ്പ് വന്നാൽ അവ ബാധ്യത തന്നെയാവും. 'വിദ്യാധനം സർവ്വധനാൽ പ്രധാനം.' എന്നാൽ വിദ്യയിൽ ചീർത്തുപോയാൽ വലിയ അപകടമാകും; നേട്ടമെല്ലാം നഷ്ടമായിത്തീരും. താഴ്മയും വിവേകവുമില്ലാഞ്ഞാൽ സ്ഥാനം മാനമല്ല അപമാനമേ വരുത്തൂ. ദൈവതിരുസന്നിധിയിൽ സമർപ്പിക്കാത്ത സമ്പത്ത്, ധനമോ, വിദ്യയോ, ആരോഗ്യമോ, സൗന്ദര്യമോ എന്തു തന്നെ ആയാലും നമുക്ക് സ്വാതന്ത്ര്യമല്ല ബന്ധനമാണ് നൽകുക. ബന്ധനത്തിലാക്കുന്നതൊന്നും നമുക്ക് സമ്പത്താവുന്നില്ല; ബാധ്യതയായി തീരുന്നതേയുള്ളു. ഈ തിരിച്ചറിവിന്റെ വെളിച്ചം ഉൾക്കൊള്ളാനാവാതെ തിരുസന്നിധി വിട്ട് പുറപ്പെട്ടു പോകുന്ന യുവാവിനെ നോക്കി കർത്താവു പറയുന്നു: "സമ്പത്തുള്ളവൻ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം" (ലൂക്കോ. 18:24).

## സമ്പത്ത് ബന്ധനമാവുന്നു

'എബ്രായർ എഴുതിയ സുവിശേഷം' (The Gospel according to the Hebrews) എന്നൊരു പുരാതന ഗ്രന്ഥമുണ്ട്. ഇത് പുതിയനിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പൂർണ്ണരൂപത്തിൽ ലഭ്യവുമല്ല. അവശേഷിക്കുന്ന ശകലങ്ങളിൽ യുവപ്രമാണിയുടെ കഥ കുറച്ചുകൂടി വിവരിച്ചു നൽകുന്നു. സർവ്വവും വിറ്റ് ദരിദ്രർക്കു ദാനം ചെയ്തശേഷം തന്നെ അനുഗമിക്കണം എന്ന നിർദ്ദേശം കർത്താവിൽ നിന്നു കേട്ടപ്പോൾ അയാൾ അതി ദുഃഖിതനായി. അസ്വസ്ഥതയോടെ അയാൾ തലയിൽ വിരലോടിച്ചു നിൽക്കുന്നതു കണ്ട് കർത്താവു ചോദിച്ചു: "ന്യായപ്രമാണവും പ്രവാചകന്മാരും പറയുന്നത് ആചരിക്കുന്നു എന്ന് നിങ്ങൾക്ക് എങ്ങനെ അവകാശപ്പെടാൻ

കഴിയും? കാരണം 'നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്ക' എന്ന കല്പനയുണ്ടല്ലോ. അബ്രഹാമിന്റെ പുത്രരായ നിന്റെ എത്രയോ സഹോദരർ അഴുക്കിൽ മൂടി പട്ടിണിയിൽ മരിക്കുന്നു. നിന്റെ ഭവനത്തിലാകട്ടെ ധാരാളം നല്ല വകകൾ ഉണ്ട്. എന്നാൽ അവയിലൊന്നു പോലും അവരിലേക്കു ചെല്ലുന്നില്ലല്ലോ?"

ധനികപ്രമാണിയുടെ ബലഹീനത ഇവിടെ കുറെക്കൂടെ വ്യക്തമാക്കുന്നു. ചട്ടപ്രകാരം കർക്കശമായി അയാൾ ന്യായപ്രമാണം പാലിക്കുന്നുണ്ടാവാം. എന്നാൽ യഥാർത്ഥത്തിൽ സഹോദരങ്ങളോടുള്ള അയാളുടെ സമീപനം സ്നേഹത്തിലൂന്നിയതായിരുന്നില്ല. ആത്യന്തിക വിശകലനത്തിൽ, അയാൾ തീർത്തും സ്വാർത്ഥനായിരുന്നു. സമ്പത്തിനോടുള്ള പറ്റുമാനത്തിൽ അയാൾ ബന്ധിതനായിപ്പോയി. ഈ ബാന്ധവം മുറിച്ചുകളയാതെ അയാൾക്ക് നിത്യജീവൻ പ്രാപിക്കാനാവുകയില്ല എന്ന് കർത്താവ് സൂക്ഷ്മദൃക്കുകൊണ്ട് കണ്ടറിഞ്ഞു. അതുകൊണ്ടത്രെ സകലവും വിറ്റ് പാവപ്പെട്ടവർക്കു നൽകാൻ കർത്താവ് അയാളോട് ആവശ്യപ്പെട്ടത്. സ്വന്തം സുഖസൗകര്യങ്ങൾക്കായി മാത്രം സമ്പത്തു കരുതിവയ്ക്കുന്നവർ അതിൽതന്നെ ബന്ധിതരായിത്തീരും. മറ്റുള്ളവർക്കു കൂടി പങ്കുവയ്ക്കുന്നവർ സ്വതന്ത്രരാണ്.

പണം കൊണ്ടും പ്രതാപം കൊണ്ടും അധികാരം കൊണ്ടും സർവ്വരേയും ബന്ധിച്ച് സ്വന്തം വരുതിക്കു കീഴിൽ കൊണ്ടുവരാമെന്നാണ് സാധാരണ മനുഷ്യന്റെ വ്യാമോഹം. എന്നാൽ ആത്യന്തികമായി, അവയ്ക്കുള്ളിൽ അയാൾ സ്വയം ബന്ധിതനായിത്തീരുന്ന ദയനീയ കാഴ്ചയാണ് നാം എവിടെയും കാണുന്നത്. രവീന്ദ്രനാഥ ടാഗോർ ഈ ദുഃഖസത്യം വളരെ ശക്തമായി പ്രതീകാത്മകമായ ഒരു കാവ്യത്തിലൂടെ ആവിഷ്കരിക്കുന്നുണ്ട്. തടവുകാരനോട് കവി അന്വേഷിക്കുന്നു, ആരാണ് അയാളെ ബന്ധിച്ചതെന്ന്. തന്റെ യജമാനനാണ് തന്നെ ബന്ധിച്ചതെന്ന് ആദ്യം അയാൾ മറുപടി പറയുന്നു. എന്നാൽ കുറെക്കൂടെ ആഴമായ വിശകലനത്തിൽ, തന്നെ വരിഞ്ഞു മുറുക്കുന്ന ചങ്ങലയുടെ കണ്ണികൾ വളരെ സൂക്ഷ്മതയോടെ പണി തീർത്തത് താൻ തന്നെയെന്ന് അയാൾ അതീവ ദുഃഖത്തോടെ തിരിച്ചറിയുന്നു. പ്രസ്തുത ഗദ്യകവിത (ഗീതാഞ്ജലി 31-ാം കീർത്തനം) ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കാം:

*"തടവുകാരാ പറയൂ, നിന്നെ ആരാണ് ഇങ്ങനെ ബന്ധിച്ചത്?"*

*"എന്റെ യജമാനൻ തന്നെ" - തടവുകാരൻ പറഞ്ഞു:*

*"ഞാൻ വിചാരിച്ചു എനിക്ക് ആരേയും ഈ ലോകത്തിൽ ജയിക്കാമെന്ന് - സമ്പത്തുകൊണ്ട്, പ്രതാപം കൊണ്ട്. അതുകൊണ്ട് ഞാനെന്റെ ഭണ്ഡാരത്തിൽ, എന്റെ യജമാനന് നേരായി ചെല്ലേണ്ട പണം കൂടി*

*നിക്ഷേപിച്ചു. ഉറക്കം വന്നപ്പോൾ ഞാൻ എന്റെ യജമാനന്റെ കിടക്കയിൽ കയറിക്കിടന്ന് ഉറങ്ങി. ഉണർന്നു നോക്കുമ്പോൾ ഞാൻ എന്റെ ഖജനാവിൽ തന്നെ ബദ്ധനായിക്കിടക്കുന്നു."*

*"തടവുകാരാ, ഇത്ര ബലമുള്ള ചങ്ങല ആരുണ്ടാക്കിയതാണ്?"*

*"ഞാൻ തന്നെ. വളരെ പണിപ്പെട്ട് അത്യന്തം സൂക്ഷ്മതയോടെ ഉണ്ടാക്കിയതാണ് ഈ ചങ്ങല. എന്റെ തനതായ കഴിവുകൊണ്ട് ഈ ലോകത്തെ മുഴുവൻ ഒന്നിച്ചുപിടിച്ച് ബന്ധനത്തിലാക്കാൻ കഴിയുമെന്ന് ഞാൻ വിചാരിച്ചു. പിന്നെ എന്റെ സ്വാതന്ത്ര്യത്തെ ആരും തൊടുക പോലുമില്ലെന്ന് വ്യാമോഹിച്ചു. അതുകൊണ്ട് രാത്രിയും പകലും ഞാൻ ഈ ചങ്ങലയുണ്ടാക്കാനായി പണിയെടുത്തു. .... അവസാനം എല്ലാ കണ്ണികളും സമുചിതമായി ഇണക്കി. എന്റെ പണി കഴിഞ്ഞു. ചങ്ങല തീർന്നു. അപ്പോൾ കണ്ടത് ആ ചങ്ങല കൊണ്ട് എന്നെത്തന്നെ വരിഞ്ഞു മുറുക്കിയിട്ടിരിക്കുന്നതാണ്."*

# സോഫിയാ ബുക്സ് പ്രസിദ്ധീകരണങ്ങൾ

1. എഴുത്തുകൾ (പ. പരുമല തിരുമേനിയുടെ കല്പനബുക്കുകൾ)
   പേജ് 192, വില: 90.00
2. പൗലോസ് മാർ ഗ്രീഗോറിയോസ് സംവദിക്കുന്നു
   ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, പേജ് 132, വില: 75.00
3. സ്നേഹം സ്വാതന്ത്ര്യം പുതിയ മാനവികത
   ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, പേജ് 672, വില: 400.00
4. നന്മയുടെ നീർച്ചാലുകൾ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, വില: 90.00
5. മതം, ശാസ്ത്രം, മനുഷ്യരാശിയുടെ ഭാവി, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, പേജ് 320, വില: 200.00
6. Worship in a Secular Age, Paulos Mar Gregorios, Price: Rs. 100.00
7. On Choosing the Good Portion (Meditations), Paulos Mar Gregorios, Rs. 70.00
8. The Kingdom of Diakonia (Bible Studies), Paulos Mar Gregorios, Price: Rs. 150.00
9. നസ്രാണി മാർഗം (സഭാചരിത്രം), ഡോ. എം. കുര്യൻ തോമസ്, വില: 600.00
10. സഭയും ആരാധനയും വേറിട്ട ചില ചിന്തകൾ, ഫാ. ഡോ. ജോർജ്ജ് കോശി വില: 40.00
11. നസ്രാണി കേസരി അക്കര കുര്യൻ റൈട്ടർ, പേജ് 292, വില: 150.00
12. കാതോലിക്കാ എന്നു ചൊല്ലി വാഴ്ത്തി ഞായം: പൗരസ്ത്യ കാതോലിക്കേറ്റ് ചരിത്രവും പ്രസക്തിയും, ഡോ. എം. കുര്യൻ തോമസ്, വില: 125.00
13. വി. മക്രീന, ഫാ. ഡോ. ബി. വർഗീസ്, വില: 30.00
14. കൊളംബ് യാത്രാവിവരണം, കാരുചിറ ഗീവർഗീസ് റമ്പാൻ, വില: 15.00
15. രഹസ്യ പ്രാർത്ഥനകൾ,വിവ: പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, വില: 40.00
16. Gregorian Vision (*Opening a Window to the Thought of Paulos Mar Gregorios*) John Kunnathu, Price: Rs. 100.00
17. നിരണം ഗ്രന്ഥവരി, എഡി. ഡോ. എം. കുര്യൻ തോമസ്, പേജ് 288, വില: 150.00
18. ഗീവർഗീസ് മാർ ഒസ്താത്തിയോസ്: അഞ്ചാമത്തെ സുവിശേഷം, പേജ് 240, വില: 100.00
19. മാത്യൂസ് മാർ ബർണബാസ്: കുരിശിന്റെ വഴിയിലെ ഇതിഹാസം, പേജ് 288, വില: 125.00
20. യഹൂദൻ മുതൽ നസ്രാണി വരെ, വെരി. റവ. വി. ഐ. മാത്യൂസ് കോറെപ്പിസ്കോപ്പാ, പേജ് 208, വില: 125.00
21. മഹതിയാം ബാബിലോൺ, വെരി. റവ. വി. ഐ. മാത്യൂസ് കോറെപ്പിസ്കോപ്പാ, പേജ് 160, വില: 110.00

**Sophia Books, IInd Floor, Old Kandathil Building,**
**Thirunakkara West, Kottayam-686001 Mob: 99471 20697**

**സോഫിയാ ബുക്സിന്റെ പ്രസിദ്ധീകരണങ്ങൾ വിദ്യാർത്ഥികൾക്ക് പകുതി വിലയ്ക്ക് ലഭ്യമാണ്**